# 2000-ാമാണ്ട് ജനുവരി ഒന്ന്

എ. അബ്ദുൽ ഗഫൂർ

ശ്മശാന മൂകതയിൽ
അവൻ
മഞ്ഞണിഞ്ഞ വിദൂരതയിൽ നിന്നും
ഇഴഞ്ഞെത്തുന്ന
ഒരു കറുത്ത പാട്ടുകേട്ട്
പതിനാറാം പിറന്നാൾ ആഘോഷിച്ചു.
ചവച്ച് തുപ്പിയിട്ട വർഷങ്ങളിൽ
ഇർച്ചയാർത്ത് പറക്കുന്നു.
ഈർച്ചവാളിൻെറ മർമ്മരം പുറപ്പെടുവിച്ച്
അവ
ഓരോ അനുവാചകൻേറയും ഭക്ഷണത്തിൽ
വിഷം കലർത്തുന്നു.
ധൂമകൂപങ്ങൾക്കിടയിൽ
ഇണകൾ കൊക്കുരുമ്മുമ്പോൾ
പിന്നണിയിൽ പാശ്ചാത്യസംഗീതമുയരുന്നു.
അത്യന്താധുനിക അമ്പേററ് മരിച്ചുവീഴുംവരെ
അവർ കൊക്കുരുമ്മുന്നു.
അവൻെറ മനസ്സിലൊരു വിമാനമിറങ്ങുന്നു.
അവൻെറ ഹൃദയത്തിൻെറ ഒരറയിൽവെച്ച്
ലോകനേതാക്കൾ ചർച്ചയിൽ പങ്കെടുത്ത്
ചായ കുടിച്ച്
മടങ്ങിപ്പോവുന്നു.
രണ്ടാമത്തെ അറയിൽ
അവൻ പോലുമറിയാതെ കയറിപ്പററിയ
ചാരൻെറ പാദധ്വനി
അവനെ ഭയപ്പെടുത്തുന്നു.
കുളിമുറിയിൽ,
ഷവർബാത്തിൻെറയും മൂളിപ്പാട്ടിൻെറയും ശബ്ദം
ഒന്നിച്ചിററു വീഴുന്നു.
അവൻെറ വലിയേട്ടൻ
പിറന്നാൾ സമ്മാനം കൊടുത്തു ;
ഗ്യാസ്ചേമ്പറിൽ ശ്വാസംമുട്ടി മരിച്ച
പറച്ചിപെററ പന്ത്രണ്ട് മക്കളുടെ ശവങ്ങൾ-
സ്പിരിട്ടിൽ പല്ലിളിച്ച് നിൽക്കുന്ന
ഈ ശവങ്ങൾ
പുരാതന മനുഷ്യനെക്കുറിച്ച് പഠിക്കാൻ
അവനുപകരിക്കുന്നു.
അവൻെറ അമ്മ, ചിതലരിച്ച തൻെറ
കാശി യാത്രയുടെ ഓർമ്മ പുതുക്കുന്നു.
അവൻെറ അച്ഛൻ
സ്വപ്നത്തിൻെറ നിറവ്യത്യാസത്തേയും
പുതുകവിതയിലെ അനുപ്രാസത്തേയും കുറിച്ച്
ആവർത്തിച്ച് പഠിപ്പിക്കുന്നു.

മഴവില്ല്പോലെ ഏഴ് ചിറകുള്ള സ്വപ്നം—
എന്നതിന് പകരം
അക്ഷരങ്ങളെ ബീക്കറിലാക്കി
അവന് കാണിച്ചുകൊടുക്കുന്നു.
അവൻ നിറഞ്ഞ കണ്ണാൽ
അവ്യക്തമായി മുന്നിൽകണ്ട
ചെറിയ പെണ്ണുങ്ങളുടെ മുഖത്തുനോക്കി
ഒരു ദീർഘശ്വാസം വിട്ട്
പടിപ്പുരയിൽ തലവെച്ച് കിടക്കുന്നു.
ഒരു കുടന്ന പൂവിനായി
കുററിക്കാട്ടിൽ പരതുന്നു.
അവൻ
സിന്ദൂരപ്പൊട്ടിന്നടിയിൽ
സ്വപ്നം പൊലിപ്പിക്കാനാവുന്ന
കടക്കണ്ണിനെ തേടുന്നു.
വിശാലതയിലേക്ക് ഊളിയിടുന്ന
കറുത്ത നിറമുള്ള മനസ്സിനുള്ളിൽ
അരക്കുചുററും മരവുരിയുടുത്തവളെ ബന്ധിച്ച
ലക്ഷ്മണ രേഖയുടെ വ്യാപ്തി തേടുന്നു.
തിരിച്ചു കൊത്തുന്ന സർപ്പങ്ങളും
ചുവന്നു തുടുത്ത കനിയുമായി
ചുട്ട് പഴുത്ത മണലിലും
കോൺക്രീററ് കാട്ടിലും
വിണ്ടുകീറിയ നാവ് നീട്ടി
ഇഴഞ്ഞു നടക്കുന്നു.
അവന്റെ മക്കളും
വഞ്ചിക്കപ്പെട്ട കച്ചവടക്കാരനെപ്പോലെ
വലിയ വായിൽ കരയുന്നു.
'ഗായ്മുഖി'ലെ തെളിനീർ പോലെ
വ്യക്തമായ ജീവിതത്തിലേക്ക്
ഒരു കണ്ണ് പൂട്ടി നോക്കുന്നു.
പിന്നീട്
മാലിന്യങ്ങളിൽ അലിഞ്ഞ് ചേർന്നൊഴുകി
കടലിൽ ചെന്ന് ഉപ്പിലലിയുന്നു.
ഇപ്പോഴും, അവൻ
ജീവിതത്തിന്റെ നിരർത്ഥകതയേയും
അസ്തമയത്തേയും കുറിച്ച്
ആവർത്തന വിരസതയോടെ ചിന്തിച്ച് തുടങ്ങുന്നു.
അവൻ അവസാനത്തെ അത്താഴം
വിവാഹ ദിനം പോലെ ആഘോഷിച്ചു.
അവസാനം
യന്ത്രങ്ങളെപ്പോലെ മുറുമുറുക്കുന്ന
ആൾക്കൂട്ടത്തോട് പറഞ്ഞു :
''എന്റെ അവസാനത്തെ അത്താഴവും കഴിഞ്ഞു.
ഏതെങ്കിലുമൊരു 'യൂദാസ്'' കടന്നു വന്ന്
മേൽ മീശ വകഞ്ഞു മാററി.
എന്റെ ചുളിഞ്ഞ കവിളത്ത് ചുംബിക്കട്ടെ!''

# അനന്തമായ

# സാദ്ധ്യതയുടെ

# അനിവാര്യമായ

# പരിമിതി

അനുഭവങ്ങളുടെ മാനങ്ങൾ മാറുന്നു.

പ്രത്യയശാസ്ത്രങ്ങൾ പരാജയം സമ്മതിക്കുന്നു.

ഇന്ത്യൻ അവസ്ഥയിൽനിന്ന് മോചനം.

ഇന്ത്യക്കാരന്റെ സ്വപ്നത്തിൽനിന്ന് മാഞ്ഞുപോവുന്നു.


ശ്രീ ഒ. വി. വിജയൻ

ശ്രീ നിത്യചൈതന്യയതി

ശ്രീ സച്ചിദാനന്ദൻ

ശ്രീ ഇബ്രാഹിം സുലൈമാൻ സേഠ്

ശ്രീ ഒ. വി. വിജയൻ സംസാരിക്കുന്നു

# പരിമിതിയിലെ അനന്തത

**ചോദ്യം :** സർ, മനുഷ്യന്റെ പ്രശ്നങ്ങൾ വെറും വിശപ്പിൽനിന്ന് ആത്മീയമായ ഒരു തലത്തിലേക്കുയരുന്നു—എന്നുപറഞ്ഞാൽ—

**ഉത്തരം :** ശരിയാണ്. വിശപ്പ് മാത്രമല്ലല്ലോ നമുക്കനുഭവം. മനുഷ്യന്റെ അനുഭവങ്ങളുടെ ഒരു സമ്പൂർണ്ണ സ്പെക്ട്രത്തിന്റെ ഒരു വശം മാത്രമാണ് വിശപ്പ്. അപ്രധാനമല്ലാത്ത ഒരനുഭവമാണത്. ജനനം, മരണം, സ്നേഹം, ബന്ധങ്ങൾ, ആദിയിലേക്കുള്ള തിരിച്ചുപോക്കിന്റെ പ്രശ്നം എന്നിവ തുല്യ പ്രധാന്യമുള്ള അനുഭവങ്ങളാണ്. മരണത്തെക്കാൾ മൗലികമായി മറെറന്തെങ്കിലുമുണ്ടോ? എന്നുവെച്ച് വിശപ്പ് മനുഷ്യന്റെ പ്രശ്നമല്ലാതാകുന്നില്ല. അതും മററു പ്രശ്നങ്ങളുമായി വൈരുദ്ധ്യവുമില്ല.

**ചോ:** 'ഖസാക്കി'ൽ നിന്ന് 'ഗുരുസാഗര' ത്തിലേക്കുള്ള വ്യതിയാനം സാറിന്റെ ജീവിത വീക്ഷണത്തിൽ വന്ന മാററമാണോ ?

**ഉ :** തീർച്ചയായും. മനുഷ്യൻ ഒരു നിശ്ചലമായ ബിന്ദു (static point) അല്ല. മനുഷ്യൻ ഒരു പ്രക്രിയ (process) യാണ്. മനുഷ്യൻ പ്രക്രിയയാണെന്നംഗീകരിച്ചാൽ ഖസാക്കും ഗുരുസാഗരവും തമ്മിലുള്ള അന്തരം വ്യക്തമാവും. മാററം സ്വാഭാവികമാണ്. ഈ പ്രക്രിയ നിഷേധിക്കുകയാണ് ഫണ്ടമെന്റലിസ്ററ് രൂപങ്ങൾ ചെയ്യുന്നത്. അത് ഖുമേനിയുടെ റിലീജിയസ് ഫണ്ടമെന്റലിസമായാലും ശരി, റഷ്യയിലെ പൊളിററിക്കൽ ഫണ്ടമെന്റലിസമായാലും ശരി. പിന്നെ കുറെക്കഴിഞ്ഞ് അവർക്കത് തെററാണെന്ന് ബോധ്യമായാൽ പോലും അതിൽനിന്ന് പിന്തിരിയാൻപററാത്ത അവസ്ഥവരും. സഹിഷ്ണുത, സ്വയം പരിമിതിയുടെ അംഗീകാരം, സ്നേഹം ഇതൊക്കെയാണ് ആവശ്യം. ഒരിക്കലും മനുഷ്യനെ പൂർണ്ണനായി കാണരുത്. പ്രവാചകൻപോലും ദൈവവചനത്തിന് ചെവികൊടുക്കുമ്പോൾ മാത്രമാണ് പൂർണ്ണനാകുന്നത്. അയാൾക്കും മാനുഷികമായ പരിമിതിയുണ്ടാവണം. ഗുരു സാഗരത്തിലെ ഗുരു ഒരു വ്യക്തിയല്ല, ഭാവമാണ്. പരിമിതിയും അനന്തതയും തമ്മിലുള്ള പാരസ്പര്യത്തിന്റെ (infinite in the finite) ഭാഗമാണ് ഗുരു ഹിന്ദുവിന്റെ ഭാഷയിൽ 'ബ്രഹ്മാവുമായുള്ള ആഭിമുഖ്യത്തിന്റെ ഭാഗമാണത്. നിങ്ങൾ അതിന് 'അള്ളാഹ്' എന്നു പറയും ഈ 'ഗുരു' എന്ന ഭാവം എല്ലാ മനുഷ്യ സന്ദർഭങ്ങളിലും അന്തർലീനമായി കിടക്കുന്നു. ഓരോരുത്തരും ഗുരുവാകുകയാണ്. ഓരോ കണ്ടുമുട്ടലിൽ കൂടിയും മനുഷ്യൻ ഗുരുവിനെ കണ്ടുമുട്ടുകയാണ്. കേണൽ ബാലകൃഷ്ണൻ എന്ന നിർമ്മലാനന്ദിന്റെ ആദ്യത്തെ ഗുരു അയാളുടെ അടുത്തു കിടന്നു മരിച്ച ശിപായി ബേരീറാം ആണ്. ആ 'മരണം' എന്ന ഭാവമാണ് അയാളുടെ ആദ്യകാലഗുരു. അതിൽ നിന്നാണയാൾ പാഠമുൾക്കൊള്ളുന്നത്. ഇന്ത്യയിലെ ശൂദ്രരെ സംബന്ധിച്ചിടത്തോളം ഇസ്ലാം ഒരു വിമോചനശക്തി (liberating force) യാണെന്ന് ഞാൻ നോവലിൽ ഒരു ഭാഗത്ത് സൂചിപ്പിച്ചിട്ടുണ്ട്—'അവർക്കായി ഒരു ഗുരുവുണ്ടായി.' ഈ ഗുരുക്കളിലൂടെ ഈശ്വരൻ നമുക്ക് വെളിപാടുകളുടെ അനുഭൂതി കാണിച്ചുതരുന്നു.

**ചോ:** താങ്കൾ ഇപ്പോൾ ഒരു ദൈവവിശ്വാസിയാണല്ലോ ?

**ഉ :** ഇത് വളരെ സങ്കീർണ്ണമായ ഒരു വിഷയമാണ്. ദൈവം ഉണ്ടെന്നോ ഇല്ലെന്നോ ഞാൻ പറഞ്ഞാൽ അതിനർത്ഥമില്ല. (It is an attitude). ഒരു പ്രത്യേക മനോഭാവം എനിക്കുണ്ട്. അല്ലാതെ എനിക്ക് ഈശ്വരൻ ഉണ്ടെന്ന് പറയാനൊക്കില്ല അഥവാ ബുദ്ധിപരമായ തലത്തിൽ, ഭാഷാതലത്തിൽ അതിനൊരുത്തരമില്ല.

**ചോ:** മരണാനന്തര ജീവിതത്തെക്കുറിച്ചോ?

**ഉ:** ജീവിതം ഇവിടെ അവസാനിക്കുന്നില്ലെന്ന് എനിക്ക് തോന്നുന്നു. ഗുരുക്കളും സിദ്ധന്മാരും പറയുന്നു.

**മതം**

**ദൈവം**

**സാഹിത്യം**

**കമ്മ്യൂണിസം**

**മരണാനന്തരജീവിതം**

DNA യുടെ ആവർത്തനം തന്നെ മരണാനന്തര ജീവിതത്തിന് തെളിവല്ലേ? നിരവധി ആവൃത്തി (Frequency)കളിൽ പ്രസരിക്കുന്ന വീചികളാണ് പ്രാപഞ്ചിക സത്യങ്ങൾ. അവയിൽ ചില പ്രത്യേക ആവൃത്തിയിലുള്ള അനുഭവങ്ങൾ മാത്രമാണ് നമുക്ക് സ്വീകരിക്കാൻ കഴിയുന്നത്. അതുകൊണ്ടുതന്നെ ഇത്തരം മതപരമായ കാര്യങ്ങളിൽ ആധികാരികമായി അഭിപ്രായം പറയാൻ എനിക്കർഹതയില്ല.

**ചോ : അപ്പോൾ പിന്നെ മതപരമായ സാറിന്റെ കാഴ്ചപ്പാട് എന്താണ് ?**

ഉ : എനിയ്ക്ക് മതം ഒരു പ്രശ്നമായി തോന്നിയിട്ടില്ല. ദൈവത്തെ വെറുമൊരു പോലീസുകാരന്റെ നിലവാരത്തിൽ കാണരുത്. എന്റെ വീട്ടിൽ ഹിന്ദുവും ക്രിസ്ത്യാനിയും ജീവിക്കുന്നു ഞങ്ങൾ രണ്ടു മതങ്ങളെയും പരസ്പരം ബഹുമാനിക്കുന്നു എന്റെ ചില ഹിന്ദു സുഹൃത്തുക്കൾ മുസ്ലീം സ്ത്രീകളെ വിവാഹം ചെയ്തവരുണ്ട്. അവിടൊക്കെ സെക്കുലർ ആണ് ചിന്താഗതി. ഓരോ മേൽക്കൂരക്ക് കീഴിലും ഹിന്ദുഭർത്താവും മുസ്ലീം ഭാര്യയും സ്വന്തം ആരാധനകളിൽ പരസ്പരം പങ്കെടുത്ത് ബഹുമാനിച്ചുകൊണ്ടുള്ള ഒരു ചുററുപാടാണ് വേണ്ടത്. മക്കൾക്ക് പ്രായപൂർത്തിയാകുന്നതുവരെ രണ്ടിലും പങ്കെടുപ്പിക്കുകയും, പിന്നെ അവരുടെ ഇഷ്ടത്തിനു വിടുകയും ചെയ്യണം. അതാണ് മതത്തിന്റെ സാർവ്വലൌകികത. ഇതിലൊക്കെ ഇടപെടുന്ന സ്ഥാപിത താൽപര്യക്കാരാണ് പ്രശ്നങ്ങൾ ഉണ്ടാക്കുന്നത് ഉദാഹരണമായി ഹൈദ്രാബാദിന്റെ ചേരിപ്രദേശത്തെ മുസ്ലീംകളെ സുൽത്താൻ ഒവൈസി കൂട്ടിലിട്ട് വില പേശുകയാണ്. ചുരുക്കത്തിൽ, മതത്തിന്റെ സംഘടനാപരമായ പിടി അയയുകയും അദ്ധ്യാത്മികമായ പിടി മുറുകുകയും വേണം. സെക്കുലർഡിബേററ്സിന് പകരം കൂട്ടുപ്രാർത്ഥന ഏർപ്പെടുത്തിയ ഗാന്ധിജി ചെയ്തത് അതാണ്. **മുഹമ്മദിനെ ഞാൻകാണുന്നത് ഋഷിപരമ്പരയുടെ ഭാഗമായിട്ടാണ്. മുഹമ്മദീയനും അങ്ങനെ കാണാൻ സാധിക്കണം അതല്ലാതെ വരുമ്പോഴാണ് സംഘർഷ മുണ്ടാകുന്നത്.** ഞാൻ ഇന്ന് അരീക്കോട് സന്ദർശിച്ചപ്പോൾ കൂടെയുണ്ടായിരുന്നവർ പള്ളിയിൽ കേറി നമസ്ക്കരിച്ചു. കൂടെ ഞാനും എന്റെ വിശ്വാസത്തിനും സന്ദർഭത്തിനും ഒപ്പിച്ച് അവിടെയിരുന്ന് പ്രാർത്ഥിച്ചു. എന്തോ എനിക്കൊരു സന്തോഷവും ശാന്തിയും കിട്ടി.

**ചോ ; സാറൊരു കമ്മ്യൂണിസ്ററുകാരനായിരുന്നില്ലേ ?**

ഉ : ഞാനൊരു കമ്മ്യൂണിസ്ററുകാരനായിരുന്നു. കമ്മ്യൂണിസ്ററ് പ്രസ്ഥാനത്തിലും, അതിന്റെ പ്രയോഗം, ഘടന, ധർമ്മം ഇതിലൊക്കെ ഞാൻ വിശ്വസിച്ചിരുന്നു കമ്മ്യൂണിസം നേടിയെടുത്തിട്ടുള്ള പോസിററീവായ സാമ്പത്തിക നേട്ടങ്ങളിൽ എനിക്കിപ്പോഴും മതിപ്പുണ്ട്. പക്ഷെ എല്ലാ സിസ്ററങ്ങൾക്കുമെന്നപോലെ അതിനും തെററുകൾ പററിയിട്ടുണ്ട്.

**ചോ : ഒന്ന് വിശദീകരിക്കാമോ സാർ ?**

ഉ : തീർച്ചയായും. പ്രസ്ഥാനങ്ങൾക്കും ഭരണകൂടങ്ങൾക്കും പററുന്ന നാശം (distruction) ഞാൻ അറിയാൻ ശ്രമിക്കുന്നത് 'ധർമ്മപുരാണ'ത്തിലാണ്. കമ്മ്യൂണിസമെന്നുള്ള ആശയം നന്ന്. കമ്മ്യൂണിസം എന്നുള്ള 'കൾച്ചർ' നന്ന്. പക്ഷേ അതിന്റെ പ്രയോഗത്തിൽ വരുന്ന-അതൊരു ഭരണകൂടമായി മാറുമ്പോഴുണ്ടാവുന്ന തെററാണ്. ഭരണകൂടത്തിന് അതിന്റേതായ പരിമിതികളും ന്യൂനതകളുമുണ്ടാവും. 'പോലീസ്' എന്ന സംവിധാനം മോശമല്ലല്ലോ. നല്ല മനുഷ്യന് ആക്രമണത്തിൽ നിന്ന് രക്ഷ നേടാനുള്ള ഏക അവലംബം പോലീസ് അല്ലേ? എന്നുവെച്ച് പോലീസ് ചെയ്യുന്നതൊക്കെ ന്യായീകരിക്കാൻ പററുമോ? അതേസമയം പോലീസ് സംവിധാനം നിർത്തലാക്കണമെന്ന് പറയാനൊക്കുമോ? ഞാൻ പറഞ്ഞു വരുന്നത് ഒരാദർശം state ആയി മാറുമ്പോൾ അതിന് പല പരിവർത്തനങ്ങളും വരും. ആ പരിവർത്തനങ്ങൾ ന്യായീകരിക്കുന്നത് ചില ആളുകളുടെ സ്ഥാപിത താൽപര്യമാണ്. അതിന് ഞാൻ തയ്യാറല്ല.

**ചോ: ഇന്ത്യൻ കമ്മ്യൂണിസ്ററുകളുടെ സ്വഭാവത്തിലെക്കാണോ സാറ് വിരൽ ചൂണ്ടുന്നത്?**

**ഉ : ഇന്ത്യയിലെന്നല്ല, ലോകത്തിലെവിടെയും ക**മ്മ്യൂണിസമില്ല. മനുഷ്യബന്ധങ്ങൾ എങ്ങനെയൊക്കെയാകാമെന്നുള്ള ബുദ്ധിപരമായ ഒരു വിലക്ക് (Intellectual Prevention) ആണല്ലോ മാർക്സ് അവതരിപ്പിച്ചത് **ഇന്ന് ദാർശനികൻ ഭാവി കൈകാര്യം ചെയ്യുന്നത്പോലെ മാർക്സും ഫ്യൂച്ചർ കൈകാര്യം ചെയ്തത് സ്വന്തം അനുഭവങ്ങളുടെ വെളിച്ചത്തിലാണ്.** അപ്പോൾതെററുപററുന്നത് സ്വാഭാവികം മാത്രം, സർവ്വ ലോകത്തൊഴിലാളികളേ, സംഘടിക്കണമെന്ന് പറഞ്ഞാൽ സംഘടിക്കാത്ത അവസ്ഥ വരുന്നു. അതാരുടേയും കുററമല്ല. പ്രയോഗത്തിൽ വരുമ്പോൾ പലപ്പോഴും നമ്മൾ പുതിയ പുതിയ ചുററുപാടുകൾ കാണുകയാണ്. **നിങ്ങൾ ഒരു പെൺകുട്ടിയെ സ്നേഹിക്കുന്നു.അവളോടൊത്തു കഴിഞ്ഞാൽ ചില സുഖങ്ങൾ നിങ്ങൾ സ്വപ്നം കാണുന്നു. കല്യാണം കഴിഞ്ഞാൽ പുതിയ ചില സുഖങ്ങളും ദുഃഖങ്ങളും പിശകുകളും ഉടലെടുക്കുന്നു.** അവയൊന്നും നിങ്ങൾക്ക് നേരത്തെ കണക്കു കൂട്ടാൻ പററില്ലല്ലോ.

**ചോ: അപ്പോൾ കമ്മ്യൂണിസത്തിന്റെ പരിമിതി, മനുഷ്യന്റെ പരിമിതിയാണെന്നർത്ഥം.**

ഉ : അതെ, മനുഷ്യന്റെ പരിമിതിയാണ് കമ്മ്യൂണിസത്തിന് മനുഷ്യന്റെ പരിമിതിയില്ലെന്ന് പറഞ്ഞാൽ എങ്ങനെയാണ് ശരിയാവുക?മാർക്സ്എന്ന മനു

ഷ്യൻ 150 കൊല്ലം മുമ്പ് എല്ലാക്കാലത്തേക്കും എല്ലാസമൂഹത്തിനും വേണ്ടി എങ്ങനെയാണ് വിഭാവനം ? ചെയ്യുന്നത് ഗാന്ധി വിഭാവനം ചെയ്ത കാര്യങ്ങളിൽ ഇന്ന് നമുക്ക് പൊരുത്തപ്പെടാൻ പററുന്നതും പററാത്തതുമുണ്ട്. യോജിക്കുന്നവ പ്രയോഗത്തിലാക്കുക. അല്ലാത്തവ വേണ്ടവിധം തിരുത്തണം. രണ്ടും ചെയ്യേണ്ടത് നമ്മളാണ്. അതുപോലെത്തന്നെ മാർക്സും സാമൂഹ്യശാസ്ത്രത്തിന് നൽകിയിട്ടുള്ള സംഭാവനകൾ കുററമററതും മഹത്തരവുമാണ്. ഈ 'മാർക്സിസം' എന്നപദം തന്നെ 'വിപ്ലവാത്മക സാമൂഹ്യ ശാസ്ത്രം' (Revelusionary Social Seience) എന്നു പറഞ്ഞാൽ കുറച്ചുകൂടി നന്നായിരുന്നു. ഇത് ഒരു മനുഷ്യൻെറ, സമൂഹത്തിൻെറ, രാഷ്ട്രീയ ഘടനയുടെ, രാഷ്ട്രങ്ങളുടെ, ചേരികളുടെ നിലനില്പിൻെറ വിതരണക്കാരായി മാറുമ്പോഴാണ് പ്രശ്നം വരുന്നത്. സോവിയററ് യൂണിയനിലെ മാർക്സിസം മാർക്സിനെപ്പററിയല്ല പറയുന്നത്. അവിടുത്തെ state നെക്കുറിച്ചും പോലീസിനെക്കുറിച്ചും രഹസ്യങ്ങളെക്കുറിച്ചും മററു സംവിധാനങ്ങളെക്കുറിച്ചുമാണ് പറയുന്നത്. അതിനെ എതിർക്കുന്നവരൊക്കെ കമ്മ്യൂണിസ്ററ് വിരോധികളാണ്. അതാണ് ഇവിടെയും സ്ഥിതി.

**ചോ: മനുഷ്യൻെറ പരിമിതി പ്രത്യയ ശാസ്ത്രങ്ങളുടെ പരാജയത്തിന് കാരണമാകുമ്പോൾ മനുഷ്യ നിർമ്മിതമല്ലാത്ത ഒരു പ്രത്യയ ശാസ്ത്രം പ്രസക്തമാകുന്നില്ലേ?**

ഉ : മാനുഷികമല്ലാത്ത-അഥവാ ദൈവദത്തമായ-പ്രത്യയശാസ്ത്രം എന്നു പറഞ്ഞാൽ അതും കൈകാര്യം ചെയ്യുന്നത് മനുഷ്യനാണ് ഒരു പ്രവാചകനിൽ നിന്ന് കിട്ടുന്ന അറിവ് നമുക്കുൾക്കൊള്ളാനും നമ്മുടെ വൈകാരിക ജീവിതത്തിൽ അതിനെ പ്രസരിപ്പിക്കാനും പററും. പക്ഷെ അതിനെ സാമൂഹ്യ ശാസ്ത്രപരമോ രാഷ്ട്രീയമോ ആയ ഒരു നിലയിലേക്ക് ഉയർത്തിക്കൊണ്ട് വന്നാൽ നേരത്തെ പറഞ്ഞ മാനുഷികമായ പരിമിതികൾ അവിടെയും വരും. മതം രാഷ്ട്രീയ വൽക്കരിക്കുന്നതിന് ഞാൻ എതിരാണ് പിന്നെ, ഈ നന്മയിലുള്ള വിശ്വാസം, നമ്മിൽ എല്ലാ ചിത്ത മനുഷ്യരേയും നേരെയാക്കാനുള്ള ഒരു നിർബന്ധബുദ്ധിയുണ്ടാകും. അത് വികസിച്ചുവന്നാൽ അസംബന്ധവും അക്രമവുമായി മാറും. ഒരു കാര്യവും അടിച്ചേൽപ്പിക്കാൻ പാടില്ല. കാരണം മനുഷ്യൻ അടിസ്ഥാനപരമായി അപൂർണ്ണനാണ്.

**ചോ: ആധുനിക എഴുത്തുകാർ പൊതുവെ വ്യക്തി ജീവിതത്തിൽ സദാചാര മൂല്യങ്ങൾ സൂക്ഷിക്കുന്നില്ല എന്നൊരു പരാതിയുണ്ടല്ലോ.**

ഉ : എഴുത്തുകാരൻെറ മനസ്സ് എക്സ്ട്രാ സെൻസിററീവ് ആയിരിക്കും. ആ മനസ്സിലെ തീവ്രപ്രതികരണങ്ങളാണ് സാഹിത്യമാകുന്നത്. അതിസൂക്ഷ്മമായ മനസ്സിന് ദൗർബല്യങ്ങൾ ഉണ്ടാവാം. പക്ഷെ സമൂഹം എഴുത്തുകാരൻെറ സൃഷ്ടിയെ വിലയിരുത്തിയാൽ മതി. സ്ക്രീനിൽ കാണുന്ന ഒരു നടൻെറ അഭിനയത്തെയാണ് നാം വിലയിരുത്തേണ്ടത്. നടനെന്ന ജീവിയെയല്ല.

**ചോ: അങ്ങനെ വരുമ്പോൾ അനുവാചകന് എഴുത്തുകാരനോട് അർഹിക്കുന്ന ബഹുമാനവും ആരാധനയും തോന്നാതെ വരില്ലേ സർ ?**

ഉ : എഴുത്തുകാരന് അത്തരം ഒരു ബഹുമാനത്തിൻെറ ആവശ്യമേയില്ല. ആരാധിക്കപ്പെടേണ്ട കാര്യവുമില്ല. എഴുത്തുകാരനെ അവൻെറ പാട്ടിന് വിടുക. ഒരു ശാസ്ത്രജ്ഞൻെറ കണ്ടുപിടുത്തങ്ങളെ വിലയിരുത്തണം. സയൻറിസ്ററിനെ അവൻെറ പാട്ടിന് വിടണം. എന്നെ ഋഷിയായി കണക്കാക്കുന്ന പലരുമുണ്ട്. കുററബോധം തോന്നാറുണ്ട് എനിക്ക്.

**ചോ: ഇന്ത്യൻ സാഹിത്യകാരൻമാരിൽ അർഹിക്കുന്നവരിൽ പലർക്കും അംഗീകാരം കിട്ടുന്നില്ലല്ലോ സർ ?**

ഉ : അത് സമുദായത്തിൻെറ ഡീജനറേഷൻെറ പ്രശ്നമാണ്. നല്ല സാഹിത്യം ഇല്ലാതിരിക്കുക, അധമസാഹിത്യം ഉണ്ടാവുക, ഉള്ളതിൽ തന്നെ നല്ലതിന് അംഗീകാരം കിട്ടാതിരിക്കുക ഇതൊക്കെ എല്ലാ കാലത്തും ഉണ്ടായിട്ടുള്ള പ്രശ്നങ്ങളാണ്. പക്ഷെ ഇന്ന് എഴുത്തുകാരന് നിലനിൽപിൻെറ പ്രശ്നമുണ്ട്. പാവപ്പെട്ട രാജ്യങ്ങളിലൊക്കെ എഴുത്തുകാരന് ഒററക്ക് നിന്ന് പോരാടാൻ കഴിയില്ല. അങ്ങനെ വരുമ്പോൾ സ്റേററും അക്കാഡമികളുമൊക്കെ അനുകൂലമായി എഴുത്തിൽ ഇടപെട്ടാൽ നന്നായിരുന്നു. അവന് എഴുതാനുള്ള കളമൊരുക്കി കൊടുക്കണം. പക്ഷെ ഇവിടെ അതിലാർക്കും ശ്രദ്ധയില്ല

**ചോ: അവാർഡും അംഗീകാരവുമൊക്കെ Extablishment ൻെറ ഭാഗമാണെന്നും അവ എഴുത്തുകാരനെ നശിപ്പിക്കുന്നുവെന്നും പറയുന്നല്ലോ.**

ഉ : **എക്സ്ററാബ്ളിഷ്മെൻറിൻെറ ഭാഗമാണ്. ജ്ഞാനപീഠം ബിസിനസ്സുകാരനായ ജെയിംസിൻേറതാണ്. എന്നുവെച്ച് തകഴി തകഴിയല്ലാതാകുന്നുണ്ടോ?** എനിക്കൊരു പക്ഷെ ഒരവാർഡും കിട്ടിയില്ലെന്നു വരും. കാരണം ആർക്കും അവാർഡു കൊടുക്കാൻ വയ്യാത്ത ചില പുസ്തകങ്ങളാണ് എൻേറത്. 'ധർമ്മപുരാണം' ഞാൻ ഏറെ അധ്വാനിച്ച് എഴുതിയതാണെങ്കിലും ആരാണ് അതിന് അവാർഡു തരിക? എന്നുവെച്ച് അവയെല്ലാം dogmatic ആയി നിങ്ങൾ കാണരുത് ഒരു ചട്ടക്കൂടിനെ രണ്ടു വിധത്തിൽ നിങ്ങൾക്കെതിർക്കാം. ഒന്നുകിൽ ഒരു റബലിയൻ ആവുക, അല്ലെങ്കിൽ ആ ചട്ടക്കൂടിൽ തന്നെ നിന്നുകൊണ്ട് അതിനെ തിരുത്താൻ ശ്രമിക്കുക. ഒരു സജീവ വിപ്ലവം എനിക്ക് നയിക്കാൻ കഴിയുമെന്ന് തോന്നുന്നില്ല. എഴുത്തിലൂടെയും വരയിലൂടെയും വിമർശിക്കാനേ കഴിയൂ. പിന്നെ, അവാർഡു കിട്ടാൻ വേണ്ടി ആരേയും വിമർശിക്കാതിരിക്കരുത്. അവാർഡു കിട്ടിയതുകൊണ്ട് എഴുതിയത് മറെറാന്നായി തീരുന്നുമില്ല അവാർഡിനു വേണ്ടി ആരെങ്കിലും എഴുതുന്നുണ്ടെന്നും തോന്നുന്നില്ല

**ചോ: സാഹിത്യകാരൻ പട്ടിണി കിടന്നാണ് എഴുതേണ്ടത് എന്ന അഭിപ്രായത്തെപ്പററി–**

ഉ : അത് പ്രായോഗികമല്ല. അത് വളരെയേറെ സാഡിസ്ററിക് സമീപനമാണ്. നമുക്ക് പട്ടിണി കിടക്കേണ്ടി വരും. പക്ഷെ പട്ടിണി കിടക്കുന്ന സമയത്ത് എഴുതാൻ പററുമെന്ന് തോന്നുന്നില്ല അതിനു ശേഷം അതിൽനിന്ന് അനുഭവമുൾക്കൊണ്ടോ അല്ലാതെയോ എഴുതാം. 'എ പതി' ഇല്ലെങ്കിൽ സാഹിത്യകാരനല്ലാതാകുമോ ?

# കുഴിവെട്ടി മൂടുക
# മുൻവിധികൾ

ഗുരു നിത്യചൈതന്യ യതി

ഇന്നത്തെ ഇന്ത്യയുടെ അവസ്ഥ അതിശോചനീയമാണെന്ന് എനിക്ക് തോന്നുന്നില്ല. ചുരുങ്ങിയത് 7000 കൊല്ലത്തെ സംസ്കാരം ഈ നാടിനുണ്ട്. അത്രയും നീണ്ടകാലത്തെ സംസ്കാര ശൂന്യതയും അന്ധവിശ്വാസ ജടിലമായ അനാചാര പടലങ്ങളും ഇന്ത്യൻ സംസ്കാരത്തിന്റെ മുകളിൽ ചണ്ടികളായി കൂടി കിടക്കുന്നുണ്ട്. ഭൂ ഖനനം ചെയ്ത് മോഹൻജോദാരോയും, ഹാരപ്പായും ഒക്കെ കണ്ടെത്തിയതുപോലെ ഇന്നത്തെ ഇന്ത്യയുടെ പുറംതോട് പൊട്ടിച്ച് ഉള്ളിലിരിക്കുന്ന നന്മയിലെത്തുവാൻ വലിയ ആഴത്തിലേക്ക് പോകേണ്ടിയിരിക്കുന്നു, വളരെ ഏറെ ചണ്ടികൾ മാറ്റേണ്ടിയിരിക്കുന്നു. ആ വഴിക്ക് മനസ്സു തിരിഞ്ഞ രാജാറാം മോഹൻ റായ് മുതൽ വിവേകാനന്ദ സ്വാമി വരെ ഉള്ളവർ ചിന്തിച്ചതും പറഞ്ഞതുമൊന്നും ഭാരതീയ ദേശ നേതാക്കൾ മനസ്സിലാക്കിയില്ല അവർ ഓരോ കടലാസ്സുമാലകൾ കെട്ടി ഈ മഹാന്മാരുടെ ചിത്രത്തിലിട്ട് അവരുടെ മനസ്സിന്റെ മുകളിൽമാത്രം നുരഞ്ഞു വന്ന കൃതജ്ഞത കാട്ടി തൃപ്തരായി.

സർ സയ്യദ് അഹമ്മദ്, ജിന്നാ സാഹബ്, ഡോക്ടർ അൻസാരി, മഹാകവി ഇഖ്ബാൽ തുടങ്ങിയവർ സഹായിക്കുവാൻ മുന്നോട്ടുവന്നെങ്കിലും ഭാരതീയ ദേശനേതാക്കന്മാർ അയിത്തം കാണുകയാൽ അവരുടെ മിത്രതയേയും ശത്രുതയാക്കി മാററി മൗലാനാ അബ്ദുൾ കലാം ആസാദ്, ഹുമയൂൺ, കബീർ, സക്കീർ ഹുസൈൻ എന്നിവർ പരിഹാസങ്ങൾ നിറഞ്ഞ അന്തരീക്ഷത്തിൽ കഴിയേണ്ടി വന്നിട്ടും സേവനത്തിലിരിക്കുമ്പോൾ ഉള്ളുതുറന്നു സംസാരിക്കാൻ അവർക്കവസരം കിട്ടിയിട്ടില്ല മൗലാനാ സാഹബ് പറഞ്ഞത് ഇപ്പോഴും വളരെ ഏറെ ഗോപ്യമായി ഇരുളിൽ ഇരിക്കുന്നതേയുള്ളു. ഭാരതീയ നേതാക്കൾ എന്നെണ്ണപ്പെടുന്ന ജവാഹർലാൽ നെഹറു, ഇന്ദിരാഗാന്ധി എന്നിവർ ഭരണ സാരഥ്യത്തിലിരുന്നതും, രാജീവ്ഗാന്ധി ഇപ്പോൾ ഇരിക്കുന്നതും ഒരു ദൈവാധീനമായി ഞാൻ കരുതുന്നു. അല്ലെങ്കിൽ ഇവിടത്തെ ദേശീയരംഗം ഇതിനേക്കാൾ കടുത്ത വർഗ്ഗീയ വിഷം മുററി നില്ക്കുന്നതായിരിക്കുമായിരുന്നു മോത്തിലാൽ നെഹറുവിന്റെ ബൃഹ ഷാസംസ്കാരവും ജവഹർലാൽ നെഹറുവിന്റെ പാശ്ചാത്യ പരിചയവും അദ്ദേഹത്തെ മതപരമായ ഔദ്ധത്യത്തിൽ യാഥാസ്ഥിതികതയിൽ നിന്നും ഒരെ നിർത്തിയിരുന്നതുകൊണ്ട് ആകുന്നത്ര മതേതരത്വം പാലിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു-പ്രധാനമായിട്ടും അദ്ദേഹം മതങ്ങൾക്കെല്ലാം 'ഇതര'നായിരുന്നതുകൊണ്ട് നെഹറു എന്ന സാർവ്വദേശീയ മനുഷ്യന്റെ പുത്രി, ശാന്തിനികേതനിലെ വിദ്യാർത്ഥിനി, ഇംഗ്ലണ്ടിൽ പഠിക്കുവാൻ കഴിഞ്ഞവൾ, ഫിറോസ്ഖാന്റെ പത്നി, ഒരു ഇററാലിയൻ വനിതയുടെ ശ്വശ്രു ഭരണശക്തി കൈയ്യിലൊതുക്കി നിർത്തുവാൻ വേണ്ടുന്ന എല്ലാ ചാണക്യ സൂത്രങ്ങളും അറിയാവുന്ന സ്ത്രീ, ഒരു പ്രത്യേക ആദർശത്തിലും അസൗകര്യമായി വിശ്വസിക്കാത്തവൾ എന്നീ ഗുണങ്ങളോ, ദോഷങ്ങളോ ഉണ്ടായിരുന്ന ശ്രീമതി ഇന്ദിരാഗാന്ധി ഇന്ത്യക്ക് എന്തെല്ലാം ദോഷങ്ങൾ വരുത്തിവച്ചിട്ടുണ്ടെങ്കിലും ഈ രാഷ്ട്രത്തെ ഒരു ഹിന്ദുരാഷ്ട്രമായി പ്രഖ്യാപിച്ചില്ല. പ്രധാനമന്ത്രിരാജീവ് ഒരു ഇന്ത്യൻ പൗരനാണെന്നതിൽ സംശയമില്ല എന്നാൽ അദ്ദേഹത്തിനിവിടെ അടിവേരുകൾ ഉണ്ടോ എന്നതു സംശയമാണ്. ഇല്ലാത്തത് ഭാഗ്യം. അതു കൊണ്ട് മനുഷ്യനായി ചിന്തിക്കുവാനും മാനവജനതയിൽപ്പെട്ടവനെപ്പോലെ വസ്തുതകൾ നോക്കിക്കാണുവാനും അദ്ദേഹത്തിന് സൗകര്യമുണ്ട്. എന്നാൽ തൈമൂറിന്റെ കാലം മുതൽ ചക്രവർത്തിമാരെയും മന്ത്രിമാരെയും താണു വണങ്ങിയും പെരുവിരലിൽ മുത്തം വച്ചും അവരുടെയെല്ലാം അധോഗതി ഉണ്ടാക്കിയിട്ടുള്ള സ്തുതി പാഠകന്മാർ ഇപ്പോഴും ആ പാരമ്പര്യം ശക്തമായി ഡൽഹിയിൽ പുലർത്തിപോരുന്നു. സ്തുതി പോലെ ഒരു വിഷം ലോകത്തുവേറെയുണ്ടായിട്ടില്ല അതിൽ നിന്നും നമ്മുടെ പ്രധാനമന്ത്രി രക്ഷപ്പെടട്ടെ എന്നു ഞാൻ പ്രാർത്ഥിക്കുന്നു. ഞാൻ കാണുന്ന വലിയ ഒരു ശോചനീയത അതുതന്നെ. നാം സ്തുതി പാഠകരെപ്പററി പറയുമ്പോൾ അമേരിക്കൻ കോൺഗ്രസ്സുകാരെയും, സെനററർമാരെയും ചാക്കിട്ടുപിടിക്കുന്ന ലോബിപ്രസ്ഥാനം ഓർക്കേണ്ടതാണ്. യൂറോപ്പിലേയും അമേരി

ക്കയിലേയും വണിക്ക് പ്രമാണിമാരുടെ ലോബികൾ ഡൽഹിയിലെ സെക്രട്ടറിയേററിൽ തമ്പടിച്ച് കിടക്കുന്നത് സൊള്ളു പറയാനും ചായകുടിക്കാനും മാത്രമല്ല! ഇന്ത്യൻ വാണിജ്യരംഗത്തെ അവരുടെ നീരാളിപ്പിടുത്തത്തിലൊതുക്കുവാനാണ്. അതു കണ്ടറിഞ്ഞ് പ്രതികരിക്കേണ്ടവർ എത്ര പെട്ടെന്നാണ് ചാരസംഘങ്ങളിലേക്ക് വഴുതി പോകുന്നത്. അത് കുറച്ച് ശോചനീയം തന്നെ.

പ്രത്യയ ശാസ്ത്രങ്ങളുടെ പരാജയം അനിവാര്യമായിരുന്നു. നമുക്ക് ജർമ്മൻ ഭാഷയും, റഷ്യൻ ഭാഷയും വശമില്ലല്ലോ. ചൈനക്കാർ എന്താണ് പറയുന്നത് എന്ന് ഒട്ടും മനസ്സിലാകുകയുമില്ല. അതൊക്കെ പ്രോഗ്രസ്സ് പ്രസ്സിൽക്കൂടിയും, ഫോറിൻ ലിററേച്ചർ പ്രസ്സിൽക്കൂടിയും ഇവിടെ കടന്നുവന്നപ്പോഴേക്കും പ്രത്യയങ്ങളുടെ ആർദ്ധധാതുകങ്ങളെല്ലാം സർവ്വധാതുക്കങ്ങളായി മാറി. പിന്നെ അതിനോടെല്ലാമുള്ള കടപ്പാട് ''ഹിസ് മാസ്റേറഴ്സവോയിസി''നോടുള്ളതു മാത്രമായി. അതുകൊണ്ട് ഇവിടെ പ്രത്യയശാസ്ത്രം വളർന്നുവന്നതും ഉയർന്നതും നശിച്ചതും മിക്കവരും അറിഞ്ഞിട്ടില്ല അതും ശോചനീയം തന്നെ ; അതോ, ആണോ ? ഈ പ്രത്യയ ശാസ്ത്രങ്ങളെല്ലാം വളരെ ആഴത്തിൽ പോയിട്ടില്ലെങ്കിൽ നമുക്കിനി ഇന്ത്യക്കിണങ്ങുന്ന ഒന്ന് ഉണ്ടാക്കാമല്ലോ ?

അടിസ്ഥാനപരമായ കമ്മ്യൂണിസത്തെ ലോകം തള്ളികളയുന്നു എന്നുപറയുന്നത് ഒരു ശുദ്ധ കമ്മ്യൂണിസ്ററുകാരനെ സന്തോഷിപ്പിക്കേണ്ടതാണ്. കാരണം അടിമുതൽ മുടിവരെ മാററങ്ങൾ ഉണ്ടാകുമ്പോഴെ ഒരു വിപ്ലവപ്രസ്ഥാനം പരിപൂർണ്ണ വിപ്ലവത്തെ ആശ്ലേഷിക്കുന്നുള്ളുവല്ലോ. പക്ഷെ കമ്മ്യൂണസത്തെ ഒരു മതമാക്കിയവർക്ക് പ്രവചനങ്ങൾ നിറവേറപ്പെടില്ലെന്നു കേട്ടാൽ കരച്ചിൽവരും. പ്രവചനങ്ങളിൽകൂടിയല്ല പരിവർത്തനങ്ങൾ വരേണ്ടത്. വാസ്തവികമായ മാനുഷികബന്ധങ്ങളുടെ ഉലച്ചിലുകളിൽ കൂടിയും തകർച്ചകളിൽ ക്കൂടിയും പുതിയ അങ്കുരങ്ങളിലൂടെയും പുതിയ ആകാശത്തിന്റേയും ഭൂമിയുടേയും ആവിഷ്കരണങ്ങളിൽക്കൂടിയുമാണ്. വേറൊരർത്ഥത്തിൽ പറഞ്ഞാൽ ഏതൊരു സാമൂഹിക ദർശനത്തിന്റേയും ഹൃദയസ്ഥാനത്ത് അല്പമാത്രമായ മൂല്യമെങ്കിലും ഉണ്ടാക്കികൊടുക്കുന്നത് ശാശ്വത മൂല്യങ്ങളാണ്. അതുകൊണ്ട് മാത്രമാണ് മതങ്ങളും ശാസ്ത്രങ്ങളും സാഹിത്യവും രാഷ്ട്രീയതയുമെല്ലാം ഒരു നിമിഷത്തേക്കെങ്കിലും ജനഹൃദയത്തെ സ്പർശിക്കുവാൻ സമർത്ഥമായിരിക്കുന്നത്. ആ മൂല്യങ്ങളെ നിഷേധിക്കുന്നവൻ താന്നെ തന്നെ നിനിഷേധിക്കുന്നു.

ദൈവദത്തമായ പ്രത്യയ ശാസ്ത്രങ്ങൾ എന്നൊന്ന് പ്രസക്തമായി തീരുന്നതിനെത്രയോ മുമ്പേ പൗരോഹിത്യത്തിന്റെ പ്രത്യയ ശാസ്ത്രങ്ങൾ മനുഷ്യൻ ആഴത്തിൽ കുഴിച്ചിടണം. സത്യമാണ് ദൈവമെങ്കിൽ, സ്നേഹമാണ് ദൈവമെങ്കിൽ, നീതിയാണ് ദൈവമെങ്കിൽ ആ ദൈവത്തെ കാണുവാനുള്ള കണ്ണ് പുരോഹിതന് എന്നേ നഷ്ടപ്പെട്ടിരിക്കുന്നു മതം കച്ചവടമായിരിക്കുന്ന ലോകത്ത് ദൈവം കള്ളചീട്ടാണ്. ഇന്നത്തെ ഇന്ത്യൻ അവസ്ഥയിൽ നിന്ന് മോചനം ലഭിക്കുന്നതിന് വേണ്ടി ശ്രമിക്കുന്നവർ ആദ്യം അവരുടെ മുൻവിധികളിൽ നിന്നും സ്ഥാപിത താൽപര്യങ്ങളിൽനിന്നും, ശക്തി രാഷ്ട്രീയത്തിൽനിന്നും ആദ്യം അവരെതന്നെ മോചിപ്പിക്കണം. അതിനു ദൈവം അവരുടെ കണ്ണുകൾ കെട്ടിയിരിക്കുന്ന പട്ടകൾ അഴിച്ചുകളയട്ടെ. കാതുകളിൽ നിന്നും ബാധിര്യം നീക്കട്ടെ, ഹൃദയത്തിലിട്ടിരിക്കുന്ന പൂട്ടുകൾ അഴിച്ചു കളയട്ടെ. ദയാപരനും പരമകാരുണികനുമായ ദൈവത്തിനു സ്തുതി.

സച്ചിദാനന്ദൻ

# ശാസ്ത്രവും

# പ്രത്യയശാസ്ത്രവും

**ചോദ്യം:** 'ഇന്നത്തെ ഇന്ത്യൻ അവസ്ഥ അതിശോചനീയം'. എന്തുപറയുന്നു?

**ഉത്തരം:** വ്യാസന്റെ കാലം മുതലേ ആരംഭിച്ചതാണ് നീതിക്കുവേണ്ടി ഇരുകയ്യുമുയർത്തുന്ന നിലവിളി. നാം അതേറ്റെടുക്കുന്നവർ.

**ചോ:** 'പ്രത്യയ ശാസ്ത്രങ്ങളെല്ലാം മനുഷ്യ നിർമ്മിതമാണ്'. ശരിയാണോ?

**ഉ:** 'പ്രത്യയശാസ്ത്രങ്ങൾ' എന്നതുകൊണ്ട് നിങ്ങളുദ്ദേശിക്കുന്നത് വിശ്വാസസംഹിതകൾ എന്നായിരിക്കുമല്ലോ. സമൂഹങ്ങൾ ഓരോ കാലഘട്ടത്തിലും അവയുടെ നിലനില്പിന്നായി ഉത്പാദിപ്പിക്കുന്ന ജൈവാന്തരീക്ഷങ്ങളാണവ. മനുഷ്യസമൂഹങ്ങൾക്ക് യാഥാർത്ഥ്യവുമായി ബന്ധപ്പെടുവാൻ, ലോകത്തിൽനിന്ന് ഒരർത്ഥം സ്വരൂപിക്കുവാൻ, അവ എന്നും ആവശ്യമായിവരും. മതങ്ങൾ, സൗന്ദര്യസങ്കല്പങ്ങൾ, രാഷ്ട്രീയ തത്വസംഹിതകൾ-അങ്ങിനെ പലരൂപത്തിലും അവ എന്നും നിലനിൽക്കുന്നു.

**ചോ:** എങ്കിൽ ഒരു പ്രത്യയ ശാസ്ത്രവും കാലത്തെ അതിജീവിക്കില്ല, എന്ന വാദം അംഗീകരിക്കേണ്ടി വരില്ലേ?

**ഉ:** സമൂഹത്തിന്റെ മാററങ്ങൾക്കൊത്ത് പ്രത്യയശാസ്ത്രങ്ങളും മാറുന്നു. പക്ഷെ അവ ഏതെങ്കിലും രൂപത്തിൽ എന്നും അതിജീവിക്കുന്നു.

**ചോ:** ഈ വാദഗതി വെച്ച് കൊണ്ട് കമ്മ്യൂണിസത്തിന്റെ അടിസ്ഥാന സിദ്ധാന്തങ്ങൾ മാററം കൂടാതെ ഇന്ന് സ്വീകാര്യമല്ലെന്ന് ചിലർ വാദിക്കുന്നു. താങ്കളുടെ പക്ഷം?

**ഉ:** കമ്മ്യൂണിസം എന്നതുകൊണ്ട് നിങ്ങളുദ്ദേശിക്കുന്നത് മാർക്സിസമാണെങ്കിൽ, മാർക്സിസം ഒരു പ്രത്യയശാസ്ത്രമല്ല, ശാസ്ത്രമാണ്. പൈത്തഗൊറസ്സ് ഗണിതത്തെയും ഗലീലിയോ ഭൗതികശാസ്ത്രത്തെയും ലാവോസിയേ രസതന്ത്രത്തെയുമെന്നപോലെ, ചരിത്രത്തെ അതിന്റെ പ്രത്യയ ശാസ്ത്രപരമായ ഭൂതകാലത്തിൽ നിന്നുമോചിപ്പിച്ച് ശാസ്ത്രമായി ഉയർത്തുകയാണ് മാർക്സ് ചെയ്തത്. ഏതൊരു ശാസ്ത്രവും അറിവിന്റെയും അനുഭവത്തിന്റെയും പുതിയ വികാസങ്ങൾക്കൊത്തു പരിണമിക്കേണ്ടതുണ്ട്. ന്യൂട്ടന്റെ ശാസ്ത്രത്തിൽ നിന്ന് ഐൻസ്ററീന്റെ ശാസ്ത്രംമുന്നോട്ടുപോകുന്നുണ്ടല്ലോ. എന്നാൽ അടിസ്ഥാനപരമായ ശാസ്ത്രത്തിന്റെ സത്യാന്വേഷണരീതി നിലനിൽക്കുകയും ചെയ്യുന്നു. മാർക്സിസവും, ഇരുപതാം നൂററാണ്ടിൽ പുതിയ പരിവർത്തനങ്ങൾക്കൊത്തു മാറേണ്ടതുണ്ട്. ലെനിൻ റഷ്യയുടെയും ഗ്രാംഷി ഇററലിയുടെയും മാവോ ചൈനയുടെയും വർത്തമാനകാലത്തിൽ മാർക്സിന്റെ രീതി പ്രയോഗിക്കുയാണു ചെയ്തത്. ആധുനിക രാഷ്ട്രവിജ്ഞാനം, സമ്പദ്ശാസ്ത്രം, നരവംശപഠനം, ഭാഷാശാസ്ത്രം, മനോവിജ്ഞാനീയം തുടങ്ങിയ അറിവുകളും യുദ്ധവും പരിസരനശീകരണവുമുൾപ്പെടെയുള്ള അനുഭവങ്ങളും നമ്മുടെ കാലത്തെ മാർക്സിസത്തെ ഗണ്യമായി സ്വാധീച്ചിട്ടുണ്ട്. ഇന്ന് ഏകശിലാരൂപമായ ഒരു മാർക്സിസമുണ്ടെന്നു പറയാനാവില്ല സാർത്ര്, അൽത്യൂസ്സെർ, അഡോണോ,ഹാബെർമാസ്, മാർക്യൂസ്, ഹോർഖൈമർ ഏൺസ്ററ് ബ്ലോഹ്, ഗ്രാംഷി. റോസാലക്സംബെർഗ്, ട്രോട്സ്കി തുടങ്ങിയവരെല്ലാം വിവിധ രീതികളിൽ മാർക്സിസത്തിന്റെ മനഃശാസ്ത്രത്തെയും രാഷ്ട്രീയ ദർശനത്തെയും സാംസ്കാരിക വിമർശനത്തെയും മുന്നോട്ടു കൊണ്ടുപോയവരാണ്. എന്നാൽ വൈവിദ്ധ്യങ്ങൾക്കിടയിലും അവർ സമത്വപൂർണ്ണവും സ്വാതന്ത്ര്യനിർഭരവുമായ ഒരു സാമൂഹിക വ്യവസ്ഥയെക്കുറിച്ചുള്ള സ്വപ്നം പങ്കിടുന്നുണ്ട്;ആസുരമായ മുതലാളി

**കവിയും ചിന്തകനുമായ സച്ചിദാനന്ദൻ വാക്കുകൾ അളന്നുതൂക്കി പ്രയോഗിക്കുന്ന പ്രകൃതക്കാരനാണ്. ഇന്ത്യൻ കമ്മ്യൂണിസം യാഥാർത്ഥ്യത്തോട് സഫലമായി സംവദിക്കുവാൻ കെല്പു നേടിയിട്ടില്ലെന്ന് വിശ്വസിക്കുന്ന അദ്ദേഹത്തിന് മാർക്സിസത്തെക്കുറിച്ച് ഇനിയും പ്രതീക്ഷയുണ്ട്.**

ത്ത-സാമ്രാജ്യത്വ മൂല്യങ്ങളോട് വിട്ടുവീഴ്ചയില്ലാത്ത സമരം പ്രഖ്യാപിക്കുന്നുണ്ട്. അപ്പോഴും, മാററമുണ്ട്, എന്നാൽ അടിയിൽ മാർക്സിന്റെ മാർക്സിസവുമായി സമാനതകളുമുണ്ട്. അതാണാവശ്യം.

**ചോ: മനുഷ്യന്റേതായ അപൂർണ്ണത, മനുഷ്യന്റേതായ കമ്മ്യൂണിസത്തിനും വന്നുഭവിച്ചു. താങ്കൾ യോജിക്കുമോ?**

ഉ: മാർക്സിസത്തിന്റെ പ്രയോഗത്തിൽ നിശ്ചയമായും തെററുകൾ സംഭവിച്ചിട്ടുണ്ട്. പഴയ പ്രത്യയ ശാസ്ത്രങ്ങളുടെ സ്വാധീനങ്ങൾ, നിലനിൽക്കുന്ന മൂല്യവ്യവസ്ഥയുമായുള്ള സന്ധികൾ, പ്രശ്നങ്ങളെക്കുറിച്ചുള്ള അപൂർണ്ണവും വികലവുമായ ബോധങ്ങൾ, ബോധവ്യാപനത്തിന്റെ പരിമിതികൾ, ജനാധിപത്യവും അധികാരകേന്ദ്രീകരണ പ്രവണതയുമായുള്ള സംഘർഷങ്ങൾ, യുദ്ധങ്ങൾ സൃഷ്ടിച്ച സവിശേഷ സാഹചര്യങ്ങൾ ഇവയെല്ലാം വിപ്ലവങ്ങളെ ലക്ഷ്യങ്ങളിൽ നിന്ന കററുന്നതിന്നു കാരണങ്ങളായിട്ടുണ്ട്.

**ചോ: ചില സോഷ്യലിസ്ററ് രാഷ്ട്രങ്ങൾ താത്വികമായി കമ്മ്യൂണിസത്തിൽ നിന്ന് അകന്നു പോവുന്നു എന്നവാർത്ത, കുത്തക മാധ്യമങ്ങളുടെ കെട്ടുകഥയാണോ?**

ഉ: 'സോഷ്യലിസ്ററു രാഷ്ട്രങ്ങൾ' എന്നു വിളിക്കപ്പെടുന്നതുകൊണ്ടു മാത്രം ഒരു രാഷ്ട്രവും 'സോഷ്യലിസ്ററ്' ആകുന്നില്ലല്ലോ. റഷ്യയിലും കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളിലും ചൈനയിലുമെല്ലാം പല തോതിൽ ലക്ഷ്യത്തിൽ നിന്നുള്ള അകന്നു പോക്കുകളുണ്ടായിട്ടുണ്ട്. എന്നാൽ ഇവയെ മാർക്സിസ്ററുകളും ബൂർഷ്വാ മാധ്യമങ്ങളും കാണുകയും വിലയിരുത്തുകയും ചെയ്യുന്ന രീതി വ്യത്യസ്തമാണ്. ഈ വ്യതിയാനങ്ങളുടെ ഏററവും യുക്തിസഹമായ വിശകലനങ്ങളും വിമർശനങ്ങളും ഉണ്ടായിട്ടുള്ളത് മാർക്സിസ്ററുകളിൽ നിന്നുതന്നെയാണ് മാവോ, ഏൺസ്ററ്മാൻഡെൽ, ചോംസ്കി, ചാൾസ് ബെത്‌ലീം, ചെഗുവേരാ, അങ്ങിനെ എത്രയോ പേരിൽനിന്ന്. **അത് കൊണ്ടാണ് മാർക്സിസത്തെക്കുറിച്ച് പ്രതീക്ഷയ്ക്ക് ഇനിയും വകയുണ്ടെന്ന് എനിക്കുതോന്നുന്നത്. ഒരു സ്ററാലിൻ ഉണ്ടെങ്കിൽ ആയിരം സ്ററാലിൻ വിമർശകരും കമ്മ്യൂണിസ്ററുകാരിലുണ്ട്.**

**ചോ: അങ്ങനെ വരുമ്പോൾ ദൈവദത്തമായ ഒരു പ്രത്യയ ശാസ്ത്രം പ്രസക്തമാകുന്നില്ലെ?**

ഉ: ഞാൻ പറഞ്ഞല്ലോ, സോഷ്യലിസത്തിന്റെ അപചയത്തെ പ്രതിവിപ്ലവകാരികൾ കാണുന്ന രീതി വ്യത്യസ്തമാണെന്ന്. അവർ ഈ സന്ദർഭത്തെ, പഴയ ലോകത്തെ പുനരാനയിക്കുന്നതിന്നാണ് ഉപയോഗിക്കുന്നത്. **പഴയ ലോകത്തിന്റെ വിശ്വാസങ്ങളിൽ നിന്ന് അഭയം കണ്ടെത്താമെന്ന അവരുടെ ആഗ്രഹം വെറുതെയാണ്. തിരിച്ചുപോക്കുകൾ സാദ്ധ്യമല്ലാത്തവിധം നാം ചരിത്രത്തിൽ ഉൾപ്പെട്ടിരിക്കുന്നു.**

**ചോ: ഇന്നത്തെ ഇന്ത്യൻ കമ്മ്യൂണിസത്തോട് താങ്കളുടെ വ്യക്തിപരമായ വീക്ഷണമെന്താണ്?**

ഉ: ഇന്ത്യൻ കമ്മ്യൂണിസം ഇനിയും ഇന്ത്യൻ യാഥാർത്ഥ്യത്തോട് സഫലമായി സംവദിക്കുവാൻ കെല്പു നേടിയിട്ടില്ല. ഇന്ത്യൻസാമൂഹ്യ ഘടനയുടെ ശരിയായ അപഗ്രഥനം മുതൽ ഇന്ത്യൻ ദാർശനിക പൈതൃകവുമായുള്ള കമ്മ്യൂണിസത്തിന്റെ ഉദ്ഗ്രഥനം വരെയുള്ള കടമകൾ ഇന്നും അപൂർണ്ണമോ അസാക്ഷാത്കൃതമോ ആയിക്കിടക്കുന്നു ഈ പ്രതിസന്ധിയെ പ്രതിസന്ധിയായി അംഗീകരിക്കാനും കൂട്ടായ സൈദ്ധാന്തികാന്വേഷണങ്ങളിലേർപ്പെടാനും വിവിധകമ്മ്യൂണിസ്ററ് പാർട്ടികളും ഗ്രൂപ്പുകളും തയ്യാറാക്കണം. ഒററമൂലി സ്വന്തം കയ്യിലുണ്ടെന്ന അഹന്ത അവർ കൈവെടിയണം.

**ചോ: എഴുത്തുകാരനെ മൂല്യവാദിയെന്നും അരാജക വാദിയെന്നും മററും വർഗ്ഗീകരിക്കുന്നതിനെക്കുറിച്ച് താങ്കളുടെ അഭിപ്രായം?**

ഉ: എഴുത്തുകാരുടെ വർഗ്ഗീകരണങ്ങൾ, വാസ്തവത്തിൽ പാരായണത്തിന്റെ വ്യത്യസ്തകളുടെ ഉത്പന്നങ്ങളാണ് ഒരേ എഴുത്തുകാരന്റെ കൃതികളെത്തന്നെ നിങ്ങൾക്ക് പല വിധത്തിൽ വായിച്ചെടുക്കാനാവും. ആ കൃതികളിലേക്ക് നിങ്ങൾ കൊണ്ടുപോകുന്ന പ്രത്യയശാസ്ത്രം തന്നെയാണ് നിങ്ങൾക്ക് തിരിച്ചുകിട്ടുന്നത്.

**ചോ: മുൻകാലങ്ങളിൽ കമ്മ്യൂണിസ്ററുകാരായിരുന്ന ചില 'ബുദ്ധിജീവികൾ' പിൽക്കാലത്ത് ആത്മീയ വാദികളായി രംഗത്ത് വന്നത് അത്ഭുതകരമല്ലെ? എന്തെങ്കിലും അഭിപ്രായം?**

ഉ: അത്തരം പരിണാമങ്ങൾ മുമ്പും ഉണ്ടായിട്ടുണ്ട്, സുബ്രഹ്മണ്യൻ തിരുമുമ്പിനെപ്പോലെ എത്രയോ ഉദാഹരണങ്ങൾ. അതിനു നാം ആ വ്യക്തികളെ കുററപ്പെടുത്തുന്നത് ശരിയല്ല. വൈയക്തികവും സാമൂഹികവുമായ ഒട്ടേറെ കാരണങ്ങൾ ആ മാററങ്ങൾക്കു പിറകിലുണ്ട്.—മാർക്സിസത്തിന്റെ തന്നെ ചില മൗനങ്ങളും അപര്യാപ്തതകളും ഉൾപ്പെടെ.

**ചോ: ആത്മീയ വാദിയും ഭൗതിക വാദിയും തമ്മിൽ ചിരകാലമായി തുടർന്നു വരുന്ന ഈ വാഗ്വാദത്തിന് എന്നെങ്കിലും ഒരന്ത്യം താങ്കൾ പ്രതീക്ഷിക്കുന്നുണ്ടോ?**

ഉ: മനസ്സും ശരീരവും രണ്ടായിക്കാണപ്പെടുന്ന ദ്വൈതദർശനം അവസാനിക്കാത്തിടത്തോളം കാലം, വസ്തുവിന്റെയും ആത്മാവിന്റെയും പ്രാഥമികതയെക്കുറിച്ചുള്ള വിവാദങ്ങൾ തുടരും- തത്വചിന്തയിൽ സ്പിനോസാ പണ്ടേ പരിഹരിച്ചതാണ് പ്രശ്നമെങ്കിലും.

**ചോ: അനുഭവ സമ്പന്നനായ ഒരു ചിന്തകനെന്ന നിലയിൽ ഇന്ത്യയുടെ മോചനത്തിനുള്ള നല്ല മാർഗ്ഗവും താങ്കൾ സ്വപ്നം കാണുന്നുണ്ടോ? ഉണ്ടെങ്കിൽ അത് സംബന്ധമായി പുതിയ തലമുറക്ക് എന്തെങ്കിലും ഉപദേശം?**

ഉ: ഉപദേശിക്കാൻ എനിയ്ക്കർഹതയില്ല. **നാടിന്റെ ഭാഗധേയത്തെക്കുറിച്ച് ഏററവുമേറെ ഉത്കണ്ഠ പുലർത്തേണ്ടവർ യുവാക്കളാണ്. പീഡിതരുടെ ഒരു നവോത്ഥാനത്തിൽ കുറഞ്ഞ ഒന്നും ഇന്ത്യനവസ്ഥയ്ക്ക് പരിഹാരമാവില്ല. അതിന് പഠനവും പ്രവർത്തനവും ഒരു പോലെ പ്രധാനമാണ്.** നമ്മുടെ യാഥാർത്ഥ്യത്തിൽനിന്നു തന്നെ നാം തുടങ്ങേണ്ടിയിരിക്കുന്നു.

# താനാരെന്നറിയാത്ത

# മാനവൻ

**ചോദ്യം:** 'എല്ലാ പ്രത്യയശാസ്ത്രങ്ങളും മനുഷ്യനിർമ്മിതമാണ്' എന്ന കമ്മ്യൂണിസ്റ്റ് വാദം ?

**ഉത്തരം :** ശരിയല്ല. പ്രത്യയശാസ്ത്രങ്ങൾ രണ്ടു തരമുണ്ട്. മനുഷ്യനിർമ്മിതവും, ദൈവദത്തവും. മനുഷ്യ നിർമ്മിത പ്രത്യയശാസ്ത്രങ്ങൾ നിലനിൽക്കുന്ന പ്രശ്നമേയില്ല. അവയ്ക്ക് മനുഷ്യന്റെയും ലോകത്തിന്റെയും പ്രശ്നങ്ങൾ പരിഹരിക്കാനും കഴിയില്ല കാരണം മനുഷ്യന് അവനെക്കുറിച്ചുപോലും ഒന്നുമറിയില്ല, പിന്നെയല്ലേ ലോകത്തിന്റെ പ്രശ്നങ്ങൾ ? എന്നാൽ ലോകത്തേയും പ്രപഞ്ചത്തേയും സൃഷ്ടിച്ച ദൈവമാണ് മനുഷ്യനെയും സൃഷ്ടിച്ചത്. അതുകൊണ്ടു തന്നെ മനുഷ്യന്റെയും ലോകത്തിന്റെയും പ്രശ്നങ്ങൾ ദൈവത്തെപ്പോലെ മറ്റാർക്കുമറിയില്ല അത് പരിഹരിക്കാനും സ്രഷ്ടാവിനല്ലാതെ മറ്റാരാൾക്ക് കഴിയില്ല.

ഇവിടെയാണ് ഇസ്ലാം പ്രസക്തമാകുന്നത് ഇസ്ലാം നിർമ്മിതം (created) അല്ല. ഇറക്കപ്പെട്ട (revealed) മതമാണ്. പല കാലങ്ങളിൽ പല ദേശങ്ങളിൽ വിവിധ മനുഷ്യ ഗോത്രങ്ങൾക്ക് ദൈവത്തിൽ നിന്നുകിട്ടിയ വെളിപാട് (revelation) അന്ത്യപ്രവാചകനായ മുഹമ്മദിലൂടെ പരിപൂർണ്ണമാക്കപ്പെട്ടു. അങ്ങനെ ലോകത്തിന് സമഗ്രവും സമ്പൂർണ്ണവുമായൊരു പ്രത്യയശാസ്ത്രം കിട്ടി. മനുഷ്യന്റെ പ്രശ്നങ്ങൾക്ക് മറേറതൊരു പ്രത്യയശാസ്ത്രത്തേക്കാളും സമർത്ഥമായി ഉത്തരം നൽകുന്നു ഇസ്ലാം. കാരണം സുവ്യക്തമാണ്. സൃഷ്ടിയെക്കുറിച്ച് സ്രഷ്ടാവിനോളം അറിവുള്ളവൻ ആരാണ് ?

**ചോ:** ഭൗതികവാദിയും ആത്മീയവാദിയും തമ്മിൽ ചിരകാലമായി നടന്നുവരുന്ന ഈ വാഗ്വാദം എന്നെങ്കിലും അവസാനിക്കുമെന്ന് തോന്നുന്നുണ്ടോ?

ഉ : വിശ്വാസിയും അവിശ്വാസിയും തമ്മിലാണ് യഥാർത്ഥ പ്രശ്നം. പരിഹാരം സത്യം മനസ്സിലാക്കുക മാത്രമാണ്. അതിന് ഒരു വിഭാഗം തയ്യാറല്ലാത്തിടത്തോളം കാലം വാഗ്വാദങ്ങൾ നിഷ്പ്രയോജനം തന്നെ. പക്ഷെ അപൂർവ്വം ചിലരെങ്കിലും സത്യം മനസ്സിലാക്കി വിശ്വാസിയുടെ പക്ഷത്ത് ചേർന്നിട്ടുണ്ടല്ലോ.

**ചോ:** ഇന്നത്തെ ഇന്ത്യൻ അവസ്ഥ ;

ഉ : വളരെ ശോചനീയമാണ്. ഒരു ജനാധിപത്യ മതേതര രാഷ്ട്രത്തിന്റെ ഭരണഘടന ഉറപ്പു നൽകുന്ന മത-ദേശ-ഭാഷാ വ്യക്തിത്വം (identity) പോലും അനുവദിച്ചു കിട്ടാൻ വേണ്ടി സമരം ചെയ്യേണ്ട ദുര്യോഗമാണ് ഇന്ത്യൻ പൗരന്റേത്. സ്വന്തമായൊരു ഐഡൻറിററിയുള്ള സിക്കുകാരെ ഹിന്ദുക്കളായി ചിത്രീകരിച്ചപ്പോൾ തങ്ങളുടെ ഐഡൻറിററി അംഗീകരിച്ചുകിട്ടാൻ സിക്കുകാർ തുടങ്ങിവെച്ച അക്രമാസക്തമായ പ്രക്ഷോഭം ഇന്നെവിടെ ചെന്നെത്തിയിരിക്കുന്നു ? മിസോറാമിൽ നടക്കുന്ന സമരത്തിന്റെ സ്വഭാവമെന്താണ് ? അതുപോലെ മുസ്ലീംകൾക്കും തങ്ങളുടെ ഐഡൻറിററിയായ ശരീഅത്ത് സംരക്ഷിക്കാൻ വേണ്ടി അടുത്ത കാലത്ത് സമരരംഗത്തിറങ്ങേണ്ടി വന്നു. സമാധാനവും മുമ്പെങ്ങുമില്ലാത്ത ഐക്യവും കൊണ്ട് അവർ ലക്ഷ്യം നേടി.

**ചോ:** ഇന്ത്യയിലെ ന്യൂനപക്ഷങ്ങളുടെ അവസ്ഥയും അവരോടുള്ള സർക്കാരിന്റെ നയവും :

ഉ : ഇന്ത്യയിലെ ന്യൂനപക്ഷങ്ങളുടെ – പ്രത്യേകിച്ച് മുസ്ലീംകളുടെ അവസ്ഥ പരിതാപകരമാണ്. രാജ്യവ്യാപകമായി പൊട്ടിപ്പുറപ്പെടുന്ന ഇന്നും തുടരുന്ന വർഗ്ഗീയ ലഹളകളിൽ കൊല്ലപ്പെടുന്നത് ബഹുഭൂ

**സേട്ട് സാഹിബിന് തിരക്കായിരുന്നു. ചികിത്സാർത്ഥം ലണ്ടനിലേക്ക് പുറപ്പെടാനുള്ള ഒരുക്കത്തിനിടയിലാണ് ഞങ്ങൾ അദ്ദേഹത്തെ കണ്ടത്. എന്നാലും അദ്ദേഹം ആവേശപൂർവ്വം സംസാരിച്ചു. പലപ്പോഴും വികാരഭരിതനായി !**

ഇബ്രാഹിം സുലൈമാൻ സേട്ട്

രിപക്ഷവും മുസ്ലീംകളാണ്. ന്യൂനപക്ഷമായിപ്പോയതുകൊണ്ട് അവരുടെ ഐഡൻററിററി നശിപ്പിക്കാനാണ് എപ്പോഴും ഭൂരിപക്ഷം ശ്രദ്ധിച്ചുപോന്നിട്ടുള്ളത്. ഒരു രാഷ്ട്രീയ ശക്തിയെന്ന നിലയിൽ മുസ്ലീംലീഗ് ഇക്കാലമത്രയും അതിനെ പ്രതിരോധിച്ചിട്ടുണ്ട്.

പ്രധാനമന്ത്രി ശ്രീ രാജീവ് ഗാന്ധി വിശാലമനസ്കതയും പ്രായത്തിലേറെ പക്വതയും ഉള്ള നേതാവാണ്. സഹചാരികളായ ചില തൽപരകക്ഷികൾ അദ്ദേഹത്തിന് വിഷം കുത്തിവെക്കാൻ ശ്രമിക്കുന്നുണ്ട്, സത്യത്തിൽ ആ വിഷത്തുള്ളികളാണ് ഇന്ത്യയിലെ ന്യൂനപക്ഷങ്ങളെ പ്രതികൂലമായി ബാധിക്കുന്നത്.

**ചോ: ചരിത്രത്തിൽ മുസ്‌ലീംകൾക്ക് വളരെ ഉന്നതമായ ഒരു സ്ഥാനമുണ്ടല്ലോ ?**

ഉ : ശരിയാണ്. ചരിത്രത്തിൽ മുസ്ലീംകൾക്ക് സമുന്നതമായൊരു സ്ഥാനമുണ്ട്. ശാസ്ത്രം, സാങ്കേതിക വിദ്യ, കല, സാഹിത്യം, സംസ്കാരം തുടങ്ങി ജീവിതത്തിന്റെ എല്ലാ മേഖലകളിലും അവർ മുൻപന്തിയിലായിരുന്നു. സലാവുദ്ദീൻ അയ്യൂബിയെക്കുറിച്ച് കേട്ടിട്ടില്ലേ? ഇന്ന് പുരോഗതിയുടെ കാര്യത്തിൽ മുൻപന്തിയിൽ നിൽക്കുന്ന ക്രൈസ്തവർ പോലും സാങ്കേതിക വിദ്യയും ശാസ്ത്രവും പഠിച്ചത് മുസ്ലീംകളിൽ നിന്നായിരുന്നു.

**ചോ: പിന്നെയെന്തേ ഇന്ത്യൻ മുസ്‌ലീംകളുടെ ഇന്നത്തെയവസ്ഥക്കു കാരണമായത് ?**

ഉ : പലകാരണങ്ങളാൽ മുസ്ലീം ഐക്യം ശിഥിലമായ കാലത്താണ് ബ്രിട്ടിഷുകാർ ഇന്ത്യയിലെത്തിയത്. കാലക്രമേണ അവർ ഇന്ത്യ കീഴടക്കിയപ്പോൾ ഇന്ത്യയിലെ ഭൂരിപക്ഷം ഹിന്ദുക്കളും അവരുടെ ചൊൽപ്പടിക്ക് നിന്നു. ബ്രിട്ടീഷുകാർ ഇന്ത്യക്കാർക്ക് ഇംഗ്ലീഷ് വിദ്യാഭ്യാസം വാഗ്ദാനം ചെയ്തപ്പോൾ മുസ്ലീംകൾ അത് നിരസിച്ചു. മററുള്ളവർ സന്തോഷത്തോടെ ആ വാഗ്ദാനം സ്വീകരിച്ചു, അങ്ങനെ വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ മുസ്ലീംകൾ പിന്നോക്കമായി. എന്നിട്ടും ബ്രിട്ടീഷുകാർക്കെതിരെ ഏററവും ശക്തമായി ആഞ്ഞടിച്ചതും മുസ്ലീംകളായിരുന്നു. ധീരദേശാഭിമാനികളായ മൗലാനാ മുഹമ്മദലിയും ഷൗക്കത്തലിയുമടക്കം അതിശക്തമായ ഒരു മുന്നണിപ്പട തന്നെ സ്വാതന്ത്ര്യത്തിനു വേണ്ടി പൊരുതി. ഇന്ത്യ സ്വതന്ത്രമായതോടെ പാക്കിസ്ഥാൻ സ്ഥാപിക്കപ്പെട്ടപ്പോൾ സാമ്പത്തികമായും വിദ്യാഭ്യാസപരമായും മുൻ നിരക്കാരായ മുസ്ലീംകൾ പാക്കിസ്ഥാനിലേക്ക് പോയി. അങ്ങനെ സ്വാതന്ത്ര്യത്തിനു ശേഷം ഇന്ത്യയിൽ അവശേഷിച്ചത് പാവപ്പെട്ട മുസ്ലീം ജനസാമാന്യമാണ്.

**ചോ: ഇന്ത്യയിൽ മുസ്ലീംകൾക്കു മാത്രമായി ഒരു രാഷ്ട്രീയ കക്ഷിയുടെ ആവശ്യമുണ്ടോ ?**

ഉ : തീർച്ചയായും ഒരു രാഷ്ട്രീയ ശക്തി ( Political power) ക്കുമാത്രമേ ഐഡൻററിററി സംരക്ഷിക്കാനാവൂ. ഇതൊരു ചരിത്ര വസ്തുതയാണ്. അങ്ങനെയാണ് മുസ്ലീംലീഗ് പിറന്നത്. മുസ്ലിംലീഗിന്റെ ചരിത്രം വിളിച്ചോതുന്നതും മററൊന്നല്ലല്ലോ. കേരളത്തിൽ തന്നെ പിന്നോക്കംനിൽക്കുന്ന മുസ്ലിംകൾക്കായി ഒരു ജില്ലയും എണ്ണമററ വിദ്യാഭ്യാസ സ്ഥാപനങ്ങളും ആരുടെ നേട്ടമാണ് ? കാലിക്കററ് യൂണിവേഴ്സിററിയുടെ സ്ഥാപനത്തിൽ മുസ്ലിംലീഗിന്റെ പങ്ക് നിഷേധിക്കാനാവുമോ ? അങ്ങനെയെത്രയെത്ര.

**ചോ: മുസ്‌ലീംകളുടെ ദേശക്കൂറ് അടുത്തകാലത്ത് ചോദ്യം ചെയ്യപ്പെട്ടല്ലോ ?**

ഉ : ആർക്കും അതിനുള്ള അവകാശമില്ല. ഇന്ത്യ ആരുടേയും തറവാട്ടുസ്വത്തല്ല. ഇത് ദൈവത്തിന്റെ ഭൂമിയാണ്. ഇവിടെ എല്ലാമതക്കാർക്കും തുല്യഅവകാശമാണ്. സ്വാതന്ത്ര്യത്തിനു വേണ്ടി ഏററവും കൂടുതൽ ചിന്തപ്പെട്ടത് മുസ്ലീംകളുടെ രക്തമാണ്. സ്വാതന്ത്ര്യ സമരത്തിന്റെ എല്ലാ മുഖങ്ങളിലും ധീരമായി പങ്കെടുത്ത മുസ്ലീംകളുടെ ദേശസ്നേഹം ചോദ്യം ചെയ്യാൻ ആർക്കുണ്ടവകാശം? 1921ലെ മാപ്പിള ലഹളയിൽ മലബാറിന്റെ മണ്ണിനെ ചുവപ്പിച്ച ചുടുരക്തം സ്വാതന്ത്ര്യദാഹം മൂത്ത മുസൽമാന്റേതായിരുന്നില്ലെ ?

**ചോ: പുതിയ തലമുറയോട് എന്തെങ്കിലും ഉപദേശം ?**

ഉ : കമ്പ്യൂട്ടർ യുഗത്തിലാണല്ലോ മനുഷ്യൻ. അതുകൊണ്ട് സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് മുസ്ലീംകൾ പരമാവധി മുന്നേറണം. ഇസ്ലാമിനോട് പരിപൂർണ്ണമായും പ്രതിബദ്ധത പുലർത്തണം. സർവ്വോപരി, ഐഡൻററിററി കാത്തു സൂക്ഷിക്കണം. സർവ്വശക്തൻ അനുഗ്രഹിക്കട്ടെ!

# അന്ത്യത്തിനു മുമ്പ്

പി. കെ. സി. അബ്ദുറഹിമാൻ

ഒരു രാത്രികൂടി കടന്നു വന്നു !

തുമ്പിക്കുന്നിന്റെ താഴ്വരയിൽ ഇളം കാററിന്റെ തലോടലേററ് മയങ്ങിക്കിടക്കുന്ന എന്റെ മൺകുടിലിനു ചുററും നിലാവിന്റെ നിഴലുകൾ പ്രത്യക്ഷപ്പെടാൻ തുടങ്ങി. തണുത്ത വായുവിലൂടെ നിശാഗന്ധിപ്പൂക്കളുടെ പരിമളം ഒരു കോരിത്തരിപ്പുപോലെ എന്റെ മുറിയിലേക്ക് കടന്നുവന്നു.

ജനിമൃതികൾക്കിടയിലെ ഋതുഭേദങ്ങളുടെ മുഴുവൻ ഗന്ധവും ശ്വസിച്ച് വർഷങ്ങളോളമായി ഈ ഏകാന്തതയുടെ തുരുത്തിൽ വികലമായ സ്വപ്നങ്ങളുടെ തടവുകാരനായി ഞാൻ വീർപ്പുമുട്ടിക്കഴിയുകയാണ്—

നിലാവുനിറഞ്ഞ നിശ്ചലമായ രാത്രിയായിരുന്നു. ജാലകത്തിന്റെ സുഷിരത്തിലൂടെ മുററത്ത് നിലാവിൽ പാറിക്കളിക്കുന്ന മിന്നാമിനുങ്ങുകളുടെ വെളിച്ചത്തെ നോക്കി ഒരു പാടുനേരമിരുന്നു പിന്നെ നിർജ്ജീവമായ കുറെ ചിന്തകൾക്കു ശേഷം വളരെ വൈകിയാണ് ഉറങ്ങാൻ കിടന്നത്.

മിഥ്യകളിലുണരാനായ് മാത്രം സ്വപ്നങ്ങളിലുറങ്ങിയ രാത്രി ..

ഉറക്കത്തിൽ എവിടെ നിന്നോ ആരോ എന്റെ പേർ വിളിക്കുന്നതായി എനിക്ക് തോന്നി. ഞാൻ ഞെട്ടിയുണർന്നു. പതുക്കെ കതകു തുറന്നു.

എനിക്ക് വിശ്വസിക്കാൻ കഴിഞ്ഞില്ല. മുററത്ത് വെള്ള വസ്ത്രമണിഞ്ഞ ഒരു പെൺകുട്ടി നിലാവിൽ മുങ്ങിക്കുളിച്ച് നിൽക്കുന്നു. അവളുടെ മുഖത്ത് അപരിചിതത്വത്തിന്റെ നിഴലുകളുണ്ടായിരുന്നു. അതൊരു പക്ഷെ നിലാവിന്റെ നിഴലുകളായിരിക്കാമെന്ന് ഞാനൂഹിച്ചു. അവളുടെ കയ്യിൽ വെള്ളിക്കെട്ടോടു കൂടിയ ഒരു ചെറിയ വടിയുണ്ടായിരുന്നു. അവളുടെ ശരീരത്തിനും വസ്ത്രത്തിനും കാട്ടുപൂക്കളുടെ ഗന്ധമുള്ളതായി എനിക്കു തോന്നി.

വാക്കുകൾ കൊണ്ട് പൂമാല കോർക്കാറുണ്ടായിരുന്ന ഞാൻ ആ അപരിചിതയുടെ മുന്നിൽ നിശബ്ദനായി. സംസാരിക്കാൻ പോലും കഴിയാതെ ഞാൻ വിറങ്ങലിച്ചു നിന്നു.

ഇതുവരെ എന്റെ ഈ മൺകുടിലിൽ ആരും കടന്നു വന്നിട്ടില്ല. ഇവിടെ ഞാൻ തനിച്ചായിരുന്നു. താഴ്വരക്കാററിന്റെ ലഹരിയിൽ ഏകാന്തതയെ പുൽകി ഞാൻ മാത്രം. കൂട്ടിന് കുറെ പുസ്തകങ്ങളും പൊള്ളുന്ന ചിന്തകളും പിന്നെ കൊച്ചുകൊച്ചു സ്വപ്നങ്ങളും മാത്രം.

ഇന്നിതാ ആദ്യമായി ഒരു പെൺകുട്ടി... അതും ഈ രാത്രിയിൽ... തനിച്ച്

എന്റെ മനസ്സിന്റെ പതറിച്ച മാറിയില്ല, ഞാനാദ്യമായി പരാജയത്തിന്റെ കയ്പറിഞ്ഞു. വിയർക്കുന്ന ശരീരത്തോടെ ഞാൻ മെല്ലെ മുററത്തേക്കിറങ്ങി. മുററത്തിന്റെ ഒരററത്ത് പടർന്നു പന്തലിച്ചു നിൽക്കുന്ന മരത്തിനു ചുററും ഒരു കാട്ടു പക്ഷി ചിറകിട്ടടിച്ച് പാറിനടന്ന് രാത്രിയുടെ കയങ്ങളിലേക്ക് ഊളിയിട്ടു പോയി

നിമിഷങ്ങൾ...

നീണ്ട നിമിഷങ്ങൾ...

നിമിഷങ്ങൾ ഉൽക്കണ്ഠയുടെ പിടിയിൽ കുടുങ്ങി വിറകൊണ്ടു. രാത്രിയുടെ ശാപത്തിൽ ഇരുട്ടിന്റെ ദുഃന്തത്തിൽ നെടുവീർപ്പിട്ടു കൊണ്ട് ഞാൻ നിന്നു. മാണിക്യകല്ല് തലയിൽ വെച്ച് കത്തുന്ന തലയുമായി ഒരു ദിവാസർപ്പം ആകാശത്തിലൂടെ വിലങ്ങനെ പാഞ്ഞു പോയി.

നിമിഷങ്ങൾ വീണ്ടും നിശബ്ദതയുടെ നീർക്കയത്തിലാണ്ടു.

പെട്ടെന്ന് കൈവന്ന ഒരു ധൈര്യത്തിൽ ഞാനവളുടെ നേരെ നോക്കി. അവളുടെ മുഖം കറുത്തതായിരുന്നു ! കണ്ണുകൾ ചോരയൂറിയതായിരുന്നു !! ആ ഇരുണ്ട മുഖത്ത് രക്തച്ഛായകൾ മിന്നിമറയുന്നത് കണ്ട് ഞാൻ പരിഭ്രമിച്ചു.

—നിങ്ങൾ.. ?

—ചോദ്യങ്ങൾ പാടില്ല. ഞാൻ പറയുന്നത് ശ്രദ്ധിക്കൂ. ഞാനാണ് മരണം. ഇന്നത്തെ എന്റെ ജോലി നിങ്ങളുടെ മരണം നിർവ്വഹിക്കലാണ്.

അവളുടെ കനത്തവാക്കുകൾ എന്റെ മൺകുടിലിന്റെ ഭിത്തികളുടെ മരിച്ച ഹൃദയത്തിലൂടെ ഒഴുകി നടന്ന് പിന്നെ വായുവിലലിഞ്ഞ് മഞ്ഞും മേഘവും കലർന്ന് നിന്ന വിദൂരതയിലേക്ക് കൊടുമുടികളുടെ നരച്ച ശിരസ്സുകൾ തേടി അകന്നു പോയി.

എന്റെ കുഴിയിലാണ്ട കണ്ണുകൾ തിളങ്ങി മനസ്സിലെവിടെയോ സന്തോഷത്തിന്റെ കണികകൾ. എനിക്ക് ചിരി വന്നു. ഞാൻ എന്നോ എന്റെ മരണത്തെ പുൽകാൻ തയ്യാറായിരുന്നുവെന്ന സത്യം ഈ വെള്ള വസ്ത്രമണിഞ്ഞ മരണത്തിനറിയില്ലല്ലോ !

തണുത്ത കാററ് ശക്തിയോടെ വീശിത്തുടങ്ങി.

കയ്യിലുള്ള കുറുവടി വായുവിൽ ചുഴററി അവൾ എന്നിലേക്ക് പടർന്നപ്പോൾ അവളുടെ മുഖത്ത് ഗൂഢമായ ഒരു പുഞ്ചിരി വിരിഞ്ഞു.

താഴ്വരകളിലൂടെ തണുപ്പിന്റെ സന്ദേശവുമായി വീണ്ടും കാററ് വീശി. മുററത്ത് തെറിച്ചു വീണ നിലാവിന്റെ തിളക്കം നഷ്ടപ്പെടുത്തുന്നതും ആകാശച്ചെരുവിൽ മിന്നിത്തിളങ്ങിയിരുന്ന വലിയ നക്ഷത്രങ്ങൾ പെട്ടെന്ന് ഒരായിരം വെള്ളിക്കെട്ടുള്ള ദണ്ഡുകളായ് രൂപാന്തരപ്പെട്ട് എന്റെ തലക്കു മുകളിലൂടെ ചുററിത്തിരിയുന്നതും ഒരു അവ്യക്തമായ വേദനയോടെ ഞാൻ കണ്ടു.

# ആവർത്തിക്കാൻ ആഗ്രഹിക്കാത്ത ഒരാമുഖക്കുറിപ്പ്

മയ്യനാട് ഷാഹുദ്ദീൻ

ദുരൂഹമായൊരു ഭീതിയുടെ സാന്നിദ്ധ്യം ആധുനിക തലമുറയെ വേട്ടയാടിക്കൊണ്ടിരിക്കുന്നു. ചിരിക്കാൻ മറന്നുപോയ മനുഷ്യന്റെ ഭീകരമുഖം ഈ നൂററാണ്ടിന്റെ ഐഡന്റിററിയുടെ ഭാഗമായിത്തീർന്നിരിക്കുന്നു. പട്ടിണിയും ദാരിദ്ര്യവും ജാതിമത സംഘർഷങ്ങളും ,യുദ്ധഭീതിയും വരാനിരിക്കുന്ന ഒട്ടനേകം വിപത്തുകളും മാനവചരിത്രത്തിലെ ദുരന്തനിമിഷങ്ങളുടെ നാന്ദിയായിക്കഴിഞ്ഞിരിക്കുന്നു.

ആധുനിക വാർത്താമാധ്യമങ്ങൾ കീറിമുറിച്ചു പരുവപ്പെടുത്തിയ ഒരു മനസ്സുമായാണ് നാമിന്നു ജീവിക്കുന്നത്. എന്തും സഹിക്കാൻ, കണ്ടില്ലെന്നു നടിക്കാൻ, പ്രതികരിക്കാതിരിക്കാൻ തക്കവണ്ണം അത് പരുക്കനായിത്തീർന്നിരിക്കുന്നു. പിഞ്ചുകുഞ്ഞിന്റെ ഹൃദയനൈർമ്മല്യത്തെപ്പോലും ഊററിയെടുക്കുന്ന ബാലപ്രസിദ്ധീകരണങ്ങളും ചിത്രകഥകളും പൊങ്ങച്ചസംസ്ക്കാരത്തിന്റെ ഭാഗമായി മാറിയിരിക്കുന്നു, ശ്വാനപ്രദർശനവും, ശിശുപ്രദർശനവും റോസ്ഷോയും, നഴ്സറിറൈസും ചോരക്കുഴലുകളെപ്പോലും കീഴടക്കുമ്പോൾ പട്ടിണിയും ദാരിദ്ര്യവും, രോഗങ്ങളും കൊണ്ട് വയറുന്തി കണ്ണുതുറിച്ച് മരണക്കിടക്കയിൽ അന്ത്യശ്വാസം വലിക്കുന്ന പൊന്നോമനകളെ നാം വിസ്മരിച്ചു പോകുന്നു. ആ മുഖങ്ങളിൽ പ്രതീക്ഷയോടെ നോക്കിയിരുന്നു വിതുമ്പുന്ന അമ്മമാരുടെ നെടുവീർപ്പുകൾ നാം വിസ്മരിച്ചുപോകുന്നു വള്ളംകളിയുടെയും വാരാഘോഷത്തിന്റെയും വർണ്ണപ്പൊലിമയിൽ ആഹ്ലാദിച്ചാറാടുമ്പോൾ നോക്കുകുത്തികളായി തെരുവരികിൽ കിടന്നുപിടയുന്ന തെണ്ടികളെ നാംവിസ്മരിച്ചുപോകുന്നു. മനസ്സിന്റെ താളം തെററിയ മനുഷ്യക്കോലങ്ങൾ വലിയവന്റെ മഹാമനസ്കതയുടെ പ്രചരണോപാധിയായി മാറുമ്പോൾ മനുഷ്യത്വത്തിന്റെ മഹനീയ നിമിഷങ്ങൾ ദീപ്തിമത്താക്കിയ കാലഘട്ടങ്ങളെ നാം വിസ്മരിച്ചു പോകുന്നു.

പട്ടിണിമാററാൻ പച്ചവെള്ളം പോലുമില്ലാത്ത "ദരിദ്രവാസി''കളെ സ്റേറജിൽ വിളിച്ചുവരുത്തി വസ്ത്രം കൊടുത്ത് ഫോട്ടോ എടുപ്പിച്ച് പത്രങ്ങളിൽ പരസ്യം ചെയ്ത് സാമൂഹ്യസേവനം നടത്തുന്ന സന്നദ്ധ സംഘടനകൾ എൻെറ നാടിൻെറ നാണക്കേടാണ്. ഒരു നേരത്തെ ആഹാരംപോലും കഴിക്കാനില്ലാത്ത കുഞ്ഞുങ്ങളുടെ മുന്നിൽ ലിംകാ സോഫ്ററ് ഡ്രിങ്കിൻെറയും കാഡ്ബറീസ് ചോക്കലേററിൻെറയും ബ്രിട്ടാനിയകേക്കിൻെറയും പരസ്യം കാണിച്ച് പണം സമ്പാദിക്കുന്ന മുതലാളിത്ത സംസ്ക്കാരത്തിൻെറ ക്രൂരവിനോദത്തിന് തെരഞ്ഞെടുക്കപ്പെട്ട ഭരണാധികാരികൾ കൂട്ടുനിൽക്കുമ്പോൾ നഷ്ടപ്പെട്ടു പോകുന്നത് എൻെറ നാടിൻെറ മൂല്യങ്ങളാണ്. വിശ്വചൈതന്യത്തിന് കളങ്കമേൽക്കാത്ത സംഭാവനകൾ നൽകിയ എൻെറ നാട്ടിലെ ഭാവിപൗരൻമാരുടെ തലയ്ക്കുമുകളിൽ തൂങ്ങുന്ന ദുരന്തത്തിൻെറ ഈ മൂർച്ചയേറിയ വാളുകൾ കാണുമ്പോൾ എനിക്ക് നടുങ്ങാതിരിക്കാനാവില്ല.

ചോരകണ്ടാൽ ഹർഷാരവം മുഴക്കുകയും മരണം കണ്ടാൽ ആഹ്ലാദനൃത്തം ചവിട്ടുകയും ഭീകരനായകൻമാരെ ഹൃദയത്തിൽ താലോലിച്ചുകൊണ്ടുനടക്കുകയും ചെയ്യുന്ന ഒരു തലമുറയെ ഭീതിയോടെയല്ലാതെ നോക്കിക്കാണാനാവില്ല.ഭോപ്പാലും മൊറാദാബാദും ദക്ഷിണാഫ്രിക്കയും മുറിവുകൾ സൃഷ്ടിക്കാത്ത മനസ്സുമായി ജീവിക്കുന്ന യുവാക്കളെക്കുറിച്ചുള്ള പ്രതീക്ഷകൾ അസ്ഥാനത്താണ്. മറക്കാൻ കഴിയുന്നത് അനുഗ്രഹമാണെന്ന വേദവാക്യത്തിൽ തൂങ്ങിപ്പിടിച്ച് ഇനിയും ജീവിക്കുന്നെങ്കിൽ അതിൻെറ അപകടം വളരെ വലുതാണെന്ന് ഇനിയെങ്കിലും നാമറിയുക. ഹിരോഷിമയും നാഗസാക്കിയും ഓമനത്വമുള്ള പദങ്ങളാക്കി നാം മാററിയിയിരിക്കുന്നു. ബില്ലയും രങ്കയും സുകുമാരക്കുറുപ്പും ശോഭ്രാജും ജിണ്ടയും നമ്മുടെ വീരനായകൻമാരായിത്തീർന്നിരിക്കുന്നു. ചസ്നാലയും വൈപ്പിനും തലശ്ശേരിയും നാം മറന്നു കഴിഞ്ഞു. നാളെ ഭോപ്പാലും മൊറാദാബാദും ദക്ഷിണാഫ്രിക്കയും നാം മറക്കും. കുതിരവട്ടവും ഊളൻപാറയും നാം മറക്കും. തടവുകാരുടെ കണ്ണുകുത്തിപ്പൊട്ടിച്ച പോലീസ് ക്രൂരത നാം മറക്കും. അങ്ങനെ ഇന്നലെകളിൽ നമ്മുടെ മോഹനനിദ്രകളെ നടുക്കിക്കൊണ്ടിരുന്ന എല്ലാ സംഭവങ്ങളും നാം മറക്കും.

മറക്കരുത്

ഇനിയും മരിച്ചിട്ടില്ലാത്ത മനസ്സാക്ഷിയോടുള്ള ഒരു അപേക്ഷയാണിത്.

ഇനിയും പിറക്കാത്ത ഉണ്ണികൾക്കായുള്ള ഒരു നിവേദനക്കുറിപ്പാണിത്.

ഇനിയും നശിക്കാത്ത യുവചേതനയ്ക്കുള്ള ഒരു ഓർമ്മപ്പെടുത്തലാണിത്.

ഇന്നലെ മരിച്ചുപോയ വൃദ്ധമനസ്സിനുനേരെയുള്ള ഒരു കുററപത്രമാണിത്.

മറക്കരുത്. മറക്കരുത്.

പോയകാല ദുരന്തങ്ങൾ ഇടിമുഴക്കം സൃഷ്ടിക്കുന്ന മനസ്സുമായ് അലഞ്ഞുനടക്കുന്ന കലാകാരാ നീയിത് മറക്കരുത്.

സമൂഹദുഃഖങ്ങൾ സ്വയം കുരിശിലേററി ഗാഗുൽത്തകൾ തേടിപ്പോകുന്ന കലാകാരാ നീയിതു മറക്കരുത്.

ഭീകരമായ അന്ധകാരത്തിനു നടുവിൽ പിടയ്ക്കുന്ന കരളുമായ് ഉഴലുന്ന മനുഷ്യാത്മാവിനുമുന്നിൽ ഒരു മൺചിരാതെങ്കിലും കത്തിച്ചുവയ്ക്കാൻ കൊതിക്കുന്ന കലാകാരാ നീയിതു മറക്കരുത്. പ്രിയ കലാകാരാ ! മറക്കാനാവാത്ത മനസ്സുമായ് അശാന്തിയുടെ പാനപാത്രവുമേന്തി അനന്തതയിലേക്ക് ചുവടുകൾ വയ്ക്കുമ്പോൾ നീ പിറന്ന മണ്ണിൻെറ നൊമ്പരങ്ങൾ നിൻെറ സർഗ്ഗപ്രതിഭയ്ക്ക് ഊന്നുവടികളായിത്തീരട്ടെ.

# ചതവുകൾ

സുബൈർ വി. പി.

ഒരു ഹൃദയം കൂടി നഷ്ടപ്പെട്ടപ്പോഴാണ് പ്രമിത്യൂസ് കരഞ്ഞത്.

അപ്പോഴും പ്രമിത്യൂസിന്റെ മനസ്സിലെവിടെയോ കൃതാർത്ഥതയുടെ ചീളുകൾ അവശേഷിച്ചിരുന്നു.

ഈ കാക്കസസ്സിന്റെ ഔന്നത്യത്തിൽ നിന്നായിരുന്നു മനുഷ്യൻ വിളിച്ചത്. "ഞങ്ങളുടെ നാഥാ, ഈ ഇരുട്ടിൽ നിന്ന്, ഈ തണുപ്പിൽ നിന്ന് ഈ അജ്ഞതയിൽ നിന്ന്...നാഥാ, ഞങ്ങൾക്കൊരു വഴി..."

സോയൂസ് ചിരിച്ചു.

സോയൂസ് ചിരിക്കുക മാത്രം ചെയ്തു!

'അവർക്ക് വേണ്ടതഗ്നിയാണ്. അതാണ് ചൂട്...അതാണ് വെളിച്ചം അതാണെല്ലാം...പക്ഷെ തീ ഞങ്ങൾക്കുള്ളതാതാണ്. ഞങ്ങൾക്ക് വെളിച്ചമായി ഞങ്ങൾക്കു ചൂടായി ആ തീ സ്വർഗ്ഗത്തിൽ വാഴും. തണുപ്പിലും ഇരുട്ടിലും അജ്ഞതയിലും മനുഷ്യാ നീ മരിയ്ക്കുക!

പ്രമിത്യൂസ് ചിരിച്ചില്ല.

തീ സൂക്ഷിച്ച അകത്തളങ്ങളിലൂടെ തള്ള വിരലൂന്നി പ്രമിത്യൂസ് നടന്നു. ഒരു തീക്കൊള്ളി വലിച്ചെടുത്ത് പ്രമിത്യൂസത് ഭൂമിയിലേക്കെറിഞ്ഞു. കാക്കസസ്സിന്റെ ഔന്നത്യത്തിൽ നിന്നും ജനം ആർത്തു വിളിച്ചു.

ഞങ്ങൾക്ക് വെളിച്ചം

ഞങ്ങൾക്ക് ചൂട്

ഞങ്ങൾക്കൊരു കൊള്ളി അറിവ്!

പ്രമിത്യൂസ് നീയാണ് ഞങ്ങളുടെ നാഥൻ...

പ്രമിത്യൂസ്... പ്രമിത്യൂസ്... പ്രമിത്യൂസ്!

സോയൂസിന്റെ ചങ്ങലകളിൽ കാക്കസസ്സിന്റെ പാറക്കെട്ടിൽ കുടുങ്ങിയപ്പോഴും മാംസദാഹവുമായി ഒരു കൂട്ടം പരുന്തുകൾ തന്റെ നേരെ പറന്നടുക്കുമ്പോഴും പ്രമിത്യൂസ് ചിരിച്ചു.

പ്രമിത്യൂസിനറിയാമായിരുന്നു, കാക്കസസ്സിന്റെ താഴ്വരയിൽനിന്ന് മനുഷ്യനോടിയെത്തി ഈ ചങ്ങലക്കെട്ടുകൾ പൊട്ടിച്ചെറിയുമെന്ന്.

പ്രമിത്യുസതിനായി കാത്തിരുന്നു.

ഒരു ഹൃദയത്തിന്ന് ശേഷം മുളച്ച്വന്ന മറ്റൊന്ന്, അതിനുശേഷം മറ്റൊന്ന്. പിന്നെയും പിന്നെയും ഹൃദയം പരുന്തുകൾ കൊത്തിയെടുത്തപ്പോൾ പ്രമിത്യൂസ് കാത്തിരുന്നു.

സ്വയം കടന്ന്വന്ന് ചങ്ങല പൊട്ടിച്ചെറിയുന്ന മനുഷ്യനെ. ഒരു ഹൃദയം കൂടി നഷ്ടപ്പെട്ടപ്പോഴാണ് പ്രമിത്യൂസ് കരഞ്ഞത്

താഴ്വരകളിൽ തീ കായുന്ന മനുഷ്യരോടവൻ വിളിച്ചു പറഞ്ഞു 'മനുഷ്യരെ...ഇതു ഞാനാണ്. പ്രമിത്യൂസ്. കുന്നുകളോടിക്കയറി വന്ന് ഈ ചങ്ങലകൾ പൊട്ടിച്ചെറിയൂ...ഈ പരുന്തുകളെ കല്ലെറിഞ്ഞു കൊല്ലൂ...എന്നെ ആലിംഗനം ചെയ്യൂ ഇത് ഞാനാണ്...പ്രമിത്യൂസ്!'

പ്രമിത്യൂസിന്റെ ശബ്ദം പാറക്കെട്ടുകളിലും ചക്രവാളങ്ങളിലും കിടന്ന് മുഴങ്ങി.

ആകാശത്തിലെ പറവകളും വെള്ളത്തിനടിയിലെ മൽസ്യങ്ങളും മരുഭൂമിയിലെ ഉരഗങ്ങളും സ്വർഗ്ഗത്തിലിരുന്ന് സോയൂസും ആ ശബ്ദം കേട്ടു.

ഹിമാലയത്തിന്റെ ഔന്നത്യങ്ങളും പസഫിക്കിന്റെ ഗർത്തങ്ങളും ആ ശബ്ദം കേട്ടു.

താഴ്വരകളിൽ തീ കാഞ്ഞിരുന്ന മനുഷ്യൻ മാത്രം കത്തിയാളുന്ന അഗ്നിയുടെ സംഗീതത്തിൽ നിന്നും പ്രമിത്യൂസിന്റെ ശബ്ദം തിരിച്ചറിഞ്ഞില്ല.

# ചോരയെക്കുറിച്ച് പറയുന്നവരോട്

എ. മുഹമ്മദ് ഹനീഫ

എന്തുകൊണ്ടാണ് നിങ്ങളെപ്പോഴും
ചോരയെക്കുറിച്ച് പറയുന്നത് ?

ചോരയെപ്പററി....
ചോരയുടെ നിറം മാററത്തെപ്പററി....
ചോരയുടെ ദുഷിച്ച അവസ്ഥയെപ്പററി...
തണുത്ത ചോരയെപ്പററി
നിങ്ങളെന്തിനാണ് വാചാലരാവുന്നത് ?
ഇന്നലെ നിങ്ങൾ പറഞ്ഞത്,
ചോര വാർന്നു മരിച്ചുപോയ
ഒരു കുഞ്ഞിനെപ്പററിയാണ്.
ഒരു ദിവസം,
തളംകെട്ടിനിന്ന ചോരയിൽ
പിടഞ്ഞുതീർന്ന ഒരു ജീവനെപ്പററി
നിങ്ങൾ പറഞ്ഞിരുന്നു.
ഒരു ദിവസം,
ധനികനായ ഒരു ചെറുപ്പക്കാരൻ
സഹോദരൻെറ കരളിൽ കുത്തി
ചോരയെടുത്ത കഥ പറഞ്ഞത്...
ഓർമ്മയില്ലേ....
ഇന്ന് നിങ്ങൾ,
ചോര മാത്രം കുടിച്ച് ജീവിച്ച ഒരാൾ
ചോര കുടിച്ചു മരിച്ച കഥ പറയുന്നു.
എല്ലാം ചോര നിറഞ്ഞ കഥകൾ !
ദുഷിച്ച ചോരയുടെ കഥകൾ !
[കഥ പറഞ്ഞു തീരുമ്പോഴെല്ലാം
ചോരനിറമാർന്ന നിങ്ങളുടെ കണ്ണുകളിൽ
ഒരു സന്തോഷത്തിരി കത്തുന്നതും,
അവ കൂടുതൽ ചുവക്കുന്നതും, തിളങ്ങുന്നതും
ഞാൻ ശ്രദ്ധിക്കാറുണ്ട്.]
നിങ്ങൾ ചോര കുടിക്കുന്നവരെപ്പററി
ആരാധനയോടെ സംസാരിക്കുന്നതെന്തിനാണ് ?
ചോര ആവശ്യപ്പെടുന്ന ചില നിമിഷങ്ങളുണ്ട് :
വെട്ടിമാററപ്പെടുന്ന കൈകളിൽ നിന്ന്
പതാക ഏററുവാങ്ങേണ്ടി വരുമ്പോൾ
ചോര നമുക്ക് ഊർജ്ജമാവുന്നു.
ഒരു സഹോദരന് നൽകാനുള്ള
ജീവിതമാവുന്നു ചോര.
ചില നിമിഷങ്ങളിൽ,
മരണത്തിൻെറ ഗന്ധം മുറിഞ്ഞു വീഴുമ്പോൾ....
രക്തസാക്ഷിയാകേണ്ടി വരുമ്പോൾ....
പരിശുദ്ധമായ ചോര ആവശ്യമാവുന്നു.

എന്തുകൊണ്ട് നിങ്ങൾ,
ചോരയുടെ പരിശുദ്ധിയെക്കുറിച്ച് പറയുന്നില്ല ?

നിങ്ങളെന്തിനാണ്, എപ്പോഴും
ദുർഗന്ധമുറുന്ന ചോരയെക്കുറിച്ച് മാത്രം
ചോരക്കണ്ണുകളോടെ സംസാരിക്കുന്നത് ?

# ഏകാന്ത പഥികൻ

എ. എ. സലീമ

അരുവിയിലേക്കുന്തി നിൽക്കുന്ന പാറക്കെട്ടുകൾക്കു മീതെ നിഴൽ വീണു തുടങ്ങി. സൂര്യൻ അസ്തമിക്കാൻ തുടങ്ങിയിരിക്കുന്നു. ചക്രവാളത്തിന്റെ വിദൂരതയിലേക്ക് കണ്ണും നട്ട് ജടതൂർന്നു വളർന്ന താടിയിലൂടെ വിരലുകളോടിച്ച് അയാളിരുന്നു. കാട്ടാറിന്റെ തീരത്ത് ഏകാന്തത നിറഞ്ഞുനിൽക്കുന്നു. ആ ഏകാന്തത ആസ്വദിക്കാനെത്തിയ ചെറുപ്പക്കാരൻ. നിശ്ശബ്ദതയ്ക്ക് ഭംഗം വരുത്തുന്നത് ആ കാട്ടാറിന്റെ കളകള ശബ്ദവും സന്ധ്യയ്ക്ക് ചേക്കേറാൻ വരുന്ന പക്ഷികളുടെ ശബ്ദവും മാത്രം. ഓരോ കൊച്ചു കൊച്ചു കല്ലുകൾ പെറുക്കിയെടുത്ത് വെള്ളത്തിലേക്കിട്ട് ജീവിതത്തിലെ നിരർത്ഥമായ നിമിഷങ്ങൾ തള്ളി നീക്കാൻ അയാൾ ശ്രമിച്ചു. ഈ കാട്ടാറിന്റെ മാസ്മര സൗന്ദര്യം ആസ്വദിക്കാൻ ഒരു കൂട്ടുകാരി കൂടിയുണ്ടായിരുന്നെങ്കിൽ! അല്ലെങ്കിലെന്തിന്! എന്നാലും തന്റെ മനസ്സിലും ഒരു കൂട്ടുകാരിയ്ക്ക് വേണ്ടി ആഗ്രഹമില്ലേ? അയാൾ തന്നോട് തന്നെ ചോദിച്ചു.

ഒരു ദേശസഞ്ചാരിയെ പോലെ നടക്കുന്ന തനിക്ക് കൂട്ടുകാരിയായി ആരു വരും? നീണ്ട ഇടതൂർന്ന മുടിയും കുപ്പിവളകളുടെ പൊട്ടിച്ചിരികളുമായി വരുന്ന കവിതയോ, അതോ ഇറുകിയ ജീൻസും ടോപ്പും ധരിച്ച് ബോബ് ചെയ്ത മുടിയുമായി ഗിത്താറിന്റെ താളലഹരിയിൽ മതിമറന്നാടുന്ന ഡയാനയോ? സ്നേഹം കൂടുതൽ ഡയാനയ്ക്കായിരുന്നാലും തന്റെ കണ്ണുകളെന്തേ കവിതയിലേക്ക് തിരിഞ്ഞു. അവളുടെ വെളുത്ത കയ്യിലെ നനുത്ത രോമങ്ങളോ, കവിതയൂറുന്ന ആ മിഴികളോ ഏതാണ് തന്നെ അവളിലേക്ക് അടുപ്പിച്ചത്. കവിത! അവളാണ് തന്റെ കളിക്കൂട്ടുകാരി. എന്നെന്നും ആ കണ്ണുകളിൽ വിരിയുന്നത് കുസൃതി ഭാവമായിരുന്നു. കൊച്ചുകൊച്ചു ചോദ്യങ്ങൾ എന്തെല്ലാം അവൾക്ക് ചോദിക്കാനുണ്ടാകും.. കവിതേ, നിന്റെ ആ കണ്ണുകളാണ് എന്റെയുള്ളിലെ കവിയെ വളർത്തിയത്. നിനക്ക് വേണ്ടി ഒന്നും ചെയ്യാൻ കഴിഞ്ഞില്ല. ഒരു കവിതപോലും നിന്നെ കുറിച്ച് എഴുതിയില്ല.

എന്നാണ് താനവളെ വിട്ടുപോയത്. ഒരു കൊച്ച് കല്ല് അയാൾ വെള്ളത്തിലേക്കിട്ട് ഓർക്കാൻ ശ്രമിച്ചു. താനാണ് കുററക്കാരൻ അമ്മാവനോടുള്ള വൈരാഗ്യത്തിന് നാടുവിട്ടു. ഒരു വാക്ക് അവളോട് പറയാമായിരുന്നു അവളിപ്പോൾ കുന്നിൻ പുറത്തുള്ള ആ ഒററപ്പെട്ട വീട്ടിൽ ആനന്ദിന്റെ ഭാര്യയായി, കുഞ്ഞിന് അമ്പിളി മാമനെ കാണിച്ച് താരാട്ടു പാടിയുറക്കുകയാവും. നാടുവിട്ട താൻ ഏതെല്ലാം ആളുകളെ ഏതെല്ലാം സ്ഥലങ്ങളെ കണ്ടുമുട്ടി, അയാളോർത്തു. യമുനയുടെ തീരത്ത് കിടന്ന് ആകാശത്തേക്ക് നോക്കി നിർവൃതിയടഞ്ഞില്ലേ? ഒഴുകുന്നുണ്ട് എന്നുപോലും തോന്നാതെ ശാന്തമായൊഴുകുന്ന യമുന!

രാവേറെയായി, നിലാവ് പരന്നു തുടങ്ങി. മരങ്ങളുടെ ഇടയിലൂടെ നേരിയ വെളിച്ചം കാട്ടാറിലേക്ക് എത്തിനോക്കി. രാത്രിയിൽ നീരാട്ടിനായി ജോലി കഴിഞ്ഞെത്തുന്ന പെണ്ണുങ്ങളുടെ ശബ്ദമാണ് അയാളെ സ്വപ്നത്തിൽ നിന്നും ഉണർത്തിയത്. അയാൾ നിർമ്മലമായ ആകാശത്തേക്ക് നോക്കി. ഒരു നക്ഷത്രം തന്നെ നോക്കിച്ചിരിക്കുന്നതുപോലെ തോന്നി. ഒരു പറവ വേഗം കൂടണയാൻ വേണ്ടി ധൃതിയിൽ പറക്കുന്നു. അതിനെ കാത്തിരിക്കാൻ അതിന്റെകുഞ്ഞുങ്ങളുണ്ടാവും. തനിക്ക് ഈ ഭൂമിയിൽ സ്വന്തമെന്നു പറയുവാനാരുണ്ട്? അയാളിൽ ആ ഒററപ്പെടൽ അസ്വസ്ഥതയുളവാക്കി. അയാൾ എഴുന്നേററു നടന്നു തുടങ്ങി — ലക്ഷ്യമില്ലാത്ത യാത്രയ്ക്ക് തുടക്കം കുറിച്ചു കൊണ്ട്.

# ഗുരുവും ഞാനും പിന്നെ ചരിത്രവും സത്യവും

ജമാൽ തറവട്ടത്ത്

ഗുരു മുന്നിലും ഞാൻ പിന്നിലുമായി ഇരമ്പിമറിയുന്ന കടലിന്റെ തീരത്തുകൂടി നടക്കുകയാണ്. ഗുരുവിന്റെ ഓരോ ചലനങ്ങളും വളരെ ബഹുമാനത്തോടെ നോക്കുകയും അതിനെ പരമാവധി പിൻപററാൻ ശ്രമിക്കുകയുമാണ് ഞാൻ. ഒരു പക്ഷെ, അംഗീകരണവും അനുകരണവും മററാരേക്കാളും കൂടുതലായത് കൊണ്ടാവാം, ഗുരുവിന്റെ സായാഹ്ന സവാരിയിൽ സഹചാരിയായി എന്നെ തെരഞ്ഞെടുത്തത്.

"ഈ ഗർജ്ജിക്കുന്ന കടലെന്താണെന്നറിയാമോ നിനക്ക്?" കരയിലൂടെ കുറെ നടന്നപ്പോൾ ഗുരു എന്നോട്. എന്താവാം, ദൈവമേ ! വെള്ളം.. അല്ലാതെന്താ? മണ്ടത്തരമാവുമെന്ന് ഭയന്ന ഞാനൊന്നും മറുപടിയായി പറഞ്ഞില്ല.

"എടോ, ഈ കടൽ ചരിത്രമാണ്. ചരിത്രം പോലെ വിശാലവും നിഗൂഢവും അത്ഭുതവുമാണ്. എന്താണീ ചരിത്രം ?"

വിവരം വിളമ്പാൻ കിട്ടിയ രണ്ടാമത്തെ അവസരം. എ ബോറിങ് സബ്ജക്ട്. ജീവിച്ചതും ജീവിക്കുന്നതുമായ സകല മനുഷ്യർക്കും അവകാശപ്പെട്ട സാധനം. അഥവാ ചിലർക്ക് ജീവിക്കാൻ, ദൈവമുണ്ടാക്കിയ വകുപ്പ് ... ആർക്കും തോന്നിയ പോലെ കൈകാര്യം ചെയ്യാവുന്നത്. ഇതെല്ലാമാണ് മനസ്സിൽ തോന്നിയത് ഞാനാകെ അന്തംമുട്ടി നില്ക്കവെ, ഗുരു തന്റെ ഇരുകൈകളും ഇരുദിശയിലേക്ക് ചൂണ്ടി. ഞാൻ ശ്രദ്ധിച്ചു. ഗുരുവിന്റെ തേജസ്സാർന്ന കണ്ണുകളിൽ നിന്നും തീപ്പൊരി പാറുന്നു. താടിരോമങ്ങൾ ചുട്ടുപഴുത്ത കമ്പികൾ പോലെ. കിടന്നലറുന്ന കടലിനേയും മഞ്ഞളിച്ച സൂര്യനേയും പ്രിയ ശിഷ്യനായ എന്നേയും സാക്ഷിനിർത്തി ഗുരു ഒരമാനുഷിക ശബ്ദത്തിൽ പറഞ്ഞു "ചരിത്രം ആനയാകുന്നു. ജീവനുള്ള വലിയ ആന. നമ്മൾ ആനയെക്കണ്ട കുരുടന്മാരും."

ഗുരുവിനെ അംഗീകരിച്ച മട്ടിൽ ഞാൻ തലയാട്ടി. ഗുരു എന്തോ ചിന്തിക്കുകയാണ്. അദ്ദേഹത്തിന്റെ മുഖത്ത് പ്രകാശം പരന്ന പോലെ എനിക്ക് തോന്നി.

"ഞാനൊററക്ക് പോകുന്നു. സത്യം അറിഞ്ഞ ശേഷമല്ലാതെ ഞാനിനി മടങ്ങില്ല. ഇനി എന്റെ സ്ഥാനത്ത് നീയാണ്". എന്നെ അനുഗ്രഹിച്ച്കൊണ്ട് ഗുരുപറഞ്ഞു. പിന്നെ അദ്ദേഹം കടലിലേക്ക് എടുത്തുചാടി.

അത്ഭുത സ്തബ്ധനായ എനിക്ക് അസ്തമയ സൂര്യനോടൊപ്പം ഗുരുവും അഗാധതയിലേക്ക് താഴുന്നത് വെറുതെ നോക്കിനിൽക്കാനേ കഴിഞ്ഞുള്ളൂ.

# ഹസീന : ഒരോർമ്മക്കുറിപ്പ്

ബസ്സിറങ്ങി വരുമ്പോൾ, കൂട്ടുകാരിയോടൊപ്പം വഴിക്ക് നിന്നിരുന്ന നിങ്ങൾ പറഞ്ഞു : എൻെറ പേര് ഹസീന. ജോയൻറ് സെക്രട്ടറിസ്ഥാനത്തേക്ക് ഞാൻ മത്സരിക്കുന്നു. എനിക്ക് വോട്ട് ചെയ്യണേ. ഞാനപ്പോഴേക്ക് ഒരു ചിരിയോടെ മുന്നോട്ട് നീങ്ങിക്കഴിഞ്ഞിരുന്നു. അരിക് വെട്ടി വൃത്തിയാക്കിയ ചവേക്ക് മരങ്ങൾ ചേർന്ന് ഞാൻ നടക്കുമ്പോൾ, ഹസീന, നിങ്ങൾ അടുത്തയാളിൻെറ നേരെ തിരിഞ്ഞുകഴിഞ്ഞിരുന്നു. അടുത്ത രാവിലെയും ഇതാവർത്തിച്ചു. മൂന്നാം ദിവസം ഞാൻ പറഞ്ഞു : ആഗ്രഹമുണ്ടെങ്കിലും എനിക്ക് വോട്ട് ചെയ്യാൻ പററൂലാ.

പിന്നെ, ഒരു ചിരിയിലൂടെ, ഇടയ്ക്ക് നാം കാണുമ്പോൾ, സൗഹൃദത്തിൻെറ നൂൽ പൊട്ടിപ്പോവാതെ സൂക്ഷിച്ചു. കോളേജ് യൂണിയൻ ഉദ്ഘാടന ദിവസം അതിഥികൾക്കായുള്ള പൂക്കളുമായി നിൽക്കേ, സ്റേറജിൻെറ ഒരു വശത്തുണ്ടായിരുന്ന ഞാൻ പറഞ്ഞു : സ്റേറജിലേക്ക് പോവുമ്പോൾ കൂവട്ടെ ?

നിഷ്കളങ്കതയോടെ നിങ്ങൾ ചോദിച്ചു : എന്തിന് ?

ഞാൻ പറഞ്ഞു : മാഷെ കുട്ടിയാക്കി കുറച്ചതിന്.

ഹസീന പറഞ്ഞു : അതൊരു കോംപ്ലിമൻറല്ലേ സർ ?

**1981-82 വർഷത്തെ ഫാറൂഖ്കോളേജ് യൂണിയൻ ജോയിൻറ് സെക്രട്ടറിയായിരുന്നു ഹസീന, കലാ-കായിക രംഗത്ത് കാമ്പസിൽ നിറഞ്ഞു നിന്ന ആ കൂട്ടുകാരി ഇന്ന് ജീവിച്ചിരിപ്പില്ല. അദ്ധ്യാപകൻെറ ഓർമ്മക്കുറിപ്പ്.**

അപ്പോൾ നിങ്ങൾ ചോദിച്ചു : എന്താ ലിസ്ററിൽ പേരില്ലേ ?

ഞാൻ പറഞ്ഞു : ലിസ്ററിൽ പേരു വരൂലാ.

അപ്പോൾ നിങ്ങൾ കൂട്ടുകാർ പരസ്പരം നോക്കിച്ചിരിച്ചു. കൂട്ടുകാരിയപ്പോൾ പറഞ്ഞു : എംഎയ്ക്ക് ചേരാൻ വന്നതോ മറേറാ ആയിരിക്കും.

ഞാൻ ചിരിച്ചു. അപ്പോൾ നിങ്ങൾ പറഞ്ഞു : അതില് വെഷമമുണ്ടെങ്കിൽ...സോറിണ്ട് സാർ.

അപ്പോൾ സ്വാഗത പ്രാസംഗികനെതിരെ കൂവൽ ഒരാരവമായി ഉയരുന്നുണ്ടായിരുന്നു.

പിന്നെ, ആരവം വെച്ച് ദിവസങ്ങളും പോയി.

എൻ. പി. ഹാഫീസ് മുഹമ്മദ്

ഹസീന, ഈ കോളേജിൽ ചേരന്ന ശേഷം ആദ്യമായി വർത്തമാനം പറഞ്ഞ പെൺകുട്ടി നിങ്ങളായിരുന്നു.

നിങ്ങളുടെ വോട്ടെണ്ണി തിട്ടപ്പെടുത്താനുള്ള ചുമതല എനിക്കായിരുന്നു. ജയിച്ചത് നിങ്ങളായിരുന്നു. (ഇപ്പോൾ ജയിച്ചതാരാണ്, ഹസീന ?) വോട്ടെണ്ണുന്നത് പരിശോധിക്കാനെത്തിയ ഏജൻറുമാർഒപ്പുവെച്ചെണീക്കുമ്പോൾ നിങ്ങളുടെ പ്രതിനിധിയോട് ഞാൻ പറഞ്ഞിരുന്നു : വോട്ട് ചെയ്തില്ലെങ്കിലും എണ്ണി ജയിപ്പിച്ചിട്ടുണ്ടെന്ന് സ്ഥാനാർത്ഥിയോട് പറയണേ.

പിറേറന്ന് വിജയാഹ്ലാദത്തിൻെറ ദിനമായിരുന്നു. എല്ലാ തിരഞ്ഞെടുപ്പുദിന പിറേറന്നുകൾ ചിലർക്ക് ആഹ്ലാദവും ചിലർക്ക് ദുഃഖവും ചിലർക്ക് തമാശയും പ്രദാനം ചെയ്യാൻ ഓരോ വർഷവും വന്നെത്തുന്നു. ഞങ്ങൾക്ക് മധുരവുമായ് നിങ്ങൾ ഡിപ്പാർട്ട്മെൻറിലെത്തി, കൂട്ടുകാർക്കൊപ്പം. മിഠായി ഏററ് വാങ്ങി നന്ദി പറഞ്ഞപ്പോൾ ചിരിച്ചുകൊണ്ട് ഹസീന പറഞ്ഞു : എണ്ണി ജയിപ്പിച്ചതിന് താങ്ക്സുണ്ട് സാർ.

ചിരിച്ചുപോയി.

ഹസീന, നിങ്ങളുടെ വിവാഹം തിട്ടപ്പെടുത്തുന്നതും എൻറടുത്തെത്തി, എൻെറ സുഹൃത്ത് ഇബ്രാഹിംക്ക സൗദി അറേബ്യയിൽ നിന്ന് പതിവുപോലെ മരുഭൂമിയിലെ ദുരന്തത്തെക്കുറിച്ച്, മനസ്സിൻെറ നോവുകളെക്കുറിച്ച് എഴുതിയതിന് പിന്നാലെ. ഒരിക്കൽ എഴുതി : നിങ്ങളുടെ കോളേജിൽ പഠിക്കുന്ന ഒരു പെൺകുട്ടിയെക്കുറിച്ച് വിവരങ്ങളറിയേണ്ടതുണ്ട്. ഞങ്ങളുടെ സുഹൃത്തിനു വേണ്ടി ഒരു വിവാഹാലോചന...പേര് ഹസീന നിങ്ങൾ അദ്ധ്യാപകർക്കായിരിക്കുമല്ലോ കുട്ടികളെ കൂടുതലറിയുക.

ഞാൻ പറഞ്ഞു : സസ്പൻസു്

ഞാൻ സുഹൃത്തിനെഴുതി : ഒരൊററദോഷം മാത്രം. മാഷന്മാരെയും മാന്യവോട്ടർമാരെയും വേർതിരിച്ചറിയാനുള്ള കഴിവ് മാത്രമില്ല.

എൻെറ സുഹൃത്ത് ഇബ്രാഹിംക്ക നാട്ടിലവധിക്ക് വന്നപ്പോൾ വ്യക്തമാക്കി : എല്ലാം നിശ്ചയിച്ചിരിക്കുന്നു. ആളുവരും. കാണാനേർപ്പാട് ചെയ്യണം. കോലംകെട്ട് നടക്കുന്നവരെ മാഷന്മാരായി കാണാത്തവർ ഒന്നാം ക്ലാസ്സ് വിദ്യാർത്ഥിയായിരിക്കും.

കൂടിക്കാഴ്ചയുണ്ടായി. ഒത്തുച്ചേരലും. വിവാഹാനന്തരം നിങ്ങൾ ഭർത്താവിനൊപ്പം സൗദിയിലെത്തിയ വിവരം, നിങ്ങൾ സുഖമായിക്കഴിയുന്നത്, ഇടയ്ക്ക് മാഷിന്റെ കത്തുണ്ടോന്ന് അന്വേഷിക്കുന്നത്, നിങ്ങൾ അമ്മയായത്—എല്ലാം ഇബ്രാഹിംക്ക എഴുതിയിരുന്നു.

അസ്‌ലം അവധിക്ക് നാട്ടിലെത്തിയപ്പോൾ, ഹസീന, നിങ്ങളുടെ വിവരങ്ങളന്വേഷിരുന്നു. നിങ്ങളുടെ കൊച്ചുകുഞ്ഞിനെക്കുറിച്ചും, നിങ്ങൾ താമസിക്കുന്ന ഫ്ളാററിനെക്കുറിച്ചും ഒക്കെ ഞങ്ങൾ ഓടുന്ന വണ്ടിയിലിരുന്നു സംസാരിച്ചു.

അസ്‌ലം മടങ്ങിപ്പോയി ദിവസങ്ങൾക്കകം മുസ്തഫയും ഭാര്യയും നാട്ടിലെത്തിയപ്പോഴാണ്, ഹസീന, നിങ്ങളെക്കുറിച്ച് അറിയുന്നത്. വീണ്ടും. മുസ്തഫയുടെ വീട്ടിൽ കോലായയിലിരുന്ന് വീണ്ടും വീണ്ടും ചോദിച്ചു. അപ്പോൾ മഴക്കാലമായിട്ടും പെയ്യാതെനിന്ന മഴ നിലംകുത്തി വീഴുകയായിരുന്നു.

ഒക്കെ ശരിയായിരുന്നു. പിറേറന്ന് അസ്‌ലമിന്റെ കത്തും കിട്ടി. ഹസീന ജൂൺ 18ാം തിയതി യംബുവിലുള്ള ഫ്ളാററിൽ തൂങ്ങിമരിച്ചു. മൂന്ന്മണിക്ക് സാധാരണപോലെ ജോലിക്ക് പോയി ആറ്മണിക്ക് തിരിച്ചുവന്ന ലത്തീഫ് വാതിൽ തുറന്നപ്പോൾ കുട്ടി താഴെ കളിക്കുന്നതും, അവൾ ഫാനിന്റെ ക്ലാമ്പിൽ തൂങ്ങിനിൽക്കുന്നതുമാണ് കണ്ടത്. എഴുദിവസം ഡെഡ്ബോഡി ഹോസ്പിററലിലായിരുന്നു......

ഹസീന, ഓടുന്ന വണ്ടിയിലിരുന്നു ഞങ്ങൾ നിങ്ങളെക്കുറിച്ച് സംസാരിക്കുമ്പോൾ നിങ്ങൾ ജീവനൊടുക്കിക്കഴിഞ്ഞിരുന്നു. നിങ്ങളുടെ ശവം ജീവിക്കുന്നവരുടെ വിധിയെഴുത്തിന് കാത്ത് കിടക്കുകയായിരുന്നപ്പോൾ.

ഹസീന, നിങ്ങൾ നിങ്ങളുടെ പേര് ലിസ്ററിൽനിന്ന് സ്വയം വെട്ടിമാററി.

അസ്‌ലം എഴുതിയിരിക്കുന്നു: ഏഴാംദിവസം ഡഡ്ബോഡി കിട്ടി ഇവിടെത്തന്നെ മറവ് ചെയ്തു. ലത്തീഫ് കുട്ടിയെയുംകൊണ്ട് മററന്നാൾ നാട്ടിലേക്ക് മടങ്ങുന്നു......എന്തായാലും അത് കഴിഞ്ഞു...

ഏത്, കഥയിൽ പറയുന്ന പോലെ ഒരദ്ധ്യായമോ ?

അതോ, പത്രക്കാർക്ക് നിർവ്വികാരത കനംതൂങ്ങുന്ന അക്ഷരങ്ങളിലേക്ക് മാററി, ഒരു ജീവിതത്തെ നാല് വരിയാക്കി, കോളത്തിലേക്ക് ഫീഡ് ചെയ്യാനുള്ള വാർത്തയുണ്ടാക്കാനോ ?

ഹസീന, അതിനും ഞാൻ മദ്ധ്യവർത്തിയാവേണ്ടതായിരുന്നു. യു. കെ. പത്രമാപ്പീസിൽനിന്ന് വിളിച്ചു ചോദിക്കുന്നു : നിങ്ങളുടെ കോളേജിൽ പഠിച്ച ഒരു പെൺകുട്ടി സൗദിയിൽ വെച്ച് സൂയിസൈഡ് ചെയ്തൂന്ന് കേട്ടല്ലോ.

ഞാൻ പറഞ്ഞു ; ഞാനും കേട്ടു.

സുഹൃത്ത് ചോദിക്കുന്നു : ഡീറൈറൽസറിയോ ?

ഞാൻ ചോദിച്ചുപോയി : എന്തിന് ?

യു കെ. പറയുന്നു : എക്സ്ക്ലൂസീവ് സ്റേറാറിക്ക് സഹായിക്കടാ.

ഞാനൊന്നും മിണ്ടിയില്ല. ഡീറൈറൽസ് പറയാൻ യു. കെ. നിർബന്ധിക്കുന്നു

ഹസീന, എന്താണെനിക്കറിവുള്ളത്, ഞാനെന്താണ് പറയേണ്ടത് ?

നിങ്ങൾ ചോദിച്ച സമ്മതിദാനം ഞാൻ രേഖപ്പെടുത്തിയില്ലെന്നോ, മത്സരത്തിൽ നിങ്ങൾ ജയിച്ചെന്നോ, നിങ്ങൾ ചോദിച്ച ജീവിതം ഈ ലോകം തന്നില്ലെന്നോ. അല്ലെങ്കിൽ നിങ്ങളുടെ ജീവിതംകൊണ്ട് ക്ഷമാപണം നടത്തിക്കഴിഞ്ഞുവെന്നോ.

അല്ലെങ്കിൽ ......ജീവിച്ചിരിക്കുന്ന ഞങ്ങൾക്കെന്തറിയാം?

# ഇതാ ഒരു ചിത്രകാരൻ

വെള്ളി ട്രൗസറിട്ട് മൂക്കറയൊലിപ്പിച്ച് ചക്രമുരുട്ടിക്കളിക്കുന്ന പയ്യൻ! തെണ്ടിപ്പട്ടിയെ കല്ലെറിയുന്ന കുസൃതിച്ചെക്കൻ ! 'അമ്പിളിമാമനെ' പിടിക്കാൻ മാനം നോക്കിയോടുന്ന ബാലൻ! കാലൊടിഞ്ഞ ബെഞ്ചിന്റെ തൊറത്തിരുന്നു സ്ലേററിൽ ക യും 'ഖ'യും വരയ്ക്കുന്ന കുട്ടി ! പൊട്ടിപ്പോയ സ്ലേററ് തലയിൽ വെച്ച് മഴയത്ത് വീട്ടിലേക്കോടുന്ന മിഴിവുള്ള ചിത്രം ! .........................

കൗമാരം വഴി ബാല്യത്തിലേക്ക്, വർഷങ്ങൾ പിറകോട്ടു നയിച്ച ഒരു കാലയന്ത്രത്തിന്റെ പ്രതീതി ! യുവജനവർഷാഘോഷത്തോടനുബന്ധിച്ച് കോളേജ് യൂണിയൻ സംഘടിപ്പിച്ച ചിത്രപ്രദർശനമാണ് പശ്ചാത്തലം ! വർണ്ണങ്ങൾ കൊണ്ട് 'കുട്ടിക്കാലം' നിർമ്മിച്ച ജാലവിദ്യക്കാരന്റെ പേരു വായിച്ചു— അബു പട്ടാമ്പി.

'ചിത്രകാരൻ വന്നു !' ആരോ പറഞ്ഞു. എവിടെ ? എവിടെ? എല്ലാ കണ്ണുകളും ആൾക്കൂട്ടത്തിൽ പരതി. നീട്ടിവളർത്തിയ താടി ! അയഞ്ഞ ജുബയും മുഷിഞ്ഞ പാന്റും ! തോളിൽ മുട്ടോളമെത്തുന്ന തുണിസ്സഞ്ചി !—അങ്ങനെ ഞങ്ങളുടെ മനസ്സിൽ ചിത്രകാരന്റെ ട്രേഡ്മാർക്കുണ്ട്. പക്ഷെ സ്ററാളിൽ അങ്ങിങ്ങായി കൂട്ടം കൂടിനിന്ന് ചിത്രങ്ങളെ വിലയിരുത്തുകയും ആസ്വദിക്കുകയും ചെയ്യുന്ന ഞങ്ങൾ!—കലയെയും കലാകാരനെയും സ്നേഹിക്കുന്ന ഞങ്ങൾ—ഞങ്ങൾക്കു തെററി!

''എന്റെ പേര് അബു. പട്ടാമ്പീന്ന് വരുന്നു.'' അകൃത്രിമമായ എളിമയുടെ സ്വരം. വിശ്വസിക്കാനായില്ല. മുറിയിൽ നിറഞ്ഞു നിൽക്കുന്ന സുഹൃത്തുക്കളിൽ നിന്ന് ഒട്ടും തിരിച്ചറിയാനാവാത്ത ഒരു സാധാരണ ചെറുപ്പക്കാരൻ ! അതെ, അതാണ് അബു ! ജന്മസിദ്ധമായ പ്രതിഭയെ 'ജാട' കൊണ്ട് മൂടാൻ മടിച്ചു നിൽക്കുന്ന ഈ യുവാവാണ്, എന്റെ മുമ്പിൽ നിറഞ്ഞു നിൽക്കുന്ന ഈ വർണ്ണ പ്രപഞ്ചത്തിന്റെ കർത്താവ് ! ദിവസങ്ങളായി ചിത്രങ്ങൾ കണ്ട ആയിരക്കണക്കിന് യുവ ഹൃദയങ്ങളുടെ ആരാധന പിടിച്ചു പററിയ അനുഗ്രഹീത ചിത്രകാരൻ— ശ്രീ അബു പട്ടാമ്പി !

പാലക്കാട് ജില്ലയിലെ പട്ടാമ്പിയിൽ 1959ൽ ജനിച്ച പാലത്തിങ്ങൽ അബൂബക്കർ കർണ്ണാടകയിലെ ദാവൻഗിരി സ്ക്കൂൾ ഓഫ് ആർട്സിൽ നിന്ന് ക്രാഫ്ററിൽ റാങ്കോടെയാണ് ചിത്ര കലയിൽ ബിരുദമെടുത്തത്. 'എന്റെ കുട്ടിക്കാലം' എന്ന സീരീസ് ചിത്രങ്ങൾക്കു പുറമേ വാട്ടർ കളറിലും ഓയിൽ കളറിലും നിരവധി ശ്രദ്ധേയമായ രചനകൾ അദ്ദേഹം നടത്തിയിട്ടുണ്ട്, അജ്മാനിലെ Hanik publication എന്ന പരസ്യക്കമ്പനിയിൽ ജോലി നോക്കുന്ന ഈ ഇരുപത്താറുകാരൻ കേരളത്തിനകത്തും പുറത്തുമായി ഏതാനും പ്രദർശനങ്ങൾ ഇതിനകം നടത്തിക്കഴിഞ്ഞു ! അടുത്ത കാലത്ത് പലയിടങ്ങളിലായി നടന്ന ചിത്രകലാക്യാമ്പുകളിലും ഈ യുവാവ് ശ്രദ്ധേയനായി. കേരള ലളിത കലാ അക്കാദമി നടത്തിയ പോസ്ററർ മത്സരത്തിൽ അബു അവാർഡ് നേടിയത് അടുത്ത കാലത്താണ്.

ഫാറൂഖ് കോളേജ് കലാ സാഹിതിക്കു വേണ്ടി അബു നടത്തിയ ഡമോൺസ്ട്രേഷൻ ക്ളാസ്സിൽ ചിത്രകലയെക്കുറിച്ചുള്ള തന്റെ വ്യക്തമായ വീക്ഷണം അബു അവതരിപ്പിച്ചു. 'ഇമാം' എന്ന ഓയിൽ കളർ ചിത്രത്തിന് ഒരു മണിക്കൂർ കൊണ്ട് രൂപം നൽകി കലാസാഹിതിക്ക് സമ്മാനിച്ച അബു, ചിത്രകലയെക്കുറിച്ചുള്ള അംഗങ്ങളുടെ ഗൗരവതരമായ സംശയങ്ങൾക്ക്, ഇരുത്തം വന്ന ഒരു ചിത്രകാരന്റെ ലാഘവത്തോടെ മറുപടി നൽകി !

സുപ്രസിദ്ധ ചിത്രകാരൻ ശ്രീ യൂസുഫ് അറയ്ക്കൽ അബുവിന്റെ ബന്ധുവും ഗുരുവും സുഹൃത്തുമാണ്. എല്ലാ ചിത്രകാരന്മാരേയും അവരുടെ ചിത്രങ്ങളേയും ബഹുമാനിക്കുന്ന അബുവിന്റെ അഭിപ്രായത്തിൽ ഓരോ ചിത്രകാരനും തനതായ വർണ്ണങ്ങളും സങ്കേതങ്ങളും വളർത്തിയെടുക്കേണ്ടതാണ്. അറിയപ്പെടുന്ന ചിത്രകാരന്മാരേക്കാളും കഴിവുള്ള അനേകം പ്രതിഭാശാലികൾ അർഹമായ പരിഗണന ലഭിയ്ക്കാതെ സമൂഹത്തിന് നഷ്ടമാവുന്നുണ്ടെന്നും ഈ ചിത്രകാരൻ കരുതുന്നു.

ഇങ്ങനെയും ഒരു ചിത്രകാരൻ ! നമുക്കഭിമാനിക്കാം !—മുഖം മൂടിയില്ലാത്ത ഒരു കലാകാരനെ കണ്ട സംതൃപ്തി! നമുക്കാശംസിക്കാം — കലാ ലോകത്തിന്റെ അംഗീകാരം ഇനിയും ഈ കലാകാരനെത്തേടിയെത്താതിരിക്കില്ല.

ഏ. പി.

# ജീവിതത്തെ തേടി

**മുജീബ് റഹ്മാൻ**

പരീക്ഷ വന്നെത്തിയിരിക്കുന്നു. പേജുകൾ മറിച്ചുപോലും തീർക്കാൻ കഴിയാത്തത്ര വലിയ പുസ്തകങ്ങൾ. ജീവിതത്തിന്റെ ആസ്വാദമറിയേണ്ടേ? ഇപ്പോൾ മാത്രമാണ് വല്ലതും പഠിക്കണമെന്ന് തോന്നുന്നത്. വിദ്യ വിവരത്തിന് വേണ്ടിയെന്ന സങ്കല്പം എന്നേ അസ്തമിച്ചിരിക്കുന്നു. ജീവിക്കാൻ വല്ലതും നേടണം എന്നാണ് എല്ലാ മുഖങ്ങളും വിളിച്ചുപറയുന്നത്.

ഹോസ്റ്റലിന്റെ ചുവരുകളിൽ പാടുപെട്ട് എഴുതിയ പേരുകൾ, അവരെല്ലാം ഈ സങ്കല്പവും തേടി ഒരുകാലത്ത് ഇവിടെ വന്നവരായിരുന്നല്ലോ. ആ ലിപികൾ എന്തോ പറയുന്ന പോലെ തോന്നുന്നു

കോളേജ് ഡേ, ആർട്ട്സ് ഡേ എന്നീ വിലപ്പെട്ട ദിവസങ്ങൾ കഴിവുകൾ പ്രദർശിപ്പിക്കാൻ സ്റ്റേജിലെത്തുന്ന കലാകാരൻമാരും, കലാകാരികളും.

ഇടക്ക് ഉയർന്ന് വരുന്ന കൂക്ക്വിളികളും, അട്ടഹാസങ്ങളും-ഒരുകാലത്ത് മാത്രം ഒതുങ്ങുന്നു അവയെല്ലാം.......ഉത്തരവാദിത്വത്തിന്റെ ഭാരം ചുമക്കാൻ പോകുന്നു എന്നറിയുമ്പോൾ അവർ നിരാശരാകുന്നു. ബുക്കിലെ സൂത്രവാക്യത്തിന് കൂടെ ഇത്തരം ചിന്തകളും മനസ്സിലുദിച്ചുകൊണ്ടിരുന്നു...വളരെ വൈകിയാണ് അന്ന് ഉറങ്ങിയത്.

ഉറക്കമായിരുന്നില്ല, തലയിൽ നിറയേ ഭാരിച്ചതെന്തോ വച്ച ഒരു അനുഭവം. ശക്തിയായ മഴ... കടുത്ത വരൾച്ചയുള്ള ഈ കാലത്ത് ?

കലങ്ങിമറിഞ്ഞ വെള്ളം, അത് കരകവിഞ്ഞ ഒരരുവിയായി ഒഴുകുന്നു... കോളേജിൽനിന്നു മായിരുന്നതിന്റെ തുടക്കം. റോഡുകളിലൂടെ ചെടികളെയും, പൂന്തോട്ടങ്ങളേയും സ്വതന്ത്രമാക്കിയുള്ള ആ ഒഴുകൽ, മലമുകളിൽക്കിടയിലൂടെ ഒഴുകുന്ന ഒരു കാട്ടാറുപോലെ തോന്നിച്ചിരുന്നു. എത്രയോ ശരീരങ്ങൾ അതിലാണ്ടും പൊങ്ങിയും ഒഴുകുന്നു. ചിലർ ശരിക്കും നിർജീവർ,മററ്ചിലർ ജീവിതത്തിലേക്ക് ഇനിയും വരാൻ കൈനീട്ടുന്നു......പ്രധാന കവാടവും കഴിഞ്ഞ ആ അരുവി മുമ്പോട്ട് കുതിക്കുന്നു ഒപ്പം രക്ഷിക്കണേ എന്ന കൂട്ടനിലവിളികൾ, ...ഉറക്കിൽ നിന്നും ഞെട്ടിയുണർന്നു ജനലഴികൾക്കിടയിലൂടെ കണ്ണുകൾ പുറത്തേക്ക്പരതി.

അഴികൾക്കിടയിലൂടെ വന്ന തണുത്ത കാററിൽ പുതുമണ്ണിന്റെ രുചി അടങ്ങിയിരുന്നു

എന്തൊരു ദുഃസ്വപ്നമാണിത്, ഉറങ്ങിയാലും ഒരുശാന്തിയില്ല. 'നാശം', വീണ്ടും ബുക്കുകൾക്ക് മുമ്പിൽതന്നെ ചടഞ്ഞിരുന്നു.

മൂന്നു വർഷം പിന്നിട്ടത് അറിഞ്ഞിരുന്നില്ല ജീവിതത്തിലെ ആ അദ്ധ്യായവും അവസാനിക്കുന്നു.

മഞ്ഞളിച്ച കൈകളുമായി ലാബിൽ നിന്ന് ഇറങ്ങുമ്പോഴും, ഓരോമുഖവും വെയിലിൽ വലിയ റോസാപൂവിനെ ഓർമ്മിപ്പിച്ചിരുന്നു, ചിരിക്കാൻ പോലും മടികാണിച്ചവർ.

സമവാക്യങ്ങളും, നീളമുള്ള ആശയങ്ങളും, ജീവിതം പോലും ഇക്വേഷനുകളായി മാററിയവർ, ജന്തുക്കളോടും, സസ്യങ്ങളോടും, അവയുടെ ഭാഷ സംസാരിക്കാൻ പഠിച്ചവർ, എല്ലാം...ഒരു ലക്ഷ്യം കാണാനെന്നപോലെ ഒരുങ്ങികഴിഞ്ഞിരുന്നു

റിസൾട്ട് അല്പം താമസിച്ചാണ് എത്തിയത്. മാർക്കിന്റെ വലിയ അക്കങ്ങളുമായി ചിന്താമഗ്നരായവർ. ആ മുഖങ്ങൾ പരസ്പരം ചോദിക്കുന്നു. ഇനി എന്ത് ?

തോൽക്കേണ്ടിവന്നവരുടെ വിഷാദം കലർന്ന ചിരി, അത് ഒരു പരിഹാസം പോലെയാണ് ഞങ്ങൾക്കനുഭവപ്പെട്ടത്.

ഒരുങ്ങിനിൽക്കുന്ന ഞങ്ങൾക്ക് ഒരു സന്ദേശം, അന്തരീക്ഷത്തിൽ ഉയർന്ന് പൊങ്ങിയ ഒരു സൈറൺ എല്ലാവരും ഒന്നിച്ചു ഓടി. കൈകളിൽ മുറുക്കിപ്പിടിച്ച ഒരു തുണ്ടംപേപ്പറുമായി. ചിലർ വഴിയിൽ ചവിട്ടി മെതിക്കപ്പെട്ടിരുന്നു രക്തത്തിൽ കുതിർന്ന അവരെ ആരും രക്ഷിച്ചില്ല.

വിശ്വസിക്കാൻ കഴിയാത്ത ഞങ്ങളുടെ തളർന്ന കണ്ണുകൾ പരസ്പരം നോക്കി, കഴിയുന്നത്ര പുറത്തേക്ക് ആകണ്ണുകൾ തള്ളിയിരുന്നു...ഞങ്ങൾക്ക് മുമ്പിലുള്ള ആൾക്കൂട്ടത്തെ കണ്ടപ്പോൾ ഞങ്ങൾക്ക് പരിഹാസച്ചിരി സമ്മാനിച്ചവർ....

ഓടിതളർന്ന ഞങ്ങൾ ലക്ഷ്യം കാണാതെ നിലംപതിച്ചു. നിരപരാധികളായ ഹൃദയങ്ങളോടൊപ്പം.

# കന്മദമൂറാത്ത

# കന്മതിലുകൾ

അബ്ദുൾകരീം. ടി. പി.

മഷൂദകൗസർ പോകുന്നു ! ഹോസ്റ്റലിൽ അതൊരു വാർത്തയായിരുന്നു. ഫാത്തിമയാണ് ആദ്യം പറഞ്ഞത്. പക്ഷെ അതാരും വിശ്വസിച്ചില്ല അവർക്കെങ്ങിനെ വിശ്വസിക്കാൻ കഴിയും. മഷൂദകൗസർ ഹോസ്റ്റലിന്റെ ജീവനാഡിയായായിരുന്നു. അവളില്ലാത്തൊരു ഹോസ്റ്റൽ ജീവിതം അവർക്ക് ചിന്തിക്കാൻ പോലും കഴിയില്ല. അല്ലെങ്കിലും അവളെന്തിന് പോകണം. പോകാൻ മാത്രം ഇവിടെ എന്തുണ്ടായി. അഥവാ പോകുന്നെങ്കിൽത്തന്നെ മീര അറിയണ്ടേ ? മീരയും വിനീതയും മഷൂദകൗസറിന്റെ റൂം മേറ്റ്സ് മാത്രമല്ലല്ലോ. ശകുന്തളയോടൊപ്പം അനസൂയാ പ്രിയംവദമാരെപ്പോലെ മഷൂദകൗസറിനോടൊപ്പം എപ്പോഴും അവർ ഉണ്ടാകും.

മഷൂദകൗസറുടെ ജീവിതത്തിൽ അസാധാരണമായിട്ടൊന്നുമില്ല. മറ്റുള്ളവരോടൊപ്പം ഒരു സാധാരണ പെൺകുട്ടിയെപ്പോലെ ജീവിക്കാൻ അവളും ശ്രമിക്കുന്നു. മഷൂദകൗസർ അതീവ സുന്ദരിയല്ല സാമാന്യം സൗന്ദര്യം ഉള്ള ഒരു സാധാരണ പെൺകുട്ടി. മഷൂദകൗസറിന്ന് ഹോസ്റ്റലിൽ ആരോടും പ്രത്യേക പ്രതിപത്തിയൊന്നുമില്ല. ആരോടും പ്രത്യേക വിദ്വേഷമില്ല. പക്ഷെ അവൾക്ക് താത്പര്യമുള്ള ഒരു പാനീയമുണ്ട്. ഇളനീർ ! ഏതു തിരക്കിനിടയിലും ഒരു ഇളനീർ കുടിക്കാനുള്ള സന്ദർഭം അവൾ നഷ്ടപ്പെടുത്താറില്ല. മഷൂദകൗസറിലേക്ക് പലരേയും ആകർഷിച്ചത് അവളുടെ കണ്ണുകളായിരുന്നുവെന്ന് എനിക്കു തോന്നിയിട്ടുണ്ട്. വിശാലമായ ആ കണ്ണുകളുടെ അടിത്തട്ടിൽ ആകാശം കട്ടിപിടിച്ച് കടും നീലയായി ഉറഞ്ഞുകൂടിയിരുന്നു.

നേരം ഇരുട്ടി. മഷൂദകൗസർ പോകുന്നുവെന്ന വാർത്ത അപ്പോഴേക്കും എല്ലാവരും അറിഞ്ഞിരുന്നു. അതോടെ പലരും വിശ്വസിച്ചു തുടങ്ങി. എല്ലാവരും മഷൂദകൗസറിനെ അന്വേഷിച്ചു. അവളെ എവിടെയും കാണാനില്ല. ഡിന്നറിന് ബെല്ലടിച്ചു. എല്ലാവരും ഡൈനിംഗ് ടേബിളിന്ന് ചുറ്റും കലപില കൂട്ടിത്തുടങ്ങി എല്ലാവർക്കും മഷൂദകൗസറിനെക്കുറിച്ചാണ് പറയാനുള്ളത്. അവർ ഭക്ഷണം കഴിച്ചുകൊണ്ടിരിക്കെ മഷൂദകൗസർ ഒരു മാലാഖയെപ്പോലെ മെസ് ഹാളിലേക്ക് കടന്നു വന്നു. അവളൊരൊഴിഞ്ഞ സ്ഥലത്തിരുന്നു. അതോടെ ആ ഭക്ഷണശാല നിശ്ശബ്ദമായി. എല്ലാ കണ്ണുകളും മഷൂദകൗസറിലേക്ക് തിരിഞ്ഞു. മഷൂദകൗസറിന്റെ കണ്ണുകൾ തന്റെ ചോറ്റു പാത്രത്തിലേക്കും. പ്രത്യേകിച്ചൊന്നും സംഭവിക്കാത്ത മട്ടിൽ അവൾ ഭക്ഷണം കഴിക്കുകയാണ്. പോകുന്നതിനെപ്പറ്റി അവളോട് നേരിട്ടുചോദിക്കണമെന്ന് പറഞ്ഞവരുടെ നാവുകൾ താണു പോയി. അവർക്ക് പരസ്പരം നോക്കി നിൽക്കാനേ കഴിഞ്ഞുള്ളൂ.

മഷൂദകൗസർ ഭക്ഷണം കഴിച്ച് ഗോവണി കയറി ടെറസിന് മുകളിലേക്ക് പോയി. കൂടെ മുഴുവൻ കുട്ടികളും. മഷൂദകൗസർ ഒരു കസേര നിവർത്തി അതിലിരുന്നു. അവൾക്ക് ചുറ്റും കൂട്ടുകാരികളും നിരന്നിരുന്നു.

മഷൂദകൗസർ അനന്തതയിലേക്ക് കണ്ണു നട്ടു കറുത്തിരുണ്ട ആകാശം. ഒരു നക്ഷത്രത്തെപ്പോലും കാണാനില്ല. പുറത്ത് മൂടിക്കെട്ടിയ മഴക്കാറ്. വിങ്ങുന്ന ചൂട്. മഷൂദകൗസറിന്റെ ഹൃദയാന്തരങ്ങളിൽ ചിന്തയുടെ കനലുകൾ കത്തിവിരിയുകയായിരുന്നു.

മഷൂദകൗസറിന് ഹോസ്റ്റലിലെ ഓരോ വിദ്യാർത്ഥിയെയും അറിയാം. ഈ കനത്ത മതിൽക്കെട്ടിനകത്ത് ഓരോ നിശ്വാസവും അവൾക്ക് പരിചിതമാണ് ഹോസ്റ്റലിന്റെഎല്ലാ രഹസ്യങ്ങളും അവൾക്കറിയാം. ഇവിടെ കൂടെക്കിടക്കുന്നവർക്കുപോലും മറ്റവളെപറ്റി ഒന്നുമറിയില്ലല്ലോ. ഒരേ കട്ടിലിൽ സ്വയംഭോഗത്തിന്റെ ആലസ്യം ഒരു നെടുവീർപ്പായി അവസാനിക്കുമ്പോഴും കൂട്ടുകാരിയുടെ ഉരുകിത്തീരുന്ന മനസ്സിന്റെ നീറൽപോലും ഇവിടെ ആർക്കുമറിയില്ലല്ലോ. ബ്ലൗസിന്റെ ചേർച്ചക്കുറവും സാരിയുടെ ഡിസൈനുകളും കൊഴിഞ്ഞു പോകുന്ന മുടിയിഴകളും വളരാത്ത മുലകളുമല്ലാതെ ഇവിടെ ആരും സംസാരിക്കാറില്ലല്ലോ. 'നീയാരാണ്' എന്ന് തന്നോട് ഇതുവരെ ആരും ചോദിച്ചിട്ടില്ലല്ലോ. നീണ്ടുപോകുന്ന ഏതെങ്കിലും ഒരു നാക്കിൽ നിന്ന് കേൾക്കാൻ ഏറെക്കൊതിച്ച ഒരു ചോദ്യം. അതുമാത്രം കേട്ടില്ല. ഇവിടെ ആരും ഒന്നും സൗജന്യമായി കൊടുക്കാൻ തയ്യാറില്ല. സംസാരിക്കുന്നതും സ്നേഹിക്കുന്നതുമെല്ലാം സ്വന്തം കാര്യലാഭത്തിനു വേണ്ടിയാണല്ലോ. പക്ഷെ മീരയും വിനീതയും അങ്ങിനെയല്ലെന്ന് അവൾ നന്ദിയോടെ ഓർത്തു. മഷൂദകൗസറിന് ഇഷ്ടപ്പെടാൻമാത്രം ഗുണങ്ങളുള്ളവർ അവർ മാത്രമ ഇവിടെയുള്ളൂ.

തനിക്ക് മുമ്പിലിരിക്കുന്ന മുഴുവൻ കുട്ടികളെയും ചവിട്ടിയരക്കാൻ അവൾക്ക് തോന്നി. താൻ പോകുന്നുവത്രെ ! ഇന്നലെ വരെ തന്നെ തിരിഞ്ഞു നോക്കാത്തവർ പോകുന്നുവെന്നറിഞ്ഞപ്പോൾ കള്ള കണ്ണീരുമായി വന്നിരിക്കുന്നു. ആരാണ് മഷൂദകൗസർ പോകുന്നുവെന്ന് പറഞ്ഞത് ? താൻ ആലോചിച്ചിട്ടു പോലുമില്ലാത്ത കാര്യം ലോകം മുഴുവൻ അറിഞ്ഞിരിക്കുന്നു.

എത്രനേരം ആലോചിച്ചിരുന്നുവെന്ന് അറിഞ്ഞില്ല. നേരം വെളുത്തപ്പോൾ എല്ലാവരും ടെറസ്സിൽ നിന്നെഴുന്നേറ്റുവന്നു. മുഖം കഴുകി. ഭക്ഷണം ക

ഴിച്ചു പലരും കുളിച്ചെന്നു വരുത്തി. മിക്കവരും കുളിക്കാതെ തലകഴുകി, പൗഡറിട്ടു, കണ്ണെഴുതി, കോളേജിലേക്ക് പോയി.

മഷൂദകൗസർ മാത്രം കോളേജിൽ പോയില്ല. അവൾ തന്റെ മുറിയിൽ പോയി കിടന്നു. എല്ലാവരും പോയപ്പോൾ അവൾക്ക് തെല്ലൊരാശ്വാസം തോന്നി. അവൾ ഒരിക്കൽകൂടി ആലോചിച്ചു. അപരിചിതരുടെ ഈ പുതിയ ലോകത്ത് അലിഞ്ഞുചേരാൻ ശ്രമിച്ചപ്പോഴൊക്കെ അതൊരു തുടക്കമായിരുന്നു. തിരിച്ചുപോകുന്ന മുഹൂർത്തം ഒരിക്കൽപോലും സ്വപ്നം കണ്ടിട്ടില്ല. പക്ഷെ ഇന്ന് മഷൂദകൗസർ പോകുന്നുവെന്ന് ലോകം കൊട്ടിയറിയിക്കുന്നു. എല്ലാവരും തനിക്കെതിരാണ്. ഈ കരിങ്കൽക്കെട്ടിനകത്തെ ഓരോ രോഗാണുവും ഇന്ന് മഷൂദകൗസറിനെ വെറുത്തു തുടങ്ങിയിരിക്കുന്നു. അതെ, മഷൂദകൗസർ ഹോസ്റ്റലിന് ഒരു ശല്യമായിരിക്കുന്നു. ദൈവമേ ; ഞാനെന്ത് പിഴച്ചു.

മഷൂദകൗസർ എല്ലാം തീരുമാനിച്ചത് പെട്ടെന്നായിരുന്നു. വസ്ത്രങ്ങളും മററുസാധനങ്ങളും പെട്ടിയിൽ നിറച്ചു പുസ്തകങ്ങൾ ബാഗിൽ കുത്തിത്തിരുകി. എല്ലാം ഒതുക്കിവെച്ചതിനുശേഷം തന്റെ ഏകാന്തതയെ ധന്യമാക്കാറുള്ള ആ ജനൽപാളികൾക്കടുത്ത് അവൾ ഇരുന്നു. ജനലഴികൾക്കിടയിലൂടെ വിഷം കലങ്ങിയ ചാലിയാറിലേക്ക് നോക്കി. ഒരു കടത്ത്കാരൻ അക്കരെ ലക്ഷ്യമാക്കി തുഴയുന്നു. അടിയൊഴുക്കുള്ള ചാലിയാറിനു മുകൾപ്പരപ്പിലൂടെ കടത്തുവള്ളം മറുകരക്ക് കുതിക്കുകയാണ്.

മഷൂദകൗസർ ഗോവണിയിറങ്ങി. തോളിൽ ബാഗും കൈയിൽ പെട്ടിയുമായി ഇറങ്ങിനടക്കുമ്പോൾ അവൾ പരമാവതി നോർമൽ ആകാൻ ശ്രമിച്ചിരുന്നു താഴെ എല്ലാവരും അവളെ കാത്തിരിപ്പാണ്. ഒരു നിമിഷം അവൾ നിന്നു. എല്ലാവരെയും ഒന്നുനോക്കി. ആരും ഒരക്ഷരം ഉരിയാടിയില്ല, ഭ്രാന്ത് പിടിപ്പിക്കുന്ന മൗനം. അവൾ നടന്നു. മേട്രന്റെ മുറിക്കുമുമ്പിൽനിന്നു. ആമദ്ധ്യവയസകയുടെ കണ്ണുകൾ നനഞ്ഞിരുന്നു. 'ഇനിയെന്നുവരും ?' മേട്രന്റെ ചോദ്യം ഹാവൂ ! ഒരു മനുഷ്യന്റെ സ്വരം കേട്ട ആശ്വാസം.

'ഇനി...ഇനി തിരിച്ചുവരില്ല മേഡം' മഷൂദകൗസറിന്റെ ശബ്ദം അന്നാദ്യമായി ഇടറിയിരുന്നു. ജീവിതത്തിലിന്നേവരെ അവൾ കരഞ്ഞിട്ടില്ല.ഇപ്പോൾ കറുത്തിരുണ്ട മുഖത്ത് പരമാവധി വെളിച്ചംവരുത്തി വിറയ്ക്കുന്ന ചുണ്ടുകൾ കടിച്ചുപിടിച്ചു നനഞ്ഞ കണ്ണുകൾ ആരും കാണാതെ അവളിറങ്ങിനടന്നു. കാളിയമ്മ, അബൂക്ക അങ്ങിനെ എല്ലാ കണ്ണുകളോടും നിശ്ശബ്ദമായി യാത്ര പറഞ്ഞു. തന്നെ പിന്തുടരുന്ന അനേകം കണ്ണുകളെ നേരിടാനുള്ള കരുത്തില്ലാതെ ഗേററ് വലിച്ചടച്ച് അവൾ നടന്നു. ഏകാന്തതയിൽ ഒന്നു കരഞ്ഞുതീർക്കാൻ നീണ്ട കാൽവെപ്പോടെ അവൾ ഓടി.

സമയം സന്ധ്യയോടടുത്തിരുന്നു. പറവകൾ കൂടുതേടി പറന്നു. പ്രിയപ്പെട്ട ഹോസ്ററൽ, തന്റെ പതിനാലാം നമ്പർ മുറി, താൻ നിത്യവും വ്യായാമം ചെയ്യുന്ന മുററം, പരദൂഷണം പറയുന്ന മെസ്ഹാൾ എല്ലാം ഒരിക്കൽകൂടി മഷൂദകൗസറിന്റെ ഉള്ളിൽ മിന്നിമറഞ്ഞു. സായംസന്ധ്യയുടെ സുവർണ്ണരശ്മികൾ അവളെ ഒരഗ്നിജ്വാലയാക്കി. അലതകമരങ്ങളും ചവോക്ക് മരങ്ങളും പൂത്താലമേന്തിയ രാജവീഥിയിലൂടെ മഷൂദകൗസർഎന്ന ചോദ്യചിഹ്നം യാത്രയായി.

# കാത്തിരിപ്പ്

സാജൻ പി. കാസിം

കാതോർത്തിരിപ്പൂ ഞാൻ
പൂലരി, നിൻ നാദവും
ആദ്യത്തെ പുളകമായ്
എന്നുള്ളിൽ വിടരുവാനുള്ളൊരാ,
കങ്കണകാണവും
അനുരാഗഗാനവും
കിളികൾതൻ മധുരമൊഴികളും.
കൂരിരുട്ടിന്റെ കരിമ്പടത്തിന്നുള്ളിൽ
മൂടിപ്പുതച്ചുറങ്ങുന്നൂ നീശീഥിനി
ഇലകൾ കൊഴിഞ്ഞ
മരത്തിന്റെ ചില്ലയിൽ
ഇണയെപ്പിരിഞ്ഞു കഴിയുന്നൊരാക്കിളി.
ഇരുളിൽ മിഴിനട്ടിരിപ്പൂ ഞാൻ,
അരുണിമയുതിരും മൃദുമന്ദഹാസം നുകരുവാ
വഴിയിലേതോ മരച്ചോട്ടിലുറങ്ങിയ
പഥികരുഷസ്സുണരാൻ കാത്തിരിക്കവെ
ഇരവിന്റെ ചില്ലയിൽ ഒരുവാക്കു മൊഴിയാതെ
ചിറകുമൊതുക്കിയിരിപ്പൂ കുരുവികൾ
ഇരുളിന്റെ പൊയ്കയിൽ
മൗനം ജപിച്ചുകൊണ്ടുണരാതെ നിൽക്കുന്നു
താമരമൊട്ടുകൾ
വരികെന്നുഷസ്സേ,
നിനക്കഭിവാദനമേകിയുണരുവാൻ
വെമ്പുകയാണെന്റെ
ഹൃദയവനികയിലായിരം പൂവുകൾ.
വരികെന്നുഷസ്സേ,
നിന്നഴകാർന്ന രശ്മികൾ
പുണരുവാൻ, പുളകങ്ങളണിയുവാൻ
കൊതിയാർന്നു കാത്തിരിപ്പാണെന്റെ
വാനവും ഭൂമിയും

ഒരു പ്രതിസന്ധി ഘട്ടത്തിലാണ് ബീരാൻ സാഹിബ്
പ്രൊഫസർ-ഇൻ-ചാർജ് ആയി സ്ഥാനമേററത്.
ആഗ്രഹിക്കാതെ വന്നുപെട്ട സാരഥ്യം !
ഷാ സാഹിബിനുശേഷം അനുയോജ്യനായ ഒരു പ്രിൻസിപ്പലിനെ
കണ്ടെത്താനാവാതെ മാനേജ്മെൻറിൻെറ നിർബന്ധം മൂലം
ഏറെറടുത്ത കാവൽഭരണം രണ്ടു വർഷത്തോളം നീണ്ടുപോയി.
കോളേജ് പ്രശ്നങ്ങളുടെ തീച്ചൂളയിലായിരുന്നു.
എന്നിട്ടും വികസന പ്രവർത്തനങ്ങളുമായി അദ്ദേഹം
ആത്മവിശ്വാസത്തോടെ മുമ്പോട്ടുപോയി !

# കാവൽഭടൻെറ കാലം

ഫാറൂഖ്കോളേജിൻെറ പ്രഥമ പ്രിൻസിപ്പലായി സെയ്ത് മൊയ്തീൻഷാ നിയമിതനായി. ഗവർമെൻറ് ഉദ്യോഗത്തിൽനിന്നും അവധിയിൽ വന്നിരുന്ന അദ്ദേഹത്തിൻെറ സേവനം 1955 ആഗസ്ററ് 15 നോടു് കൂടി അവസാനിച്ചു. മൊയ്തീൻ ഷായുടെ തുടർന്നുള്ള സേവനത്തിന് മാനേജ്മെൻറ് താത്പര്യമെടുത്തില്ല. കോളേജിന് യോഗ്യനായ ഒരു പ്രിൻസിപ്പലില്ലാത്ത അവസ്ഥ സംജാതമായി.

വിദ്യാർത്ഥികളിൽ ഭൂരിഭാഗവും അദ്ധ്യാപകരിൽ ഒരു വിഭാഗവും ഷാ സാഹിബിൻെറ സേവനം രണ്ട് വർഷത്തേക്ക് കൂടി നീട്ടികൊടുക്കാൻ മാനേജ്മെൻറിനോട് ശക്തമായ ഭാഷയിൽ ശുപാർശ ചെയ്തു. എന്നാൽ മാനേജ്മെൻറ് അവരുടെ തീരുമാനത്തിൽ ഉറച്ചുനിന്നു. തുടർന്ന് വിദ്യാർത്ഥികൾ മാനേജ്മെൻറിനെതിരെ സമരം പ്രഖ്യാപിച്ചു. ഈ അവസരത്തിൽ മാനേജ്മെൻറ് അംഗങ്ങൾ എന്നോട് പ്രിൻസിപ്പാളുടെ ചാർജ് ഏൽക്കണമെന്ന് നിർബന്ധം ചെലുത്തി. അന്ന് ഞാൻ ഗണിത വിഭാഗത്തിലെ പ്രൊഫസറായിരുന്നു. സ്ഥാപനത്തെ മുന്നോട്ട് നയിക്കാൻ യോഗ്യനായ ഒരു പ്രിൻസിപ്പൽ നിയമിതനാവുന്നത്‌വരെ മാത്രം ഞാൻ പ്രൊഫ. ഇൻ ചാർജ്ജ് പദവി കൈകാര്യം ചെയ്തുകൊള്ളാമെന്നേററു.

തീർത്തും താറുമാറായിരുന്ന ഒരവസ്ഥയായിരുന്നു അന്ന് ഉണ്ടായിരുന്നത്. വളരെ നല്ല രീതിയിൽ തന്നെ പ്രശ്നങ്ങൾ സാധാരണ ഗതിയിലാക്കി തീർക്കാൻ കഴിയുമെന്ന ആത്മധൈര്യം എനിക്കുണ്ടായിരുന്നു. കുറഞ്ഞ കാലത്തിനുള്ളിൽ തന്നെ പുതിയ പ്രിൻസി



പ്രൊഫ. എൻ. വി. ബീരാൻ

പ്പാൾ നിയമിതനാവുമെന്ന ആശ്വാസവും എന്നിലുണ്ടായിരുന്നു.

പക്ഷെ മാനേജ്മെൻറ് പിന്നെയും പ്രിൻസിപ്പാളായി ചാർജ്ജെടുക്കണമെന്ന് നിർബന്ധം പിടിച്ചു. വിദ്യാർത്ഥികളാകട്ടെ, ഞാൻ രാജിവെക്കണമെന്നും മൊയ്തീൻ ഷാ തിരിച്ചധികാരത്തിൽ വരണമെന്നും പ്രഖ്യാപിച്ച് സമരം തുടർന്നു. എന്നെ കരിതേച്ചു കാണിക്കാനും അപമാനിക്കാനും അപകടകരമായ ചില ശ്രമങ്ങൾ നടക്കുകയുണ്ടായി.

ഒരു ദിവസം കോളേജിൻെറ അന്നത്തെ സ്പീക്കർ-ഇന്നത്തെ 'ചെയർമാൻ'- മരിച്ചു എന്നൊരു സന്ദേശം എനിക്കു കിട്ടി. പിറേറ ദിവസം അവധി കൊടുക്കണമെന്നും ചിലർ ആവശ്യപ്പെട്ടു. എന്തോ ഭാഗ്യത്തിന് നല്ലത് തോന്നി എന്നുവേണം പറയാൻ ! അന്ന് ഫോൺ വിളിക്കണമെങ്കിൽ ഫറോക്കിൽ പോകണമായിരുന്നു. ഞാൻ മരണവാർത്ത തീർച്ചപ്പെടുത്താൻ പ്രൊഫ. ഏ. പി. പി. നമ്പൂതിരിയെ സൈക്കിളിൽ ഫറോക്കിലേക്കയച്ചു. സ്പീക്കർ വീട്ടിൽ സുഖമായിരിക്കുന്നു എന്ന സന്തോഷവാർത്തയുമായാണ് എ പി.പി. നമ്പൂതിരി മടങ്ങിവന്നത്. പൊതുജന മദ്ധ്യത്തിൽ എൻെറ നിലവാരം ഇടിച്ചുതാഴ്ത്താൻ വേണ്ടി ആസൂത്രണം ചെയ്ത ഒരു പദ്ധതിയായിരുന്നു ഇത്.

സമരകാലത്ത് കാൽകൊല്ല പരീക്ഷക്ക് (Quarterly Exm) നോട്ടീസയച്ചപ്പോൾ അതിനെ വകവെക്കില്ലന്ന ധിക്കാരവുമായാണ് വിദ്യാർത്ഥികൾ മുന്നോ

ട്ട് വന്നത്. അപ്പോഴും ഒരു ഭാഗത്ത് വിദ്യാർത്ഥികളുമായി സജീവമായ ചർച്ചകൾ നടന്നിരുന്നു. പരീക്ഷക്കുള്ള എല്ലാ ഏർപ്പാടുകളും തയ്യാറായി. പരീക്ഷ കഴിയാൻ ഏതാനും മിനിട്ടുകൾ ബാക്കിയുള്ളപ്പോഴാണ് വിദ്യാർത്ഥികൾ ഒന്നാകെ ഹാളിൽ പ്രവേശിക്കുന്നത്! പരീക്ഷ എഴുതണമെന്നത് ചർച്ചയിലെ ഒന്നാമത്തെ വ്യവസ്ഥയാക്കിയതായിരുന്നു, ഇതിന് കാരണം.

മാനേജ്മെന്റുമായി വളരെ സൗഹാർദ്ദപരമായ ബന്ധമാണ് നിലനിന്നുപോന്നത്. എല്ലാകാര്യങ്ങൾക്കും സഹായമേകാൻ അവർ മുന്നോട്ട് വന്നിരുന്നു. അന്നത്തെ സിക്രട്ടറിയായിരുന്ന പി. ഐ. കുഞ്ഞഹമ്മദ്കുട്ടി ഹാജിയുടേയും ഖജാഞ്ചി പി. പി. ഹസ്സൻകോയ സാഹിബിന്റേയും സേവനങ്ങൾ എടുത്തുപറയത്തക്കവണ്ണം എന്റെ ഓർമ്മയിലുണ്ട്.

തീരാത്ത പ്രശ്നങ്ങൾക്കിടയിലും കോളേജിന്റെ വികസന പ്രവർത്തനങ്ങളിൽ അമാന്തം കാണിച്ചില്ല. പാവപ്പെട്ട വിദ്യാർത്ഥികളെ സഹായിക്കുന്നതിനായി Poor boys fund രൂപീകരിച്ചു. ചിലവുകൾ അമ്പത് ശതമാനം കണ്ട് കുറക്കുന്ന തരത്തിൽ ഇവർക്കായി പ്രത്യേക ഹോസ്റ്റലും വ്യവസ്ഥ ചെയ്തു. ഹോസ്റ്റലിൽ കൂടെക്കൂടെ സന്ദർശിച്ചും പാചകക്കാർക്ക് വേണ്ട നിർദ്ദേശങ്ങൾ കൊടുക്കുന്നതിലും പ്രത്യേകം ശ്രദ്ധിച്ചിരുന്നു. പ്രൊഫ. ടി. അബ്ദുള്ള, പ്രൊഫ. വി മുഹമ്മദ് എന്നിവരും മററുചിലരും ഹോസ്റ്റലിന്റെ പ്രവർത്തനം സുഗമമാക്കാൻ എന്നെ വളരെയധികം സഹായിച്ചിരുന്നു.

വിവിധ ബി. എസ്. സി. കോഴ്സുകൾക്കായുള്ള അപേക്ഷകൾ ആദ്യമായി മദ്രാസ് യൂനിവർസിററിയിലേക്കയച്ചു. പി. ജി. കോഴ്സുകൾ തുടങ്ങുന്നതിന് ഒരു നീണ്ട റിപ്പോർട്ട് മാനേജ്മെന്റിന് സമർപ്പിച്ചു. ചുരുങ്ങിയ കാലത്തേക്ക് ഞാനേറെറടുത്ത സേവനം ഉദ്ദേശം രണ്ട് കൊല്ലത്തോളം നീണ്ടുപോയി. പ്രൊഫ. കെ. എ. ജലീൽ പ്രിൻസിപ്പാളായി ചാർജ്ജെടുത്തതോടെ ഞാൻ മാത്തമാററിക്സ് പ്രൊഫസറായി തുടർന്നു.


---

**ഒരു ദിവസം കോളേജിന്റെ അന്നത്തെ സ്പീക്കർ – ഇന്നത്തെ ചെയർമാൻ – മരിച്ചു എന്നൊരു സന്ദേശം എനിക്ക്കിട്ടി. പിറേറ ദിവസം അവധികൊടുക്കണമെന്നും ചിലർ ആവപ്പെട്ടു. എന്തോ ഭാഗ്യത്തിന് നല്ലതുതോന്നി എന്നു വേണം പറയാൻ !**

---

ഫാറൂഖ് കോളേജ് സ്ഥാപിച്ചവരുടെ ലക്ഷ്യത്തിൽ നിന്നും ആ സ്ഥാപനം ബഹുദൂരമൊന്നും അകന്നുപോയിട്ടില്ലെന്നാണ് എന്റെ അഭിപ്രായം. ന്യൂനപക്ഷവിഭാഗമായ മുസ്ലിംകൾക്ക് കാര്യമായ സേവനം നൽകാൻ കോളേജിന് കഴിഞ്ഞിട്ടുണ്ട്.

ഉപദേശ രൂപത്തിലല്ലെങ്കിലും ഫാറൂഖ്കോളേജിലെ ഇപ്പോഴത്തെ വിദ്യാർത്ഥികളോട് ഒരു കാര്യം മാത്രമേ എനിക്ക് പറയാനുള്ളു. വിദ്യാലയങ്ങളിൽ നിന്ന് രാഷ്ട്രീയം തീർത്തും തൂത്തെറിയപ്പെടേണ്ടതുണ്ട്. കോളേജിന് പുറത്തുള്ള രാഷ്ട്രീയക്കാർ കോളേജിൽ വന്ന് വിദ്യാർത്ഥികളെ പാഠ്യേതര വിഷയങ്ങളിൽ കൂടുതൽ പ്രോത്സാഹിപ്പിക്കുന്നതും തടയേണ്ടതാണ്. പാഠ്യവിഷയങ്ങളിൽ താൽപര്യമുള്ളവരെന്നും ഇല്ലാത്തവരെന്നും രണ്ട് വിഭാഗങ്ങൾ ഉണ്ടാവരുത്. പഠിക്കാൻ സ്വന്തമായി താൽപര്യ മില്ലാത്തവരെ നിർബന്ധമായി കോളേജിലെക്കയക്കുന്ന രക്ഷിതാക്കളുടെ സമ്പ്രദായവും തീരെ പ്രോത്സാഹ ജനകമല്ല. ●



വീണ്ടും 'ചെർണോബിൽ'
**കേരളത്തിൽ അണുനിലയങ്ങൾ സ്ഥാപിക്കുന്നു.**

# കിളി ചിലച്ചപ്പോൾ

ജോതിഷ് കുമാർ കെ. സി.

ആശുപത്രിയിലെമഞ്ഞച്ച ചുമരിൽ നോക്കി അയാളിരുന്നു. അയാളുടെ മുഖത്ത് നിർവികാരത നിറഞ്ഞു നിന്നിരുന്നു. അയാൾ ചിന്തിക്കുകയായിരുന്നു. എന്തിനാണ് താൻ ഇവിടെ വന്നത്. ആശുപത്രിയിൽ വരുന്നത് എന്തെങ്കിലും അസുഖമുണ്ടായിട്ടാണല്ലോ. എന്നാൽ രോഗം അറിയാതെയാണ് താൻ ഇവിടെ നിൽക്കുന്നതെന്ന് ആരെങ്കിലും അറിഞ്ഞാൽ എന്തു വിചാരിക്കും. അതിന് അറിയാൻ ആരുമില്ലല്ലോ. അച്ഛന്റെ ഫോൺ കോൾ ഉണ്ടായിരുന്നു, ആശുപത്രിയിൽ പോവാൻ. വല്ലപ്പോഴുമുള്ള ആ കോളുകളല്ലാതെ അച്ഛനെ എപ്പോഴും കാണാറില്ല. അതിനാൽ ആ കോളുകളെ എന്നും താൻ അനുസരിച്ചിരുന്നു. അതുപോലെ ഒരനുസരണം മാത്രമാണിത്.

രോഗത്തെപ്പററി ഡോക്ടറോട് ചോദിക്കണമെന്ന് എപ്പോഴും വിചാരിക്കാറുള്ളതാണ്. പക്ഷെ, എന്തോ ചോദിക്കാറില്ല. പൊതുവെ എന്തെങ്കിലും അറിയാനുള്ള ആഗ്രഹം നഷ്ടപ്പെട്ട തനിക്ക് ഈ കാര്യത്തിലും അത്ര താൽപര്യമല്ലേ ഉണ്ടാവുകയുള്ളൂ. മാത്രമല്ല ഈ സംശയത്തിനെപ്പോഴും മനസ്സിൽ നൈമിഷിക വില മാത്രമാണുണ്ടായിരുന്നത്. അതിനാൽ അത് ഒരു സംശയമായിത്തന്നെ തന്നിൽ അവശേഷിക്കുന്നു. എന്നാൽ ഇന്ന് എന്തുകൊണ്ടോ അയാൾക്ക് തന്റെ രോഗത്തെക്കുറിച്ച് അറിയണമെന്നു തോന്നി.

ആദ്യദിവസം വന്നപ്പോൾ ഡോക്ടറുടെ പരിചയപ്പെടുത്തൽ അയാളോർമ്മിച്ചു.

ബിജുവിന്റെ ഫാദറെ ഞാൻ അറിയും, മാത്രമല്ല ഞാൻ അദ്ദേഹത്തിന്റെ ഒരു നല്ല 'സുഹൃത്ത് കൂടിയാണ്. ബിജു വരുന്ന വിവരം എന്നെ അറിയിച്ചിരുന്നു. രോഗത്തെപ്പോലെ പല ബന്ധങ്ങളും തനിക്ക് അജ്ഞാതമാണെന്നു അയാൾക്ക് അപ്പോൾ തോന്നി.

മുറിയിൽ ഫാനിന്റെ നേർത്ത മൂളൽ മാത്രം. അയാൾ ബെഡ്ഡിൽ ചുമരും ചാരിയിരുന്നു. വാതിൽ തള്ളിതുറന്ന് നഴ്സ് പതിവു പുഞ്ചിരിയുമായി കടന്നു വന്നു. ഒന്ന് രണ്ട് ടാബ്ലെററ്സ് തന്ന ശേഷം തിരിച്ചുപോയി. ഇവരുടെ ഈ ചിരിയിലും എന്തോ നഷ്ടപ്പെട്ടിരിക്കുന്നു. ഒരു പക്ഷെ എല്ലായിടത്തും പ്രദർശിപ്പിക്കുന്നത് കൊണ്ടാവാം, നൈററിംഗേലിന്റെ പാതയിൽ നിന്ന് ഇവർ അകന്ന് പോയിരിക്കുന്നു. കറങ്ങും തോറും ചക്രങ്ങൾ തേയുന്നു.

ടാബ്ലെററ്സ് കഴിച്ച ശേഷം അയാൾ മുറിക്ക് പുറത്തിറങ്ങി. വരാന്തയിലൂടെ മരുന്നിന്റെ പാക്കററുകളും, നാരങ്ങാ പൊതികളും മററുമായി കടന്നു പോകുന്നവർ. ഇവിടെ മാത്രമേ തൽക്കാലമായെങ്കിലും ഒററ ചിന്തയുമായി നടക്കുന്നവരെ കാണാൻ കഴിയൂ എന്നയാൾക്ക് തോന്നി. എല്ലാവരും രോഗ ശാന്തിക്കായ് കാത്തിരിക്കുന്നവർ. അയാൾ തന്റെ സഹയാത്രികനെ ഓർത്തു. തന്നെ ഇപ്പോൾ അത് കാത്തിരിക്കുന്നുണ്ടാവാം. ഇക്കാലത്ത് യന്ത്രങ്ങൾക്കും മനുഷ്യർക്കും മാത്രമേ അന്യോന്യം കാത്തിരിക്കാനും ഓർമ്മിക്കാനും കഴിയൂ.

ഡോക്ടർ ഈവനിങ്ങ് വിസിററിനിറങ്ങിയിരിക്കുന്നു. അയാൾ വരാന്തയിലൂടെ വെറുതെ നടന്നുകൊണ്ടിരുന്നു. ഡോക്ടർ അടുത്ത വാർഡിലെത്തിയപ്പോൾ അയാൾ മുറിക്ക് അകത്ത് കയറി ബെഡ്ഡിൽ ചെന്നിരുന്നു. പതിവുപോലെ പേർ വിളിച്ചുകൊണ്ട് ഡോക്ടർ കയറിവന്നു. ഒററ ദിവസവും പേർ വിളിക്കാതെ ഡോക്ടർ കയറിവന്നിട്ടില്ല. തന്റെ പേരിനെന്തോ പ്രത്യേകതയുള്ളതുപോലെ. ഒരു പക്ഷെ ആ പേര് അദ്ദേഹത്തിനെആകർഷിച്ച ഏതെങ്കിലും വ്യക്തിയുടേത് ആവാം. ആ വ്യക്തിയുടെ അഭാവത്തിലും തന്റെ പേരിലൂടെ ഡോക്ടർ അയാളെ ഓർമ്മിക്കുകയാവാം. ചെക്കപ്പ് കഴിഞ്ഞ് പ്രിസ്ക്രിപ്ഷൻ എഴുതുമ്പോൾ അയാൾ തെല്ല് ജിജ്ഞാസയോടെ തന്റെ രോഗത്തെപ്പററി ആരാഞ്ഞു. പ്രതീക്ഷിച്ച ചോദ്യമാണെങ്കിലും ഡോക്ടർ അൽപനേരത്തിന് ശേഷം മറുപടി നൽകി

മിസ്ററർ ബിജു, വേണ്ടത്ര സമനില നിങ്ങൾക്കുണ്ടാവുമെന്ന് കരുതുന്നു. ഇല്ലെങ്കിലും അറിയാൻ നിങ്ങൾ ബാദ്ധ്യസ്ഥനുമാണല്ലോ. പിന്നെ ഇതുവരെ പറയാതിരുന്നത് നിങ്ങളുടെ ചോദ്യത്തിനായ് കാത്തിരുന്നു എന്ന് മാത്രമേയുള്ളൂ. ഡോക്ടർ തെല്ലിട നിർത്തി തുടർന്നു. അമ്മയുടെ രോഗം തന്നെയാണ് ബിജുവിനും ബാധിച്ചിരിക്കുന്നത്. ബ്ലഡ് കാൻസർ. ഒരു നിശ്ചിത കാലയളവിനുള്ളിൽ അത് നിങ്ങളേയും ബാധിക്കും എന്നറിയാമായിരുന്നു അത് സംഭവിച്ചിരിക്കുന്നു. അതുകൊണ്ടാണ് ഫാദർ ബിജുവിനെ ഇവിടേക്ക് അയച്ചത്. ഏതായാലും യു ഡോൺട് വറി എബൗട്ട് ദിസ്. വി കാൻ സോൾവ് ഇററ്. ഡോക്ടർ പറഞ്ഞു നിർത്തി. അയാളെ നോക്കി. ആ നോട്ടത്തിൽ ഡോക്ടർ വിഫലമായ ആശ്വാസ വാക്കുകളുടെ അർത്ഥം മറച്ചുപിടിക്കാൻ ശ്രമിക്കുന്നതായി അയാൾക്ക് തോന്നി. അയാളുടെ പുറത്ത് മെല്ലെ തട്ടിയിട്ട് ഡോക്ടർ വാർഡിൽ നിന്നും പുറത്തുകടന്നു. അയാൾക്ക് അത് കേട്ടിട്ട് അപ്പോൾ ഒന്നും തോന്നിയില്ല. കാരണം അനുഭവങ്ങൾ അയാളെ ഒരു സെന്റിമെന്റലിസ്ററാക്കാൻ അനുവദിച്ചിരുന്നില്ല. അതും ഒരു അനുഗ്രഹവുമായിരുന്നു.

അയാൾ വീണ്ടും മുറിക്ക് പുറത്തിറങ്ങി. ഇരുളാൻ തുടങ്ങുന്ന ലോകത്ത്

ഇരുട്ടിനെ പേടിച്ച് ഒളിക്കാൻ സ്ഥലം തിരയുന്ന വെളിച്ചം കാളിമയാർന്ന ആകാശത്ത് പകലിന്റെ ശവമഞ്ചവും പേറി കൊണ്ട് കറുത്ത വസ്ത്രം ധരിച്ച കാക്കകൾ, കടന്നുപോകുന്നു. ആ കറുത്ത നിറം അയാളുടെ മനസിൽ പതിഞ്ഞു. അത് അയാളെ ചിന്തയിലേക്ക് നയിക്കുകയായിരുന്നു. ഇല്ല. തനിക്കിനി മോചനമില്ല. മരണം തന്നെ തണുത്ത കൈയിൽ വലയം ചെയ്തിരിക്കുന്നു. അയാളിൽ എവിടെയോ ഭീതിയുടെ നിഴലാട്ടം.

തന്റെ നിസ്സംഗഭാവത്തിന് മാററം വന്നുവോ? മരണത്തിന്റെ കറുത്ത മുഖത്തെ കാണുവാൻ കരുത്തില്ലാത്തതുകൊണ്ടാണോ. ഇതുവരെ എല്ലാവരിൽ നിന്നും അകലാൻ വിധിക്കപ്പെട്ട് കഴിഞ്ഞപ്പോൾ ഉണ്ടായ മനോധൈര്യം മൃത്യുവിന്റെ കൈയിലൊതുങ്ങാനായപ്പോൾ തനിക്ക് നഷ്ടപ്പെടുന്നുവോ. ഏകനായ് സ്നേഹത്തിന്റെ കൺവെട്ടത്ത് നിന്ന് എപ്പോഴും അകന്ന് നിൽക്കേണ്ടി വന്ന ജീവിതത്തിൽ നിറഞ്ഞുനില്ക്കുന്ന മൗനനൊമ്പരങ്ങൾ മാത്രം ബാക്കി വച്ചുകൊണ്ട് ഞാൻ മായാൻ പോവുന്നു. ഇതുവരെ പ്രതീക്ഷകളുണ്ടായിരുന്നില്ലെങ്കിലും, ഇപ്പോൾ പ്രതീക്ഷിക്കാനുള്ള അവകാശം കൂടി തനിക്ക് നഷ്ടപ്പെടാൻ പോകുന്നു. നിർവികാരതയും നിസ്സംഗതയും വേണ്ടിയിരുന്നത് ഇപ്പോഴായിരുന്നു. അയാളിലെ നഷ്ടബോധം ഉണർന്നു. ഇല്ല ഇനിയും ഞാൻ ഒററപ്പെടരുത്. അവശേഷിക്കുന്ന നാളുകളിൽ സ്നേഹം തനിക്കറിയണം. കഴിയുന്നത്ര ആസ്വദിക്കണം. ആ തോന്നൽ അയാളിൽ ഒരു ആവേശമായി പടർന്നു കയറി.

അയാൾ തിരയുകയായിരുന്നു. അയാൾ സ്നേഹിക്കുന്നവരെ, അയാളെ സ്നേഹിക്കുന്നവരെ എന്നാൽ ആരെയും കണ്ടില്ല. എല്ലാററിലും അപരിചിത ഭാവം മാത്രം. ആ ഭാവവും ഇരുട്ടിൽ ഇല്ലാതാവുന്നു. അയാളുടെ ചിന്താമണ്ഡലം പല പ്രാവശ്യം ചുററിത്തിരിഞ്ഞു. ഇല്ല തന്നെ സ്നേഹിക്കാനായി ആരുമില്ല ഈ വൈകിയ വേളയിൽ ഒരു ആശ്വാസകണമായി വരാൻ ഒന്നും തന്നെയില്ല.

ഒടുവിൽ അയാൾ തന്നിലേക്ക് തന്നെ അഭയം തേടുകയായിരുന്നു. ഒരു ആവർത്തിത സ്മരണയിലൂടെ കഴിഞ്ഞ കാലത്തിലെ ഏതെങ്കിലും നല്ല മുഹൂർത്തങ്ങളെ തേടി. ആ ഓർമ്മയെങ്കിലും മനസ്സിനൊന്ന് ആശ്വാസമേകാൻ വേണ്ടി. അയാൾ തന്റെ കഴിഞ്ഞകാലജീവിതത്തിലേക്ക് തിരിഞ്ഞുനോക്കി. സ്നേഹത്തിന്റെ പ്രകാശം കടക്കാത്ത തന്റെ ജീവിതത്തിൽ ഏകാന്തതയുടെ കനത്ത ആവരണം മാത്രമാണ് പൊതിഞ്ഞിരുന്നത് വലിയ വീട്ടിൽ അമ്മയില്ലാത്ത കുഞ്ഞിന് മുറിനിറയെ കളിപ്പാട്ടങ്ങളും, വിശക്കുമ്പോൾ അപ്പം തരാൻ വേലക്കാരെയും നിർത്തി അച്ഛൻ പോയി. കാരണം അച്ഛൻ ബിസിനസ്സുകാരനായിരുന്നു. വിശ്രമമില്ലാത്ത അയാൾക്ക് തന്റെ കുഞ്ഞിനെ നോക്കാൻ സമയം കിട്ടിയിരുന്നില്ല വിശന്നു കരയുമ്പോൾ എത്രയോ റബർ നിപ്പിളുകൾ തന്റെ മോണയെ തേയ്പിച്ചു. അവയായിരുന്നു തന്റെ അമ്മമാർ. വാൽസല്യത്തിന്റെ തലോടലില്ലാതെ ആശ്വാസത്തിന്റെ ചുംബനങ്ങളില്ലാതെ താൻ വളർന്നു പഠിക്കാൻ പ്രായമായപ്പോൾ ബോർഡിങ്ങിൽ ചേർത്തു. കനത്ത ശിക്ഷണത്തിൽ അവിടെയും വളർന്നു. എവിടെയും താൻ ഏകനായിരുന്നു ശുശ്രൂഷിക്കാൻ ധാരാളം ആളുകളുണ്ടായിരുന്നു എന്നാൽ അവരെല്ലാം വീർപ്പുമുട്ടലുകളായിരുന്നു. ഇരുണ്ട രാത്രിയിൽ തനിച്ച് കിടന്നുറങ്ങുമ്പോൾ തന്റെ നിശ്വാസങ്ങളിൽ എല്ലാമോഹങ്ങളും, സ്നേഹത്തിന് വേണ്ടിയുള്ള സകല പ്രതീക്ഷകളും അലിഞ്ഞില്ലാതായിത്തീരുകയായിരുന്നു വിരസ ദിനങ്ങളുടെ ആവർത്തനത്തിൽ നിർവികാരതക്ക് കനം കൂടി ഒന്നുമാത്രമേ തനിക്ക് വേണ്ടിയിരുന്നുള്ളു സ്നേഹം. അച്ഛനമ്മമാരുടെ വാത്സല്യം. എന്നാൽ അവയൊന്നും തരാൻ ആരുമുണ്ടായിരുന്നില്ല. സ്നേഹം ലഭിക്കാത്ത മനസ്സിന്റെ വിങ്ങൽ ആരറിയുന്നു. പുറംലോകത്ത് താൻ വളരെ കേമനായിരുന്നു. കോടീശ്വരന്റെ മകൻ. ധനകൊഴുപ്പിൽ മാത്രം വിലയിരുത്തപ്പെടുന്ന ആ ജീവിതം വിലയിരുത്തലിൽ നഷ്ടപ്പെട്ടുപോകുന്ന സ്നേഹം പണത്തിന് പരിഹരിക്കാൻ കഴിയാത്ത പ്രശ്നങ്ങളുണ്ടെന്ന് ലോകം മനസ്സിലാക്കുന്നില്ല ഏകനായ് എവിടെയും ഒരു തണലുമില്ലാതെ ഇവിടെയെത്തി. ആരും സ്നേഹിക്കാനില്ലാതെ, ആരെയും സ്നേഹിക്കാനില്ലാതെ ഈ വൈകിയ വേളയിലും താൻ ഒററപ്പെടണമെന്നോ. ആരെങ്കിലുമൊന്ന് ഒരു താങ്ങായി ഉണ്ടായിരുന്നുവെങ്കിൽ. അയാൾ ആഗ്രഹിക്കുകയായിരുന്നു. അയാളിൽ നിരാശയുടെയും ദുഃഖത്തിന്റെയും കനം കൂടി പിന്നെ അത് കണ്ണുകളിലേക്ക് ഒഴുകി. കൺപോളയിൽ തങ്ങിനിന്ന അവസാനത്തെ കണ്ണുനീർത്തുള്ളിയെ വീഴ്ത്താൻ ശ്രമിക്കവെ അയാൾ അത് കണ്ടു. മുന്നിലെ ജാതിക്കാമരത്തിന്റെ ചെറിയ ചില്ലയെ വിരലിലെ നഖങ്ങൾ കൊണ്ട് അള്ളിപിടിച്ചിരിക്കുന്ന കിളിയെ. അയാളിൽ ആശ്വാസത്തിന്റെയും, ആനന്ദത്തിന്റെയും തേൻമഴ പെയ്തു. ശൂന്യമായ മരുഭൂമിയിൽ ദാഹജലത്തിനായ് അലയുന്ന മനുഷ്യൻ പൊടുന്നനെ കണ്ട മരുപ്പച്ചയെ നോക്കുന്നതുപോലെ അയാൾ അതിനെ നോക്കി നിന്നു. അയാളിലെ നിരാശ്രയ ഭാവം അകന്നു. വരാന്തയിൽ മാത്രം ഒതുങ്ങി നില്ക്കുന്ന അയാളുടെ പതിവ് സവാരിയിൽ എന്നോ ഒരു ദിവസം കണ്ടതായിരുന്നു ആ കിളിയെ സന്ധ്യയിൽ എവിടെ നിന്നോ കടന്നു വരുന്ന നേരിയ പ്രകാശത്തിൽ അയാൾ അതിനെ ഏറെ നേരം നോക്കി നില്ക്കുമായിരുന്നു. എന്തോ ആ കിളി അയാൾക്ക് ഒരു കൗതുകമായിരുന്നു അയാളെപ്പോലെ, ആരെയും ശ്രദ്ധിക്കാതെയുള്ള ഭാവമായിരുന്നു അയാളെ ആകർഷിച്ചത്.

ഈ വിങ്ങുന്ന വേളയിൽ പരിചിതമായ ഒരു മുഖമെങ്കിലും ഉണ്ടെന്ന് കണ്ടപ്പോൾ അയാൾക്ക് ആശ്വാസം തോന്നി. ഏകയായിരിക്കുന്ന കിളിയെ നോക്കി അയാൾ ചോദിച്ചു. നീ ഏകയാണോ? നിന്റെ കൂടെവിടെ! നിന്നെ സ്നേഹിക്കാൻ ആരുമില്ലേ? ആരുമില്ലെങ്കിൽ നിന്നെപ്പോലെ ഏകനായിരിക്കുന്ന ഞാൻ നിന്നെ സ്നേഹിക്കുന്നു. ആരുമില്ലാത്ത എനിക്ക് നീ ഒരാശ്രയമാണ്. നിന്റെ മൗനം എന്നെ സന്തോഷിപ്പിക്കുന്നു. ചോദ്യത്തിനെതിരെയുള്ള മൗനം എപ്പോഴും സമ്മതമാണല്ലൊ. കിളി അപ്പോഴും ചില്ലകളിൽ തത്തിക്കളിക്കുകയായിരുന്നു. അയാൾ ആ കിളിയെ നോക്കി മൗനമായി ഇരുന്നു.

ദിനങ്ങളുടെ കുളമ്പടി ശബ്ദം അകന്നുകൊണ്ടിരുന്നു. ഡോക്ടർ വിശ്രമമെടുക്കാൻ പറഞ്ഞു. വളരെയധികം ടാബ്ലസ്ററുകൾ അയാൾ തിന്നുന്നു, പല തരത്തിലുള്ള ചികിൽസകൾക്കും വിധേയനായി കൊണ്ടിരുന്നു. രോഗമറിഞ്ഞതിന് ശേഷം അയാൾ ഡോക്ടറോട് ഒന്നും ചോദിക്കാറില്ല. രോഗത്തിന്റെ കാഠിന്യത്തെപ്പററി അയാൾക്കറിയാമായിരുന്നു അയാൾ എന്നും സന്ധ്യയ്ക്ക് കിളിയെ കാണാൻ വരുന്നു. പിരിയാൻ തുടങ്ങുന്ന വൈകുന്നേരങ്ങളിൽ അയാൾ കിളിയുമായി അടുക്കുകയായിരുന്നു. ന

(ശേഷം മറുപുറം)

ഷ്ടബോധത്തെ ആ സമയത്തേക്കെങ്കിലും മറക്കാൻ വേണ്ടി.

പതിവ് പോലെ അന്നും അയാൾ കിളിയെ കാണാൻ വേണ്ടി ഒരുങ്ങി. എന്നാൽ അന്ന് അയാൾക്കെന്തോ ഒരു പ്രത്യേകത തോന്നിയിരുന്നു. എന്തോ ഒരു വല്ലായ്മ നടക്കാൻ തന്നെ വിഷമം. ആകെ ഒരു അസ്വസ്ഥത അയാൾ ആഗ്രഹിക്കുകയായിരുന്നു. ആ കിളിയെ ഒന്നു തൊടാൻ കഴിഞ്ഞെങ്കിൽ, അതിന്റെ അഴക് അടുത്ത്നിന്ന് ആസ്വദിക്കാൻകഴിഞ്ഞെങ്കിൽ, ആ കൂർത്ത നഖങ്ങൾ തട്ടി കൈ ഒന്നു വേദനിച്ചിരുന്നെങ്കിൽ. ഒരു പക്ഷെ ആ ആഗ്രഹത്തിന് പിന്നിൽ അന്നത്തെ അയാളുടെ അസ്വസ്ഥതയായിരിക്കാം. ആ അനുഭൂതിക്കായ് അയാളുടെ മനസ്സ് വെമ്പൽ പൂണ്ടു.

നേരിയ പ്രകാശത്തിൽ കിളി അവിടെയിരിക്കുന്നത് അയാൾ കണ്ടു ഏറെ നേരം നോക്കിനിന്ന ശേഷം, അയാൾ തന്റെ ആഗ്രഹസാഫല്യത്തിനായ് കൈനീട്ടി, അതിനെ പൊത്തിപിടിച്ചു. കിളി അനങ്ങിയില്ല. തികഞ്ഞ സന്തോഷത്തോടും നിർവൃതിയോടും കൂടി അയാൾ അതിനെ തന്റെ മുഖത്തോടടുപ്പിച്ചു.

ഒരു നിമിഷം !

അയാൾ ഞെട്ടി. കാരണം അത് ഒരു കളിപ്പാവയായിരുന്നു. അകം നിറയെ ചക്രങ്ങൾ അടക്കം ചെയ്ത് കണ്ണിന് തിളക്കമില്ലാത്ത, നഖത്തിന് മൂർച്ചയില്ലാത്ത ഒരു യന്ത്രക്കിളി. അയാളെ ഏറെ ആകർഷിച്ചിരുന്ന അതിന്റെ തിളങ്ങുന്ന നിറം അതിൻമേൽ ഒട്ടിച്ചുവെച്ച വെൽവെറ്റിന്റെത് മാത്രമായിരുന്നു.

അയാൾക്ക് എല്ലാം നഷ്ടപ്പെടുകയായിരുന്നു. അയാളിലെ സമസ്തവികാരങ്ങളുടെയും നാഡികൾ വലിഞ്ഞുപൊട്ടി, ചോരയൊഴുകി. പിന്നെ അത് ക്രമേണ ഒരു കറുത്ത, തണുത്ത വരയായി അയാളിലെ നാഡിമിഡിപ്പിൽ കടന്നുചെല്ലുമ്പോൾ അയാളുടെ കൈയിൽനിന്നും കിളി അടർന്നു വീണു. വീഴ്ചയിൽ അമർന്ന അതിലെ ഏതോ സ്വിച്ചിന്റെ ആജ്ഞയിൽ അത് ചിലച്ചു.

കാലം കാത്തു നിൽക്കില്ല.

ആ വൈകിയ ചിലയ്ക്കൽ അയാൾ കേട്ടില്ല.

# 'കൂരിരുട്ടിൽ ഒരു വയോധികൻെറ ഗർജ്ജനം'

സാഹിത്യ സാംസ്ക്കാരിക രംഗങ്ങളിൽ സവ്യസാചിയായി വിരാജിക്കുന്ന ഒരു മനുഷ്യൻ ..പൗരസ്ത്യ, പാശ്ചാത്യ സാഹിത്യങ്ങളിൽ അഗാധ പാണ്ഡിത്യമുള്ള മുനിവരൻ ....ദക്ഷിണേന്ത്യയിലെ തന്നെ പ്രഗൽഭനായ പ്രാസംഗികൻ....കാരണവൻമാരുടെ കാപട്യത്തിൻെറ മുഖമറവലിച്ചുമാററിയ വികൃതിച്ചെക്കൻ....വർത്തമാനകാലത്തിൻെറ ദുർഭഗസന്തതികളെ നോക്കി ഗർജ്ജിക്കുന്ന മനുഷ്യസ്നേഹി....ദുരിതങ്ങളുടെ അടങ്ങാത്ത പ്രവാഹത്തിലും കെടാത്ത ശുഭാപ്തി വിശ്വാസം നിലനിർത്തുന്ന കർമ്മയോഗി....ഈ വിശേഷണങ്ങാക്കൊക്കെ തികച്ചും അർഹതയുള്ള ഒരു വ്യക്തിയത്രെ ശ്രീ. സുകുമാർ അഴീക്കോട്.

## ശ്രീ· സുകുമാർ അഴീക്കോടിനെക്കുറിച്ചുള്ള ഒരു പഠനം

നിസാർ കുന്നമംഗലം

കഴിഞ്ഞ നാലു ദശാബ്ദക്കാലമത്രയും തൻെറ രചനകളിലൂടെയും സാന്നിദ്ധ്യത്തിലൂടെയും മലയാള സാഹിത്യത്തെ സജീവവും പുഷ്ക്കലവുമാക്കാൻ അഴീക്കോടിനു സാധിച്ചിരിക്കുന്നു.

1926 ഫെബ്രുവരി 24-ാം തിയതി കണ്ണൂരിൽ അഴീക്കോട് വിദ്വാൻ പി. ദാമോദരൻെറയും, കെ. ടി മാധവി അമ്മയുടെയും പുത്രനായി ജനിച്ച കെ. ടി സുകുമാറാണ് പിൽക്കാലത്ത് സുകുമാർ അഴീക്കോട് എന്ന പേരിൽ വിഖ്യാതനായത്.

സാഹിത്യനിരൂപണങ്ങൾ സജീവമായ സാഹിത്യപ്രക്രിയയെ കുറിയ്ക്കുന്നു. നിരൂപണപ്രക്രിയ മരവിച്ചു കിടക്കുന്ന ഒരവസ്ഥ നിർജ്ജീവമായ സാഹിത്യരംഗത്തെയാണ് വിളംബരപ്പെടുത്തുന്നത്. തിരമാലകളുടെ സജീവമായ സാന്നിദ്ധ്യത്തെ അവഗണിച്ചുകൊണ്ടുള്ള ഒരു സമുദ്രചിത്രം നിരൂപിക്കുക സാധ്യമല്ലല്ലോ? നിരൂപണരഹിതമായ ഒരു സാഹിത്യരംഗവും ഇതുപോലെ അപൂർണ്ണമായിരിക്കും.

## ഇന്നലെയുടെ വിമർശനരഥ്യ

പത്രമാസികകളാണ് മലയാള സാഹിത്യവിമർശനത്തിൽ ഹരിശ്രീ കുറിച്ചത്. സി. പി. അച്ചുതമേനോൻ, രാജരാജവർമ്മ, പി. കെ നാരായണപ്പിള്ള, സി, എസ്. നായർ, ബാലകൃഷ്ണപ്പിള്ള എന്നീ പ്രതിഭകളിലൂടെ അതു തടമിട്ടു വളർന്നു. ഗദ്യവിമർശനമാവട്ടെ പുസ്തകാഭിപ്രായങ്ങളിലൂടെ ആരംഭിച്ച് പല സമുന്നത വ്യക്തികളുടെയും പരിരംഭണമേററ് ത്രിമൂർത്തികളിലെത്തിച്ചേരുകയും അവിടെനിന്ന് അത് ഏറെക്കുറെ ശാദ്വലത കൈവരിക്കുകയും ചെയ്തിരുന്നു

കല സോദ്ദേശവും,സൗന്ദര്യാത്മകവുമായതിനാൽ റിയലിസത്തിലായിരിക്കണം അതിൻെറ അടിത്തറ എന്ന് വിശ്വസിച്ച വ്യക്തിയാണ് എം. പി പോാം.

കലയെ ജീവിതത്തിൻെറ ഭാഗമായി കാണാനും മൗലികമായ വിമർശന പ്രതിഭ നിലനിർത്തുവാനും കുട്ടികൃഷ്ണമാരാർക്ക് സാധിച്ചിരുന്നു.

മുണ്ടശ്ശേരിയാവട്ടെ പൗരസ്ത്യ-പാശ്ചാത്യസാഹിത്യചിന്തകാ സ്വായത്തമാക്കി തൻെറ രചനകാക്ക് എന്തെന്നില്ലാത്ത ഒരു ചാരുത നൽകുകയും ചെയ്തു.

ത്രിമൂർത്തികളിൽ നിന്നും നാം സുകുമാർ അഴീക്കോടിലെത്തിച്ചേരുന്നു. മലയാള സാഹിത്യ വിമർശനത്തിൽ നവീനമായ ഒരു ചൈതന്യം പകർന്നു കൊണ്ട് ഇദ്ദേഹം രചിച്ച സമ്പന്നമായ എത്രയെത്ര കൃതികാ. മലയാളസാഹിത്യലോകം ഉദാത്തമായ ആ കൃതികളിൽ അഭിമാനം കൊള്ളുന്നു.

ആശാൻെറ സീതാകാവ്യം, രമണനും മലയാള കവിതയും, ശങ്കരക്കുറുപ്പ് വിമർശിക്കപ്പെടുന്നു, മഹാത്മാവിൻെറ മാർഗ്ഗം, പുരോഗമന സാഹിത്യവും മററും, അച്ഛൻ മകാക്കയച്ചകത്തുകാ (വിവർത്തനം), വിക്കിംബറിഫിൻെറ വിക്രമങ്ങാ(വിവർത്തനം), ജയദേവൻ(വിവർത്തനം), വായനയുടെ സ്വർഗ്ഗത്തിൽ എന്നിങ്ങനെ വൈവിധ്യമായ രചനകാ. അഴീക്കോടിൻെറ ഇന്നുവരെയുള്ള രചനകളിൽ എല്ലാനിലക്കും ഉൽകൃഷ്ടമെന്നു വിളിക്കാവുന്നവയാണ് 'മലയാളസാഹിത്യവിമർശന'വും, തത്വമസി'യും അഴീക്കോടിൻെറ സാഹസിക സംരംഭങ്ങളെന്ന് ഇവയെ വിളിക്കുന്നതിൽ തെററില്ല.

ഇതിനൊക്കെ പുറമെ അഴീക്കോടിൻെറതായി ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ വന്ന ശതക്കണക്കിന് നിബന്ധങ്ങൾ വേറെയും. ഒട്ടനേകം പ്രൗഢമായ അവതാരികകളും ഇദ്ദേഹത്തിൻെറതായുണ്ട്.

അഴീക്കോടിൻെറ രചനകളുടെ അടിത്തട്ടുകളിലേക്കിറങ്ങിച്ചെല്ലുമ്പോൾ പല സവിശേഷഗുണങ്ങളും പൂത്തുല്ലസിച്ചു നിൽക്കുന്നതു കാണാം.

മലയാള സാഹിത്യ നിരൂപണത്തിൽ അഴീക്കോടിനെപ്പോലെ സാഹസികതയും ആർജ്ജവത്വവും കരഗതമാക്കിയവർ ചുരുങ്ങും. ഏത് സാഹിത്യതമ്പ്രാക്കൻമാരായിരുന്നാലും ബാഹ്യമോടികളെ നോക്കി അവരുടെ കൃതികളെ വിലയിരുത്താതെ ആഴത്തിലേക്കിറങ്ങിച്ചെന്ന് ചർവ്വിത ചർവ്വണ വിധേയമാക്കി ദോഷഭാഗങ്ങൾ ഉറക്കെ വിളിച്ചു പറയുന്ന ആർജ്ജവത്വമാണ് അഴീക്കോടിൻേറത്. അതേ സമയം തന്നെ മേൻമകളെ അംഗീകരിക്കാനുള്ള ഹൃദയ വിശാലതയും ഇദ്ദേഹം കാണിക്കുന്നുണ്ട്. ''സ്വന്തം സത്തയെ നിലനിർത്തണമെങ്കിൽ വിമർശകൻ തൻെറ പക്ഷപാതങ്ങളേയും ഭ്രമങ്ങളെയും നിയന്ത്രിച്ചു നിർത്തിയേതീരൂ'' എന്ന എലിയററിൻെറ വാക്കുകളായിരുന്നു അഴീക്കോടിന് ശക്തി പകർന്നത്. അതുകൊണ്ടാണല്ലോ തലയെടുപ്പുള്ള കൊലകൊമ്പൻമാരെപ്പോലും പ്രതിക്കൂട്ടിൽ കയററാൻ ആ തൂലികയ്ക്ക് സാധിച്ചത്. നിശ്ചയദാർഢ്യം നൽകുന്നകരുത്തും, അഭിപ്രായ സുബദ്ധതയും അഴീക്കോടിൻെറ ശ്രദ്ധേയമായ ചില നിരൂപണ ഗുണങ്ങളാണ്.

വിമർശന കൃതിയുടെ മർമ്മങ്ങളെ സൂക്ഷ്മമായി കണ്ടറിഞ്ഞ് ഖണ്ഡന മണ്ഡന വിധേയമാക്കുന്നതിൽ അഴീക്കോടിനു അനിതരസാധാരണമായ വൈദഗ്ദ്ധ്യമുണ്ട്. വിമൃഷ്ടകൃതിയുടെ സമഗ്രപഠനമാണ് അഴീക്കോട് നിർവ്വഹിക്കുന്നത്.

വ്യത്യസ്ഥങ്ങളായ രണ്ട് സംസ്ക്കാരങ്ങൾ കൂടിച്ചേരുമ്പോൾ ഉളവാകുന്ന അവസാന ഫലത്തെ വ്യാഖ്യാനവിധേയമാക്കാൻ സഹായകമാവുന്ന ഒരു മികച്ച ചരിത്ര സിദ്ധാന്തമായ ആർണോൾഡുടോയൻബിയുടെ ആഹ്വാന്ന പ്രതികരണസിദ്ധാന്ത(Theory of challenge and response)ത്തെ മുൻനിറുത്തി പൗരസ്ത്യ,പാശ്ചാത്യ സിദ്ധാന്തങ്ങളുടെ സമന്വയ ചർച്ചനടത്തുവാൻ പരിശ്രമിച്ച മലയാള സാഹിത്യനിരൂപകൻ കൂടിയാണ് സുകുമാർ അഴീക്കോട്.

ചിരന്തന സംസ്കാരവുമായുള്ള നിരൂപകൻെറ പ്രതിപത്തിയും അടുപ്പവും പ്രത്യേകം പ്രസ്താവ്യയോഗ്യമാണ്. അതുകൊണ്ടുതന്നെ സ്വകീയ സംസ്കാരത്തിൻെറ നിറംമങ്ങാത്തബിംബങ്ങൾ ആ നിരൂപണ സാഹിത്യത്തിൽ സുലഭവുമാണ്. ആംഗലസാഹിത്യത്തെ ഔപചാരികതയുടെ പേരിൽ അന്ധമായി അനുകരിക്കുവാനുള്ള ചിലരുടെ ശ്രമത്തെ അഴീക്കോട്നിശിതമായി വിമർശിക്കുന്നു: പ്രബന്ധപ്രൗഢി വരുത്തുവാൻ ഉതകുന്ന ഉദ്ധരണങ്ങളുടെ ഖനിയായിട്ടാണ് അവർ ഇംഗ്ലീഷിനെ കാണുന്നത്''

നിരൂപണത്തിൻെറ നിരൂപണം (critical critic) നടത്തിയ അഴീക്കോട് അതുവഴി ഒരു നിരൂപകൻെറയും ഗവേഷകൻെറയും ഭാരിച്ചഉത്തരവാദിത്തം വിജയകരമായി നിർവ്വഹിക്കുകയായിരുന്നു. 'മലയാള സാഹിത്യ വിമർശനത്തിൻെറ താളുകൾ അതാണ് സൂചിപ്പിക്കുന്നത്.'

മലയാള സാഹിത്യ വിമർശന ചരിത്രത്തിൽ ഒരു കാലത്ത് വിപ്ലവകരമായ പല പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകിയ സി. പി അച്യുതമേനോൻെറ ഉന്നതമായ വ്യക്തിത്വത്തെ പുത്തൻ തലമുറക്ക് യഥാവിധി കാണിച്ചു കൊടുത്തത് അഴീക്കോടാണ്. രാജരാജവർമ്മ, കേരളവർമ്മ,വലിയകോയിതമ്പുരാൻ, എന്നിവർക്കു പുറമെ കെ. രാമകൃഷ്ണപ്പിള്ള,സി. അന്തപ്പായി, പാറായിൽ ഉറുമീസുതരകൻ, എന്നിവരുടെ ധീരമായ ശ്രമങ്ങളെ വിലയിരുത്തുവാനും അവരെ പുത്തൻ തലമുറയുടെ സ്മൃതി പഥത്തിൽകുടിയിരുത്തുവാനും അഴീക്കോടിനു സാധിച്ചിട്ടുണ്ട്.

മാരാരുടെ നിരൂപണത്തിൻെറ നല്ല വശങ്ങളെ അംഗീകരിക്കുവാനും അദ്ദേഹത്തിൻെറ പാണ്ഡിത്യത്തെ പുകഴ്ത്താനും അഴീക്കോട് മടിക്കുന്നില്ല. എന്നാൽ ചില ഭർതൃഘാതകിയാണെന്ന മാരാരുടെ വാദത്തെ സമർത്ഥമായി ഖണ്ഡിക്കുന്നുമുണ്ട് അഴീക്കോട്.

കഥാപാത്രങ്ങളുടെ മനസ്സിൻെറ അടിത്തട്ടുകളിലേക്കിറങ്ങിച്ചെന്ന് സൂക്ഷ്മമായ വിശകലനത്തിലൂടെ അതീവസുന്ദരമായി നിരൂപണം നടത്തുവാൻ അഴീക്കോടിന് സാധിക്കുന്നു. 'ആശാൻെറ സീതാകാവ്യത്തിൽ ഈയൊരു സിദ്ധിവിശേഷം പുഷ്ക്കലമായിത്തീർന്നതു കാണാം.

അഴീക്കോടിൻെറ രചനാശൈലിക്ക് സവിശേഷമായ കരുത്തും ചൈതന്യവുമുണ്ട്. നവീനത നിറഞ്ഞതും തെളിഞ്ഞതുമായ ഒരു ഗദ്യശൈലിയത്രെ അഴീക്കോടിൻേറത്. പദസമ്പത്തിൻെറ സമ്പന്നതയും, സമൃദ്ധമായ ചിന്തയും സമന്വയിക്കുമ്പോൾ ഉരുത്തിരിയുന്ന ആ ശൈലിക്ക് അസാമാന്യമായ കരുത്തും, ആകർഷകവുമായ ലാളിത്യവുമുണ്ട്.

ഭാരതീയ രസധ്വനി സിദ്ധാന്തത്തെ തൻെറ നിരൂപണങ്ങളിൽ സജീവമായി നിലനിർത്താൻ അഴീക്കോടിന് സാധിക്കുന്നുണ്ട്. പാശ്ചാത്യസാഹിത്യത്തിലെ ഭിന്നങ്ങളായ വിമർശന സരണികൾ സ്വീകരിക്കുമ്പോഴും ആ നിരൂപണത്തിൻെറ അന്തർധാര ഉപര്യുക്ത സിദ്ധാന്തത്തിൽതന്നെയാണ് വർത്തിക്കുന്നത്.

ശാസ്ത്രം. സാമൂഹികം എന്നീ ഏകമുഖതലങ്ങളിൽ നിന്ന് ഉപരിപ്ലവ വിമർശന ജാടകൾ നടത്തി 'സായൂജ്യം' കൊള്ളുന്നവരുടെ അർത്ഥശൂന്യതക്കെതിരെ പടവാളോങ്ങുന്നുമുണ്ട് സുകുമാർ. സാഹിത്യവിമർശനമെന്നത് വിമൃഷ്ടകൃതിയുടെ ആശയങ്ങൾ പരിശോധിച്ചുനോക്കുന്ന ഏർപ്പാടല്ലെന്നും അത് തികച്ചും ഗൗരവതരമായ ഒരു സാഹിത്യസപര്യതന്നെയാണെന്നും ആ ധിഷണാശാലിക്ക് നന്നായറിയാമായിരുന്നു. അതുകൊണ്ടായിരിക്കാം സുകുമാറിൻെറ ഓരോ കൃതിയുടെ പിറവിക്കും സംവത്സരങ്ങളുടെ ഇടവേള വേണ്ടിവന്നതും.

'കൃതിയുടെ മേൻമയെ തത്വങ്ങളുടെ വെളിച്ചത്തിൽ നിർണ്ണയിക്കലാണ് വിമർശന'മെന്ന ജോൺസൻെറ നിർവ്വചനം ഗൗരവബുദ്ധ്യാ ഉൾക്കൊള്ളാൻ അഴീക്കോടിന് സാധിച്ചിരുന്നു എന്നതാണ് യാഥാർത്ഥ്യം. പക്ഷപാതാത്മക വിമർശനം (Tendentious criticism) ത്തി

ന്റെ അഭിശപ്തതയിൽനിന്നും പൂർണ്ണവിമുക്തമാണ് അഴീക്കോടിന്റെ നിരൂപണങ്ങൾ.

വിമർശനത്തിൽ സർഗ്ഗശക്തിയുടെ സജീവമായ സാന്നിദ്ധ്യം നാം കാണുന്നത് അഴീക്കോടിന്റെ നിരൂപണത്തിൽ മാത്രമാണ്. അഴീക്കോട് അവലംബിക്കുന്ന ഉദാത്തവും സമഗ്രവുമായ തലത്തിലേക്ക് വിമർശന സാഹിത്യത്തെ നയിക്കാൻ നവീന വിമർശകരിലൊരാൾക്കുപോലും സാധിക്കുന്നില്ല എന്നത് ഞെട്ടലുളവാക്കുന്ന ഒരനുഭവ സത്യമായവശേഷിക്കുന്നു. അഴീക്കോട് സാഹിത്യ യുദ്ധഭൂമിയിലെ പതറാത്ത 'ക്ഷത്രിയനെ' പ്പോലെ അജയ്യനായിനിലകൊള്ളുന്നതാണ് നാം കാണുന്നത്.

അഴീക്കോടിന്റെ തൂലികത്തുമ്പിൽ വിസ്തൃതമായ അവബോധത്തിന്റെയും ഒരു മഹാസാഗരം തന്നെ തുടിച്ചു നിൽക്കുന്നു.

## സീതാകാവ്യത്തിൽ നിന്നും തത്ത്വമസിയിലേക്ക്

ആശാന്റെ 'സീത'ക്കു നേരെയും പ്രഗൽഭനായ കവിക്കുനേരെയും ചില വേദികളിൽ നിന്നുണ്ടായ വിമർശനാരോപണങ്ങളുടെ നിരർത്ഥകത വ്യക്തമാക്കി 'ചിന്താവിഷ്ടയായ സീത'യുടെ പ്രഭാവവും ഔന്നത്യവും വസ്തുതകളുടെ വെളിച്ചത്തിൽ വരച്ചുകാണിക്കുകയാണ് അഴീക്കോട് തന്റെ ആദ്യകൃതിയായ ആശാന്റെ സീതാ കാവ്യത്തിൽ.

വസ്തു നിഷ്ഠ വിമർശനത്തിലൂടെ മാത്രമല്ല, പാത്രങ്ങളുടെ സർവ്വതല സ്പർശിയായ നിരൂപണത്തിലൂടെയും, രസനിരൂപണം, അലങ്കാരനിരൂപണം എന്നീ വ്യത്യസ്ത തലങ്ങളിലൂടെയും കടന്ന് ചെന്ന് അതിൽ നിന്നൊക്കെ കാവ്യത്തിന്റെ സമ്പന്നത ഉയർത്തിക്കാട്ടാൻ സാധിച്ചു എന്നതാണ് ആശാന്റെ സീതാകാവ്യത്തിന്റെ മേന്മ. ഇവിടെ ഗ്രന്ഥകാരനും ഗ്രന്ഥവും സാക്ഷാൽക്കാരം നേടുന്നു.

'മലയാള സാഹിത്യവിമർശനം' അഴീക്കോടിന്റെ ഏററവും ശ്രദ്ധേയമായ ഗ്രന്ഥമാണ്. അഴീക്കോടിന്റെ ഗവേഷക നൈപുണ്യവും, വിമർശന പടുതയും ഒന്നിച്ചുചേർന്ന ഗ്രന്ഥം. മലയാള സാഹിത്യ വിമർശന ശാഖയെ സമഗ്രവും അപഗ്രഥനാത്മകവുമായി അഭിമുഖീകരിക്കുകയാണ് ഗ്രന്ഥകാരൻ.

''നല്ല പുസ്തകങ്ങളെ കൊള്ളുകയും ചീത്ത പുസ്തകങ്ങളെ തള്ളുകയുമാണ് വിമർശനത്തിന്റെ കാതലായ വശമെന്ന്'' ടി. എസ് എലിയററ് പറഞ്ഞിട്ടുണ്ട്. ഗ്രന്ഥകാരനെ കൂടി അതിന്റെ പരിധിയിൽ കൊണ്ടു വരിക എന്ന ദൗത്യമാണ് അഴീക്കോട് നിർവഹിച്ചിരിക്കുന്നത്. ഇന്നലെയുടെ വിമർശനരഥ്യയുടെ സമ്പൂർണ്ണചിത്രം കൈരളിക്കു സമർപ്പിക്കുക എന്ന സാഹസികദൗത്യം വിജയകരമായി നിർവ്വഹിക്കാൻ ഇദ്ദേഹത്തിന് സാധിച്ചിരിക്കുന്നു.

പുരോഗമന സാഹിത്യത്തിന്റെ അപ്പോസ്തലൻമാരുടെ അൽപത്വം തുറന്നു കാണിച്ച ധീരനായ വ്യക്തി കൂടിയാണ് ശ്രീ. അഴീക്കോട്. വിമർശനത്തിനു വേണ്ടിയുള്ള വിമർശനമല്ല. വാദപ്രതിവാദങ്ങൾക്കും സമ്മേളനങ്ങൾക്കും അപ്പുറത്ത് മികച്ച സാഹിത്യകൃതികൾ നിർമ്മിക്കുക എന്ന കാര്യം എല്ലാവരും വിസ്മരിച്ചതുപോലെ തോന്നിയപ്പോൾ അഴീക്കോട് എന്ന സാഹിത്യസ്നേഹിക്ക് അതിനെ എതിർക്കാതിരിക്കാൻ നിർവ്വാഹമില്ലായിരുന്നു. അഴീക്കോടിന്റെ അഭിപ്രായങ്ങൾ പിൽക്കാലത്ത് പുരോഗമന സാഹിത്യ നേതാക്കൾക്ക് അംഗീകരിക്കേണ്ടതായും വന്നു. അശ്ലീല സാഹിത്യം ഉയർത്തുന്ന സാംസ്ക്കാരിക പ്രശ്നങ്ങളും, വിവർത്തന വിവർത്തനീയ സാഹിത്യങ്ങളുടെ ആവശ്യകതയും, വിവിധഭാഷകളിലെ അക്കാദമികളുടെ ഘടനയും മൗലികമായ കാഴ്ചപ്പാടോടെ ഇതേ ഗ്രന്ഥത്തിൽ വരച്ചുകാണിക്കാനും ഇദ്ദേഹം ശ്രമിച്ചിട്ടുണ്ട്.

അഴീക്കോടിന്റെ ഏറെ വിവാദമുയർത്തിയ ഒരു വിമർശന പഠനമത്രെ 'ശങ്കരക്കുറുപ്പ് വിമർശിക്കപ്പെടുന്നു' എന്ന ഗ്രന്ഥം. സർവ്വാദരണീയനായിരുന്ന ശങ്കരക്കുറുപ്പിന്റെ കവിതകളിലൂടെ സഞ്ചരിച്ച് അതിൽ കണ്ടെത്തിയ ഗൗരവതരമായ ന്യൂനതകൾ യുക്തി ബന്ധുരമായി പ്രകാശിപ്പിക്കാൻ അഴീക്കോട് ശ്രമിച്ചിട്ടുണ്ട്. മിസ്ററിസിസത്തോടുള്ള കവിയുടെ അമിതാസക്തിയും അദ്ദേഹത്തിന്റെ ചഞ്ചലമായ രാഷ്ട്രീയ നീക്കങ്ങളും വിരുദ്ധ ദർശനങ്ങളോടുള്ള കവിയുടെ അമിതാദരവും കവിതയിലെ ശാസ്ത്രീയത കലർന്ന ശബ്ദശൈലിയും മററും അഴീക്കോടിന്റെ വിമർശനത്തിന് ശരവ്യമായ വസ്തുതകളാണ്.

'രമണനും മലയാള കവിതയും' എന്ന അഴീക്കോടിന്റെ ഗ്രന്ഥവും ഏറെ പ്രാധാന്യമർഹിക്കുന്നു. രമണകഥയുടെ അർത്ഥശൂന്യത വ്യക്തമാക്കുകയും പ്രസ്തുതകാര്യത്തിൽ പ്രകടമായി കാണുന്ന അസംബന്ധങ്ങളോരോന്നും എടുത്തു കാണിച്ച് കവിയെ വിമർശിക്കാനും ഇദ്ദേഹം മടിക്കുന്നില്ല. എന്നാൽ രമണകാവ്യത്തിന്റെ നാദശില്പം അഴീക്കോടിന്റെ അഭിനന്ദനം പിടിച്ചു പററുന്നുമുണ്ട്.

അഴീക്കോടിനെ ഏറെ സ്വാധീനിച്ച ചിന്താധാരയാണ് ഗാന്ധിസം. ഗാന്ധിചിന്തയിലേക്കും, സിദ്ധാന്തങ്ങളിലേക്കുചൂഴ്ന്നിറങ്ങി അതിനെ അപഗ്രഥന വിധേയമാക്കാനുള്ള ശ്രമമാണ് 'മഹാത്മാവിന്റെ മാർഗ്ഗം' എന്ന ഗ്രന്ഥരചനക്കു പിന്നിൽ. അഴീക്കോട് ഗാന്ധിസത്തെ വീക്ഷിക്കുന്നതു നോക്കുക; ''സത്യഹിമാചലത്തിന്റെ ശൃംഗകോടിയിൽ നിന്ന് ഉദ്ഭവിച്ച്, സ്നേഹാശംസകളുടെ ഉറവുകലർന്ന് സാമ്പത്തിക സമത്വത്തിന്റെയും, രാഷ്ട്രീയ പ്രജാധിപത്യത്തിന്റെയും സമതലത്തിലൂടെ ഇരുശാഖാനദികളായൊഴുകി സമുദ്രതീരഭൂവിൽ ഐശ്വര്യം ദാനംചെയ്ത് വികേന്ദ്രീകരണത്തിന്റെ വിശാലമായ സമുദ്രത്തിൽ ഒരുമിച്ച് ചെന്നുചേരുന്ന പാവനമായ ഒരാശയ നിഷ്യന്ദമാണ് ഗാന്ധിമതം''.

വായനയുടെ ഉയർന്ന തലങ്ങൾ ഉൾപ്പെടെ അതുമായി ബന്ധപ്പെട്ട പലകാര്യങ്ങളെയും യുക്തിഭദ്രമായി പ്രതിപാദിക്കുന്ന അഴീക്കോടിന്റെ മറെറാരുൽകൃഷ്ട രചനയാ

(ശേഷം 8-ാം പേജിൽ)

ണ് 'വായനയുടെസമ്പർഗ്ഗത്തിൽ', വായന ഇടവേളകളിലെ വിരസത മാററാനുള്ള ഉപാധിയല്ലെന്നും അതിന് മഹത്തായ ചില ലക്ഷ്യങ്ങളുണ്ടെന്നും അഴീക്കോട് ഈ ഗ്രന്ഥത്തിൽ സവിസ്തരം പ്രതിപാദിക്കുന്നു. ഇതേ ഗ്രന്ഥത്തിൽ തന്നെ ഗ്രാമീണ ലൈബ്രറികളുൾപ്പെടെയുള്ള പല സംവിധാനങ്ങളെക്കുറിച്ചും അഴീക്കോട് പരാമർശിക്കുന്നുണ്ട്.

അഴീക്കോടിന്റെ ഏററവും ശ്രദ്ധേയമായ രചനയാണ് 'തത്വമസി'. അവാർഡുകളും അനുമോദനങ്ങളും ഏറെ സിദ്ധിച്ചഗ്രന്ഥം. നാല്പതു വർഷക്കാലത്തെ ഉപനിഷത് പ്രേമപൂജയിലൂടെ ഉരുത്തിരിഞ്ഞ 'തത്വമസി': ഉപനിഷത് സംബന്ധമായി മലയാളത്തിലിറങ്ങിയ ഏററവും ശ്രദ്ധേയമായ പഠനം കൂടിയാണിത്. സാഹിത്യസൗന്ദര്യവും, ആഴമേറിയ കാഴ്ചപ്പാടുമാണ് ഈ ഗ്രന്ഥത്തിന്റെ മുഖ്യസവിശേഷത. അയത്നലളിതമായ ശൈലിയിൽ ഉപനിഷത്തിന്റെ യഥാർത്ഥ ചിത്രം മലയാളിയുടെ ഹൃദയത്തിൽ വരച്ചുവക്കാൻ അഴീക്കോടിന് സാധിച്ചിരിക്കുന്നു. ഉപനിഷത്തിനെതിരെ ചില പാശ്ചാത്യർതൊടുത്തുവിട്ട ആരോപണങ്ങളുടെ മുനയൊടിക്കാൻ ഇദ്ദേഹത്തിനു കഴിഞ്ഞിട്ടുണ്ട്. ഉപനിഷത്തിനെക്കുറിച്ചുള്ള ശങ്കരാചാര്യരുടെ അഭിപ്രായങ്ങൾ പോലും പുനഃപരിശോധിക്കേണ്ടുന്നതിന്റെ ആവശ്യകത ഊന്നിപ്പറയുന്നുമുണ്ട് ഗ്രന്ഥകാരൻ. കൈരളിയെ സംബന്ധിച്ചിടത്തോളം ഇതൊരമൂല്യനിധിതന്നെ. സംശയമില്ല.

'യുവത്വത്തിന്റെ അപ്രധൃഷ്യതയും വാർദ്ധക്യത്തിന്റെ പരിപക്വതയും സമ്മേളിച്ച സ്വരവുമായി' സാംസ്ക്കാരിക വേദികളിൽ നിലയ്ക്കാത്ത ഗർജ്ജനമുയർത്തുന്ന അഴീക്കോട് പുതിയൊരു പ്രഭാതത്തിന്റെ അരുണോദയത്തിനുവേണ്ടി കർമ്മനിരതനായി മാറുന്നു.അഭിശപ്ത മായ അവസ്ഥകളേൽപ്പിച്ച വിഹ്വലതയോടെ.

സ്വപ്നം കാണാൻ കഴിയുന്നത് പരമപ്രധാനമായ ഒരു ദൈവകാരുണ്യമാകുന്നു. എന്നെ ജീവിപ്പിക്കുന്നതു തന്നെ എന്റെ സ്വപ്നങ്ങളാണ്. പക്ഷെ അസീസ്, നിന്നെപ്പോലെ സ്വപ്നങ്ങൾ ഒരിക്കലും എന്റെ ഉറക്കം കെടുത്താറില്ല. കാരണം ഞാൻ സ്വപ്നം കാണുന്നത് ഉണർവിലാണ്. സാക്ഷാൽ ദിവാസ്വപ്നം. ഞരമ്പുകളിലൂടെ പതഞ്ഞു പൊങ്ങി എന്റെ ലോകത്തേക്ക് പറന്നുയർന്ന് നമ്മുടെ ലോകത്ത് പറന്നിറങ്ങുമ്പോൾ ഒരു വിളറിയ ചിരിയായി അലിഞ്ഞു പോകുന്ന എത്രയെത്ര സ്വപ്നങ്ങൾ ! എന്റെ സ്വപ്നങ്ങളോട്, ഞാൻ എന്നും കടപ്പെട്ടിരിക്കുന്നു. കാരണം അവ എന്നെ എന്റെ ലോകത്തേക്ക് നയിക്കുന്നു !

എനിക്കൊരു വീക്ഷണമുണ്ടെന്ന് റോഷൻ ! എന്തോ ! ഉണ്ടെന്ന് പറയാവുന്നത് ഒന്നുമാത്രം— പ്രതീക്ഷ ! ഒന്നും നേരെയായില്ലെങ്കിലും എല്ലാം നേരെയാവുമെന്ന തോന്നൽ ! തോന്നലുകൾക്ക് ജീവൻ നൽകാൻ എന്നോടൊപ്പം എന്റെ സ്വപ്നങ്ങളും. ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള അന്തരം എന്നും തുടരട്ടെയെന്നമർഷം കൊണ്ട സുഹൃത്തേ, ജന്മവും ഭാഗ്യവും കാപട്യവും യോഗ്യതയായിക്കൂടെന്ന് ശഠിക്കുന്ന കൂട്ടുകാരാ, ഞങ്ങൾ നന്ദി പറയുന്നു— ഞാനും ഹനീഫയും. എനിക്കുവേണ്ടി അവനും അവനുവേണ്ടി ഞാനും.

എനിയ്ക്ക് പരാതിയില്ല. പക്ഷെ വാരിയെല്ല് വളഞ്ഞതാണെന്ന് സമ്മതിക്കുകയെങ്കിലും ആയിക്കൂടെ? സമദാനി പൊറുക്കുക. എന്റെ കണ്ണിന്റെയാഴങ്ങളിൽ 'പ്രശ്നം' തേടിയിറങ്ങിവന്ന സൂക്ഷ്മദൃക്കായ സുഹൃത്തേ നിങ്ങളറിഞ്ഞത് എന്റെ ദുരന്തകഥയിലെ ഒരദ്ധ്യായം മാത്രമാണ്.

ശരിയെന്ന് തോന്നിയ ആദ്യത്തെയുത്തരം സാഹിറത്താ ഞാനോർക്കുന്നു. പ്രസവിച്ചതുകൊണ്ട് മാത്രം ആരും അമ്മയാകുന്നില്ല. കളമൊഴികൊണ്ട് ആരും കാമുകിയാകുന്നില്ല ! എങ്കിൽ അമ്മയെവിടെ? കാമുകിയെവിടെ ? സ്നേഹവും ബന്ധവും എവിടെ ? ഒരു വർഗ്ഗസമരം അനിവാര്യമായിരിക്കുന്നു. നിവർന്ന നട്ടെല്ലും നിവരാത്ത വാരിയെല്ലും തമ്മിലുള്ള സമരം—ഈ അനുജന്റെ ധിക്കാരം പൊറുക്കുമല്ലോ.

അവൾക്കായ് ഒരു ലോകമുണ്ടെന്ന് കരുതാൻ പൊയ്മുഖത്തിന്റെ പിൻബലമുണ്ടായിരുന്നു. അവളുടെ നിബന്ധനകൾ എനിക്കനുകൂലമായിരുന്നു. പക്ഷെ ധാരണകൾ ഇല്ലാത്തവന് തെററിദ്ധാരണയുടെ പ്രശ്നമില്ലല്ലോ. പ്രിയമുള്ള ഫാത്തിമ, കടലറിയുമ്പോൾ കായലിന്റെ വലിപ്പം കാണാം. നിന്റെ ലോകം എത്ര ചെറുതാണ് ! ഒരു വലിയ പൂജ്യത്തോളം ! അല്ലേ? ഇഷ്ടമായാലുമില്ലേലും ഞാൻ ആശംസിക്കട്ടെ-നല്ലൊരു സ്വപ്നം കാണാനെങ്കിലും കുട്ടീ നീ കരുത്തുനേടുക.

# കുരുത്തംകെട്ടവൻ കുമ്പസാരിക്കുന്നു

## എ. പി. അഹമ്മത്

അമ്മ മകനോട് കാമിക്കുന്നുവത്രെ! ഫ്രോയിഡിനെ കുററപ്പെടുത്തിക്കൂടാ ; ഇവിടെ അമ്മായിക്ക് മരുമകനോട് കാമം ! അമ്മയ്ക്ക് മോനോടുള്ള ബന്ധം പോലും നിർണ്ണയിക്കുന്നത് അക്കങ്ങളാണ്. ബാലൻസ് ബുക്കിന്റെ വരുമാനക്കള്ളിയിൽ അക്കങ്ങൾ പെരുപ്പിക്കാൻ മകൻ ഉപകരിക്കുമെന്ന വിശ്വാസം— നമുക്കാ വേഷത്തെ സ്നേഹമെന്ന് വിളിയ്ക്കാം. അല്ലേ ഷൗക്കു ?

എന്നെ 'പ്രശ്നജീവി'യെന്നു വിളിച്ച അമീർ സാറിന് നന്ദി. 'സ്വപ്നജീവി'യെന്ന് വിളിയ്ക്കാനല്ലാതെ വിളിയ്ക്കപ്പെടാൻ എനിക്കിഷ്ടമല്ല പിന്നെ, ഗുരുജനങ്ങളെയോർക്കുമ്പോൾ ഞാൻ ഭാഗ്യവാനാണ്. യന്ത്രങ്ങളെക്കുറിച്ച് യാന്ത്രികമായി മൊഴിയുമ്പോഴും വരയുമ്പോഴും നിങ്ങളിൽ കുറച്ചുപേരെങ്കിലും മനുഷ്യരായിരുന്നു. മനുഷ്യന്റെ എല്ലാ ദൗർബല്യങ്ങളുമുള്ള പച്ച മനുഷ്യർ !

'പ്രശ്നം'—അർത്ഥവ്യാപ്തിയുള്ള പദം, അർത്ഥം നഷ്ടപ്പെട്ടിരിക്കുന്നു എന്നതും സത്യം. 'വാരിയെല്ലി'ന്റെ ഓരങ്ങളിലെങ്ങോ ആ പദം അള്ളിപ്പിടിച്ചിരിക്കുന്നു എന്ന് എനിക്ക് തോന്നുന്നു. എന്റെ അനുഭവം അതാണ്. വാരിയെല്ല് നിവർത്താൻ ശ്രമിച്ചാൽ പൊട്ടിപ്പോകുമെന്ന് പ്രവാചകൻ !

പ്രിയപ്പെട്ട ബാബു, നിന്റെ കണക്കുകൾ തെററിച്ച കരടാണ് ഞാൻ എന്നാലും നിന്റെ അമർഷം നിന്റെ ദേഹത്തോടാണെന്ന് ഞാൻ. പറഞ്ഞാൽ നീ പൊറുക്കുമല്ലോ. എന്തുചെയ്യാം, അക്കാര്യത്തിൽ ദൈവത്തിനുപോലും നമ്മെ സഹായിക്കാനാവില്ല. പക്ഷെ നിന്റെ കരുത്ത് നീ അറിയുന്നില്ല. നിന്റെ അനന്ത സാദ്ധ്യതകളിൽ നിന്റേതായൊരു ലോകം പടക്കാൻ ഏറെയൊന്നും വൈകിയിട്ടില്ല. തത്വോപദേശമെന്ന് തള്ളരുത്. ആത്മസുഹൃത്തിന്റെ വേദനയെന്നറിയുക.

'സ്നേഹിക്കപ്പെടുകയാണ് ലക്ഷ്യം. സ്നേഹിക്കുകയാണ് മാർഗ്ഗം' - തട്ടിവിട്ടതാരായാലും ആ മഹാത്മാവിന് എന്റെ പരാതിയറിയില്ലല്ലോ. കോരിച്ചൊരിഞ്ഞു തരുന്ന സ്നേഹത്തിന്റെ ചെറിയൊരംശം പോലും തിരിച്ചു കൊടുക്കാനാവാത്ത നിസ്സഹായന്റെ ദൈന്യത ! സുമ്മു പൊറുക്കുമല്ലോ. ഞാനെന്നും കടക്കാരനാണ്.

കടം ! ഖുർആനിലെ ഏററവും വലിയ സൂക്തം കടത്തെക്കുറിച്ചാണത്രെ ! ഏതായാലും ആ വാക്യം എന്നെനോക്കി അവതരിച്ചതാകണം. ഒരു നീണ്ട കടമാണ് ഞാൻ ! എവിടെയും നേരത്തിനെത്താറില്ല. വേണ്ടത് വേണ്ട സമയത്ത് തോന്നാറില്ല. എല്ലാം കുടിശ്ശികയായി കുന്നുകൂടുന്നു. എല്ലാവർക്കും കൊടുക്കാനാണ്. പക്ഷെ അസ്ലം, കിട്ടാനുള്ളതൊ

ന്നും ഞാൻ പ്രതീക്ഷിക്കുന്നില്ല. അതാണല്ലോ എന്റെ ലോകം !

കല്യാണവീട്ടിൽ വെച്ചുകണ്ട സുഹൃത്ത് : ഞാൻ സി. ജെ. എമ്മിന്റെ കൂടെ വന്നു. മിനിസ്ററുടെ ലിഫ്റ്റ് കിട്ടി. മടക്കത്തിൽ ഗവർണറെ കാണണം.

ആരാണ് സി. ജെ എം ?

അറിയില്ലെ? ചീഫ് ജുഡീഷ്യൽ മജിസ്ട്രേററ്! അയാൾക്ക് പറയാനുള്ളത് കുറെ കസേരപ്പേരുകളാണ്. അയാൾക്കറിയേണ്ടതും എന്റെ കസേരയുടെ ഉയരമാണ്. ഞാൻ അനുയോജ്യമായ ഒരു കള്ളം പറഞ്ഞു. അയാളെന്നെ തോളിലേററി. രക്ഷപ്പെടാൻ പാടുപെട്ടു. പിന്നെ ഞാൻ അയാളെ കണ്ടിട്ടില്ല. എന്തിനു കാണണം ? എന്റെ ചുററും അയാളാണ്. നേരറിഞ്ഞ നേരത്ത് അയാളെന്റെ നേരെ കാർക്കിച്ചുതുപ്പിയിരിക്കണം. അനന്തതയിലേക്ക് തെറിച്ചുവീണ ഉമിനീർക്കണങ്ങൾ സ്വന്തം മുഖത്തേക്ക് തിരിച്ചു വരുന്നത് എന്നാണാവോ ?

ഗുരുവും ശിഷ്യനും പരസ്പരമറിയണമെന്ന് ഞാൻ പറഞ്ഞു. പ്രൊഫസർ കുറെ കളിയാക്കി. ചിരിക്കാൻ നിരവധി സഹജീവികളെ കിട്ടി. അറിവിന്റെ താക്കോൽ സൂക്ഷിപ്പുകാരെന്ന് അഭിമാനിക്കുന്നവരേ, നിങ്ങളുടെ പരിഹാസം ചിലർക്കെങ്കിലും കൊലവിളിയാവാതിരിക്കട്ടെ ! എന്തിനാണ് റാഫി, പ്രൊഫസറെ കുററപ്പെടുത്തുന്നത്. നിനക്കെല്ലാം ഒരു തമാശയാണല്ലോ. എല്ലാം തമാശയായിക്കാണാൻ കഴിഞ്ഞാൽ അതും ഭാഗ്യം. സത്യം കാണാതിരിക്കാമല്ലോ. പരിഹാസച്ചിരിയുടെ മഞ്ഞ വെളിച്ചത്തിൽ എല്ലാ സത്യവും മാഞ്ഞുപോയെങ്കിൽ !

ആർക്കും പിടി കൊടുക്കാതിരിക്കുകയെന്ന അസാധാരണ സിദ്ധിയുടെ ഉടമയാണവൻ. അവനെന്താണെന്ന് എനിക്കറിയില്ല. എനിക്കെന്നല്ല ആർക്കുമറിയില്ല. അവന്റെ മതിൽക്കെട്ടു പൊളിക്കാനുള്ള എന്റെ ശ്രമങ്ങളൊക്കെ പൊളിഞ്ഞു പോയിട്ടുണ്ട്. ഉത്തരം കിട്ടാത്ത ചോദ്യമായി കുര്യൻ, നീ മാത്രം എന്റെ മനസ്സിലുണ്ട്. നിന്നിലേക്ക് വളരാൻ അസൂയയോടെ ഞാൻ കൊതിച്ചിട്ടുണ്ട്. നീ ജൈത്രയാത്ര തുടരുക.

തികച്ചും യാന്ത്രികമായി പരീക്ഷ വന്നു. യാന്ത്രികമായി പ്രതികരിക്കാനായില്ല. ഞാനാണ് കുററക്കാരനെന്ന് നിങ്ങളോട് പറയുന്നു. പക്ഷെ എന്നോട് പറയാൻ കാരണങ്ങളുണ്ട്. കാരണങ്ങൾ ഒന്നിന്റെയും പരിഹാരമല്ലല്ലോ. ക്ഷേമാന്വേഷിയെ തൃപ്തിപ്പെടുത്താൻ കണക്കുകൾകൊണ്ട് എത്രയെത്ര കള്ളം പറഞ്ഞു! അക്കങ്ങൾക്ക് ക്ഷാമമില്ലല്ലോ. വിശ്വാസ്യതയുടെ പ്രശ്നമില്ല. കാരണം 'ഞാൻ' എന്ന പഴയ യന്ത്രത്തിന്റെ പ്രവർത്തനക്ഷമതയിൽ ഉപഭോക്താവിന് ഇപ്പോഴും മതിപ്പാണ്.

മടിയൻമാരുടെ മഹാരാജാവേ, നിന്നെ ഞാൻ ജമാൽ എന്ന് വിളിക്കട്ടെ ! വിളിക്കുന്നവൻ 'മലമടിയൻ'. 'കുഴിമടിയൻ'മാർ സംഘടിക്കട്ടെ ! ജമാൽ, നിനക്ക് മല മറിക്കാനാവും. മടികൊണ്ടല്ല ; ചൊടികൊണ്ട്. പക്ഷെ ഓരോ തുടക്കത്തിനും ഒരു തള്ളൽ നീ പ്രതീക്ഷിക്കരുത്. തള്ളുകൂടാതെ തുടങ്ങാനും തുടരാനും നിന്റെ വഴി നീണ്ടു നീണ്ടു പോകുന്നു. അത് ചെറുതല്ലെന്നോർക്കുക.

ശാന്തൻ, സൗമ്യൻ, സുശീലൻ, മിതഭാഷി, സൽസ്വഭാവി എന്നീ വിശേഷണങ്ങളൊക്കെ ആർക്കും അധ്വാനമില്ലാതെ സമ്പാദിക്കാൻ കഴിയും. ഉസ്മാൻ, നിന്റെ ഈ വിശേഷണങ്ങളൊന്നും യുവത്വത്തിന് ഭൂഷണമല്ല. എതിർക്കാതിരിക്കുന്നത് യോഗ്യതയായിക്കാണേണ്ടി വരുന്നത് മററുവഴികൾ അടയുമ്പോഴാണ്. ദ്രോഹിക്കേണ്ടവനെ വേണ്ട സമയത്ത് ദ്രോഹിക്കുന്നത് തന്നെയാണ് യോഗ്യത. ചൂഷണത്തിന്റെ മൗനസാമ്രാജ്യത്തിൽ ഒരു കടുകുമണിയായി പൊട്ടിത്തെറിക്കാനാണ് പ്രയാസം. പ്രയാസമേറിയ ദൗത്യങ്ങൾ ഏറെറടുക്കേണ്ടവർ നമ്മൾ !

ഈ കുമ്പസാരക്കുറിപ്പുകൾ നീണ്ടുപോയി. എന്നെ നിങ്ങൾ 'കുരുത്തം കെട്ടവൻ' എന്ന് വിളിച്ചോളൂ. എന്റെ സ്വപ്നം എന്റെ ലോകമാണ്. എന്റെ ലോകം കുരുത്തം കെട്ടവരുടെ ലോകമാണ്.

ഈ ദുഃസ്വപ്നം ഇവിടെ അവസാനിക്കുന്നില്ല.

# മലയുടെസംഗീതം

നൗഷാദ് തോട്ടത്തിൽ

നിറം മങ്ങിതുടങ്ങിയ വെയിലിൻെറ ആർദ്രതയും, കാട്ടിൽ വേട്ടയ്ക്കു തിരിച്ചപ്പോൾ വാനിൽ ഒററതിരിഞ്ഞലഞ്ഞ മേഘത്തിൽ നിന്നുതിർന്ന ജലകണങ്ങളും ഗതിമാറി വീശിതുടങ്ങിയ കാററും കാരണം ആസന്നമായ മഴക്കാലത്തെപ്പററി ബോധവാനായ അയാൾ വിറകു ശേഖരിക്കാനായി മലമുകളിലേയ്ക്കു പോയി. അമ്പെയ്തുകൊന്ന മാനിൻെറ മാംസവും അരുവിയിൽനിന്ന് പിടിച്ച മത്സ്യങ്ങളും വെയിൽ സാന്ദ്രമായിരുന്നപ്പോൾ തന്നെ ഉണക്കി സൂക്ഷിച്ചിരുന്നു. അതുപോലെ കാട്ടിൽനിന്നു കിട്ടിയ കിഴങ്ങുകളും പഴങ്ങളും അയാൾ ഗുഹയിലെ വിവിധ അറകളിൽ ശേഖരിച്ചിരുന്നു. കഴിഞ്ഞമഴക്കാലത്തിനുശേഷം ഗുഹാമുഖത്തിനുതാഴെ,താഴ്‌വാരത്തിൽ മുളച്ചുണ്ടായ ധാന്യച്ചെടികളിൽ; വരണ്ടകാലം വന്നപ്പോൾ ഉണങ്ങിനിന്ന ധാന്യങ്ങളും അയാൾ ശേഖരിച്ചിരുന്നു.

മലകളുടെ സംഗീതം- അത് മലകളുടെ അസംഖ്യം ഗുഹാമുഖങ്ങളിൽ തട്ടി അലച്ച് അയാളുടെ ചെവികളിൽ ചെന്നെത്തി. ആദ്യമായി ഈ സംഗീതം കേട്ടത് ബാല്യത്തിൽ തേൻ ശേഖരിക്കാനായി മലമുകളിൽ കയറിയപ്പോഴായിരുന്നു. ഉണങ്ങിയ ചുരയ്ക്കത്തൊണ്ടുകളിൽ പകൽ മുഴുവൻ തേൻ ശേഖരിച്ചുകൊണ്ടയാൾ നടക്കുമായിരുന്നു. രാത്രി ഇരുട്ടിൽനിന്നും മൃഗങ്ങളിൽനിന്നും രക്ഷപ്പെടാൻ താഴെ ചപ്പിലകളും വിറകും കൂട്ടി വലിയ തീയുണ്ടാക്കി അയാൾ മരത്തിൻെറ ചില്ലകളിൽ ഉറങ്ങും. പുലർച്ചെ കൂട്ടിൽ ഉറങ്ങിയിരുന്ന പക്ഷികളെ പിടിച്ചു കൊന്ന് താഴെ അപ്പോഴും നിശ്ശേഷം കെട്ടിട്ടില്ലാത്തകനലിൽ ചുട്ടെടുത്ത് തിന്ന് അയാൾ യാത്ര തുടരും.

അയാളുടെ ചിന്തയുടെ അവസാനത്തിൽ അയാൾ മലയുടെ ഏററവും മുകളിലുള്ള പാറക്കൂട്ടങ്ങളിൽ എത്തിയിരുന്നു. അവിടെ നിന്നു നോക്കിയാൽ താഴ്‌വാരത്തിൽ ഒഴുകുന്ന അരുവിയും അതിൽ വെള്ളം കുടിച്ചു തലയുയർത്തുന്ന മാൻ കൂട്ടങ്ങളും ചെറുതായി കാണാം. മലയുടെ സംഗീതം അയാൾക്കു ചുററും അലകളുണ്ടാക്കി ഒഴുകി,പാറക്കൂട്ടങ്ങളിൽ വന്നടിച്ചു ചിതറി. അപ്പോഴാണ് അയാൾ കണ്ടത്; കുറച്ചു താഴെ പാറക്കൂട്ടങ്ങൾക്കു മുകളിൽ നൃത്തം വെച്ചു നീങ്ങുന്ന പെൺകുട്ടി. അവൾ അരക്കെട്ടും ; മാറിടവും ഇലകൾ കൊണ്ട് മറച്ചിരുന്നു അവളുടെ മാദക ശരീരം നൃത്തം വെച്ചുകൊണ്ട് നീങ്ങുന്നത് അയാൾ ശ്രദ്ധിച്ചു. പെട്ടെന്ന് ഏകാന്തതയെപ്പററി അയാൾ ബോധവാനായി; വിരസമായ തൻെറ ഗുഹയെപ്പററി അയാൾ ഓർത്തു, ഇത്ര ഭംഗിയുള്ള മൃഗത്തെ അയാൾ മുമ്പു കണ്ടിരുന്നില്ല. കൈകൊട്ടി, വായകൊണ്ട് ശബ്ദമുണ്ടാക്കി അവളുടെ ശ്രദ്ധയാകർഷിക്കാൻ അയാൾ ശ്രമിച്ചു. അവൾ തലയുയർത്തിനോക്കി, നൃത്തം തുടരുകയും ചെയ്തു അയാൾ ചുമലിൽ തൂക്കിയിട്ടിരുന്ന തേൻ നിറച്ച ചുരയ്ക്കത്തൊണ്ട് എടുത്തു കാണിച്ച് അവളെ പ്രലോഭിപ്പിച്ചു അവൾ വഴങ്ങാതെ തലയാട്ടി നൃത്തം ചവിട്ടി നീങ്ങി. അടുത്തുതന്നെ അവൾ കാടിൻെറ ഇരുളിലേയ്ക്കു മറയുമെന്ന് ബോദ്ധ്യമായപ്പോൾ അയാൾ അവളുടെ നേർക്ക് ഓടി. പക്ഷെ മരങ്ങൾക്കിടയിലൂടെ ഓടി പാറക്കൂട്ടങ്ങൾ കണ്ടുപിടിച്ചെത്തുമ്പോഴേയ്ക്ക് അവൾ ഇരുണ്ട കാടുകളിൽ മറഞ്ഞിരുന്നു. അയാൾ നിരാശനായി; അസ്വസ്ഥനായി. ഇതിനു മുൻപ് ഒരു മനുഷ്യജീവിയെ കണ്ടിട്ടില്ലാത്ത അയാൾ ഈ മൃഗം തൻെറ വംശത്തിൽപെട്ടതാണെന്ന് എങ്ങനെയോ മനസ്സിലാക്കി.

അയാൾ പിന്നീട് തേൻ ശേഖരിയ്ക്കാൻ നില്ക്കാതെ ഗുഹയിലേയ്ക്കു മടങ്ങി. തേൻ ചുരയ്ക്കകൾ തുളുമ്പി പുറം മുഴുവൻ നനഞ്ഞിരുന്നു. അതിനു ശേഷം കുറേക്കാലം മലമുകളിലേയ്ക്കു പോകാൻ അയാൾ ഭയപ്പെട്ടു. വീണ്ടും മലകളുടെ സംഗീതം കേട്ടപ്പോൾ പ്രതീക്ഷയോടെ അയാൾ ചുററും നോക്കി. കുറച്ചകലെ മരങ്ങൾക്കിടയിൽ ഉയർന്നു നിന്ന പാറകൾക്കുമീതെ ചുവടൊപ്പിച്ചു കാലുകൾ ചലിപ്പിക്കുന്ന പെൺകുട്ടിയെ അയാൾ കണ്ടു മലകളുടെ സംഗീതത്തിനൊത്ത് നൃത്തം ചെയ്യുന്ന അവളെ അയാൾ കൗതുകപൂർവ്വം നോക്കി അവളെ സ്വന്തമാക്കാൻ അയാൾ വഴികൾ തേടി. പ്രലോഭനങ്ങളാൽ അവളെ കീഴടക്കാൻ കഴിയില്ലെന്നു മനസ്സിലാക്കിയ അയാൾ അവളെ കൊന്നു സ്വന്തമാക്കാൻ തീർച്ചയാക്കി. ഉരുണ്ട പാറക്കല്ല് തിരഞ്ഞെടുത്ത് എറിയാൻ ഓങ്ങിയപ്പോഴാണ് മലകളുടെ സംഗീതം നിലച്ചത് പിന്നീടുണ്ടായ ശൂന്യതയിൽ അവൾ നൃത്തം മതിയാക്കി നിർന്നിമേഷയായി നോക്കി നില്ക്കുന്നതയാൾ കണ്ടു അയാളുടെ കൈ ചലിച്ചില്ല കയ്യിൽ നിന്ന് ഉരുളൻ കല്ല് താഴെ പാറകൾക്കു മുകളിൽ വീണ് പൊട്ടിച്ചിതറി. മുകളിൽ മരത്തിൻെറ കൊമ്പിൽ നീണ്ട വാലുള്ള ഒരു മഞ്ഞക്കിളി ആക്ഷേപസ്വരമുണ്ടാക്കി. കാററിൽ മുളം കൂട്ടങ്ങൾ കരഞ്ഞു. അയാൾ അവളുടെ നേർക്ക് ഓടി പെൺകുട്ടി അനങ്ങാതെ അയാളെ നോക്കി നിന്നു. കാററിൽ അവളുടെ ശരീരത്തിൽ തൂങ്ങി കിടന്ന ഇലകൾ ആടി. അവളുടെ സമൃദ്ധിയായ ശരീരം അയാൾ കണ്ടു അടുത്തെത്തിയപ്പോഴാണ് അവളുടെ ആർദ്രമായ കണ്ണുകൾ അയാൾ കണ്ടത്. അയാൾ പെട്ടെന്ന് നിന്നു. ആ കണ്ണുകളിൽ വ്യസനമുണ്ടായിരുന്നു. പരിഭവമുണ്ടായിരുന്നു. പിന്നെ അയാൾ ആവേശത്തോടെ കെട്ടിപ്പിടിച്ചപ്പോൾ അവൾ വഴങ്ങി. താടിരോമങ്ങൾ കൊണ്ട് അവളുടെ മുഖത്തയാൾ ഉരച്ചു.

പിന്നെ മലകളുടെ സംഗീതം എപ്പോഴാണ് തുടങ്ങിയതെന്നയാൾ അറിഞ്ഞില്ല. ഉണർന്നപ്പോൾ സംഗീതമുണ്ടായിരുന്നു. കാററുണ്ടായിരുന്നു മരങ്ങൾക്കുമുകളിൽ

(ശേഷം 21-ാം പേജിൽ)

മഞ്ഞക്കിളിയുണ്ടായിരുന്നു. തളർന്നു ഉറങ്ങുന്ന ഇണയെ അയാൾ എടുത്തു തോളിലിട്ടു ഗുഹയിലേയ്ക്കു നടന്നു. കൂർത്ത പാറക്കല്ലുകൾക്കിടയിലൂടെയുള്ള ഇറക്കം അയാളെ ക്ഷീണിപ്പിച്ചില്ല ഇരുവശത്തും വളർന്നു നിന്ന മുൾച്ചെടികളുടെ ശത്രുത അയാൾ അറിഞ്ഞില്ല. മലകളുടെ സംഗീതംമാത്രം അയാൾ ശ്രവിച്ചു. താഴ്‌വാരത്തിൽ എത്തുമ്പോഴേക്കും സംഗീതം നേർത്തു വരുന്നതായി അയാൾ വേദനയോടെ മനസ്സിലാക്കി.

ഗുഹയിൽ എത്തിയപ്പോൾ അവൾ ഉണർന്നു, അത്ഭുതത്തോടെ ചുററും നോക്കി. ഗുഹയുടെ ഭിത്തികളിൽ അയാൾ പലപ്പോഴായി വരച്ചുവെച്ച ചിത്രങ്ങൾ പ്രകാശം മങ്ങിയ ഒരു കോണിൽ അയാൾ ചൂണ്ടി. അവിടെ കൂർത്ത കരിങ്കല്ലുകൊണ്ട് ദേഹത്തിൽ പോറലുണ്ടാക്കി ചിന്നിയ ചോരകൊണ്ട് അയാൾ അവളുടെ ചിത്രം വരച്ചു വെച്ചിരുന്നു. ആദ്യം അവളെ കണ്ട ദിവസം വരച്ച ചിത്രം.

അപ്പോൾ പുറത്ത് ഇടിവെട്ടുന്ന ശബ്ദം അവൾ കേട്ടു. അവൾ ഞെട്ടി അയാളോട് ചേർന്നുനിന്നു. അയാൾ പുറത്തിറങ്ങി നോക്കി. ആകാശത്തിൽ ഉരുണ്ടുകൂടിയ കാർമേഘങ്ങൾ. അവയിൽ നിന്ന് ഇററുവീണ ഒരു ജലകണം അയാളുടെ ചുമലിൽ തട്ടി തെറിച്ചപ്പോൾ അയാൾ ഗുഹയിലേക്കു മടങ്ങി. ഒരു വലിയ കരിങ്കല്ലെടുത്ത് ഗുഹാ മുഖം അടച്ചുകൊണ്ട്, അയാൾ അവളുടെ അടുത്തു വന്നു. ഒരു ദീർഘമായ ആലിംഗനത്തിൽ മുഴുകുമ്പോൾ മഴക്കാലത്തേയ്ക്ക് ആവശ്യമായ വിറക് ശേഖരിച്ചിട്ടില്ലെന്ന് ഓർത്ത് അയാൾ അസ്വസ്ഥനായി.

# മൂന്നാമത്തെ നസ്രാണിയുടെ കഥ

ഏ. ഐ. അബ്ദുറഊഫ്.

ജോഴ്സൺ തോമസ് പ്രാരാബ്ധങ്ങളെക്കുറിച്ച് ആരോടും ഇതേവരെ പറഞ്ഞിട്ടില്ല. പ്രായമായ, തന്റെ അച്ഛനമ്മമാരുടെ ഏകപ്രതീക്ഷയാണ് താനെന്നോ, തന്നെ ഇടയ്ക്കിടെ ബുദ്ധിമുട്ടിക്കുന്ന ആസ്തമ എന്ന രോഗത്തിന് ചികിത്സ മതിയാക്കി പ്രതീക്ഷകൾ ഒന്നും കൂടാതെ കഴിഞ്ഞു പോരുകയാണെന്നോ, തന്റെ സഹോദരിയെ താൻ എത്ര കണ്ട് അഗാധമായി സ്നേഹിക്കുന്നുണ്ടെന്നോ, അയാൾ ആരോടെങ്കിലും വെളിപ്പെടുത്തിയില്ല. അയാളുടെ അപ്പന്റെ പേരെന്താണെന്ന് പോലും അയാളിൽനിന്ന് ആർക്കെങ്കിലും അറിയാൻ കഴിഞ്ഞിട്ടില്ല.

മച്ചിന്റെ ഭാരങ്ങളിലൂടെ ഓട്ട വീണ മാനത്തേക്ക് മിഴിച്ചുനോക്കുകയാണ് തന്റെ ജോലി എന്ന് കരുതിപ്പോന്നിരുന്ന ജോഴ്സൺ തോമസ് തന്റെ കെട്ടുഭാണ്ഡങ്ങളും കടലാസുതുണ്ടുകളും പേറി പടികടന്നപ്പോൾ, പിന്നിൽ തേങ്ങിയത് അമ്മയോ സഹോദരിയോ ആണെന്നും, അപ്പന്റെ ചുമ തനിക്കൊരു യാത്രാ മംഗളമാണെന്നും വിശ്വസിച്ചു. അപ്പൻ ചുമച്ച് ചുമച്ച് കൂനുമ്പോഴും, അമ്മയുടെ കണ്ണുകൾ അയാളുടെ സഹോദരിയെ വല്ലാത്തൊരു ഭാവത്തോടെ പല വട്ടം ഉഴിയുന്നത് കാണുമ്പോഴും അയാളുടെ ഉള്ളിൽ എന്തോ ആളിക്കത്തിയിട്ടുണ്ട്. സഹോദരിയുടെ ദീർഘനിശ്വാസം അയാളുടെ തലച്ചോറിന്റെ ഓരോ തരിയെയും പൊള്ളിച്ചപ്പോഴാണ് ജോഴ്സൺ പടിയിറങ്ങിയത്. കടലാസുതുണ്ടുകളും പേറി നഗരത്തിലുടനീളം ഏറെക്കാലം അയാൾക്ക് അലയേണ്ടിവന്നില്ല, എന്നു പറയുന്നതിന്റെ അർത്ഥമെന്താണെന്ന് നഗരത്തിലെ ബസ്റ്റാൻറിൽ ചുമട്ടുകാരുടെ എണ്ണം കൂടിയെന്നും അതിൽ ഏററവും പുതിയവൻ ജോഴ്സൺ തോമസ് എം. ഏ. സോഷ്യോളജി ആണെന്നുമുള്ള ലളിതമായ സത്യത്തിൽ നിന്ന് ഊഹിക്കാവുന്നതേയുള്ളൂ.

അയാളുടെ അപ്പന്റെ പേര് തോമസ്. ഈ തോമസ് മര്യാദക്കാരനായ ഒരു മനുഷ്യനാകകൊണ്ടും, ജോലിയുണ്ടായിരുന്ന കാലത്ത് വാടക കണിശമായി കൊടുക്കുന്നതിൽ അസൂയാർഹമായ ഒരു നിർബന്ധം കാണിച്ചിരുന്നതുകൊണ്ടും, വീട്ടുടമ വാടകക്കുടിശ്ശിക തീർക്കുന്നതിൽ രണ്ടുമാസത്തെ അവധി കൂടി കൊടുക്കാനുള്ള ഔദാര്യം കാണിച്ചിരുന്നതിനാൽ, ജോഴ്സന് നഗരത്തിൽ മോഷണമോ തട്ടിപ്പറിയോ നടത്തേണ്ടിയിരുന്നുവെങ്കിലും അതിനുള്ള ധൈര്യമോ ത്രാണിയോ ഇല്ലാത്ത അയാൾ തരിശു ഭൂമിയിലെ കുററിച്ചെടികളെപ്പോലെ അങ്ങിങ്ങ് വളർന്നു നില്ക്കുന്ന തന്റെ താടിയിൽ തടവി, സ്ററാൻറിന്റെ ഒരു മൂലയിൽ തൂണും ചാരിനിന്നു പോന്നിരുന്നത് കാണാൻ വലിയ ചന്തമൊന്നും ഉണ്ടായിരുന്നില്ല.

ആദ്യമെല്ലാം ബസ്റ്റാൻറിൽത്തന്നെ അന്തിയുറങ്ങിയിരുന്നു, ജോഴ്സൺ. ഒരു നാൾ നഗരാധിപന്മാർ, നഗരശുചീകരണാർത്ഥം ബസ്റ്റാൻറിൽ അന്തിയുറങ്ങുന്നവരെ ഓടിച്ച കൂട്ടത്തിൽ ജോഴ്സണും ഉൾപ്പെട്ടിരുന്നു. അതിൽപ്പിന്നെ, അന്തിയുറക്കം ഒരു പ്രശ്നമാകേണ്ടതായിരുന്നു, ജോഴ്സന്. പിറേറന്ന് രാത്രി ജോഴ്സൺ ഒരു തടിയന്റെ വലിയൊരു ചുമട് അയാളുടെ വാസസ്ഥലമായ ഒരു തീപ്പെട്ടിക്കൂടിൽ എത്തിച്ചപ്പോഴേക്കും തളർന്നു പോയിരുന്നു. കൂലി കൊടുത്ത് തടിയൻ അയാളെ പറഞ്ഞയച്ചപ്പോൾ സാമാന്യം തരക്കേടില്ലാത്ത ഒരു വലിവ് അനുഭവിക്കുന്നതിനിടയിൽ ജോഴ്സൺ പറഞ്ഞു: ''ഞാനിനി പോകുന്നില്ല.'' പട്ടണവാസികൾ ക്രൂരന്മാരാണെന്ന തത്വം തെററിക്കാതിരിക്കാൻ തടിയൻ അയാളെ വലിച്ച് പുറത്തിട്ടു. പുറത്തു കിടന്ന് ഞരങ്ങിയ ജോഴ്സന്, ''പ്ലീസ്, നമ്മളൊക്കെ ഒരു ജാതിയല്ലേ'' എന്നു പറയാൻ വളരെ ബുദ്ധിമുട്ടേണ്ടി വന്നു. (ഈ തടിയൻ പോരും വഴി ജോഴ്സനോട് പേര് ചോദിക്കയും തന്റെ പേര് മാത്തച്ചൻ ആണെന്ന് വെളിപ്പെടുത്തുകയും ചെയ്തിരുന്നു.) ജോഴ്സൺ ഇപ്രകാരം തന്റെ നിസ്സഹായത വെളിപ്പെടുത്തിയപ്പോൾ, തടിയൻ ''ജാതി'' എന്ന പദത്തിന് വളരെ ഇടുങ്ങിയ അർത്ഥമാണ് കൊടുത്തത് എന്ന കാര്യം, എല്ലാ മനുഷ്യരിലും വർഗ്ഗീയതയുണ്ട് എന്ന് വാദിക്കുന്നവർക്ക് സന്തോഷം പകരാൻ പോന്ന ഒരു വാർത്തയാണ്. (വാസ്തവത്തിൽ ജോഴ്സൺ 'മനുഷ്യൻ' എന്ന അവസ്ഥയെയാവാം ഈ പദം കൊണ്ട് ഉദ്ദേശിച്ചിട്ടുണ്ടാവുക.) അതിനാൽ അയാൾക്ക് അവിടെ കൂടാൻ കഴിഞ്ഞു. ഇതിനു പിന്നിൽ ഗൂഢവും ക്രൂരവുമായ മറെറാരു ഉദ്ദേശ്യം കൂടിയുണ്ടായിരുന്നു. താൻ കൊടുക്കുന്ന വാടക രണ്ടായി പകുത്ത് അതിൽ ഒരു ഭാഗം ഈ പുതിയ മനുഷ്യനെക്കൊണ്ട് കൊടുപ്പിച്ചാൽ അത്രയും തുക തനിക്ക് മാസംതോറും ലാഭിക്കാം എന്നതായിരുന്നു ആദൃഷ്ടചിന്ത. അതുപ്രകാരം,

ജോഴ്സൺ മൂന്നാമതൊരു മനുഷ്യനായി അവിടെ കഴിഞ്ഞു രണ്ടാമനായ സക്കറിയ എന്നു പേരുള്ള ഒരാൾ, അങ്ങാടിയിലെ കച്ചവട പ്രമാണിമാരുടെ ഭാര്യമാർക്കും മക്കൾക്കും ദൂരദേശത്ത് നിന്ന് വരുന്ന പണച്ചാക്കുകളുടെ വീട്ടുകാരികൾക്കും പൊങ്ങച്ചം കാണിക്കാനായി, കഴുത്തിലും കാതിലും, അരക്കെട്ടിലും മററും തൂക്കിയിടാൻ ആഭരണങ്ങൾ കിട്ടുന്ന ഒരു സ്വർണ്ണപ്പീടികയുടെ മുമ്പിൽ രാത്രി തോറും ഒരു വടിയും പിടിച്ച് നിന്നു പോന്നു. മഞ്ഞുകൊള്ളാതിരിക്കാൻ ഒരു തൊപ്പിയും അയാൾക്കുണ്ടായിരുന്നു. പ

കൽ മുഴുവൻ മരപ്പട്ടിയെപ്പോലെ കിടന്നുറങ്ങുന്ന ഈ മനുഷ്യനാണ്, സുന്ദരികളുടെ അർദ്ധ നഗ്നവും പൂർണ്ണനഗ്നവുമായ ചിത്രങ്ങളും, തീപ്പെട്ടിക്കൂടിന്റെ ചുമരുകൾക്കിടയിൽ വസിച്ചിരുന്ന പഴുതാര, അട്ട, തേള്, തുടങ്ങിയ ഉപദ്രവകാരികൾക്കും, അത്രതന്നെ ഉപദ്രവം ചെയ്യാത്ത പാററ, പല്ലി, തുടങ്ങിയ ജീവികൾക്കും പുറമെ വരാനാവാത്ത വിധം ഒട്ടിച്ചത്, എന്ന സത്യം ജോഴ്സന് അറിഞ്ഞുകൂടായിരുന്നു. അങ്ങനെ, ഒരു ആൾക്കു താമസിക്കാനിടമുള്ള മുറിയിൽ മൂന്നുനസ്രാണികൾ കഴിഞ്ഞു പോന്നത് തീർത്തും യാദൃച്ഛികമായിട്ടാണ്, എന്നുപറയണമെങ്കിൽ, രണ്ടാമനായ സക്കറിയ തന്റെ വാടകഭാരം കുറയ്ക്കുന്നതിനു വേണ്ടിയായിരുന്നു മുമ്പ്, ആയിടെ നഗരത്തിൽ പുതുതായി വന്ന മാത്തച്ചന് താമസ സൗകര്യം നല്കിയത് എന്ന വസ്തുത കൂടി അറിയേണ്ടിയിരിക്കുന്നു.

അധികം ഭാരമൊന്നും പേറാൻ ജോഴ്സന് വയ്യായിരുന്നു. അപ്പന്റെ ചുമ രാത്രി തോറും അയാളുടെ മസ്തിഷ്കത്തിൽ താളം കൊട്ടിയിരുന്നതിനാൽ അസ്വസ്ഥമായ ഒരു തലച്ചോറ് കൂടെ പേറേണ്ടിയിരുന്നു, അയാൾക്ക്. പകൽ മുഴുവൻ ഓട്ടവീണ മാനത്തേക്ക് നോക്കിയിരുന്ന ജോഴ്സന് ഇപ്പോൾ തനിക്ക് ആകാശത്തിന്റെ അനന്തത കാണേണ്ടിവന്നിരിക്കുന്നു, എന്ന് ചിന്തിക്കാൻ പോന്ന ഒരാത്മബോധം ഇല്ലായിരുന്നു. വൈകുന്നേരങ്ങളിൽ അപ്പൻ ചുമച്ച് കൂനുമ്പോൾ പുറം തടവിക്കൊടുത്തിരുന്ന ജോഴ്സൺ ഇപ്പോൾ, സായാഹ്നങ്ങളിൽ, ഒന്നുകിൽ ഷെഡ്ഡിന്റെ മൂലയിൽ തൂണും ചാരി ആൾക്കൂട്ടത്തിൽ തന്റെ പെൺകുട്ടിക്ക് വേണ്ടി വെറുതെ നോട്ടമയയ്ക്കുകയോ, അല്ലെങ്കിൽ മുറിയിൽ കിടന്ന് ചിത്രങ്ങൾ നോക്കി സ്വയം ഭോഗം ചെയ്ത് മനസ്സിന്റെ പിരിമുറുക്കം കുറയ്ക്കാൻ വൃഥാശ്രമം നടത്തുകയോ ചെയ്തുപോന്നു. രാത്രിയുടെ നിശ്ശബ്ദതയിൽ സഹോദരിയുടെ നിശ്വാസങ്ങളോ, ചുമ കൊണ്ട് പിടയുന്ന അപ്പന്റെ ദയനീയതകളോ, കണ്ണടച്ച് കൈകൂപ്പുന്ന അമ്മയുടെ ദൈന്യതയോ, ഏതോ പെൺകുട്ടിയുടെ ആർദ്രമായ കണ്ണുകളോ അയാളുടെ നിദ്രയെ നിരന്തരം അസ്വസ്ഥപ്പെടുത്തിക്കൊണ്ടിരുന്നു. അപ്പോഴെല്ലാം കിടന്ന കിടപ്പിൽ അയാൾ ഉരുളുകയോ, നെടുവീർപ്പുകൾ ഉതിർക്കുകയോ, അല്ലെങ്കിൽ പുറത്തിറങ്ങി നിറഞ്ഞ ആകാശത്തേക്ക് നോക്കി ഒരു കുഞ്ഞിനെപ്പോലെ ഒന്ന് വിലപിക്കാനാവാതെ വിങ്ങുകയോചെയ്തു. ഒരിക്കൽ അത്തരം ഒരവസരത്തിൽ നെഞ്ചിൽ കൈയ്യമർത്തി. ''ഈ വരണ്ട കാററ് എവിടെ നിന്നാണ് വീശുന്നത്, എന്റെ ദൈവമേ'' എന്ന് തേങ്ങിപ്പോയതിന്, ''നിന്റെ അമ്മയുടെ അസ്തിമാടത്തിൽ നിന്ന്, പട്ടീ മിണ്ടാതെ കിടന്നോ'' എന്ന് മാത്തച്ചനിൽ നിന്ന് അയാൾ കേട്ടതാണ്. എന്നിരിക്കിലും മാത്തച്ചൻ അയാളോട് ഒരു വലിയ ഉപകാരം ചെയ്യുകയുണ്ടായി. ഒരു രാത്രിയിൽ ശ്വാസം മുട്ടി ജോഴ്സൺ പിടഞ്ഞപ്പോൾ മാത്തച്ചൻ തനിച്ചാണ് അയാളെ ആസ്പത്രിയിൽ ആക്കിയത്. ഡോക്ടർ, ജോഴ്സന് പല രോഗങ്ങളും ഉണ്ടെന്നും ആസ്തമ അതിൽ ഒന്നുമാത്രമാണെന്നും വെളിപ്പെടുത്തുകയും സമ്പൂർണ്ണ വിശ്രമം ഉപദേശിക്കയും ചെയ്തു. ഇത് ചെവിക്കൊണ്ടിരുന്നെങ്കിൽ ജോഴ്സന്, ''ഇത് അപ്പന് ചുമയ്ക്ക്'' എന്ന കുറിപ്പോടെ അല്പം പണം നാട്ടിലേക്ക് അയയ്ക്കാൻ കഴിയില്ലായിരുന്നു. അയച്ച പണം അവിടെക്കിട്ടി എന്നയാൾ അറിഞ്ഞപ്പോൾ, അപ്പൻ എങ്ങനെയോ വാടക തീർത്തുവെന്ന് അറിഞ്ഞതിൽ സന്തോഷിക്കയും, ദൈവത്തിന് ഒരു സ്തുതി പറയാൻ മറക്കാതിരിക്കുകയും ചെയ്തു എന്നതിൽ നിന്നും, ജോഴ്സൺ അദ്ധ്വാനിയും അപ്പനോട് സ്നേഹമുള്ളവനും ദൈവവിചാരം ഉള്ളവനാണെന്നും തെളിയുന്നു അല്ലെങ്കിൽപ്പിന്നെ, ആസ്തമാ രോഗിയായ —മററു പല രോഗങ്ങളുമുണ്ടെന്ന് ഡോക്ടർ—ഒരു ചുമട്ടുകാരന് പണം മിച്ചം വയ്ക്കാൻ കഴിഞ്ഞത് മേൽപ്പറഞ്ഞ മൂന്ന് സദ്ഗുണങ്ങൾ കൊണ്ടല്ലാതെ മറെറന്തു കൊണ്ടാണ് ?

രണ്ടാമനായ സക്കറിയയും യുവാവാണെങ്കിലും കാര്യക്ഷമതയും വിവരവുമുള്ളവനാണെന്ന് സക്കറിയ ഒരിക്കൽ ജോഴ്സനോട് ചോദിച്ച ഒരു ചോദ്യത്തിൽ നിന്ന്, തെളിയുന്നുണ്ട് : താനെന്താണ് എപ്പോഴും ഇന്ത്യൻ യുവത്വത്തെപ്പോലെ അസ്വസ്ഥനായിരിക്കുന്നത്'' എന്നതായിരുന്നു, ആ ചോദ്യം. ഈ സക്കറിയ വല്ലാത്തൊരു മനുഷ്യനാണ്. ആരോടും മിണ്ടാതെ, താടിയും മുടിയും നീട്ടി, ഏതാണ്ട് ഒരു സന്യാസിയെപ്പോലെ കഴിഞ്ഞു വന്ന ജോഴ്സന്, 'സ്വാമി സ്വയം ഭോഗാനന്ദ' എന്നു പേരു നൽകിയത് അയാളാണ്. കൂടാതെ ഇയാളും മാത്തച്ചനും കൂടെ ഒഴിവു ദിനങ്ങളിൽ വേശ്യാലയങ്ങൾ സന്ദർശിക്കയും ജോഴ്സനെ ക്ഷണിക്കയും ചെയ്തു. ജോഴ്സൻ പോകാതിരുന്നതിനാലാണ് മുൻ ചൊന്ന പേര് അയാൾ നൽകിയത്. തന്നെയുമല്ല, ചില ദിവസങ്ങളിൽ ഇവർ സ്ത്രീകളെ മുറിയിലേക്ക് കൊണ്ടു വരികയും ചെയ്തു. ഇപ്രകാരം കുരുത്തംകെട്ട രണ്ടു നസ്രാണികളുടെ കൂടെ ദുർന്നടപ്പുകാരനല്ലാത്ത ജോഴ്സൺ നിശ്ശബ്ദനായി കഴിഞ്ഞുപോന്നു. ഇവർ ജോഴ്സനെ പല തരത്തിലും ഉപദ്രവിക്കുകയും ചെയ്തിട്ടുണ്ട്. വസ്ത്രം അലക്കിപ്പിക്കുക, അനുസരിക്കാഞ്ഞാൽ പുറത്താക്കുമെന്ന് ഭീഷണിപ്പെടുത്തുക, ഇവയെല്ലാം ഇവരുടെ ക്രൂരകൃത്യങ്ങളാണ്.

ഒരുനാൾ ഇവർ ഒരു സ്ത്രീയെ മുറിയിലേക്ക് കൊണ്ടുവരികയുണ്ടായി രണ്ടുപേരും അനുഭവിച്ചതിന് ജോഴ്സൺ സാക്ഷിയാണ്. അപ്പോൾ നഗരത്തിന്റെ അഴുക്കുചാലിന്റെ മണം അനുഭവിച്ചുകിടന്നിരുന്ന ജോഴ്സനോട് നീയും വേണമെങ്കിൽ ആയിക്കോ എന്നവർ പറഞ്ഞു. പെണ്ണ് മൂന്നാമന്റെ വരവും കാത്ത് കിടക്കുന്നത് ജോഴ്സന് കാണാമായിരുന്നു. അയാളുടെ ഉള്ളിൽ പ്രാകൃതമായ ഒരു വികാരത്തിന്റെ അണപൊട്ടലുണ്ടായി. സ്വയഭോഗം ചെയ്ത് ചെയ്ത് അയാൾ മടുത്തിരുന്നു. തന്റെ വികാരം ശരീരത്തിൽ പടരാൻ താമസം പിടിക്കുന്നതായി അയാൾ അറിഞ്ഞു. എത്രയോ പേർ അന്തിയുറങ്ങിയ വഴിയമ്പലം കണക്കെ അവൾ അയാൾക്കുമുന്നിൽ മലർന്നു കിടന്നു. അവളുടെ നഗ്നതയിലൂടെ പുഴുക്കൾ അരിക്കുന്നതായി അയാൾക്ക് തോന്നി. അയാൾക്ക് വല്ലാത്ത ഒരു മനം പുരട്ടൽ അനുഭവപ്പെട്ടു. വിശുദ്ധിയേറിയ ഒരു തളർച്ച തന്റെ ദേഹത്തെ പിടികൂടുന്നതായി അയാളറിഞ്ഞു. തുറന്ന ജാലകത്തിലൂടെ ആകാശത്തേക്ക് നോക്കിയാൽ അടുത്തടുത്ത് കാണുന്ന രണ്ടു നക്ഷത്രങ്ങളില്ലേ, അവയുടെ ഇടയിലേ ശൂന്യതയിലേക്ക് അയാൾ നോട്ടമയച്ചു. അയാളുടെ കാഴ്ച ഇരുട്ടിലൂടെ പറന്ന് പറന്ന് ശൂന്യതയിൽ പതിയുന്നതിന് തൊട്ടുമുമ്പത്തെ നിമിഷത്തിൽ 'ഒന്ന് വേഗം തീർക്കു മനുഷ്യാ' എന്ന് അവൾ പറഞ്ഞത് അയാളിൽ ഈർഷ്യയുണർത്തി. അയാളുടെ നോട്ടമെങ്ങാനും ആ ശൂന്യതയിൽ പതിഞ്ഞിരുന്നെങ്കിൽ ഏററവും ഭാഗ്യവാനാകുമായിരുന്നു അയാൾ. അനേക വർഷം ഹിമാലയ പ്രാന്തങ്ങളിൽ തപസ്സനുഷ്ഠിച്ചാൽ മാത്രം മഹർഷിമാർക്കു കിട്ടുന്ന നിസ്സംഗത എന്ന സംഗതി അയാൾക്ക് ആ പ്രത്യേക നിമിഷത്തിൽ കിട്ടുകയില്ലെന്ന് ആരുകണ്ടു? അ

വളിപ്രകാരം പറഞ്ഞത്കൊണ്ട് അയാൾക്ക് ആ ഭാഗ്യം നഷ്ടമായിരിക്കുകയാണ്. ഒരു കത്തിയുണ്ടായിരുന്നെങ്കിൽ, മാങ്ങപൊത്തും പോലെ അവളുടെ മുല രണ്ടും ചെത്തിക്കളയുകയോ, അടിവയററിലേക്ക് കത്തിയാഴ്ത്തുകയോ ചെയ്യാമായിരുന്നുവെന്ന് അയാൾ ഓർത്തു. പക്ഷേ ഒന്നും ഉണ്ടായില്ല. പൂർവ്വാധികം അസ്വസ്ഥതയോടെ അയാൾ തറയെ പ്രാപിക്കയാണുണ്ടായത്.

ചുമടു താങ്ങി മിച്ചം വച്ച പണം മാത്തച്ചൻ എന്ന ഒന്നാമത്തെ നസ്രാണി കള്ളു കുടിച്ചു തീർത്തതിനാൽ ഏകദേശം ഭ്രാന്തിന്റെ വക്കത്ത് എത്തിയിരുന്നു, ജോഴ്സൺ ഒരാത്മബോധവുമില്ലാത്ത അയാൾ ഏതോ ഉൾപ്രേരണയാൽ മിച്ചം വച്ചത് അപ്പനും സഹോദരിക്കും വേണ്ടിയായിരുന്നു. എന്നാൽ, അയാൾ ശ്വാസം മുട്ടി പിടഞ്ഞ രാത്രിയിൽ അപ്പൻ യാത്രയാവുകയും അതിനും എത്രയോ മുമ്പ് അയാളുടെ സഹോദരി നാട്ടിലെ അറിയപ്പെടുന്ന തേവിടിശ്ശിയായിക്കഴിയുകയും ചെയ്തിരിക്കുന്നു, എന്ന വാർത്തയെങ്ങാനും അയാൾ അറിഞ്ഞിരുന്നെങ്കിൽ എല്ലാ ബാധ്യതകളിൽനിന്നും ദുരിതങ്ങളിൽ നിന്നും അയാൾക്ക് മോചനം കിട്ടിയേനെ. ഇനിയും ചുമടു താങ്ങാൻ വയ്യാതായിത്തീർന്ന അയാൾ നഗരത്തിൽ ചില കൂട്ടുകാരെ സമ്പാദിച്ചത് കടംവാങ്ങൽ എന്ന പ്രക്രിയയിൽ കൂടിയായിരുന്നു. തീപ്പെട്ടിക്കൂടിനരികെ പാൽ വിൽക്കുന്ന ഒരു പയ്യൻ, പപ്പടം വിൽക്കുന്ന ഒരു പട്ടർ, പൂ വിൽക്കുന്ന ഒരു പെണ്ണ് എന്നിവർക്ക് അയാൾ കടം വീട്ടേണ്ടതുണ്ടായിരുന്നു. ഏറെക്കാലം പരിചയമുള്ളവർക്കേ പട്ടണവാസികൾ കടം കൊടുക്കാറുള്ളൂ എന്ന തത്ത്വം, ജോഴ്സൺ നഗരത്തിൽ വന്നിട്ടെത്രയായി എന്ന ചോദ്യത്തിന്റെ ഉത്തരത്തിലേക്ക് വെളിച്ചം വീശാനോ വിരൽ ചൂണ്ടാനോ പര്യാപ്തമാണ്.

എല്ലാ മനുഷ്യരെയും നാറുന്നുണ്ട് എന്നും മററും ജോഴ്സൺ പറഞ്ഞു തുടങ്ങിയതും അകാരണമായി മൂളിത്തുടങ്ങിയതും ഏതാണ്ടീതേ കാലത്താണ്. നിരത്തിൽ നിന്ന് മുറിയിലേക്ക് കടക്കുമ്പോൾ മൂളുക, മുറിയുടമയുടെ തല ദൂരെക്കണ്ടാൽ മൂളുക, ഇവ നിത്യസംഭവമായിത്തീർന്നു ഒന്നാമനായ മാത്തച്ചൻ നഗരത്തിന്റെ ഇടുങ്ങിയ തെരുവിലേക്ക് താമസം മാററിയതിനാൽ മേലിൽ ജോഴ്സന് അയാളുടെ വാടകയും കൊടുക്കേണ്ടിവന്നു. രണ്ടാമനായ സക്കറിയ ഒരു രാത്രി പോയതിൽ പിന്നെ തിരികെവന്നിട്ടില്ല. ആഭരണക്കട ശൂന്യമാക്കപ്പെട്ട ആ രാത്രയിലാണ്, സക്കറിയ കുടൽമാല പുറത്ത് ചാടിയ നിലയിൽ കണ്ടത്. അതിനാൽ ഇനി വാടക ഭാരം മുഴുവൻ ജോഴ്സൺ പേറിയില്ലെങ്കിൽ തെരുവിൽ ഒരു പട്ടിയെപ്പോലെ അലയാം. പ്രാകൃതമായ ഒരാർത്തിയോടെ അയാൾ സക്കറിയയുടെ പെട്ടിയെ സമീപിച്ചു. രണ്ടു വസ്ത്രങ്ങൾ, ഒരു പേനാക്കത്തി, ഒരു തൊപ്പി, കാമസൂത്രം, ഇതാണ് ലെനിൻ. ഇൽമുന്നിക്കാഹ് അഥവാ ദാമ്പത്യ ശാസ്ത്രം, രണ്ടുമൂന്ന് വളപ്പൊട്ട്, ഒരഞ്ചു പൈസാത്തുട്ട്, ഒരു മയിൽപ്പീലി ഇവ മാത്രം.

ഇതിനകം തന്നെ ജോഴ്സൺ, പകൽ മുഴവൻ നഗരത്തിൽ മുറിയുടമയെ പേടിച്ച് ഭ്രാന്തനെപ്പോലെ അലഞ്ഞു. തിരിഞ്ഞുവെങ്കിലും അയാൾക്ക് ഭ്രാന്തൊന്നും ഉണ്ടായിരുന്നില്ല. എന്നാൽ വിശന്നു പൊരിഞ്ഞപ്പോൾ പാർക്കിൽവച്ച് ഒരു കുഞ്ഞിന്റെ കൈയിൽ നിന്ന് ഐസ്ക്രീം തട്ടിയെടുത്തത് കപ്പലണ്ടികൊറിക്കുന്ന ദമ്പതികളുടെ പക്കൽനിന്ന് പാക്കററ് കൈക്കലാക്കിയത്, കാശു കൊടുക്കാതെ കാപ്പികുടിച്ചതിന് തല്ലു മേടിച്ചത്, തൊപ്പിവച്ച പോലീസിനെ കണ്ടപ്പോൾ കാർക്കിച്ചു തുപ്പിയത് ഇവയെല്ലാം അയാൾക്ക് ഭ്രാന്താണെന്നുള്ളതിന് തെളിവായി ഉദ്ധരിക്കപ്പെട്ടു. രണ്ടുപ്പേർ മാത്രം അത് വിശ്വസിച്ചില്ല ഒന്ന് മുറിയുടെ ഉടമ; പിന്നെ ജോഴ്സൺ.

പലവുരു, വാടക ചോദിച്ചപ്പോഴൊക്കെ നാളെത്തരാം എന്ന് പറഞ്ഞ് ഒഴിഞ്ഞു നടക്കുകയായിരുന്നു ജോഴ്സൺ ഒരു നാൾ ഉടമ അയാളെ കൈയോടെ പിടികൂടുകയുണ്ടായി. ''വാടകയെടുക്കെടാ പന്നീ'' എന്ന് ആക്രോശിച്ചപ്പോൾ, ''വരൂ തരാം'' എന്ന് ഒരു പ്രവാചകനോ ദൈവ പുത്രനോ പറയാൻ കഴിയുന്നത്ര സൗമ്യതയോടെ പറയുകയും, ഉടമയെ മുറിയിലേക്ക് നയിക്കുകയുമാണ്, ജോഴ്സൺ ചെയ്തത്. ജോഴ്സൺ ആദ്യം തന്റെ ഭാണ്ഡം പരതി. ശൂന്യമാണെന്നറിഞ്ഞിട്ടും വീണ്ടും പരതി. പിന്നെ സക്കറിയയുടെ പെട്ടി. അഞ്ചു പൈസാ തുട്ടെടുത്ത് വിറയ്ക്കുന്ന കൈയോടെ, അത് അയാൾക്ക് നേരെ നീട്ടിയിട്ട് ആർദ്രതയാർന്ന ശബ്ദത്തിൽ, ''ഇതാ'' എന്ന് മാത്രം പറഞ്ഞിരുന്നെങ്കിൽ മൂന്നാമത്തെ നസ്രാണിയുടെ കഥ മറെറാന്നാകുമായിരുന്നു. പക്ഷെ അയാൾ ചെയ്തത്, അതല്ല. പെട്ടിയിൽ നിന്ന് പേനാക്കത്തിയെടുത്ത് ഓങ്ങിക്കൊണ്ട് ''എടാ പട്ടീ, ദുഷ്ടാ, നിനക്ക് ഇതു പോലെ എത്ര മുറിയുണ്ട്, ഒരു മാസം നിനക്ക് എന്റെ പണം കിട്ടിയില്ലെങ്കിൽ നിന്റെ വായിൽ മണ്ണു വീണുപോകുമോ, കഴുവേറിയുടെ മോനേ, ചാകുമ്പോൾ ഇതൊന്നും നീ കൊണ്ടുപോകുന്നില്ലെന്ന് അറിയാൻ പോകുകയാണ്'' എന്നൊക്കെ പറയുകയാണുണ്ടായത്. പൊതുവെ ശോഷിച്ചവനും, കൂടാതെ പട്ടിണിയാൽ തളർന്നവനും, പോരാഞ്ഞ് ആസ്തമാ രോഗിയുമായ—മററു പല രോഗങ്ങളുമുണ്ടെന്ന് ഡോക്ടർ— ജോഴ്സനെ ഉടമ ഒരൊററത്തട്ടിന് വീഴ്ത്തുകയും കത്തിയും ജോഴ്സനും താഴെക്കിടക്കുകയും ചെയ്തിരുന്നുവെങ്കിൽ, എന്താകുമായിരുന്നു മൂന്നാമത്തെ നസ്രാണിയുടെ കഥ ? എന്നാൽ, ഇപ്രകാരം പറയുന്നതിനിടയിൽത്തന്നെ, ഉടമയുടെ ശരീരത്തിൽ, നാഭിക്കു താഴെ പക്വാശയം എന്ന പിത്തത്തിന്റെ സ്ഥാനം, നാഭി എന്ന വായുവിന്റെ സ്ഥാനം, നെഞ്ചിൽ കഫത്തിന്റെ സ്ഥാനം എന്നിവിടങ്ങളിലെല്ലാം ജോഴ്സന്റെ കത്തി, പെൺകുട്ടിയും ആൺകുട്ടിയും കണ്ണുകൊണ്ട് ഹൃദയം കൈമാറുന്ന വേഗതയോടെ,അല്ലെങ്കിൽ, കാമുകി കൺമുനകൊണ്ട് കാമുകന്റെ കരൾ കൊത്തി വലിക്കും പോലെ ഗൂഢമായി പുളകച്ചാലുകൾ കീറുന്നുണ്ടായിരുന്നു. എല്ലാം പറഞ്ഞു തീർന്നപ്പോൾ, ജോഴ്സൺ കത്തി ഒന്ന് മണപ്പിച്ചു. പിന്നെ ആകാശത്തിന്റെ അങ്ങേ ചരിവിലെ ഒരുവെള്ളിമേഘത്തെ നോക്കി നെടുവീർപ്പിട്ടു അനന്തരം ജോഴ്സൺ തോമസ്, ഊരിപ്പിടിച്ച കത്തിയുമായി, കത്തുന്ന വെയിലിലൂടെ, നിലാവിന്റെ നിഴലിലൂടെ, മഞ്ഞിന്റെ കുളിരിലൂടെ, ലില്ലിപ്പൂക്കളുടെ താഴ്വാരത്തിലേക്ക് നടന്നു.

# മുറിഞ്ഞ രേഖകൾ

രാജൻ, എ.

നമ്മുടെ വളർത്തു പ്രാവുകളെല്ലാം
പിടഞ്ഞുവീണു മരിക്കുന്നത്
ഈ
വിഷസന്ധ്യയിൽ ചേക്കേറിയാണ്.
ഉദയാസ്തമയങ്ങൾക്കിടയിൽ
ഞെരിഞ്ഞമരുന്ന
പകൽപോലെ,
എനിക്കപ്പുറവുമിപ്പുറവും
രണ്ട് മതിലുകളുയരുന്നു.
ഞാൻ,
കയറൂരിവിട്ട പശുക്കുട്ടിയുടെ-
ആർത്ത നാദമാണ്
ദൂരെനിന്ന് കേൾക്കുന്നത്.
വീട്ടുമുററത്ത് വളർന്നു കൊണ്ടിരിക്കുന്ന
കളകൾ പറിച്ചു മാററുമ്പോൾ
കൈപ്പടത്തിൽ-
സർപ്പദംശന മേൽക്കുന്നു.
ഭ്രാന്താലയത്തിനുള്ളിൽ
ആത്മഹത്യ ചെയ്ത-
സുഹൃത്തിനെ നോക്കി-
കൂട്ടുകാർ,
ആർത്തു ചിരിക്കുകയും,
കുശലം പറയുകയും ചെയ്യുന്നു.
ഉടഞ്ഞ വളപ്പൊട്ട്-
പെറുക്കി മാററാൻ ധൃതിപ്പെടുന്ന
പെങ്ങളെ നോക്കി,
ഒരു
തണുത്ത നിശ്വാസം
മനസ്സിന്റെ പടികളിറങ്ങിപ്പോകുന്നു.
എന്റെ കൃഷ്ണമണികളിൽ
ചേക്കേറാനൊരുങ്ങുന്ന
കറുത്ത രാപ്പക്ഷികൾ-
ചിറക് കുടഞ്ഞും, കുറുകിയും
തലച്ചോറ് കൊത്തി വലിക്കുന്നു.
അഭിശപ്തമായ ജാതകക്കുറിപ്പിലേക്ക്—
മഷിയിട്ടുള്ള കാത്തിരിപ്പ്.
ഭാഗ്യരേഖയെ മുറിച്ചുകടക്കുന്ന—
രണ്ടെതിർ രേഖകൾ

# നദി

അബ്ദുള്ള സി. യം

മഹാകാശങ്ങളുടെ വേനലിന്നുകീഴിൽ
വർഷങ്ങളുടെ നിലക്കാത്തമാരിക്ക് കീഴേ
ലഹരിയുടെ ചിറകായ പ്രിയനദി ഒഴുകുകയാണ്
അജ്ഞതകളും അറിവുകളും കടന്നപ്പുറത്തേക്ക്
ഋതുക്കൾക്കും മരണങ്ങൾക്കും അപ്പുറത്തേക്ക്
ജനിമൃതികളില്ലാത്ത അനന്തതയിലേക്ക്
ചുണ്ടുണങ്ങിയ മൺകീറിൽ
രണ്ടില നാലില വിരിച്ചെഴുതിയത് ഈ നദിയാണ്
സ്വാസ്ഥ്യത്തിന്റെ അഴുക്ക് പുരണ്ടമനസ്സിൽ
സ്നേഹത്തിന്റെ തേൻചുരത്തിയതും ഇതേ നദി തന്നെ
കുലം മറന്ന ചെറുമക്കൾ
ഗതിമാറിയ പടവുകൾ കയറിപ്പോകുന്നു
അങ്ങുമിങ്ങു മറിയാതെ കലഹിച്ചും
രതിമൂർച്ഛയിലെല്ലാം മറന്നും
നതിപകുത്ത് പകുതിതിന്നാൻ തരംപാർത്തും
തരങ്ങളും നിറങ്ങളും ഇനിയുമെത്ര
നദിവീണ്ടും ഒഴുകുകയാണ്.
വാക്കർത്ഥങ്ങളുടെ ബന്ധങ്ങളിൽ മാത്രം സ്വന്തം തേടുന്നവരേ
വറുതികളുടെ തിറയാട്ടം നിന്നെ മൂടും മുമ്പേ
നെഞ്ചുരുകി നീയൊഴുക്കിയ നോവിന്റെ നീര്
കാഴ്ചകൾക്കപ്പുറം പതിയിരിക്കുന്നവർ മോന്തികുടിക്കും മുമ്പേ
പ്രണയിനിയുടെ ഈ നിറഞ്ഞമിഴികളിൽ
ഒരു സ്നേഹാർദ്ര ചുംബനം നൽകാൻ പോരുക.
പാപത്തിന്റെ കറപുരണ്ട കയ്യേന്തുന്നവരേ
നിങ്ങളീ നദിയിലേക്ക് വരിക
കരയിലിരുന്ന് കൈനീട്ടാതെ
കണ്ണ് മിഴിച്ച് മനമിടറാതെ
നദിയിലിറങ്ങി ഓരോ മുത്തും പെറുക്കിയെടുക്കുക
മഹാനാശത്തിന്റെ ബീജങ്ങൾ പേറുന്നവരേ
മിഴിചിമ്മി തുറക്കുന്നതിൻ മുൻപേ
നിങ്ങളും എന്റെ നദിയിലേക്ക്തന്നെ വരിക
നദി എനിക്ക് മുകളിലൂടെ നിറഞ്ഞൊഴുകുകയാണ്
നദിയുടെ ലഹരി
എന്റെ സിരകളിൽ കുളിരായി പൊഴിയുന്നു
അവളുടെ കണ്ണിൽ
പാപം കഴുകിയ എന്റെ മുഖത്തെ ഞാൻ കണ്ടെടുക്കുന്നു
പിന്നെ
നദിഞാനായി
ഞാൻ നദിയായി
ഞങ്ങളൊന്നായി മാറുന്നു.

# നഖചിത്രങ്ങൾ

എ. എസ്. നാസറുദ്ദീൻ തങ്ങൾ

പണ്ടു ഞാൻ നഖചിത്രങ്ങൾ വരക്കുമായിരുന്നു.
കാററും മഴയും വെയിലും
വഴിയേ കടന്നുപോയ കൂട്ടുകാരനും
അത് മായ്ക്കുമായിരുന്നു
ഇപ്പോഴും ഞാൻ നഖചിത്രങ്ങൾ വരക്കുന്നു.
ഇനിയത് മായ്ക്കുക മരണത്തിന്റെ
കരങ്ങളായിരിക്കും.

''ഇൻ ദി ഏജസ് ഓഫ് കമ്പ്യൂട്ടർ''



# നഷ്ടസ്മൃതി

നസീർ ഹുസൈൻ പി. ടി.

പ്രവേശനകവാടത്തിലെ മിനാരങ്ങളിൽ കുറുകുന്ന പ്രാവുകളുടെ ഈണത്തിന് അസാധാരണത്വമുണ്ടെന്ന് എനിക്കുതോന്നി. കഴിഞ്ഞ നാളുകളിൽ ഉണ്ടായിട്ടില്ലാത്ത എന്തൊക്കെയോ അനുഭവങ്ങൾ എന്നെ പുണരുകയും അതിൽ ഞാനാകെ അസ്വസ്ഥനായിത്തീരുകയും ചെയ്യുന്നത് വെറുമൊരു തോന്നലായിക്കാണാൻ കഴിയുന്നില്ല.

വാച്ചിങ്ങ് റൂമിലെ നിശബ്ദതയിലും ഹംസാക്കയുടെ രൂപം തെളിഞ്ഞുവരുന്നു. കിഴക്കൻ കാടുകളിൽ നിന്നും കുടിയേറി, കോളേജ് പരിസരത്തെയാകമാനം കിടിലം കൊള്ളിച്ച ഭീകരൻ പുലിയെ കീഴടക്കിയ വീരസാഹസിക കഥ ഒത്തിരി ആവേശത്തോടെ തന്നെ വിവരിക്കുമായിരുന്നു ഹംസാക്ക.

പൂക്കളും കാററാടിമരങ്ങളും കാററും കിളികളും മാററങ്ങളെ കാണുന്നുണ്ടാവില്ല. വരുന്നവരൊക്കെ കുറച്ചു കാലം കഴിയുമ്പോൾ തിരിച്ചുപോകുമെന്നറിയുന്നതുകൊണ്ടാവാം ആരെയും അവ ശ്രദ്ധിക്കാറുമില്ല.

പോർട്ടിക്കോയുടെ കോണുകളിൽ 'കമ്പനികൾ' കൂടിനിന്ന് വലിയ ശബ്ദത്തിൽ ചിരിച്ചുരസിക്കുന്നു. അവരിലേക്ക് കടന്നുചെല്ലാൻ ശ്രമിച്ചില്ല. സത്യത്തിൽ ഭയമായിരുന്നു. ഒരു പക്ഷെ അവർ വേണ്ടത്രഗൗനിച്ചില്ലെങ്കിലോ ഒരുപാടു പുതിയ കാര്യങ്ങൾ അവർക്കു പറഞ്ഞുതീർക്കാൻ കാണും. അതിനിടയിൽ പഴയ ഏടുകൾ വിരസമാവില്ലെ.

ലൈബ്രറിക്കു മുമ്പിലെ പൂന്തോട്ടത്തിൽ നിറഞ്ഞുനില്ക്കുന്ന കടലാസുപൂക്കളെ ഞാൻ ശ്രദ്ധിച്ചു. ഇത്തവണയും അവ സുലഭമായി പൂത്തിരുന്നു. പൂക്കാതിരിക്കാൻ കാരണമൊന്നുമില്ലാത്തതിനാൽ എല്ലാതവണയും അവ പൂക്കുന്നു. ലൈബ്രറി വരാന്തയിലും തൂണിനരികിലും ഞാൻ നിന്നു നിമിഷം തോറും അസ്വസ്ഥത എന്നെ കീഴടക്കുകയാണ്. ലൈബ്രറിക്കകത്തുള്ളവരൊക്കെ 'സ്വന്തം' ആളുകളായിരുന്നു സീനിയോററി പരമാവധി ഉപയോഗപ്പെടുത്തി തെല്ലധികാരത്തോടെ അവിടെ കടന്നുചെന്ന് എന്തും ചോദിക്കുമ്പോഴും ആകപ്പാടെ ഒരു വലിയവൻ തന്നെയെന്ന തോന്നൽ. കൊമേഴ്സ് ബ്ലോക്കും, ന്യൂ ബ്ലോക്കും സവാരിക്കുള്ള കേന്ദ്രങ്ങളായിരുന്നു. കടന്നുപോകുമ്പോഴൊക്കെ കണ്ണുകൾ ക്ലാസുകൾക്കകത്ത് പരതി നടന്നിരുന്നു. ഇന്ന് കണ്ണുകളിൽ നിർവ്വികാരതമാത്രം. അതൊരു നിരാശയുടെ പ്രതിഫലനമാണ്.

കാററാടി മരങ്ങളുടെ അതിരുചേർന്ന് പരിസരം മറന്ന് പറഞ്ഞും ചിരിച്ചും രസിക്കുന്ന കൊച്ചുകൂട്ടങ്ങളെ ഞാൻ ശ്രദ്ധിച്ചു, അവരുടെ വിഷയം, ആണെന്ന് മനസ്സിലാക്കാൻ എനിക്കു പ്രയാസമില്ല. ഞാനും അവരിൽ ഒരാളായിരുന്നല്ലൊ- കെമിസ്ട്രി ബ്ലോക്കിന് മുന്നിലെ മരച്ചോട്ടിലെ കൂട്ടത്തിൽ നിന്നും രണ്ടുപേർ എന്റെ നേരെ വന്നു. അസ്വസ്ഥമായ മനസ്സുമായി കടന്നുചെന്ന എന്നെക്കുറിച്ച് അവരെന്തു മനസ്സിലാക്കിയോ ആവോ ? സംസാരിച്ചു, ചിരിച്ചു, പക്ഷെ അല്പനേരം. അവരെക്കാത്ത് മരച്ചുവട്ടിൽ നില്ക്കുക്കവരോട് ചേരാൻ അവർ തിരിച്ചു ഞാൻ ഏകൻ, തികച്ചുമൊരപരിചിതൻ. പാശ്ചാ

ത്താപത്തിന്റെ വിത്തുകൾ എന്റെ മനസ്സിൽ പാകിയാണവർ കടന്നുപോയത്.

ഞാനും ഇവിടെ വിദ്യാർത്ഥിയായിരുന്നല്ലോ. 'കമ്പനി'യുണ്ടായിരുന്നു, ലൈബ്രറിയും ന്യൂബ്ലോക്കും കാറ്റാടിമരങ്ങളും അന്നുമുണ്ടായിരുന്നു. അവിടങ്ങളിലൊക്കെ കൂട്ടം ചേർന്ന് 'മിന്നി'യിരുന്നു ചിരിപ്പിക്കുകയും ഒച്ചവെച്ച് സംസാരിക്കുകയും ചെയ്തിരുന്നു. വഴിയിലൂടെ കടന്ന് പോകുന്ന മണിപ്രാവുകളെനോക്കി സുന്ദരൻ 'കമൻറുകൾ' പാസാക്കിയിരുന്നു. പൂക്കൾ നോക്കി ചിരിക്കുകയും മരങ്ങൾ തണലായിത്തീരുകയും ചെയ്തിരുന്നു. അന്ന് എന്റെ രസം കൊല്ലാൻ, ആവേശത്തോടെയുള്ള സംസാരത്തിന് ഭംഗം വരുത്താൻ ചിലരൊക്കെ കടന്നുവന്നിരുന്നു. അന്നവരെ കാണുമ്പോൾ മനസ്സിന് അസ്വസ്ഥതയായിരുന്നു, കഴിയുന്നത്ര വേഗത്തിൽ വല്ലതുമൊക്കെ ഒപ്പിച്ച് അവരെ പറഞ്ഞുവിടാൻ തിടുക്കം കൂട്ടി, വീണ്ടും 'കമ്പനി'യിൽ ചേരാൻ. ഒടുവിൽ ഒട്ടൊരു നഷ്ടബോധത്തോടെ അവർ തിരിച്ചുപോകുമ്പോൾ അവരുടെ നഷ്ടപ്പെട്ട ആനന്ദത്തെക്കുറിച്ചും അവസരങ്ങളെക്കുറിച്ചുമോർത്ത് അവരോട് സഹതാപം തോന്നുമായിരുന്നു

ഇന്ന് എന്റെ സാന്നിദ്ധ്യം പലരിലും വരുത്തിവെച്ച അസ്വസ്ഥതയും ചടപ്പും ഞാനറിയുന്നു. കാരണം ഞാനതനുഭവിച്ചവനാണ്. പക്ഷെ അന്ന് പുറത്തുനിന്നുവന്നവന്റെ മനസ്സു കണ്ടിരുന്നില്ല. ഇന്ന് അതറിയുന്നു, അതിന്റെ തനതായ രുചി ഞാൻ പുറത്തുള്ള ഒരുവനാണ്. അകത്തുനിന്ന് സർവ്വതും നുണഞ്ഞ് ഇന്ന് പുറത്തുനിന്നവവയൊക്കെ അയവിറക്കേണ്ടിവന്നു. കാറ്റിന്റെ നിശ്ശബ്ദതയും കാറ്റാടിയുടെ ആലസ്യവും പൂക്കളുടെ മൃദുലതയും എന്റെ മനസ്സിനെ ഉലയ്ക്കുകയാണ് അവയൊക്കെ ഇന്നും എത്ര സുന്ദരം.

കാൻറീൻ വരാന്തയിൽ കൂടിയിരിക്കുന്നവരിൽ ഞാനെന്നെ കണ്ടു. ഒരു പഴയ എന്നെ. ഞാനും അങ്ങനെയായിരുന്നു. വരാന്തയിൽ നിരന്നിരുന്ന്, സെയ്തുക്കായോട് 'സിനോൽട്ട് ചായ'ക്ക് ഓർഡർക്കൊടുത്ത് കൂടിയ ഒച്ചയോടെ സംസാരിച്ചിരുന്നു ഞാൻ. ക്രിക്കറ്റും സിനിമയും കിഡ്സൺ കോർണറും കുരിശുപള്ളിയുമെല്ലാം വിഷയങ്ങൾ. ഇതൊക്കെ പിന്തുടരാൻ ഇന്നും ആളുകൾ അവിടെയുണ്ട്. അവർ അടിച്ചുതകർക്കുകയാണ്. വിഷയമെന്തായിരുന്നാലും ശബ്ദം ഒത്തിരി ഒച്ചയിൽ തന്നെ. അവരിലേക്ക് കടന്നുചെന്ന് വീണ്ടുമൊരു നിരാശയും നഷ്ടബോധവും വിലയ്ക്കു വാങ്ങാൻ മനസ്സനുവദിച്ചില്ല. വരാന്തയിൽ നിന്ന് സെയ്തുക്കായെ വിളിച്ചില്ല അകത്തു ചെന്ന് ശബ്ദം താഴ്ത്തി ഒരു ചായക്ക് ഓർഡർ കൊടുത്തു. അവരും തിരക്കിലായിരുന്നു. വന്നവർക്കൊക്കെ ഭക്ഷണം നല്കാനുള്ള തിരക്ക്. പെട്ടെന്നൊരാൾ ശബ്ദമുയർത്തി വിളിച്ചു. അതെന്റെ സുഹൃത്തു തന്നെ. പോയകാലത്തെ ധന്യ നിമിഷങ്ങളിൽ എന്നോടൊപ്പം 'മിന്നാൻ' വന്ന സുഹൃത്ത് അവനിന്ന് എന്റെ ജൂനിയറല്ലാതായിരിക്കുന്നു. ''എന്താ. ഒഴിവാകാറായില്ലെ?'' പൂർണ്ണമായും തമാശയിൽ മുക്കിയ ഒരു ചോദ്യം? ഞാൻ ചിരിച്ചു. ചുണ്ടുകളിൽ മാത്രം. മനസ്സു വിതുമ്പി, ശരിക്കും പൊട്ടിക്കരഞ്ഞു. ഇവിടെ എല്ലാ അവകാശങ്ങളും നഷ്ടപ്പെട്ട ഒരുവനായി ഞാൻ. ഇനി എത്രയും വേഗം ഒഴിവായ തീരൂ. പിന്നെ വൈകിച്ചില്ല. ബസ്സ്റ്റാൻറ് ലക്ഷ്യമാക്കി കുതിച്ചു. ബസ്സിലെ പിൻസീറ്റിലെ മൂലയിലിരുന്ന് ഞാനെന്റെ പേഴ്സ് പരതി. മുപ്പതു പൈസക്കുവേണ്ടി. പെട്ടെന്ന് ബോധവാനായി. ഇന്ന് എനിക്ക് സി. ടി. അല്ലല്ലോ.

# നിരന്തരശ്രമത്തിന്റെ

# സുവർണ്ണ ഫലം

'ഫാറൂഖ് കോളേജിന്റെ ശിൽപി' എന്ന് വിളിയ്ക്കപ്പെടാൻ എന്തുകൊണ്ടും അർഹത പ്രൊഫസർ ജലീൽ സാഹിബിനാണ്. കാൽ നൂററാണ്ട് കാലത്തോളം കോളേജിന്റെ സാരഥ്യം വഹിച്ച അദ്ദേഹമാണ് അതിനെ ദക്ഷിണേന്ത്യയിലെത്തന്നെ സുപ്രധാന വിദ്യാഭ്യാസ കേന്ദ്രങ്ങളിൽ ഒന്നാക്കി മാററിയത്. പ്രശ്നങ്ങളുടെ മുമ്പിൽ അൽപം പോലും പതറാതെ ആസൂത്രിതമായ വികസന പ്രവർത്തനങ്ങൾ ഒരു തപസ്യയാക്കി അദ്ദേഹം തുടർന്നു. അങ്ങനെയാണ് ഒന്നുമില്ലാതിരുന്ന ഈ സ്ഥാപനം ഒന്നാം കിടയിലേക്ക് കുതിച്ചുയർന്നത്. മുസ്ലീം സമുദായത്തിന്റെ അഭിമാനസ്തംഭം—ഒപ്പം ജലീൽ സാഹിബിന്റെ ജീവിത ലക്ഷ്യത്തിന്റെ സാക്ഷാൽക്കാരം - അതാണ് ഫാറൂഖ് കോളേജ്.



പ്രൊഫ കെ· എ· ജലീൽ

1948 ലാണ് ഞാൻ ഫാറൂഖ് കോളേജിൽ ചേരുന്നത്. വാണിയമ്പാടി ഇസ്‌ലാമിയാ കോളേജിലെ ജോലി രാജിവെച്ചാണ് ഞാനിങ്ങോട്ടു വന്നത്. ഇസ്‌ലാമിയാ കോളേജ് 1922 ൽ സ്ഥാപിച്ച വളരെ പഴക്കമുള്ള ഒരു സ്ഥാപനമാണ്. വളരെയധികം വികസിച്ചിട്ടില്ലെങ്കിലും അന്ന് ഏറെക്കുറെ സൗകര്യങ്ങളുള്ള ഒരു സ്ഥാപനമായിരുന്നു അത്. ആ കോളേജ് വിടുമ്പോൾ ഞാൻ അതിന്റെ ഭരണസമിതിയിൽ ഒരംഗം കൂടിയായിരുന്നു.

ഫാറൂഖ് കോളേജിന്റെ സ്ഥാപക പ്രിൻസിപ്പലായിരുന്നു സെയിദ് ഷാ സാഹിബ്. അദ്ദേഹം ഒരു പ്രിൻസിപ്പൽ മാത്രമായിരുന്നില്ല അദ്ദേഹത്തിന്റെ പ്രയത്നഫലമായിട്ടാണ് ഇവിടെയുള്ള പ്രാഥമികമായ സൗകര്യങ്ങൾ ഏറിയ പങ്കുമുണ്ടായത്. കോളേജിന്റെ പഴയ കെട്ടിടം ആസൂത്രണം ചെയ്യുന്നതിലും അത് പൂർത്തിയാക്കുന്നതിലും അദ്ദേഹം വഹിച്ച പങ്ക് വളരെ പ്രധാനപ്പെട്ടതാണ്. മാനേജിംഗ് കമ്മിററിയംഗങ്ങളെ പതിവായി കണ്ടും അവരെ വേണ്ട വിധത്തിൽ ഉണർത്തിയും ചില ധനാഢ്യൻമാരുമായി സമ്പർക്കം പുലർത്തിയുമൊക്കെ വളരെ ത്യാഗപൂർണ്ണമായ പ്രവർത്തന ഫലമായിട്ടാണ് 1948 മുതൽ 1951 വരെ കോളേജ് വളർന്നതും വികസിച്ചതും. ആ ഘട്ടത്തിൽ മദിരാശിയിലെ മുഖ്യമന്ത്രി കുമാരസ്വാമി രാജാ, മദിരാശി യൂനിവേഴ്സിററി വൈസ്ചാൻസലർ ഡോ. എ. ലക്ഷ്മണസ്വാമി മുതലിയാർ തുടങ്ങിയവർ കോളേജ് സന്ദർശിക്കുകയുണ്ടായി. ഡോ മുതലിയാരുടെ പേരിൽ ഒരു കെട്ടിടം തന്നെ നിർമ്മിക്കുവാൻ അന്ന് തീരുമാനിക്കുകയും 'മുതലിയാർ ബ്ലോക്ക്' എന്ന പേരിൽ കെട്ടിടത്തിന് മുതലിയാർ തന്നെ തറക്കല്ലിടുകയും ചെയ്തിരുന്നു. 1951 ൽ കൊമേഴ്സ് ഡിഗ്രിക്കുള്ള അനുവാദം നൽകുന്ന സന്ദർഭത്തിൽ അതിനുവേണ്ടിയായിരുന്നു ആ കെട്ടിടം വിഭാവന ചെയ്തിരുന്നത്.

1952 ന് ശേഷം നിർഭാഗ്യവശാൽ കോളേജിന്റെ വളർച്ചക്ക് ചില തടസ്സങ്ങളുണ്ടായി. അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടാവുകയും ഏതാണ്ട് മൂന്ന്കൊല്ലക്കാലം അസുഖകരമായ പല സംഭവങ്ങൾക്കും കോളേജ് സാക്ഷിയാവുകയും ചെയ്തു. 1955 ൽ ഷാ സാഹിബ് പ്രിൻസിപ്പൽ സ്ഥാനം ഒഴിഞ്ഞ് സർക്കാർ സർവ്വീസിലേക്ക് തിരിച്ചു പോയി. അതിന് ശേഷം ഏതാണ്ട് ഒന്നരക്കൊല്ലത്തോളം ഭരണം നടത്തിയിരുന്നത് മാത്തമാററിക്സ് പ്രൊഫസർ ആയിരുന്ന പ്രൊഫ: എൻ. വി. ബീരാനായിരുന്നു.

1957 മെയ് മാസത്തിലാണ് ഞാൻ പ്രിൻസിപ്പാളായി നിയമിതനായത്. അന്നുണ്ടായിരുന്ന പ്രശസ്ത കലാലയങ്ങൾ മദിരാശിയിലെ മദ്രാസ് ക്രിസ്ത്യൻ കോളേജ്, പ്രസിഡൻസി കോളേജ്, തൃശ്ശിനാപ്പള്ളിയിലെ സെൻറ് ജോസഫ്സ് കോളേജ് തുടങ്ങിയവയാണ്. അവയൊക്കെ വളരെ വികസനം നേടിയ സ്ഥാപനങ്ങളാണ്. കേരളത്തിലാണെങ്കിൽ തിരുവനന്തപുരം യൂണി:കോളേജ് എറണാകുളം മഹാരാജാസ് കോളേജ്, വിക്ടോറിയാ കോളേജ് പാലക്കാട്, ചങ്ങനാശ്ശേരി എസ്. ബി. കോളേജ്, ആലുവ യൂണിയൻ ക്രിസ്ത്യൻ കോളേജ് തുടങ്ങിയവ നല്ല നിലയിൽ നടന്ന് വന്നിരുന്ന കോളേജുകളാണ്. അവയുമായി തട്ടിച്ചു നോക്കുമ്പോൾ ശൈശവാവസ്ഥയിലുള്ള നമ്മുടെ കോളേജിന്റെ അന്നത്തെ സ്ഥിതി വളരെ ശുഷ്ക്കമായിരുന്നു. എങ്കിലും കോളേജ് പ്രശസ്തമായ ഒരു സ്ഥാപനമായി ഉയരണമെന്ന ആഗ്രഹം മുസ്ലീം ജനസാമാന്യത്തിനും മാനേജ്മെൻറിനും ഉണ്ടായിരുന്നു. എന്നെ സംബന്ധിച്ചിടത്തോളം കേരളത്തിലുള്ള മുസ്ലീംകളുടെ ഏക കോളേജ് എന്ന നിലക്ക് ഈ കോളേജ് മററു കോളേജുകളുടെ മുമ്പിൽ നിൽക്കണമെന്നുള്ള ഉൽക്കടമായ ആഗ്രഹം ഞാൻ കോളേജിൽ പ്രവേശിച്ച അന്നുമുതലെ ഉള്ളതാണ്.

പ്രിൻസിപ്പാളായ ഉടനെ ഞാൻ ചെയ്തത് കോഴിക്കോട്ടുള്ള മററു കോളേജുകൾ സന്ദർശിക്കുകയായിരുന്നു. കോഴിക്കോട്ടെ കോളേജുകളിലെങ്കിലും ഒരുയർന്ന സ്ഥാനം ഫാറൂഖ് കോളേജിന് വേണം എന്ന ആഗ്രഹമാണ് ഈ സന്ദർശനങ്ങൾക്ക് പ്രേരകമായിത്തീർന്നിട്ടുള്ളത്. ഫാറൂഖ് കോളേജ് സ്ഥാപിച്ച് 7 വർഷത്തിന് ശേഷമാണ് ദേവഗിരി സെൻറ് ജോസഫ്സ് കോളേജ് സ്ഥാപിച്ചത്. അതൊരു സമ്പന്ന സമൂഹത്തിന്റെ കോളേജാണ്. തുടക്കത്തിൽ തന്നെ സമർത്ഥമായി കോളേജ് ആസൂത്രണം ചെയ്യപ്പെട്ടു. കേരളത്തിൽ സിറിയൻ കൃസ്ത്യാനികളാണ് കോളേജുകളുടെ കാര്യത്തിൽ എന്നും മുൻപന്തിയിൽ നിന്നിട്ടുള്ളത്. അവരുടെ വകയാണീ കോളേജ്. സമർത്ഥനായ ഒരു പ്രിൻസിപ്പാളും, കോഴിക്കോടിനെ സംബന്ധിച്ചിടത്തോളം മനോഹരമായ ഒരു കെട്ടിടവും അവർക്കുണ്ടായിരുന്നു. 150 ഏക്കറിൽ കവിഞ്ഞ സ്ഥലത്ത് മനോഹരമായ ഒരു ഉദ്യാനത്തിലാണ് കോളജ് സ്ഥിതി ചെയ്യുന്നത്. ജനങ്ങളെ വളരെയധികം ആകർഷിച്ച ഒരു സ്ഥാപനമാണത്. ഫറോക്കിൽ നിന്ന് പോലും മുസ്ലീം വിദ്യാർത്ഥികൾ അന്ന് ഈ കോളേജിൽ ചേർന്ന് പഠിക്കാൻ വെമ്പൽ കൊണ്ടിരുന്നു.

അടുത്തതായി ഞാൻ പോയത് പ്രോവിഡൻസ് വിമൻസ് കോളേജിലേക്കാണ്. അന്നത്തെ സ്ഥിതി വെച്ച് നോക്കുമ്പോൾ വളരെ സൗകര്യങ്ങളുള്ള ഒരു കെട്ടിടത്തിലാണ് കോളേജ് നടത്തിവന്നത്. അടുത്തതായി ഗുരുവായൂരപ്പൻ കോളേജ്. കോഴിക്കോട് നഗരത്തിലുള്ള സാമറിൻസ് കോളേജ് ഗുരുവായൂർ ദേവസ്വത്തിന്റെ സഹായത്തോടു കൂടി പൊക്കുന്ന് എന്ന അത്യുന്നതമായ കുന്നിൻ മുകളിൽ വളരെ സൗകര്യമുള്ള പുതിയ എടുപ്പുകളുണ്ടാക്കി മാററി പ്രതിഷ്ഠിച്ച കാലമായിരുന്നു അത്.

ഈ കലാലയങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ നമ്മുടെ സ്ഥിതി അത്ര ഉയർന്നതായിരുന്നില്ല മാത്രമല്ല, ഇതിൽ ഒരു പ്രിൻസിപ്പാളിന്റെ സമീപനം എന്നെ വല്ലാതെ വിഷമിപ്പിച്ചു. ഫാറൂഖിൽ ഒരു കോളേജുണ്ടെന്ന് അംഗീകരിക്കാൻ പോലും സംഭാഷണത്തിൽ അദ്ദേഹം തയ്യാറായില്ല. ഒരു കൊലക്കേസുൾപ്പെടെ ഇവിടെ ഇടക്കാലത്തുണ്ടായ ചില ദൗർഭാഗ്യകരമായ സംഭവങ്ങളായിരിക്കണം അദ്ദേഹത്തിന്റെ മനസ്സിലുണ്ടായിരുന്നത്. ഇക്കാലത്ത് പാരലൽ കോളേജുകളോട് നമുക്കുള്ള അവജ്ഞയാണ് അന്ന് അദ്ദേഹം ഭാഗ്യന്തരേണ ഫാറൂഖ്കോളേജിനോട് പ്രകടിപ്പിച്ചത്. ഈ സംഭവം എന്റെ മനസ്സിനെ വല്ലാതെ മഥിക്കുകയുണ്ടായി. അല്ലെങ്കിൽ തന്നെ 'ആരുടെയും പിന്നിലാകരുത്' എന്ന വികാരം എന്നെ നയിച്ചിരുന്നു.

ഞാൻ ആദ്യം ചെയ്തത് കോളേജിലെ അഡ്മിഷൻ രീതി പരിഷ്ക്കരിക്കുകയായിരുന്നു. ഒരു വർഷത്തിൽ എപ്പോൾ വന്നാലും പ്രവേശനം നൽകുന്ന രീതിയാണ് അന്നുണ്ടായിരുന്നത്. നാലും അഞ്ചും തവണ SSLC തോററ് പല നാടുകളിൽ നിന്ന് വരുന്നവരെ വരുന്നവരിൽ സ്വീകരിച്ചു കൊണ്ടിരുന്നു. കുട്ടികൾ കുറവായിരുന്ന അന്നത്തെ പരിത:സ്ഥിതിയിൽ ഇത്തരം ഒരു നടപടിക്ക് ആരേയും കുററപ്പെടുത്തിക്കൂടാ. ഞാൻ കരുതിയത് അൽപം വീര്യമൊക്കെ കാണിച്ചാൽ പിന്നീട് ഗുണമുണ്ടാകുമെന്നാണ്. അത്കൊണ്ട് അപേക്ഷകൾ ഒരു തിയതിവരെ സ്വീകരിച്ച് മാർക്കിന്റെ അടിസ്ഥാനത്തിൽ അഡ്മി

ഷൻ നടത്തുമെന്ന നിലപാട് ആദ്യത്തെ കൊല്ലം തന്നെ ഞാൻ സ്വീകരിച്ചു. അതിന് നല്ല ഫലമുണ്ടായി. മുൻ കൊല്ലങ്ങളെ അപേക്ഷിച്ച് മെച്ചപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകാൻ കഴിഞ്ഞു. ക്രമേണ ഉള്ള സീററിന് നല്ലകുട്ടികളെ കിട്ടുകയും രണ്ട്മൂന്ന് വർഷത്തിനുള്ളിൽ സീററൊന്നും ഒഴിഞ്ഞുകിടക്കാത്ത സ്ഥിതിയിൽ എത്തുകയും ചെയ്തു.

ഫാറൂഖ് കോളേജിൽ 1957ന് ശേഷം പുതിയ കോഴ്സുകൾക്ക് വേണ്ടിയുള്ള ശ്രമംനടന്നു. പുതിയ സയൻസ് കോഴ്സുകൾ സുവോളജി, ഫിസിക്സ്, കെമിസ്ട്രി എന്നിവ അക്കൊല്ലം തുടങ്ങി. പരിചയ സമ്പന്നരായ റിട്ടയേർഡ് പ്രൊഫസർമാരെ വകുപ്പുമേധാവികളായിനിയമിച്ചു. പ്രശസ്തരായപലസീനിയർ അദ്ധ്യാപകരും കോളേജിലുണ്ടായിരുന്നത് അക്കാഡമിക് ആയി നോക്കുന്ന ആളുകളുടെ ദൃഷ്ടിയിൽ സുപ്രധാനമായ ഒരു സവിശേഷതയായി രൂപപ്പെട്ടു.

കോളേജിന് ഇപ്പോൾ ധാരാളം സ്ഥലമുണ്ടെന്നാണ് വെപ്പ്. എന്നാൽ അക്കാലത്ത് കോളേജിന് ആവശ്യമായ സ്ഥലമുണ്ടായിരുന്നില്ല, എന്ന് മാനേജ്മെൻറിന് ബോധ്യമുണ്ടായിരുന്നു. അതിൻെറ അടിസ്ഥാനത്തിൽ ചുററുമുള്ള 50 ഏക്കർ സ്ഥലം അക്വയർ ചെയ്യാൻ വേണ്ടി ഗവണ്മെൻറിലേക്കപേക്ഷിച്ചു ഗവണ്മെൻറ് ആവശ്യപ്പെട്ട തുക ട്രഷറിയിൽ അടക്കാൻ കഴിയാത്തത്കൊണ്ട് ആ നടപടികൾ പൂർത്തിയാക്കാൻ കഴിഞ്ഞില്ല (കോളേജിന് അന്നുണ്ടായിരുന്ന ഭൂമി ഒദ്ദേശം 15-18 ഏക്കർ വരും. അടിസ്ഥാന ആധാരപ്രകാരം 22 ഏക്കർ സ്ഥലമുണ്ട്.) പക്ഷെ അളവുകൾ ശരിയായിരുന്നില്ല. കോളേജിൻെറ വികസനപ്രവർത്തനത്തിന് കൂടുതൽ സ്ഥലം ആവശ്യമായിരുന്നു. അക്വിസിഷൻ നടപടി പരാജയപ്പെട്ടെങ്കിലും വളരെയധികം നയത്തോട് കൂടിയുള്ള സമീപനം കൊണ്ട് ചുററുമുള്ള ഏകദേശം 22 ഏക്കർ സ്ഥലം വളരെ ചുരുങ്ങിയവിലക്ക് പല ഘട്ടങ്ങളിലായി പലരിൽ നിന്നായി വാങ്ങിച്ചേർത്തു. ഇപ്പോഴത്തെ സരസയ്യിദ് ഹോസ്ററൽ, സ്ററാഫ് ക്വാർട്ടേഴ്സ്, വിമൻസ് ഹോസ്ററൽ, ഹെൽത്ത്സെൻെറർ, ന്യൂഇഖ്ബാൽഹോസ്ററൽ എന്നിവ നിൽക്കുന്ന സ്ഥലങ്ങളൊക്കെ അങ്ങനെ വാങ്ങിയതാണ്. അന്ന് അത്രയും സ്ഥലം വാങ്ങിയിരുന്നില്ലെങ്കിൽ കോളേജിന് ഇന്നുള്ള വികാസം സാദ്ധ്യമാവുമായിരുന്നില്ല. പിന്നീടാണെങ്കിൻ വാങ്ങാനും പ്രയാസമാണ്.

കോളേജിന് ആ കാലഘട്ടത്തിലുണ്ടായിരുന്ന മൂന്ന് ഹോസ്ററലുകളും പ്രൈവററ് കെട്ടിടങ്ങളായിരുന്നു. മെയിൻ ഹോസ്ററൽ (ഇന്നത്തെ ആസാദ് ഹോസ്ററൽ), ന്യൂ ഹോസ്ററൽ (ഇപ്പോഴത്തെ അന്ധപുനരധിവാസ കേന്ദ്രം), നോർത്ത് . ഈസ്ററ് ഹോസ്ററൽ (ഇപ്പോഴം ഡോ. ആൻഡ്രൂസ്സിൻെറ വസ

---

**ഇവിടെ രസകരമായ ഒരു കാര്യം ഓർമ്മ വരുന്നു. അന്ന് കേരള യൂനിവേഴ്സിററിയുടെ നിർബന്ധപ്രകാരം അവിടെ നിക്ഷേപിച്ച ആധാരങ്ങൾ ഇനിയും തിരിച്ചുകിട്ടിയിട്ടില്ല. അവ യൂനിവേഴ്സിററിയിൽ നഷ്ടപ്പെട്ടിരിക്കയാണ്. അന്നു ബോണ്ടുകളും അവരെ ഏൽപിച്ചിരുന്നെങ്കിൽ എന്തായിരിക്കും സ്ഥിതി ?**

---

തി), ഈ കെട്ടിടങ്ങൾ വിദ്യാർത്ഥികൾക്ക് സൗകര്യപ്രദമായിരുന്നില്ല. ഹോസ്ററൽപ്രവേശനത്തിന് സാമാന്യം തിരക്കും അന്ന് അനുഭവപ്പെട്ടു. മദിരാശിയിലും മററുമുള്ള നല്ലഹോസ്ററലുകൾ സന്ദർശിച്ച എനിക്ക് നമ്മുടെ ഹോസ്ററലുകളുടെ പോരായ്മകൾ ബോധ്യമായിരുന്നു.

ആ ഘട്ടത്തിലാണ് കേന്ദ്രസർക്കാർ കോളേജ് ഹോസ്ററലുകൾ നിർമ്മിക്കാൻ ലോൺ കൊടുക്കുന്ന ഒരു പദ്ധതി ആവിഷ്ക്കരിച്ചത്. താമസിയാതെ കോളേജിന് വേണ്ടി രണ്ടുലക്ഷം രൂപക്കുള്ള ലോണിന് അപേക്ഷ അയച്ചു, അപേക്ഷ നൽകിയശേഷം കേട്ടത് നിരാശാജനകമായ വാർത്തയായിരുന്നു. കേരളത്തിനനുവദിച്ച 6 ലക്ഷം, 2 ലക്ഷം ക. വീതം NSS കോളേജിനും SN കോളേജിനും SB കോളേജിനുമായി കൊടുത്തുകഴിഞ്ഞു വത്രെ. അന്ന് വിദ്യാഭ്യാസ സെക്രട്ടറിയായിരുന്നത് പി. കെ, അബ്ദുള്ള സാഹിബായിരുന്നു. അദ്ദേഹത്തിന് നമ്മെ സഹായിക്കണമെന്ന് അതിയായ ആഗ്രഹവുമുണ്ടായിരുന്നു. പി. പി. ഹസ്സൻകോയ സാഹിബ് ഇക്കാര്യത്തിൽ പി, കെ അബ്ദുള്ളയുടെ മേൽ ശക്തമായ പ്രേരണ ചെലുത്തി അവസാനം പി. കെ. അബ്ദുള്ള അറിയിച്ചു. ''ഗവൺമെൻറിൽ ഫിസിക്കൽ എഡ്യുക്കേഷൻ കോളേജ് ഹോസ്ററൽ നിർമ്മിക്കാനുള്ള 50,000 രൂപ ഉപയോഗിക്കാതെ കിടപ്പുണ്ട്. അത് ഫാറൂഖ്കോളേജിന് ലോണായി ലഭ്യമാക്കാം'' ഞങ്ങളത് വിട്ടില്ല. അതിനുള്ള എല്ലാ രേഖകളും തയ്യാറാക്കി 50,000 വാങ്ങി. ഹോസ്ററലിന് രണ്ട് ലക്ഷമാണ് എസ്ററിമേററ്. ഒന്നരലക്ഷത്തിനുള്ള വഴികാണാതെ ഞങ്ങൾ വിഷമിച്ചു. ആ സന്ദർഭത്തിലാണ് കോളേജിൻെറ അഫിലിയേഷൻ മദിരാശി യൂണിവേഴ്സിററിയിൽ നിന്നും കേരളയൂണിവേഴ്സിററിയിലേക്ക് മാററിയത്. തൽഫലമായി 1,70,000 രൂപ മുഖവിലയുള്ള ഗവർമ്മെണ്ട് ബോണ്ടുകൾ മദ്രാസ് യൂനിവേഴ്സിററി കോളേജിന് തിരിച്ചുതന്നു. ഈ ബോണ്ടുകളും 2,60,000 രൂപയ്ക്കുള്ള ഭൂമിയുടെ ആധാരവും കേരളാ യൂനിവേഴ്സിററിയെ ഏൽപ്പിക്കണമെന്നായിരുന്നു കൽപന. ആധാരങ്ങൾ മാത്രം അയച്ചുകൊടുത്തു ബോണ്ടുകൾ തൽക്കാലം അയച്ചില്ല. ബോണ്ടുകൾ അയക്കണമെന്ന് കേരള യൂനിവേഴ്സിററി നിർബന്ധിച്ചുകൊണ്ടിരുന്നു. അന്ന് കേരളാ യൂണി : വൈസ്ചാൻസലറായിരുന്ന ഡോ ജോൺ മത്തായിയെ ഞാനും പി. പി ഹസ്സൻ കോയയും പി. ഐ. കുഞ്ഞാമുട്ടി ഹാജിയും ചേർന്ന് അദ്ദേഹത്തിൻെറ അരണാട്ടുകരയിലുള്ള വീട്ടിൽ ചെന്ന് കണ്ടു. ബോണ്ടുകൾ തൽക്കാലം ഹോസ്ററൽ നിർമ്മാണത്തിനുപയോഗിക്കാൻ അനുവദിക്കണമെന്ന് ഞങ്ങളപേക്ഷിച്ചു അദ്ദേഹം ഞങ്ങളുടെ അപേക്ഷ സ്വീകരിച്ചു. ബോണ്ടുകളുടെ സെക്യൂരിററി അടിസ്ഥാനത്തിൽ ഒരു ലക്ഷം രൂപ ബാങ്കിൽ നിന്നും കടമെടുത്താണ് ഹോസ്ററലിൻെറ തുടക്കം.

ഇതാണ് കോളേജിന്റെ ആദ്യത്തെ ഹോസ്ററൽ. ഡോ. A. L. മുതലിയാരുടെ പേരിൽ 9 കൊല്ലം മുമ്പ് നിർമ്മിക്കാനുദ്ദേശിച്ച കെട്ടിടത്തിന്റെ തറ കെട്ടിയതല്ലാതെ അത് പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. അതിനു ശേഷം ആദ്യം പൂർത്തിയായ കെട്ടിടം എന്ന നിലക്ക് ഹോസ്ററലിന് മുതലിയാരുടെ പേര് കൊടുത്ത് ആ ബാധ്യത നിറവേററുകയാണ് ചെയ്തത്. ഇവിടെ രസകരമായ ഒരു കാര്യം ഓർമ്മ വരുന്നു. അന്ന് കേരള യൂണിവേഴ്സിററിയുടെ നിർബന്ധപ്രകാരം അവിടെ നിക്ഷേപിച്ച ആധാരങ്ങൾ ഇനിയും തിരിച്ച് കിട്ടിയിട്ടില്ല. അവ യൂണിവേഴ്സിററിയിൽ നഷ്ടപ്പെട്ടിരിക്കയാണ്. അന്ന് ബോണ്ടുകളും അവരെ ഏൽപ്പിച്ചിരുന്നെങ്കിൽ എന്തായിരിക്കും സ്ഥിതി ?

പിന്നീടുണ്ടായ ഹോസ്ററലുകൾക്കും ഇതുപോലെ രസകരമായ ചരിത്രമുണ്ട്. ഉദാഹരണത്തിന് S S Hostel. കടുത്ത ദാരിദ്ര്യമാണ് S S ഹോസ്ററൽ നിർമ്മാണത്തിന് കാരണമായത്. യൂണിവേഴ്സിററി ഗ്രാന്റു കമ്മീഷൻ ഹോസ്ററൽ നിർമ്മാണത്തിന് 50 ശതമാനം വരെ ഗ്രാന്റായി നൽകാമെന്ന് അറിയിക്കുകയും 1,20,000 രൂപയുടെ ഗ്രാന്റ് 2·5 ലക്ഷം രൂപയുടെ കെട്ടിടം പണിയാൻ തരാമെന്ന് സമ്മതിക്കുകയും ചെയ്തു അന്ന് കോളേജിന് ശമ്പളം വകയിലും മററും 45,000 രൂപയോളം കടബാധ്യതയുണ്ട്. ഈ പരിതഃസ്ഥിതിയിൽ മറെറാരു ഒന്നേകാൽ ലക്ഷം കൂടിയുണ്ടാകുക എന്നത് അചിന്തനീയമായിരുന്നു. അതിനാൽ ആ പദ്ധതി ഉപേക്ഷിക്കുവാനാണ് ആദ്യം തീരുമാനിച്ചത്. എന്നാൽ കടം എങ്ങനെ തീർക്കും ? അടുത്ത മാനേജിംഗ് കമ്മിററി യോഗത്തിൽ ഈ കാര്യമാണ് ചർച്ചക്ക് വന്നത്. യു. ജി. സി. ഗ്രാന്റിന്റെ മൂന്നിലൊന്ന് ഭാഗം (40,000) അഡ്വാൻസായി നൽകും. 80,000 രൂപയുടെ പണി തീർന്നാൽ മറെറാരു 40,000 കൂടി കിട്ടും. അങ്ങനെയാണ് പദ്ധതി. തൽക്കാലം ആദ്യത്തെ 40,000 വാങ്ങി അപ്പോഴുണ്ടായിരുന്ന കടം തീർക്കാൻ തീരുമാനിച്ചു. കെട്ടിടത്തിന്റെ പണി തുടങ്ങാനും. പണി വളരെ പതുക്കെയാണ് പുരോഗമിച്ചത്. പലപ്പോഴും പ്രോഗ്രസ് റിപ്പോർട്ട് അയക്കാൻ നിവർത്തിയില്ലാതിരുന്നത് കൊണ്ട് പണം മടക്കി അടക്കണമെന്ന് UGC നിർബന്ധിച്ചു കൊണ്ടിരുന്നു. എങ്കിലും ഏതാനും വർഷങ്ങൾക്കകം ആ കെട്ടിടം പൂർത്തിയായി.

ഹോസ്ററൽ കെട്ടിടത്തിന്റെയും തുടർന്ന് ഓഡിറേറാറിയത്തിന്റെയും പ്ലാനുണ്ടാക്കിയത് അന്ന് ഇരിഞ്ഞാലക്കുട ക്രൈസ്ററ് കോളേജിന്റെ ആർക്കിടെക്ട് എന്ന നിലയിൽ പ്രശസ്തനായ ശ്രീ ഇ. ജി. പണിക്കരായിരുന്നു. പണിക്കരെക്കൊണ്ട് കോളേജിന്റെ മുൻവശത്ത് ഒരു ഇരു നില കെട്ടിടമുണ്ടാക്കാനുള്ള പ്ലാനും വരച്ചിരുന്നു. പക്ഷെ അതൊന്നും അന്ന് മുന്നോട്ടു കൊണ്ടു പോകാനായില്ല. പിന്നീട് ആ പ്ലാനിൽ പല മാററങ്ങളും വരുത്തി. ലോകത്തിലെ പല പ്രശസ്ത കെട്ടിടങ്ങളുടെയും പ്ലാനുകൾ ഞങ്ങൾ പരിശോധിച്ചിരുന്നു. പല ആർക്കിടെക്ടുകളും പലതരത്തിലുള്ള പ്ലാനുകളും വരച്ച് തരികയുണ്ടായി. അവസാനമായിട്ടാണ് ഇപ്പോഴത്തെ 'കോൺകേവ്' സ്റ്റൈലിലുള്ള മൂന്നു നില കെട്ടിടത്തിന്റെ രൂപം കണ്ടെത്തിയത്. ഇതിന്റെ പ്ലാൻ അനേകം ആർക്കിടെക്ടുകളുടെ ആശയങ്ങൾ സംയോജിപ്പിച്ചുണ്ടാക്കിയതാണ്. 'യുനെസ്കോ' ഹെഡ് ക്വാർട്ടേർസിന്റെ ചെറിയൊരു മാതൃക കൂടിയാണ് ഈ കെട്ടിടം. രണ്ട് മൂന്ന് ഘട്ടങ്ങളായാണ് ഈകെട്ടിടം പൂർത്തിയായത്. കോളേജ് സിൽവർ ജൂബിലി ആഘോഷിക്കുന്നതിന്റെ അൽപം മുമ്പാണ് കെട്ടിടം പൂർത്തിയായത്.

കോളേജിന്റെ മുൻവശത്ത് ഒരു നല്ല ഗേററ് വേണമെന്ന ആഗ്രഹം വളരെക്കാലം മുമ്പെയുണ്ടായിരുന്നു. എന്നിൽ ആ ആഗ്രഹം ഉടലെടുത്തത് വിക്ടോറിയാ കോളേജിലെ 'ശങ്കരൻനായർ' 'ഗേററ്' കണ്ടപ്പോഴാണ്. ഗേററിനു വേണ്ടി പല രൂപരേഖകളും ഉണ്ടാക്കിയെങ്കിലും അവസാനമായി സഹായിച്ചത് അന്ന് ചീഫ് എഞ്ചിനീയറായിരുന്ന ടി. പി. കുട്ട്യാമു സാഹിബായിരുന്നു — ഇൻഡോ — സാരസൻ മാതൃകയിലുള്ള നിരവധി കെട്ടിടങ്ങൾക്ക് കുട്ട്യാമു സാഹിബ് രൂപരേഖ നൽകിയിരുന്നു. സയൻസ് ബ്ലോക്ക് നിർമ്മാണത്തിൽ അനുഭവപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കാനും കുട്ട്യാമു സാഹിബ് എന്നെ സഹായിച്ചിരുന്നു.

ഗേററ് വളരെ ചിലവുള്ളതായതു കൊണ്ട് മാനേജ്മെന്റിന് താങ്ങാനാവുമായിരുന്നില്ല. ഞാനും അബുസ്സബാഹ് അഹമ്മദലി സാഹിബും കൂടെ ചാവക്കാട് രാജാ അബ്ദുൽ ഖാദർ ഹാജിയെ ചെന്ന് കണ്ടു. ആ നല്ലമനുഷ്യൻ ഗേററിനുള്ള മുഴുവൻ ചെലവും വഹിക്കാൻ ഏൽക്കുകയും ചെയ്തു. അതാണ് ഇന്നത്തെ മനോഹരമായ രാജാ ഗേററ്. കോളേജിന്റെ മുൻവശത്ത് കിഴക്കുഭാഗത്തുള്ള സ്ഥലം അന്ന് കോളേജിന്റേതല്ലാതിരുന്നത് കൊണ്ടാണ് അവിടെ ഒരു കൃത്രിമത്വം അനുഭവപ്പെടുന്നത്. ഗേററ് കോളേജിന്റെ നേരെ മുമ്പിലല്ല കിഴക്കോട്ട് സ്ഥലവുമില്ല. ഇന്ന് ആ സ്ഥലം കോളേജ് വകയായത് കൊണ്ട് വേണമെങ്കിൽ ആ ഭാഗം പുനഃസംവിധാനം ചെയ്യാവുന്നതാണ്.

ഞാനോർക്കുന്ന ഒരു പ്രധാന സംഭവം കോളേജിൽ പെൺകുട്ടികളെ ചേർക്കുന്നതിനെ സംബന്ധിച്ചാണ്. അന്ന് അദ്ധ്യാപകരിൽ പലരും സ്വന്തം പെൺമക്കളെ ദൂരെയുള്ള കോളേജുകളിൽ അയക്കേണ്ട ഗതികേടിലായിരുന്നു. കൂടാതെ പെൺകുട്ടികൾക്ക് പഠിക്കാൻ സൗകര്യം നൽകുകയെന്നുള്ളത് ഒരു പുരോഗമനപരമായ ആശയം എന്ന നിലക്കും അന്ന് പ്രാധാന്യം അർഹിച്ചിരുന്നു. അതേസമയം വളരെയേറെ ആശങ്കകളുമുണ്ടായിരുന്നു. അവരുടെ സുരക്ഷിതത്വം

**മാർക്കിന്റെ അടിസ്ഥാനത്തിൽ അഡ്മിഷൻ നടത്തുമെന്ന നിലപാട് ആദ്യത്തെ കൊല്ലം തന്നെ ഞാൻ സ്വീകരിച്ചു. അതിനു നല്ല ഫലമുണ്ടായി. മുൻകൊല്ലങ്ങളെ അപേക്ഷിച്ച് മെച്ചപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകാൻ കഴിഞ്ഞു. രണ്ടുമൂന്ന് വർഷത്തിനുള്ളിൽ സീറെറാന്നും ഒഴിഞ്ഞു കിടക്കാത്ത സ്ഥിതിയിലെത്തുകയും ചെയ്തു.**

അച്ചടക്ക സംബന്ധമായ പ്രശ്നങ്ങൾ ഇവയെക്കുറിച്ചൊക്കെ പലർക്കും സംശയങ്ങളുണ്ടായി. 1959 ലാണ് പെൺകുട്ടികളെ ആദ്യമായി ഫാറൂഖ് കോളേജിൽ പ്രവേശിപ്പിച്ചത്. അന്ന് വെറും 13 പെൺകുട്ടികൾ പ്രവേശനം നേടി. അതിൽ ഒരേയൊരു മുസ്ലീം പെൺകുട്ടി മാത്രമേ ഉണ്ടായിരുന്നുള്ളുവെന്നത് ഖേദ:കരമായിരുന്നു. പെൺകുട്ടികൾക്ക് വളരെയേറെ നിബന്ധനകൾ ഏർപ്പെടുത്തിയിരുന്നു. എല്ലാവരും സ്വന്തം വീട്ടിൽനിന്ന് വന്ന് പഠിക്കണമെന്ന് നിർബന്ധമായിരുന്നു. ഹോസ്റ്റൽ സൗകര്യം ചെയ്യുകയില്ലെന്ന് പ്രഖ്യാപിച്ചു. ഏതായാലും പെൺകുട്ടികളുടെ പ്രവേശനം സംബന്ധിച്ച് യാതൊരു വാദപ്രതിവാദങ്ങളുമുണ്ടായില്ലെന്നുള്ളത് ചാരിതാർത്ഥ്യജനകമാണ്. അതിനുള്ള പ്രധാനകാരണം അതൊരു സംഭവമായി ഞങ്ങൾ ചിത്രീകരിച്ചില്ല എന്നുള്ളതാണ്. യാതൊരു പരസ്യവും കൊടുത്തില്ല. ഒരു പ്രധാന കാര്യമായി ആരോടും പറഞ്ഞില്ല. വളരെ പ്രധാന കാര്യമായിരുന്നെങ്കിലും അത് കൊണ്ട് യാഥാസ്ഥിതികരുടെയും തീവ്രവാദികളുടെയും ശ്രദ്ധ ഇക്കാര്യത്തിൽ പതിഞ്ഞില്ല. മറിച്ച് വലിയ പരിഷ്ക്കാരം എന്ന നിലക്ക് എന്തെങ്കിലും പ്രസിദ്ധീകരണം നൽകിയിരുന്നുവെങ്കിൽ സ്ഥിതി വേറെയാകുമായിരുന്നു. എന്നാൽ ഒരു കാര്യത്തിൽ ഞങ്ങൾക്ക് വിട്ടുവീഴ്ച ചെയ്യേണ്ടി വന്നു. രണ്ട് വർഷമായപ്പോഴേക്കും വളരെ ദൂരെ നിന്നും വരുന്ന പെൺകുട്ടികളിൽ ചിലർ അടുത്തുള്ള വീടുകളിൽ പേയിംഗ് ഗസ്റ്റുകളായി താമസിക്കുന്നതായി അറിഞ്ഞു. അത് നിർത്തലാക്കുവാൻ മാർഗ്ഗമൊന്നുമുണ്ടായിരുന്നില്ല. അതിനടുത്ത വർഷം ഒരു സ്വകാര്യകെട്ടിടത്തിൽ ഹോസ്റ്റൽ തുടങ്ങാൻ ഞങ്ങൾ നിർബന്ധിതരായി. പിന്നീട് സൗകര്യം കുറവായത് കൊണ്ട് മറ്റൊരു കെട്ടിടവും ഹോസ്റ്റലിന്റെ ഭാഗമായി ഉപയോഗിക്കേണ്ടി വന്നു. അതോടെ നല്ലൊരു ഹോസ്റ്റൽ സ്ഥാപിക്കുകയെന്നത് കോളേജിന്റെ അടിയന്തിര ആവശ്യമായിത്തീർന്നു.

ഹോസ്റ്റലിനു വേണ്ടി സ്ഥലം കണ്ടെത്തുന്നതിന് വളരെയേറെ കഷ്ടപ്പെടേണ്ടി വന്നു. അനുയോജ്യമായ സ്ഥലം കണ്ടെത്തിയപ്പോൾ അത്, പോരാതെ വന്നു. അതുകൊണ്ട് കുറച്ച് സ്ഥലം കൂടി വാങ്ങി കൂട്ടിച്ചേർത്താണ് കെട്ടിടം പണിതത്. അങ്ങനെ യു. ജി. സി. യുടെ സഹായത്തോട് കൂടി പെൺകുട്ടികൾക്ക് അനുയോജ്യമായ ഒരു ഹോസ്റ്റൽ പണിതു. ആദ്യം രണ്ടു നില കെട്ടിടമായിരുന്നു. വീണ്ടും U G C ആനുകൂല്യങ്ങളോട് കൂടി മൂന്ന് നില കെട്ടിടമായുയർത്തി. ഹോസ്റ്റൽ നിൽക്കുന്നത് വളരെ സുന്ദരമായ ഒരു സ്ഥലത്താണ്. ചാലിയാർ പുഴയുടെ ഏറ്റവും മനോഹരമെന്ന് വിശേഷിപ്പിക്കാവുന്ന ഒരു ദൃശ്യം ഈ ഹോസ്റ്റലിന്റെ കിഴക്കുഭാഗത്തെ എല്ലാ ജനലുകളിൽ കൂടിയും കിട്ടുന്നതാണ്. പലപ്പോഴും കോളേജിൽ വരുന്ന അതിഥികളെ ഞാൻ ഹോസ്റ്റലിൽ കൊണ്ടുവരികയും ഈ മനോഹര ദൃശ്യം അവരെ കാണിക്കുകയും ചെയ്യാറുണ്ട്. ഹോസ്റ്റലിപ്പോൾ നിറഞ്ഞു കവിയുകയാണ്. ഇനിയൊരെണ്ണം കൂടി വേണമെന്ന സ്ഥിതിയാണ് സമാഗതമായിട്ടുള്ളത്. പെൺകുട്ടികളുടെ വിദ്യാഭ്യാസം സംബന്ധിച്ച് 1959ൽ എടുത്ത ഒരു തീരുമാനം വളരെ പ്രാധാന്യമർഹിക്കുന്നതും ദൂരവ്യാപകവുമായ ഫലങ്ങൾ ഉളവാക്കുന്നതുമായിരുന്നു വെന്ന് ഇപ്പോൾ വ്യക്തമാണ്.

---

**ഈ മൊട്ടക്കുന്ന് പച്ചപിടിപ്പിച്ചതിൽ ഏററവും കൂടുതൽ അഭിനന്ദന വാക്കുകൾ പറഞ്ഞ ദേഹം പരേതനായ എം. കെ. ഹാജിയാണ്. ''ഈ പാറപ്പുറത്ത് എങ്ങനെ ഇത് സാധിച്ചു ?'' എന്ന് അദ്ദേഹം അൽഭുതത്തോടെ ചോദിക്കുകയുണ്ടായി.**

---

1957 ൽ തന്നെ സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മിക്കാനുള്ള പരിപാടിയിട്ടിരുന്നു. സാമ്പത്തിക ശേഷിയില്ലാത്തതുകൊണ്ട് അന്ന് മദിരാശി ഗവർമ്മെണ്ടിന്റെ ഒരു പദ്ധതിയായിരുന്ന കോ-ഓപ്പറേറ്റീവ് ഹൗസിംഗ് സ്ക്കീമിൽ ഞങ്ങൾ ചേരുകയും 80% മൂലധനം വായ്പയായി ലഭിക്കുകയും ചെയ്തു. അങ്ങനെയാണ് ഇപ്പോഴത്തെ 14 സ്റ്റാഫ് ക്വാർട്ടേഴ്സുകളുടെ തുടക്കം. അതിന് മുമ്പ് ഈ പരിസരത്ത് വീടുകളുടെ വാടക സീമാതീതമായി വർദ്ധിച്ചു വരികയായിരുന്നു. അത് ഒരളവോളം ലഘൂകരിക്കാൻ ക്വാർട്ടേർസ് നിർമ്മാണം സഹായിച്ചു. എന്നാൽ ഈ പരിപാടിക്ക് തുരങ്കം വെക്കാനുള്ള നീക്കങ്ങൾ ചില ഭാഗത്തു നിന്നും ഉണ്ടായി. അതു ഫലിച്ചില്ല. UGC ഗ്രാന്റോടെ 6 ക്വാർട്ടേഴ്സും കൂടി ചേർത്ത് 20 ആക്കി ഉയർത്തി. കൂടാതെ അദ്ധ്യാപകർ സ്വന്തമായും ധാരാളം വീടുകൾ നിർമ്മിക്കുകയും ചെയ്തു അങ്ങനെ കോളേജിന്റെ റസിഡൻഷ്യൽ സ്വഭാവം സാക്ഷാത്ക്കരിക്കപ്പെട്ടു. ഇത് ഫാറൂഖ് കോളേജിന്റെ ഒരു സവിശേഷതയാണ്. ഇപ്പോൾ വീണ്ടും വസതികൾക്ക് ക്ഷാമം നേരിടുകയും വാടക വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്. ഏതാനും ക്വാർട്ടേഴ്സ് കൂടി നിർമ്മിക്കുന്നത് പ്രശ്നത്തിന് പരിഹാരമായിത്തീർന്നേക്കാം.

കേന്ദ്ര സർക്കാരിന്റെയും യുജിസിയുടെയും പ്രത്യേക സഹായം ലഭിക്കുന്നതിന് വേണ്ടി പല നിവേദനങ്ങളും നടത്തിയിരുന്നു. അവയിൽ ആദ്യത്തേത് അന്ന് ആഭ്യന്തര മന്ത്രിയായിരുന്ന പണ്ഡിററ് ഗോവിന്ദ വല്ലഭ പാന്തിനോടായിരുന്നു. 1960 ൽ അദ്ദേഹം കേരളം സന്ദർശിച്ചപ്പോൾ മുസ്ലീം കളുടെ വിദ്യാഭ്യാസ കാര്യത്തിൽ പ്രത്യേക സഹായം നൽകാമെന്ന് സീതി സാഹിബിനോട് സൂചിപ്പിക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിലാണ് സീതി സാഹിബിന്റെ നിർദ്ദേശപ്രകാരം ഞാനും സി എച്ച്. മുഹമ്മദ് കോയാസാഹിബും കൂടി ദൽഹിയിലെത്തിയത്. രണ്ട് ദിവസത്തെ കാത്തിരിപ്പിന് ശേഷം ഒരു രാത്രി പാന്തിനെക്കണ്ടു കാര്യമൊക്കെ ഉണർത്തിച്ചു. പ്രത്യേക പ്രതികരണമൊന്നുമുണ്ടായില്ല സി എച്ചും. ഞാനുമായുള്ള സ്നേഹബന്ധം ഒന്നുകൂടി ശക്തിപ്പെട്ടതാണ് ഈ യാത്രകൊണ്ടുണ്ടായ പ്രധാന നേട്ടമെന്ന് തോന്നുന്നു. സി. എച്ച്. ഇത് പോലെ പല ഘട്ടത്തിലും കോളേ

ജിന്റെ സഹായത്തിനെത്തിയിരുന്നു. അധികാരത്തിലുള്ളപ്പോഴും അല്ലാത്തപ്പോഴും വളരെയധികം സഹായം അദ്ദേഹത്തിൽ നിന്നും ലഭിച്ചിട്ടുണ്ട് എന്നത് കൃതജ്ഞതാ പൂർവ്വം സ്മരിക്കുന്നു.

രണ്ടാമത്തെ പ്രധാന ദൗത്യം കേന്ദ്ര മന്ത്രിയായിരുന്ന ഹുമയൂൺ കബീറിനെ കാണാനായിരുന്നു. അന്നു യു. ജി. സി. കോളേജുകൾക്കു (തിരഞ്ഞെടുത്തവർക്കു മാത്രം) വിപുലമായ സഹായം നൽകു

---

**സി. എച്ചും ഞാനുമായുള്ള സ്നേഹബന്ധം ഒന്നുകൂടി ശക്തിപ്പെട്ടതാണ് ഈ യാത്ര കൊണ്ടുണ്ടായ പ്രധാന നേട്ടമെന്ന് തോന്നുന്നു. സി. എച്ച്. ഇതുപോലെ പല ഘട്ടത്തിലും കോളേജിന്റെ സഹായത്തിനെത്തിയിരുന്നു. അധികാരത്തിലുള്ളപ്പോഴും അല്ലാത്തപ്പോഴും.**

---

വാനുള്ള ഒരു പദ്ധതി തയ്യാറാക്കിയിരുന്നു. അതിൽ ഫാറൂഖ് കോളേജിനെയും ഉൾപ്പെടുത്തണമെന്നായിരുന്നു നിവേദനം. അന്ന് P. S. C. അംഗമായിരുന്ന P P ഉമ്മർ കോയയും ഞാനും കൂടിയാണ് പോയത്. വിദ്യാഭ്യാസ മന്ത്രി ഹുമയൂൺ കബീറിനെ ഞങ്ങൾ കണ്ടു. അദ്ദേഹം ഞങ്ങളെ UGC ചെയർമാൻ ഡോ: സി. എസ്. കോഠാരിയുടെ അടുത്തേക്കയച്ചു. ഡോ. കോഠാരി ഞങ്ങൾ പറഞ്ഞതൊക്കെ രേഖപ്പെടുത്താൻ ഏർപ്പാ ചെയ്തിരുന്നു. എന്നാൽ ഈ പദ്ധതി തന്നെ നടപ്പായില്ല. അതുകൊണ്ട് ഞങ്ങളുടെ നിവേദനങ്ങൾക്ക് നേരിട്ട് എന്തെങ്കിലും ഫലം ഉളവായി എന്ന് പറയാൻ നിർവ്വാഹമില്ല എങ്കിലും ഫാറൂഖ് കോളേജ് UGC യിൽ ശ്രദ്ധിക്കപ്പെട്ടു എന്നനുമാനിക്കാം. ഇവിടെ നിന്നും അയച്ച മിക്കവാറും എല്ലാ പദ്ധതികളും അംഗീകരിക്കപ്പെട്ടു. ഒരപവാദം COSIP പദ്ധതിയാണ്. അത് ഇന്നും അംഗീകരിക്കാതെ കിടക്കുകയാണ്.

ഇന്ന് കോളേജിന് വളരെ വിശാലമായ കളിസ്ഥലമുണ്ട്. സയൻസ് ബ്ലോക്കിന്റെ മുൻവശത്തുള്ള ഗ്രൗണ്ട് രൂപപ്പെടുത്തിയെടുക്കുന്നതിന് 12 വർഷം വേണ്ടിവന്നു എന്നുള്ളത് ഇപ്പോൾ വിശ്വസിക്കാൻ പ്രയാസമാണ്. വലിയ പാറക്കെട്ടുകളും കുഴിയും കിണറുമൊക്കെയായിരുന്നു അവിടെ. ക്രമേണ ഓരോ കൊല്ലവും കിട്ടാവുന്നത്ര പണം ചിലവാക്കി അത് നിരത്തിയെടുത്തു. ഇക്കാര്യത്തിൽ അന്നത്തെ ഫിസിക്കൽ എഡ്യൂക്കേഷൻ ഡയരക്ടർ ശ്രീ. സി. പി. അബൂബക്കറുടെ ഉത്സാഹം പ്രസ്താവ്യമായ ഒരു കാര്യമാണ്, പണം കണ്ടെത്തുക ഏറെ പ്രയാസമായിരുന്നു. പടിഞ്ഞാറുള്ള കളിസ്ഥലവും ഇതുപോലെ നിരത്തിയെടുത്തതാണ്. ഇപ്പോഴും ആ പണി പൂർത്തിയായിട്ടില്ല. പക്ഷേ, ഇക്കാലത്ത് കോളേജുകൾക്ക് വളരെയധികം പ്ലേഗ്രൗണ്ടുകൾ ആവശ്യമാണോ എന്ന് സംശയമാണ്. കാഴ്ച കണ്ടാൽ അങ്ങനെയാണ് തോന്നുക.

ഇവിടുത്തെ ഏററവും വലിയ സമരം ഒരു പക്ഷെ ഈ കുന്നുംപുറം പച്ചപിടിപ്പിക്കുന്ന കാര്യത്തിലായിരുന്നു. രാത്രിയും പകലുമൊക്കെ ഒരുപോലെ കന്നുകാലികൾ മേഞ്ഞുനടന്നിരുന്ന ഒരു പ്രദേശമാണിത്. ഈ പ്രദേശത്തെ സമ്പ്രദായം തന്നെ കാലികളെ അഴിച്ച് വിട്ട് വളർത്തുകയാണ്. പലരും അതൊരു അവകാശമായിട്ടാണ് കരുതിയിരുന്നത്. അതിനെതിരായ നീക്കം പല സംഘട്ടനങ്ങൾക്കും ഇടയാക്കിയിട്ടുണ്ട്. അവസാനം ഇവിടെയൊരു 'കാററിൽ പൗണ്ട്' തന്നെ ഗവൺമെന്റിനെക്കൊണ്ട് സ്ഥാപിപ്പിക്കേണ്ടി വന്നു. ഇപ്പോഴത്തെ ഇൻഡോർ സ്റ്റേഡിയത്തിന് തൊട്ടു വടക്കു വശത്തായിരുന്നു അത് സ്ഥിതിചെയ്തിരുന്നത്. ആദ്യകാലത്ത് വെച്ച പൂമരങ്ങളാണ് ഇപ്പോൾ പ്രസിഡൻറ്സ് ഹോസ്ററലിന്റെ പടിഞ്ഞാറോട്ട് കാണുന്ന വലിയ മരങ്ങൾ. പിന്നീടുള്ള പ്രവർത്തനം പാറയുടെ മുകളിൽ മണ്ണിടലും പാറകുഴിച്ച് മാററലുമായിരുന്നു. അതിന്റെയൊക്കെ ഫലമായിട്ടാണ് ഇപ്പോൾ ധാരാളം പൂമരങ്ങളും മററും ഉണ്ടായത്. നട്ടുപിടിപ്പിക്കാൻ ധാരാളം മരങ്ങൾ വരുത്തി-പല പരീക്ഷണങ്ങളും നടത്തി. പല ഗ്രന്ഥങ്ങളും വായിച്ചു. ലൈബ്രറിയിലുള്ള "Flowering trees of India" തുടങ്ങിയ ഗ്രന്ഥങ്ങൾ ഈ ആവശ്യത്തിന് വേണ്ടി വരുത്തിയിട്ടുള്ളതാണ്. അങ്ങനെ കഷ്ടിച്ച് വളർന്നു വന്ന അനുയോജ്യമായ വൃക്ഷങ്ങളാണ് അവസാനം അവശേഷിച്ചിട്ടുള്ളത്. ഈ മൊട്ടക്കുന്ന് പച്ചപിടിപ്പിച്ചതിൽ ഏററവും കൂടുതൽ അഭിനന്ദന വാക്കുകൾ പറഞ്ഞദ്ദേഹം പരേതനായ എം. കെ. ഹാജിയാണ്. ''ഈ പാറപ്പുറത്ത് എങ്ങിനെയിത് സാധിച്ചു ?'' എന്ന് അദ്ദേഹം അത്ഭുതത്തോടെ ചോദിക്കുകയുണ്ടായി.

1960ലാണ് ഇവിടെ ഒരു ട്രെയിനിംഗ് കോളേജിനുള്ള അപേക്ഷ കൊടുത്തത്. പല വഴിത്തിരിവുകളും പിന്നിട്ട് ഒരു ട്രെയിനിംഗ് കോളേജ് സ്ഥാപിച്ച് കിട്ടിയത് വളരെ പ്രധാനപ്പെട്ട ഒരു സംഭവമാണ്. അന്ന് കേരളത്തിലുണ്ടായിരുന്ന 18 ട്രെയിനിംഗ് കോളേജുകളിൽ 14 സ്വകാര്യ മേഖലയിലായിരുന്നു. അതിൽ മുസ്ലീംകൾക്ക് ഒന്നുപോലും ഉണ്ടായിരുന്നില്ല. കൂടുതൽ കോളേജുകൾ സ്ഥാപിക്കുന്നതിന് എതിരായ ഒരു നീക്കം അന്ന് തന്നെ തുടങ്ങിയിരുന്നു. കൂടുതൽ ആളുകളെ പരിശീലിപ്പിക്കേണ്ട ആവശ്യമില്ല എന്നായിരുന്നു സർക്കാരിന്റെ വാദം. എന്നാലും നമുക്ക് അനുകൂല സാഹചര്യങ്ങൾ ഉണ്ടായിരുന്നു. പി. കെ. അബ്ദുള്ള സാഹിബ് വിദ്യാഭ്യാസ സെക്രട്ടറിയാണ്. പി പി. ഹസ്സൻ കോയ സാഹിബ് കേരള യൂണിവേഴ്സിററി സിണ്ടിക്കേററ് മെംബറാണ്. ട്രെയിനിംഗ് കോളേജിന് വേണ്ടി അപേക്ഷിച്ചപ്പോൾ ഉദ്ദേശിച്ചിരുന്ന കെട്ടിടം ഇപ്പോഴത്തെ അറബിക്കോളേജായിരുന്നു. അത് കിട്ടുകയില്ലെന്ന് കണ്ടപ്പോൾ ആ അപേക്ഷ ഏതാണ്ട് ഉപേക്ഷിച്ചമട്ടായി. പിന്നീടാണ് നേരത്തെ തറയിട്ടിരുന്ന ലക്ഷ്മണ സ്വാമി മുതലിയാർ ബ്ലോക്കിന്റെ കാര്യം ഞാൻ പി. പി. ഹസ്സൻ കോയയുടെയും അന്നത്തെ മാനേജ്മെന്റ് സിക്രട്ടറി കുഞ്ഞഹമ്മദ് കുട്ടിഹാജിയുടെയും ശ്രദ്ധയിൽ പെടുത്തിയത്. വളരെ വേഗത്തിൽ ആ കെട്ടിടത്തിന്റെ പണിതീർത്തു. 'സീതി സാഹിബ് മെമ്മോറിയൽ ബിൽഡിംഗ്' എ

ന്നാണ് ആകെട്ടിടം ഇന്ന് അറിയപ്പെടുന്ന ടുന്നത്. ട്രെയിനിംഗ് കോളേജ് സ്ഥാപിതമായി. വളരെക്കാലം ട്രെയിനിംഗ് കോളേജിൻെറ കറസ്പോണ്ടൻറായി എനിക്ക് പ്രവർത്തിക്കേണ്ടിവന്നു - കോളേജിൻെറ പ്രാഥമിക ഘട്ടത്തിൽ അതിൻെറ ഭരണചുമതല അന്നത്തെ മാനേജ്മെൻെറ് എന്നിൽ അർപ്പിക്കുകയാണുണ്ടായത്.

കോളേജ് ലൈബ്രറിയുടെ വികസനത്തിന് ഞങ്ങൾ അതീവ ശ്രദ്ധ ചെലുത്തിയിരുന്നു. രാവിലെ 8 മണിമുതൽ രാത്രി 8 മണിവരെ ലൈബ്രറി പ്രവർത്തിച്ചിരുന്നു. ലൈബ്രറി കോളേജിൻെറ പ്രധാനകേന്ദ്രമായി വികസിപ്പിക്കാൻ ശ്രമിച്ചു. ഇത്രയധികം ജർണലുകൾ ഉള്ള കോളേജ് അപൂർവ്വമാണ്. പുസ്തകങ്ങൾ വാങ്ങുന്ന കാര്യം പ്രത്യേകം ശ്രദ്ധിച്ചു. വിവിധ വിഷയങ്ങളിലുള്ള പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുമ്പോൾ അവയുടെ റിവ്യൂകൾ പരിശോധിക്കുക, അതനുസരിച്ച് പുസ്തകങ്ങൾ വരുത്തുകയെന്നത് എനിക്ക് വളരെ താൽപര്യമുള്ള കാര്യമായിരുന്നു.

കൊല്ലംതോറും എന്തെങ്കിലും പുതിയ പരിപാടികൾ അക്കാഡമിക് രംഗത്ത് ആവിഷ്കരിക്കുക പതിവായിരുന്നു. 1972ലെ ഇംഗ്ലീഷ് സമ്മർഇൻസ്ററിററ്യൂട്ട് കേരളത്തിൽ തന്നെ ഒരു കോളേജോ, യൂനിവേഴ്സിററിയോ നടത്തുന്ന ആദ്യത്തെ ഇൻസ്ററിററ്യൂട്ടായിരുന്നു. ഇതിൻെറ ഫലമായി കേരളത്തിലെ ഇംഗ്ലീഷ് അദ്ധ്യാപനത്തിന് ഒരു പുതിയ ദശയാരംഭിച്ചുവെന്ന് പറയാം. വളരെപ്പേർ ഇംഗ്ലീഷ് ലാംഗേജ് ടീച്ചിംഗിൽ തൽപരരാവുകയും അതിൻെറയടിസ്ഥാനത്തിൽ ഉന്നതപഠനത്തിന് പോവുകയും ചെയ്തിട്ടുണ്ട്. ഡോ ആൻഡ്രൂസ്, പ്രൊഫ. യു. മുഹമ്മദ് ഡോ അയ്യപ്പൻപിള്ള തുടങ്ങിയവർ സമ്മർ ഇൻസ്ററിററ്യൂട്ടിൽ നിന്നും പ്രചോദനം നേടി ബന്ധപ്പെട്ട ഉപരിപഠനത്തിന് മുതിർന്നവരിൽ ചിലരാണ്.

ഉന്നത വിദ്യാഭ്യാസത്തിൻെറ അവിഭാജ്യഘടകമാണ് ഗവേഷണം. ഫാറൂഖ് കോളേജിൽ ഗവേഷണത്തിൽ താത്പര്യം ഉണ്ടാക്കാൻ പല ശ്രമങ്ങളും ഞാൻ നടത്തിയിട്ടുണ്ട്. അദ്ധ്യാപക നിയമനത്തിൽ ഗവേഷണ ബിരുദമുള്ളവർക്കും അതിൽ താൽപര്യമുള്ളവർക്കും മുൻഗണന നൽകിയിരുന്നു. അതിൻെറ പേരിൽആരോപണത്തിനും ശത്രുതയ്ക്കും വിധേയനാവേണ്ടി വന്നിട്ടുണ്ട്. ഗവേഷണത്തിൽ താൽപര്യമുള്ള അധ്യാപകരെ ഒരുമിച്ചുചേർത്ത് ഒരുറിസർച്ച് കൗൺസിൽ കോളേജിൽ സംഘടിപ്പിച്ചിരുന്നു. കോളേജിലെ ഇംഗ്ലീഷ്വകുപ്പ് ഒരു ഗവേഷണ കേന്ദ്രമായി സർവ്വകലാശാലയെക്കൊണ്ടംഗീകരിപ്പിച്ചിരുന്നു. രണ്ടുപേർ ഈ വകുപ്പിൽ കൂടി Ph.D ബിരുദം നേടിയിട്ടുണ്ടെന്ന വസ്തുത പലരും അറിയുകയില്ല. പിന്നീട് സുവോളജി വകുപ്പും ഒരു ഗവേഷണ കേന്ദ്രമായി സർവ്വകലാശാല അംഗീകരിച്ചു. ഞാൻ വൈസ് ചാൻസിലറായിരുന്ന കാലത്താണ് ആ നടപടി പൂർത്തിയായത്. അതിന് വേണ്ട പ്രേരണ നൽകുകയും ചെയ്തു. ഈ ഘട്ടത്തിലാണ് ഗവേഷണ സ്കോളർഷിപ്പുകൾ കോളേജ് ഗവേഷണ കേന്ദ്രത്തിലുള്ള വിദ്യാർത്ഥികൾക്കും നൽകാനുള്ള സുപ്രധാനമായ തീരുമാനം സർവ്വകലാശാല എടുത്തത്. അതുവഴി ലഭിച്ച ആദ്യത്തെ രണ്ട് സ്കോളർഷിപ്പുകൾ ഫാറൂഖ് കോളേജിലെ Zoology കേന്ദ്രത്തിലെ രണ്ട് ഗവേഷകർക്കാണ് നൽകിയത്. ഇനിയുള്ള വളർച്ച ഗവേഷണ രംഗത്താണ്. അതിനുള്ള സംവിധാനവും ക്രമീകരണങ്ങളും ആലോചിച്ചുറപ്പിക്കേണ്ടതുണ്ട്.

1973 ൽ നടന്ന കോളേജ് സിൽവർ ജൂബിലി ആഘോഷങ്ങൾ വളരെ ശ്രദ്ധേയമായ ഒരു പരിപാടിയായിരുന്നു. 10 ദിവസം നീണ്ടു നിന്ന പ്രദർശനം, വിവിധ പരിപാടികൾ, വിദേശ പ്രതിനിധികൾ പങ്കെടുത്ത മഹായോഗങ്ങൾ ഇവയൊക്കെ അന്ന് വളരെയേറെ ശ്രദ്ധ പിടിച്ചു പററിയ സംഭവമായിരുന്നു. അന്ന് പ്രസിദ്ധീകരിച്ച 'സിൽവർ ജൂബിലി സുവനീർ' ഒരു കനപ്പെട്ട ഗ്രന്ഥമാണ്. അതിൻെറ പേര് വെക്കാത്ത എഡിറേറാറിയൽ ഇപ്പോൾ വായിച്ച് നോക്കുന്നത് രസകരമായിരിക്കും. സിൽവർ ജൂബിലി പരിപാടികൾ ഫിലിമിൽ പകർത്തിയിട്ടുള്ളത് പിൻ തലമുറകൾക്ക് ആവേശജനകമാകേണ്ടതാണ്.

യൂനിവേഴ്സിററി ഗ്രാൻറ്സ് കമ്മീഷനിൽ നിന്ന് ഏററവും കൂടുതൽ ധനസഹായം ലഭിച്ചിട്ടുള്ള കേരളത്തിലെ രണ്ട് മൂന്ന് കോളേജുകളിൽ ഒന്നാണ് ഫാറൂഖ് കോളേജ്. U G C ആവിഷ്കരിച്ച ഒരു പദ്ധതിയും വിട്ട് കളഞ്ഞിട്ടില്ല. ഉദാഹരണത്തിന് കുഞ്ഞാലി മരയ്ക്കാർഇൻഡോർ സ്റേറഡിയം, സ്ററുഡൻറ് സെൻെറർ, കാഫററീറിയ വർക്ക്ഷോപ്പ്, സിൽവർ ജൂബിലി ഹെൽത്ത് സെൻർ തുടങ്ങിയവ.

---

**ഞാനും അബുസ്സബാഹ് അഹമ്മദലി സാഹിബും കൂടി ചാവക്കാട്ട് രാജാ അബ്ദുൽ ഖാദർ ഹാജിയെ ചെന്നുകണ്ടു. ആ നല്ല മനുഷ്യൻ ഗേററിനുള്ള മുഴുവൻ ചെലവും വഹിക്കാൻ ഏൽക്കുകയും ചെയ്തു. അതാണിന്നത്തെ മനോഹരമായ രാജാ ഗേററ്.**

---

ശുദ്ധജല വിതരണം ഇന്നും കോളേജിൻെറ വലിയ പ്രശ്നമാണ്. അതിൻെറ പരിഹാരത്തിന്നായി ആദ്യം ചെയ്തത് ഒരു കുഴൽ കിണർ നിർമ്മിക്കുകയാണ്. 1958ൽ അത് അക്കാലത്തെ ആവശ്യത്തിന് മതിയായിരുന്നു. പിന്നീട് ഹോസ്ററലുകളും ലബോറട്ടറികളും മററും വികസിച്ചപ്പോൾ വെള്ളം തീരെ തികയാതായി. ചാലിയാറിൻെറ അടുത്തായി അൽപം സ്ഥലം വാങ്ങിയതും അങ്ങോട്ടൊരു വഴിയുണ്ടാക്കിയതും ഏറെ പ്രയാസപ്പെട്ടാണ്. മൂന്ന് വലിയ കിണറുകൾ അവിടെ നിർമ്മിച്ച് കോളേജിലേക്ക് പൈപ്പ് ലൈൻ വഴി വെള്ളമെത്തിക്കുകയാണ് ചെയ്തത്, കുറെകാലത്തേക്ക് അത് മതിയായിരുന്നു. ഇപ്പോൾ വീണ്ടും ജലക്ഷാമം ഒരു വലിയ പ്രശ്നമായിരിക്കയാണ്. പബ്ളിക് ഹെൽത്ത് എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെൻറിൻെറ ജലവിതരണ പദ്ധതികൊണ്ടല്ലാതെ ഈ പ്രശ്നത്തിന് സമ്പൂർണ്ണമായ ഒരു പരിഹാരം കണ്ടെത്തുക സാദ്ധ്യ

മല്ല. ചാലിയാറിൽ അപ്പുഴക്ക് സമീപം ഒരു barricege-cum-bridge നിർമ്മിക്കണമെന്ന നിർദ്ദേശം സർക്കാർ തന്നെ പ്രസിദ്ധീകരിച്ച റിവർ വാലി സ്കീമിൽ ഉള്ളതാണ്. 1960കളിൽ പ്രസിദ്ധീകരിച്ച ആ റിപ്പോർട്ടിൻമേൽ സർക്കാർ ഇനിയും നടപടിയെടുത്തിട്ടില്ല. ഇത് സംബന്ധമായി ധാരാളം കത്തുകൾ ഫാറൂഖ് കോളേജിൽ നിന്ന് പോയിട്ടുണ്ട്, വിഫലമെങ്കിലും.

ആരംഭ കാലം മുതൽ തന്നെ സാമ്പത്തികമായി ഒരു പ്രതിസന്ധി നേരിടുകയായിരുന്നു. വളരെ അപൂർവ്വമായി മാത്രമേ മാസാരംഭത്തിൽ ശമ്പളത്തിനുള്ള തുക കോളേജിൽ ഉണ്ടായിരുന്നുള്ളു. ഏതെങ്കിലും വിധത്തിൽ ആവശ്യത്തിനുള്ള തുക ഓരോ മാസാന്ത്യത്തിൽ സംഘടിപ്പിക്കേണ്ടിയിരുന്നു ഈ കാര്യത്തിൽ അതതു കാലത്തെ പ്രിൻസിപ്പാൾമാർ തന്നെയാണ് ഏററവും കൂടുതൽ യാതന അനുഭവിച്ചിരുന്നതും. കോളേജിന്റെ പ്രധാന വരുമാനം ഫീസും സർക്കാർ ഗ്രാൻറും ആയിരുന്നു. ഇതു മുഴുവൻ യഥാസമയം ലഭിച്ചാലും പിന്നെയും വലിയ കമ്മി നികത്തേണ്ടിയിരുന്നു. കമ്മി വർഷം തോറും വർദ്ധിച്ച് വന്നിരുന്നു. ഫീസിനത്തിൽ ഭൂരിഭാഗവും പിന്നോക്ക സമുദായ വിദ്യാർത്ഥികൾക്കുള്ള ഇളവായത് കൊണ്ട്, അതും സർക്കാർ തന്നെ തരണം. ഒരിക്കലും അത് യഥാസമയം ലഭിക്കുമായിരുന്നില്ല. ഗ്രാൻറും അതുപോലെ മാർച്ച് അവസാനദിനം മാത്രമാണ് നൽകിയിരുന്നത്. അങ്ങനെ ഏപ്രിൽ 1 ന് വലിയ തുക കോളേജിലുണ്ടാകും. എന്നാൽ അത് വരെയുള്ള കടം തീർക്കാൻ തികയുമായിരുന്നില്ല. ഒരാഴ്ച കഴിയുമ്പോൾ വീണ്ടും പഴയ സ്ഥിതിയായി. 1972 ൽ സർക്കാർ ശമ്പള വിതരണം ഏറെറടുത്തു. അതോടെ ആ നിത്യ സാമ്പത്തിക വ്യഥ ഒഴിവായി. എന്നാലും ആ പഴയകാലത്തെക്കുറിച്ച് നടുക്കത്തോട് കൂടി മാത്രമേ ഓർക്കുവാൻ കഴിയുള്ളൂ.

കോളേജിന്റെ ഭരണം സംബന്ധിച്ച് എനിക്ക് അദ്ധ്യാപകരിൽ നിന്ന് ഏറെക്കുറെ സമ്പൂർണ്ണമായ സഹകരണം സിദ്ധിച്ചിരുന്നു. അൽപം ചില വിമുഖരും ഇല്ലാതില്ല. അവരുടെ പ്രവർത്തനങ്ങൾ കൊണ്ട് ചിലപ്പോഴൊക്കെ ബുദ്ധിമുട്ടുണ്ടായതായും എനിക്കോർമ്മ വരുന്നു. ഒരിക്കൽ ഒരു വിജിലൻസ് അന്വേഷണത്തിന് വേണ്ടിയുള്ള ഊമക്കത്തുകൾ സർക്കാരിന് ലഭിച്ചിരുന്നു. കാര്യം പഞ്ചസാര. പഞ്ചസാര വളരെ ദുർലഭമായിരുന്ന കാലത്ത് കോ-ഓപ്പറേറീവ് സ്റേറാറിൽ ഓണാവധിക്ക് കോളേജടക്കുമ്പോൾ ബാക്കിയുണ്ടായിരുന്ന അൽപം പഞ്ചസാര തങ്ങൾക്ക് വിതരണം ചെയ്യണമെന്ന് അദ്ധ്യാപകർ ആവശ്യപ്പെട്ടതനുസരിച്ച് അവർക്ക് വിതരണം ചെയ്തു. ഇതൊരു വലിയ തെററായിപ്പോയി എന്നുള്ളതായിരുന്നു ഭീമഹരജി. ഹരജി കിട്ടിയപ്പോൾ ബന്ധപ്പെട്ട ഓഫീസർ എന്നെ വിളിച്ചറിയിച്ചു — ''നിങ്ങൾക്കെതിരായി പ്രവർത്തിക്കുന്ന ചിലയാളുകൾ നിങ്ങളുടെ കോളേജിലുണ്ട്.''

---

**1959ൽ അറബിക്കോളേജുകൾ നിറുത്തലാക്കണമെന്ന മുണ്ടശ്ശേരിയുടെ നിർദ്ദേശം കേരള യൂനിവേഴ്സിററി അംഗീകരിച്ചു. അതിനെ ശക്തിയായി എതിർത്തത് മൗലവിസാഹിബാണ്. മൗലവിയും ഹൈദ്രോസ് വക്കീലും ഞാനും കൂടി തിരുവനന്തപുരത്ത് പോയി ആ തീരുമാനം റദ്ദാക്കിച്ചു അന്നാണ് ഇ. എം. എസിന്റെ ആദ്യത്തെ മന്ത്രിസഭ രാജിവെച്ചത് എന്നത് യാദൃശ്ചികമാണെങ്കിലും രസകരമായ ഒരു സംഗമം തന്നെയായിരുന്നു.**

---

വേറൊരു സംഭവം ഇതിലും പ്രമാദമാണ്. അന്ന് പ്രതിരോധ മന്ത്രിയായിരുന്ന ശ്രീ. V. K. കൃഷ്ണമേനോന് ഞാൻ പാകിസ്ഥാൻ അനുകൂലിയാണെന്ന് കാണിച്ച് കൊണ്ട് ഒരു കത്ത് കിട്ടിയിരുന്നു. അതന്വേഷിക്കാൻ കേരള സർക്കാറിനെയാണ് വിട്ടത്. ഡോ. കെ. ഭാസ്കരൻ നായർ അന്ന് വിദ്യാഭ്യാസ സെക്രട്ടറിയായിരുന്നു. അദ്ദേഹം സർക്കാരിന് വേണ്ടി അന്വേഷണത്തിന് വരികയും ചെയ്തു. പിന്നെയൊന്നും കേട്ടില്ല.

കോളേജിന്റെ സ്വത്തുക്കളെക്കുറിച്ച് പറയുമ്പോൾ എറണാംകുളം ജില്ലയിലുള്ളമുനമ്പം എസ്റേററ് സംബന്ധിച്ച ഇന്നും തീരാത്ത കുഴപ്പങ്ങളെ സംബന്ധിച്ചും പറയേണ്ടിവരും. 404 ഏക്കർ സ്ഥലം ഒരു ലക്ഷം രൂപ വിലവെച്ച് പരേതനായ സിദ്ധീഖ് സേട്ടു ദാനമായി നൽകിയതാണ്. അതിൽ 253ഏക്കർ കടലെടുത്തുപോയി. ബാക്കിയുള്ള 151 ഏക്കറിൽ 60 ഏക്കറോളം കായലുമാണ്. അവശേഷിച്ച സ്ഥലത്ത് തെങ്ങ് കൃഷിയുണ്ട്. ഈ ഭൂമിയിലെ 14 കുടികിടപ്പുകാർ മീൻപിടുത്തക്കാരായിരുന്നു. അവർ വസ്തുവിൽ പല ശല്യങ്ങളും ചെയ്തുകൊണ്ടിരുന്നു. ഇത് സംബന്ധമായ ഒരു ക്രിമിനൽ കേസ് നിലവിലുണ്ടായിരുന്നു. അങ്ങനെയിരിക്കെ പട്ടംതാണുപിള്ളയുടെ ഭരണകാലത്ത് അവിടെ ചില പ്രാദേശിക PSP നേതാക്കൾ കുഴപ്പക്കാരുടെ ഭാഗത്തുചേർന്നു. കോളേജിൽ നിന്ന് ലൈസൻസ് നൽകിയിരുന്ന ഒരാൾ മീൻപിടിക്കാൻ ബണ്ട് കെട്ടിയപ്പോൾ കുഴപ്പക്കാർ ബലമായി കയ്യേറി ബണ്ട് വെട്ടിമുറിച്ചു. സംഭവം കേട്ട് ഞാനും മൗലവിസാഹിബും കൂടി മുനമ്പത്ത് ചെന്നു. വസ്തുമുഴുവൻ പുറമ്പോക്കാണ്. കോളേജിനിവിടെ സ്ഥലമില്ലെന്നായിരുന്നു അവരുടെവാദം. അന്ന് റവന്യൂമന്ത്രി ചന്ദ്രശേഖരൻ ആലുവയിലുണ്ടായിരുന്നു. അദ്ദേഹത്തെ കണ്ട് കാര്യം പറഞ്ഞു. പക്ഷെ പ്രാദേശിക പി. എസ്. പി കുട്ടിനേതാക്കൻമാരുടെ അഭിപ്രായമാണ് അദ്ദേഹം സ്വീകരിച്ചത്. അവസാനം പ്രശ്നം അന്ന് സ്പീക്കറായിരുന്ന സീതി സാഹിബ് പട്ടംതാണുപിള്ളയുടെ മുമ്പിലവതരിപ്പിച്ചു. തർക്കമുള്ള ഭൂമി റീസർവ്വേനടത്തണമെന്നായിരുന്നു പട്ടത്തിന്റെ നിർബന്ധമായ നിലപാട്. ഈ തീരുമാനം കോളേജിന്റെ താൽപര്യത്തിന് ഹാനിവരുത്തി. നിലവിലുള്ള ക്രിമിനൽ കേസുകൾ ഇതിന്റെ പേരിൽ തള്ളിപ്പോയി. ഭൂമിയിൽ പ്രവേശിക്കാനും തേങ്ങയെടുക്കാനും കഴിയാതെയായി. വളരെയധികം പ്രേരണചെലുത്തിയ ശേഷം റീസർവ്വേ നടന്നു റീസർവ്വേ കൊണ്ടു നഷ്ടമൊന്നുമുണ്ടായില്ല എങ്കിലും ക്രിമിനൽ കേസുകൾ തള്ളിപ്പോയ പരിതസ്ഥിതിയിൽരാഷ്ട്രീയക്കാരുടെ പിന്തുണയുള്ള പുതിയ കയ്യേററക്കാരും താമസക്കാരും വലിയ കുഴപ്പമുണ്ടാക്കി. ആ സന്ദർഭത്തിൽ കോളേജ് കോടതിയെ സമീപിച്ചു. വസ്തു റസീവർ ഭരണത്തിൻ കീഴിലായി. റസീവർ ഭരണത്തിന്റെ ന്യൂനതകൾ സഹിക്കേണ്ടിവന്നു. ഡിസ്ട്രിക്ട് കോടതി വിധി കോളേജിനനുകൂലമായിരുന്നു. റസീ

വർ കെട്ടിവെച്ച ഒരു ലക്ഷത്തിലധികം ഉറുപ്പിക ലഭിച്ചു. പക്ഷെ ഭൂമി കയ്യേററങ്ങൾ ഒഴിവാക്കി തിരിച്ചുതരണമെന്ന അപേക്ഷ വീണ്ടും കോടതിയിൽ സമർപ്പിക്കേണ്ടിവന്നു. കൂടാതെ എതിർ കക്ഷി ഹൈക്കോടതിയിൽ അപ്പീലും നൽകി വാദം കേട്ടുകൊണ്ടിരിക്കുമ്പോൾ ജഡ്ജിയുടെ ചില പ്രസ്താവനകൾ വിപരീത വിധിയുണ്ടാകുമെന്ന ധാരണയുണ്ടാക്കി. കോളേജിന്‌വേണ്ടി വാദിച്ചിരുന്ന അഡ്വ. കേശവൻ നായർ വാദം പെട്ടെന്ന് നിർത്തി രോഗം അഭിനയിച്ച് കേസിൽ നിന്ന് പിൻവാങ്ങിയ വിവരം കോളേജിലറിഞ്ഞു. ഹൈക്കോടതിവിധി വിപരീതമായാൽ ഒരു ലക്ഷത്തിലധികം രൂപ തിരിച്ചടക്കേണ്ടിവരും. ആ പണം കോളേജ് ഉപയോഗിച്ചു കഴിഞ്ഞിരുന്നു അതുകൊണ്ടാണ് ന്യൂഇഖ്ബാൽ ഹോസ്ററലിന്റെ ആദ്യഭാഗം പണിതത്. കമ്പികിട്ടിയ ഉടനെ ഞാൻ എറണാംകുളത്ത്പോയി. കേശവൻനായരുടെ നിർദ്ദേശാനുസരണം വേറെവക്കീലിനെ ഞാനും ടി. ഒ. അബ്ദുള്ളയും ചേർന്ന് ഏർപ്പാട്ചെയ്തു. വലിയ തുക ഫീസ് കൊടുക്കേണ്ടിവന്നു. അവസാനം കേസ് ആ ജഡ്ജിയുടെ ബെഞ്ചിൽ നിന്ന് വേറൊരു ജഡ്ജിയിലേക്ക് മാററി. അനുകൂലമായ വിധിയുണ്ടായി. ഇപ്പോഴും തൽസംബന്ധമായ കേസുകൾ നടന്നുകൊണ്ടിരിക്കുന്നു.

കോളേജിന്റെ പ്രവർത്തനത്തിന് ഞാൻ ഇടപെടേണ്ടിവന്നിട്ടുള്ള വ്യക്തികളിൽ ചിലരെക്കുറിച്ച് അല്പം പറയാം.

കോളേജിന് ബീജാവാപം നൽകിയ മഹാനാണ് മൗലാനാ അബുസ്സബാഹ് അഹമ്മദലി സാഹിബ്. ഞാനും മൗലവി സാഹിബുമായി സുദൃഢമായ സ്നേഹബന്ധമാണുണ്ടായിരുന്നത്. അറബിക്കോളേജ്, ഹൈസ്ക്കൂൾ എന്നിവയുടെ പ്രശ്നങ്ങളും ഞങ്ങൾ കൂടിയാലോചിച്ചാണ് തീരുമാനമെടുത്തിരുന്നത്. 1959 ൽ അറബിക്കോളേജുകൾ നിറുത്തലാക്കണമെന്ന മുണ്ടശ്ശേരിയുടെ നിർദ്ദേശം കേരള യൂനിവേഴ്സിററി അംഗീകരിച്ചു. അതിനെ ശക്തിയായി എതിർത്തത് മൗലവി സാഹിബാണ്. മൗലവിയും ഹൈദ്രോസ് വക്കീലും ഞാനും കൂടി തിരുവനന്തപുരത്ത് പോയി ആ തീരുമാനം റദ്ദാക്കിച്ചു. അന്നാണ് ഇ. എം. എസിന്റെ ആദ്യത്തെ മന്ത്രിസഭ രാജിവെച്ചത് എന്നത് യാദൃശ്ചികമാണെങ്കിലും രസകരമായ ഒരു സംഭവം തന്നെയായിരുന്നു.

എന്റെ മനസ്സിൽ ജ്വലിച്ചു നിൽക്കുന്ന ഒരു മഹൽവ്യക്തിയാണ് ജനാബ് സീതിസാഹിബ്. അദ്ദേഹം തലശ്ശേരിയിലായിരുന്നപ്പോൾ മുതൽ ഞാൻ നിരന്തര സമ്പർക്കം പുലർത്തിയിരുന്നു. സുദീർഘമായ കത്തുകൾ അദ്ദേഹം എനിക്കെഴുതാറുണ്ട്. പിന്നീട് എറണാംകുളത്തേക്ക് താമസം മാററിയിട്ടും കോളേജ് കാര്യങ്ങളിൽ അദ്ദേഹം പൂർവ്വാധികം തൽപരനായിരുന്നു എറണാകുളത്ത് ചെന്ന് അനേകം തവണ ഞാൻ സീതിസാഹിബുമായി സംസാരിച്ചിട്ടുണ്ട്. അസാധാരണ ബുദ്ധിശാലിയായ അദ്ദേഹത്തോട് സംസാരിക്കുന്നത് ഒരു പ്രത്യേക അനുഭവമായിരുന്നു. അദ്ദേഹത്തെ ഭയഭക്തി ബഹുമാനത്തോടെയല്ലാതെ സമീപിക്കുവാൻ സാധ്യമായിരുന്നില്ല

മറക്കാനാവാത്ത മറെറാരു പുരുഷനാണ് കുഞ്ഞിമായൻ ഹാജി സാഹിബ്. അദ്ദേഹത്തിന്റെ തലശ്ശേരിയിലുള്ള 'മൗണ്ട് പ്ലസൻറ് ബംഗ്ലാവ്' എനിക്ക് സുപരിചിതമാണ്. ഇടക്കിടെ അദ്ദേഹം എന്നെ ക്ഷണിച്ച് വരുത്തി പുതിയപുതിയ ആശയങ്ങൾ അവതരിപ്പിക്കും. സാധു വിദ്യാർത്ഥികളുടെ കാര്യത്തിൽ പ്രത്യേക താൽപര്യമുണ്ടായിരുന്ന അദ്ദേഹം രണ്ടു പ്രാവശ്യമായി നിർമ്മിച്ചതാണ് പ്രസിഡൻറ്സ് ഹോസ്ററൽ അന്ന് മാനേജിംഗ് കമ്മിററി പ്രസിഡൻറായിരുന്ന ഹാജി സാഹിബിന്റെ പേരാണ് ഹോസ്ററലിന് വീണത് ഇടക്കിടെ കമ്പനി ഷെയറുകൾ കോളേജിന്റെ പേരിൽ വാങ്ങി നൽകുന്ന പതിവുണ്ടായിരുന്നു അദ്ദേഹത്തിന്. വിമെൻസ്ഹോസ്ററൽ സന്ദർശിച്ചപ്പോൾ പ്രാർത്ഥനക്കുള്ള ഹാൾ കണ്ടു സന്തുഷ്ടനാവുകയും അതിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ ഒരു തുക സംഭാവന നൽകുകയും ചെയ്തു. ബൃഹത്തായ ഒരു സ്കോളർഷിപ്പ് പദ്ധതിയുടെ ആശയം അദ്ദേഹത്തിനുണ്ടായിരുന്നു.

കോളേജിന്റെ ആദ്യത്തെ പ്രസിഡൻറ് പ്രശസ്തനായ ഉണ്ണിക്കമ്മു സാഹിബായിരുന്നു. അദ്ദേഹം കാത്തുസൂക്ഷിച്ചിരുന്ന കുലീനതയും മിതഭാഷിത്വവും ആരുടെയും ആദരവ്പിടിച്ച് പററുന്നതായിരുന്നു. ഉണ്ണിക്കമ്മു സാഹിബും അതുപോലെ തന്നെ ആദ്യകാലത്തെ വൈസ്പ്രസിഡൻറ് ഊർജ്ജസ്വലനായ ആററക്കോയ തങ്ങളും കോളേജിന്റെ ശക്തികേന്ദ്രങ്ങളായിരുന്നു. കുഞ്ഞിമായൻ ഹാജിയുടെ മരണശേഷം ഇന്നുവരെ പ്രശസ്ത വ്യവസായിയായ എ. കെ. കാദർ കുട്ടി സാഹിബാണ് പ്രസിഡൻറ് സ്ഥാനം അലങ്കരിക്കുന്നത്.

കോളേജ് കാര്യങ്ങളിൽ അതീവ ശ്രദ്ധ ചെലുത്തിയ പി. ഐ. കുഞ്ഞഹമ്മത് കുട്ടി ഹാജി മാനേജിംഗ് കമ്മിററി ജോ. സിക്രട്ടറിയായിരുന്നു. സീതീസാഹിബിന്റെ മരണത്തോടെ അദ്ദേഹം സിക്രട്ടറിയായി. എല്ലാ കാര്യങ്ങളും ഋജുവായും നിഷ്കൃഷ്ടമായും ചെയ്യുന്ന പ്രകൃതമായിരുന്നു അദ്ദേഹത്തിന്. വളച്ചുകെട്ടും ഒളിച്ചു കളിയും തീണ്ടിയിട്ടില്ലാത്ത ഉദാരമതി. കോളേജിന്റെ ചരിത്രത്തിൽ നിന്നും വേർപെടുത്താനാവാത്ത പേരാണ് പി. പി. ഹസൻകോയ സാഹിബിന്റേത്. കോളേജിനെ ഇന്നത്തെ അവസ്ഥയിൽ എത്തിക്കാൻ വളരെയധികം സഹായിച്ച മഹാനായ വ്യക്തി. ഫാറൂഖ് ട്രെയിനിംഗ് കോളേജിന്റെ സ്ഥാപനം, പുരോഗതി എന്നീ കാര്യങ്ങളിൽ അദ്ദേഹത്തിന്റെ സേവനം ശ്ലാഘനീയമാണ്. എനിക്ക് അദ്ദേഹം എല്ലാ രംഗങ്ങളിലും സഹായ ഹസ്തം നീട്ടിയിട്ടുണ്ട്.

ഫറോക്കിലെ അവറാൻ കുട്ടിഹാജി എന്നെ ആകർഷിച്ച മറെറാരു വലിയ വ്യക്തിയാണ്. വിശാലഹൃദയനായ ആ മനുഷ്യന് കാര്യങ്ങളെ യഥാർത്ഥ രൂപത്തിൽ കണ്ടറിയാനുള്ള കഴിവുണ്ടായിരുന്നു. വലിയ വിദ്യാഭ്യാസമൊന്നും ഇല്ലാതിരുന്നിട്ട് കൂടി കോളേജിന്റെ വളർച്ചയെക്കുറിച്ച് അദ്ദേഹത്തിന് വ്യക്തമായ ധാരണയുണ്ടായിരുന്നു നല്ലത് കണ്ടു കഴിഞ്ഞാൽ 'നല്ലത്' എന്ന് തിരിച്ചറിയാനുള്ള അദ്ദേഹത്തിന്റെ കഴിവ് എന്നെ അത്ഭുതപ്പെടുത്തിയിട്ടുണ്ട്


ഇനിയും ഏറെകാര്യങ്ങൾ പറയാനുണ്ട്. വിസ്താര ഭയം കൊണ്ട് ചുരുക്കുകയാണ്. 1979 വരെ ഞാൻ പ്രിൻസിപ്പലായിരുന്നു. 22 കൊല്ലം. ഇവിടന്നു പോയത് കാലിക്കററ് യൂനിവേഴ്സിററിയിലേക്കാണ്. വൈസ്ചാൻസലറായിട്ട്. എങ്കിലും ഫാറൂഖ് കോളേജുമായിട്ടുള്ള സുദീർഘവും സർവ്വവിധേനയുമായിട്ടുള്ള ബന്ധം അതെന്റെ ഭാഗമാക്കിത്തീർത്തിട്ടുണ്ട്. എന്റെ ഓർമ്മകളുടെയും സ്വപ്നങ്ങളുടെയും പ്രധാനകേന്ദ്രം ഈ കോളേജാണ്. വെറേ ഒന്നിനോടും ഇത്രത്തോളം താദാത്മ്യം എനിക്കില്ല. വൈസ് ചാൻസലർ ആയിരുന്നപ്പോഴും യൂനി:സിററിയെക്കാൾ കൂടുതൽ എന്റെ ഹൃദയത്തിലുണ്ടായിരുന്നത് ഫാറൂഖ് കോളേജായിരുന്നു. അതൊരു ദൗർബല്യം തന്നെ!

ഷാസാഹിബ് ഫാറൂഖ് കോളേജിന്റെ ആദ്യത്തെ പ്രിൻസിപ്പൽ മാത്രമല്ല 1914ൽ 'മലബാറിൽ ഒരു മുസ്‌ലീം കലാലയം' എന്ന ആശയത്തിന്റെ ഉത്ഭവം മുതൽ ഇന്നോളമുള്ള ഫാറൂഖ്കോളേജിന്റെ ദൈനംദിന ചരിത്രത്തിന്റെ ആധികാരിക സാക്ഷികൂടിയാണദ്ദേഹം. എന്തെന്തനുഭവങ്ങളുടെ കലവറയാണാ മനസ്സ്! കോളേജ് കെട്ടിടത്തിന്റെ പണിക്ക് കല്ലും മണ്ണുമേന്തിയ സേവകൻ ! സഹപ്രവർത്തകർക്കു ശമ്പളം കൊടുക്കാൻ പണക്കാരന്റെ വാതിലുകൾ മുട്ടിവിളിച്ച പ്രധാനാദ്ധ്യാപകൻ ! ഫറോക്കിൽനിന്ന് കുന്നിൻ മുകളിലേക്ക് വിയർത്തൊലിച്ച് നടന്നു വന്നു പട്ടിണി കിടന്ന് ശമ്പളം പറ്റാതെയും അദ്ധ്വാനിച്ച പ്രിൻസിപ്പൽ ! അദ്ദേഹം പലതും പറയാൻ മടിച്ചു ! വളരുന്ന തലമുറയിൽ അദ്ദേഹത്തിനുള്ള പ്രതീക്ഷയൊന്നുകൊണ്ടുമാത്രം, വീണുകിട്ടിയ ആ മൊഴിമുത്തുകൾ ഇവിടെ നിരത്തി വെക്കുകയാണ്.

# നിസ്വാർത്ഥതയുടെ സ്വേദബിന്ദുക്കൾ

കേരളത്തിൽ ഒരു മുസ്ലീം കലാലയം വേണമെന്ന ആശയം, വളരെ മുമ്പേ പല നേതാക്കൻമാരുടെയും മനസ്സിലുണ്ടായിരുന്നു. കേരളത്തിൽ കഴിയുമെങ്കിൽ മലബാറിൽ ഒരു അറബികോളേജ് വേണമെന്ന ആവശ്യം ഹമദാനിയാശൈഖ് ആണ് ആദ്യമായി ഉന്നയിച്ചത്. 1914-ൽ ആലുവയിൽ യൂണിയൻ ക്രിസ്ത്യൻ കോളേജ് തുടങ്ങിയ അവസരത്തിൽ തന്നെ കുറെ സ്ഥലം (ആറേക്കർ) തിരുവിതാംകൂർ ദിവാൻ സർ. രാജഗോപാലാചാരി ഹമദാനി ശൈഖിന് കൊടുക്കുകയും ചെയ്തു. സ്ഥലം കിട്ടിയപ്പോൾ, ഒരു അറബികോളേജ് തുടങ്ങാം എന്ന ആശയത്തിൽ 'ഹമദാനിയാശൈഖ് അറബിക് കോളേജ്' എന്ന് അതിന് പേരുംകൊടുത്തു.

ഒന്നാം ലോക മഹായുദ്ധത്തിനു തൊട്ടുമുമ്പാണ്; ഈജിപ്തിലെ അൽ-അസ്ഹർ' യൂണിവേഴ്സിറ്റിയിൽ നിന്ന് അറബികോളേജിലേക്ക് അദ്ധ്യാപകരെ കൊണ്ടുവരാൻ, മംഗലാപുരത്തുകാരൻ ശൈഖലി മൗലവിയേയും മറ്റു രണ്ടുപേരെയും അയച്ചു. അവർ ഇവിടുന്ന് കപ്പൽ കയറി. പേർഷ്യൻ ഗൾഫിൽ എത്തിയപ്പോൾ യുദ്ധം തുടങ്ങി. യാത്രക്കാരെ ഇറക്കി പട്ടാളാവശ്യത്തിന് കപ്പൽ ഒഴിഞ്ഞുകൊടുക്കണമെന്ന് കൽപ്പനയായി. അങ്ങിനെഅവർ ഗൾഫിൽഇറങ്ങി, ഇറാഖിൽപോയി, ബാഗ്ദാദിൽ അബൂഹനീഫയുടെ ഒരു മദ്രസ്സയുണ്ട് അവിടെ ഈ മൂന്ന് പണ്ഡിതൻമാർ താമസിച്ചു. അബൂഹനീഫയുടെ മദ്രസ്സ ഹനഫികളുടേതാണ്. ഈ പണ്ഡിതൻമാർ ശാഫികളായതിനാൽ അവരുടെ പല രീതികളും ഹനഫികൾ വീക്ഷിക്കാൻ തുടങ്ങി. അതിനാൽ അവർ സ്ഥലം വിട്ടു. കരമാർഗ്ഗം യാത്രചെയ്ത് ഇറാനും ബലൂചിസ്ഥാനും കടന്ന് കറാച്ചിയിലെത്തി. തിരൂരങ്ങാടിക്കാരി ഒരു വലിയുമ്മ കറാച്ചിയിലുണ്ട്. തിരൂരങ്ങാടിയിൽ നിന്ന് 'ഖസായികൾ'(കശാപ്പുകാർ) കൂട്ടികൊണ്ടുപോയി വിവാഹം ചെയ്ത് നല്ല നിലയിൽ ജീവിക്കുന്ന സ്ത്രീകളിലൊരാളാണ് ഈ അമ്മായി. മലയാളികളായ ഇവരെ കണ്ടതിൽ അവർക്ക് വലിയ സന്തോഷമായി. കുറച്ച് ദിവസം അവരോടൊപ്പം താമസിച്ചു പിന്നീട് അവർ കേരളത്തിൽ തിരിച്ചെത്തി. അങ്ങനെ അന്ന് ഉദ്ദേശിച്ച അറബികോളേജ് നടന്നില്ല.



പ്രൊഫസർ സെയ്ദ് മുഹ്യുദ്ദീൻ ഷാ.

പിന്നീട് ആ സ്ഥലം വെറുതെ കിടന്നു. ഒരു ഹൈസ്ക്കൂളെങ്കിലും തുടങ്ങാൻ ശ്രമിച്ചു. അതും നടന്നില്ല. അന്ന് അതൊരു മിഡിൽസ്ക്കൂൾ ആയിരുന്നു. സീതിസാഹിബും മറ്റു ചില നേതാക്കളും കുറെപണം പിരിച്ചു കാദർപിള്ളയെ ഏൽപിച്ചു. കാദർ പിള്ള ആ പണം കൊണ്ട് കുറെ കാലം സ്ക്കൂൾ നടത്തി. പിന്നീട് വിദ്യാഭ്യാസ വകുപ്പിൽ ജോലിയെടുത്ത ഹാജി സിക്കന്തർ തുടങ്ങിയവരൊക്കെ അന്നവിടെ ഹെഡ്മാസ്റ്റർമാരായിരുന്നു. എന്നിട്ടും ഒരു കോളേജ് എന്ന ആശയം പ്രായോഗികമായില്ല. അപ്പോഴേക്കും ര

**ഷാ സാഹിബ് ഫാറൂഖ് കോളേജിന്റെ ആദ്യത്തെ പ്രിൻസിപ്പൽ മാത്രമല്ല. 1914ൽ 'മലബാറിൽ ഒരു മുസ്‌ലീം കലാലയം' എന്ന ആശയത്തിന്റെ ഉത്ഭവം മുതൽ ഇന്നോളമുള്ള ഫാറൂഖ്കോളേജിന്റെ ദൈനംദിന ചരിത്രത്തിന്റെ ആധികാരിക സാക്ഷികൂടിയാണദ്ദേഹം. എന്തെന്തനുഭവങ്ങളുടെ കലവറയാണാ മനസ്സ്! കോളേജ് കെട്ടിടത്തിന്റെ പണിക്ക് കല്ലും മണ്ണുമേന്തിയ സേവകൻ! സഹപ്രവർത്തകർക്കു ശമ്പളം കൊടുക്കാൻ പണക്കാരന്റെവാതിലുകൾമുട്ടിവിളിച്ച പ്രധാനാദ്ധ്യാപകൻ! ഫറോക്കിൽനിന്ന് കുന്നിൻമുകളിലേക്ക് വിയർത്തൊലിച്ച് നടന്നു വന്ന് പട്ടിണി കിടന്ന് ശമ്പളം പററാതെയും അദ്ധ്വാനിച്ച പ്രിൻസിപ്പൽ! അദ്ദേഹം പലതും പറയാൻ മടിച്ചു! വളരുന്ന തലമുറയിൽ അദ്ദേഹത്തിനുള്ള പ്രതീക്ഷയൊന്നുകൊണ്ടു മാത്രം വീണുകിട്ടിയ ആ മൊഴിമുത്തുകൾ ഇവിടെ നിരത്തി വെക്കുകയാണ്.**

ണ്ടാം ലോകമഹായുദ്ധം തുടങ്ങി അന്നേ അറബ്‌രാജ്യങ്ങളുമായി കേരള മുസ്ലീംകൾക്ക് ബന്ധമുണ്ടായിരുന്നു. ഈജിപ്തിൽ നിന്ന് വിദ്യാഭ്യാസ സഹായങ്ങൾ ലഭിക്കണമെന്ന് ആഗ്രഹിക്കുകയും ചെയ്തിരുന്നു.

1939 ൽ രണ്ടാം ലോക മഹായുദ്ധം തുടങ്ങിയപ്പോൾ വിദേശത്ത് പോയി വന്ന പലരെപ്പററിയും സംശയമായിരുന്നു. അക്കൂട്ടത്തിൽ ഒരാളാണ് മൗലവി അബുസ്സബാഹ് അഹമ്മദലി സാഹിബ് - മലബാറുകാർക്ക് വേണ്ടി എന്തെങ്കിലുമൊക്കെ ചെയ്യണമെന്ന ആഗ്രഹമുണ്ടായിരുന്നുവെങ്കിലും ആരോഗ്യപരമായ കാരണങ്ങളാൽ സമൂഹവുമായി അധികം ഇടപഴകാതെ ഒരു സന്യാസജീവിതമാണ് അദ്ദേഹം നയിച്ചിരുന്നത്. സന്യാസിമാരൊടൊപ്പം സഞ്ചരിച്ചിരുന്ന മൗലവി ഗുണ്ടൽപേട്ടിനടുത്തുള്ള ഒരുകാട്ടിൽ എത്തിപ്പെട്ടു. കൂടെയുണ്ടായിരുന്ന സന്യാസിമാർ മൗലവിയെ ഉപേക്ഷിച്ച് പോയി. ഏകനായി കാട്ടിൽ അലയുമ്പോൾ ജനങ്ങൾ പിടികൂടി പുറത്ത് കൊണ്ടുവന്നു. മൗലവിക്ക് ബോധമില്ലായിരുന്നു. ഒരു മുസ്ലീം ഹോട്ടലുകാരൻ മൗലവിയെ ശുശ്രൂഷിച്ചു ബോധം തെളിഞ്ഞപ്പോൾ മൗലവിയെ ഒരു മുസ്ലീം പള്ളിയിലേക്ക് മാററി മൈസൂർ സുൽത്താൻമാരുടെ ഒരു പള്ളി അവിടെ ഒഴിഞ്ഞു കിടക്കുന്നുണ്ടായിരുന്നു. പള്ളിയിലും പരിസരത്തും ധാരാളം പാമ്പുകൾ ഉണ്ടായിരുന്നു മൗലവിയെ പാമ്പുകൾ ഉപദ്രവിച്ചില്ല. അതോടെ ഇയാൾ ഒരു സിദ്ധനാണെന്ന് മനസിലാക്കി ജനങ്ങൾ കാണാൻ വരാൻ തുടങ്ങി. ഇങ്ങനെ വന്നവരുടെ കൂട്ടത്തിൽ മലബാറിലെ മഞ്ചേരിക്കടുത്ത ആനക്കയത്തുകാരനായ ഒരാളുണ്ടായിരുന്നു - കുഞ്ഞാലിക്കുട്ടിഹാജി. അയാൾ മൗലവിയുമായി സംസാരിച്ചു. അവർ തമ്മിൽ അടുത്തു. ഞാൻ മലബാറുകാരനാണെന്നും ഏകാന്തത ഇഷ്ടപ്പെടുന്നതുകൊണ്ടാണ് ഈ നിലയിലായതെന്നും മൗലവി സാഹിബ് പറഞ്ഞു. കുഞ്ഞാലിക്കുട്ടിഹാജിയുടെ ആനക്കയത്തുള്ള വീട് ഒഴിഞ്ഞുകിടക്കുകയായിരുന്നു. അങ്ങനെ കുഞ്ഞാലിക്കുട്ടിഹാജി അബുസ്സബാഹിനെ കൂട്ടികൊണ്ടുവന്ന് ആനക്കയത്തുള്ള തന്റെ വീട്ടിൽ ഒററക്ക് പാർപ്പിച്ചു. ഒരു കുട്ടിയെ സഹായത്തിന് നിർത്തികൊടുത്തു. ഏകനായ മൗലവി ആ വീട്ടിൽ താമസിക്കുകയാണ്.



ഷാ സാഹിബ് : അന്ന്

മിസ്‌രിൽ പഠിച്ചിരുന്ന മുഹമ്മദൻസ് കോളേജിലെ അറബിക്ക് പ്രൊഫ. എ. എം. അബ്ദുൽ ഖാദർ മൗലവി, സാഹിബിന്റെ സുഹൃത്താണ്.

1939 ൽ ഒരിക്കൽ ഞാൻ മദ്രാസ്സിൽ എ. എം. അബ്ദുൽ ഖാദർ മൗലവിയെ കാണാൻ ചെന്നപ്പോൾ യാദൃശ്ചികമായി അബുസ്സബാഹിനെയും കണ്ടിരുന്നു.

നാട്ടുകാർ അബുസ്സബാഹിനെ സംശയത്തോടെയാണ് വീക്ഷിച്ചത്. അന്ന് ആനക്കയത്തുണ്ടായിരുന്ന 'വീരാൻ ഔലിയ' എന്ന ആൾക്ക് നാട്ടുകാരുമായി നല്ല ബന്ധമായിരുന്നു അബുസ്സബാഹ് ആരാണെന്ന് നാട്ടുകാർ ഔലിയായോട് ചോദിച്ചു, അയാൾ ഒരു ജർമ്മൻ ചാരനാണെന്ന് ഔലിയാ പറഞ്ഞു. ഇതോടെ പലർക്കും സംശയമായി. പോലീസ് മൗലവിയെ ചോദ്യം ചെയ്തു. നിങ്ങൾക്ക് പരിചയമുള്ള രണ്ടാളുകളുടെ പേര് പറയണമെന്ന് പോലീസ് ആവശ്യപ്പെട്ടു. അന്ന് അസ്ഹറിൽ ബി. എ ക്ക് പഠിച്ചിരുന്ന അബ്ദുൾ ഖാദർ മൗലവിയുടെ പേരാണ് അബുസ്സബാഹ് പറഞ്ഞത്. കണ്ണൂർക്കാരൻ മുഹമ്മത് എന്ന സർക്കിൾ ഇൻസ്പെക്ടർ മദ്രാസിൽ ചെന്ന് അബ്ദുൾഖാദർ മൗലവിയോട് അന്വേഷിച്ചു. മൗലവി സാഹെബ് ചാരനല്ലെന്ന് ഉറപ്പു വരുത്തി. അങ്ങിനെയാണ് അബുസ്സബാഹ് കേരളത്തിൽ ഉണ്ടെന്ന് അബ്ദുൾഖാദർ മൗലവി അറിഞ്ഞത്.

പിന്നീടൊരിക്കൽ അബ്ദുൾ ഖാദർ മൗലവി എന്നോട് പറഞ്ഞു. 'നിങ്ങൾ അന്ന് കണ്ടയാൾ ഇപ്പോൾ കേരളത്തിൽ എവിടെയോ ഉണ്ട്. എവിടെയാണെന്ന് അറിഞ്ഞുവന്നാൽ തരക്കേടില്ലായിരുന്നു'

1946 ൽ ഞാൻ തിരിച്ചുവന്ന് മലപ്പുറത്ത് ട്രെനിംഗ് സ്കൂളിൽ അദ്ധ്യാപകനായി ചേർന്നു. മദ്ധ്യവേനലവധിക്ക് വീട്ടിൽ പോകുമ്പോൾ ഇങ്ങിനെയൊരു മൗലവിയെകുറിച്ച് അന്വേഷണം നടത്തണമെന്ന് ഞാൻ കുട്ടികളോട് പറഞ്ഞു. ആനക്കയത്ത് ഏതോ ഒരു സിദ്ധൻ മൗലവി ഉള്ളതായി കുട്ടികൾ വന്നുപറഞ്ഞു. ഷാ സാഹിബിനെ അറിയുമോ എന്ന് ചോദിച്ചപ്പോൾ ഇല്ലെന്നും, ആരെങ്കിലും ചോദിച്ചാൽ 'അയാൾ പോയെന്ന്' പറയണമെന്നും മൗലവി പറഞ്ഞത്രെ! അന്ന് സി. എൻ. അഹമ്മദ് മൗലവി എന്നോടൊപ്പമുണ്ടായിരുന്നു. ഞാനും സി. എന്നും ആനക്കയത്ത് പോയി മൗലവിയുമായി ഏറെ നേരം സംസാരിച്ചു. പക്ഷെ, സന്ധ്യയായപ്പോൾ

ഉടനെ പോകണമെന്ന് അദ്ദേഹം ഞങ്ങളോട് ആവശ്യപ്പെട്ടു ! പിന്നീട് പലപ്പോഴും ഞങ്ങൾ അദ്ദേഹത്തെ സന്ദർശിച്ചു.

ഒരു ദിവസം സന്ധ്യക്ക് എനിക്ക് മടങ്ങാൻ ബസ്സൊന്നും കിട്ടിയില്ല. ഞാൻ അവിടെ താമസിച്ചു. ഞാൻ ആയതുകൊണ്ടാണ് മൗലവി സമ്മതിച്ചതെന്ന് മൗലവി തന്നെ എന്നോട് പറഞ്ഞു. രാത്രി ഞാൻ താഴെയും മൗലവി മുകളിലുമാണ്. രാത്രി ഏറെ ചെന്നതിനുശേഷം ''പടച്ചവനേ, നീ എന്തിനാണ് എന്നെ ഇങ്ങനെ പരീക്ഷിക്കുന്നത് ! എന്നെ കൊണ്ട് നീ എന്താണ് ഉദ്ദേശിക്കുന്നത്'' എന്നിങ്ങനെ ആവലാതിപ്പെട്ട് പ്രാർത്ഥിക്കുന്നത് ഞാൻ കേട്ടു. അപ്പോൾ ഇദ്ദേഹം എന്തൊക്കെയോ ചെയ്യാൻ ആഗ്രഹിച്ചിട്ട് തന്റെ ആരോഗ്യക്കുറവും ജനങ്ങൾ തന്നോട് സഹകരിക്കാത്തതിലുള്ള നിരാശയുമാണ് ഉള്ളുരുകി പറയുന്നത് എന്ന് എനിക്ക് മനസ്സിലായി. അതേക്കുറിച്ച് ഞാൻ അദ്ദേഹത്തോട് സംസാരിച്ചു. ജനങ്ങളെ വിദ്യാഭ്യാസപരമായി ഉയർത്തികൊണ്ടുവരാൻ വല്ലതും ചെയ്യണമെന്ന് അദ്ദേഹം പറഞ്ഞു. മുതിർന്നവർക്കു വേണ്ടി ഒന്നും ചെയ്യാൻ കഴിയില്ല എന്നും കൊച്ചുകുട്ടികൾക്കുവേണ്ടി ഒരു മദ്രസ്സയോ മറ്റോ സ്ഥാപിക്കാമെന്നും മൗലവി സൂചിപ്പിച്ചു. എന്നാൽ കൊച്ചുകുട്ടികളെ പഠിപ്പിച്ച് അവരിൽ നിങ്ങളുടെ ആദർശങ്ങൾ വളർത്തിക്കൊണ്ടു വരുന്നത് പ്രയാസമായിരിക്കുമെന്നും തലമുറകൾ കഴിയുമ്പോൾ ആദർശം വഴിമാറിപോകുമെന്നും ഞാൻ സൂചിപ്പിച്ചു-മുതിർന്ന ആളുകൾക്ക് ആദർശം പഠിപ്പിച്ചാൽ അതായിരിക്കും നന്നാവുക എന്ന എന്റെ ആശയം മൗലവി സാഹിബ് അംഗീകരിച്ചു. നാലോ അഞ്ചോ ആളുകളെ തെരഞ്ഞെടുത്തു തന്നാൽ താൻ പഠിപ്പിച്ചു കൊള്ളാമെന്ന് മൗലവി സമ്മതിച്ചു. ഞാനും സി. എന്നും കൂടി കുറച്ച് ആളുകളെ ക്ഷണിച്ചു. അക്കൂട്ടത്തിൽ സി. പി. അബൂബക്കർ മൗലവി (റൗസത്തുൽ ഉലൂം അറബിക്കോളേജിന്റെ പ്രിൻസിപ്പാളായി റിട്ടയർ ചെയ്ത വ്യക്തി), അബ്ദു എന്നുപേരുള്ള ഒരു റെയിൽവേ ഇൻസ്പെക്ടർ (യുദ്ധത്തിൽ പങ്കെടുത്തുവന്ന അദ്ദേഹം ഹൈസ്ക്കൂൾ ഫൈനൽ പാസ്സായ ശേഷമാണ് റെയിൽവേയിൽ ചേർന്നത്.) എന്നിവരടക്കം അഞ്ചുപേരെ തിരഞ്ഞെടുത്തു. അദ്ധ്യയനം തുടങ്ങാൻ നേരത്ത് നാട്ടുകാർ എതിർത്തു. രഹസ്യമായി മൗലവി എന്തോ ചെയ്യുമെന്ന് പറഞ്ഞ് നാട്ടുകാർ വഴക്കുണ്ടാക്കി. ഏതായാലും അത് അങ്ങിനെ തുടർന്നു. ആ സ്ഥാപനം അംഗീകരിച്ചു കിട്ടാൻ മൗലവി ആഗ്രഹിച്ചു.

കാലം കടന്നു പോയി. ഒരു ദിവസം പ്രാർത്ഥനക്കിടയിൽ മൗലവി സാഹിബ് എന്നോട് പറഞ്ഞു : ''ഫാറൂഖ് ഫാറൂഖ് എന്ന ഒരു ശബ്ദം സ്വപ്നത്തിൽ! എന്താണീ ഫാറൂഖ്''? ഞാൻ പറഞ്ഞു : കോഴിക്കോടിനടുത്തുള്ള ഒരു സ്ഥലമാണ്. അതിന്റെ ശരിയായ പേര് ഫാറൂഖാബാദ് എന്നാണ്. ടിപ്പുസുൽത്താന്റെ കേരളത്തിന്റെ തലസ്ഥാനമാക്കാൻ ഒരുക്കിയിരുന്ന സ്ഥലമാണ് അത്. പിന്നീട് ടിപ്പുവിന് ശേഷം ഒന്നും നടന്നില്ല.

**ഷാസാഹിബ് ഫാറൂഖ് കോളേജിന്റെ ആദ്യത്തെ പ്രിൻസിപ്പൽ മാത്രമല്ല. 1914ൽ 'മലബാറിൽ ഒരു മുസ്ലിം കലാലയം' എന്ന ആശയത്തിന്റെ ഉത്ഭവം മുതൽ ഇന്നോളമുള്ള ഫാറൂഖ് കോളേജിന്റെ ദൈനംദിന ചരിത്രത്തിന്റെ ആധികാരിക സാക്ഷികൂടിയാണദ്ദേഹം. എന്തെന്തനുഭവങ്ങളുടെ കലവറയാണാ മനസ്സ് ! കോളേജ് കെട്ടിടത്തിന്റെ പണിക്ക് കല്ലും മണ്ണുമേന്തിയ സേവകൻ! സഹപ്രവർത്തകർക്കു ശമ്പളം കൊടുക്കാൻ പണക്കാരന്റെ വാതിലുകൾ മുട്ടി വിളിച്ച പ്രധാനദ്ധ്യാപകൻ! ഫറോക്കിൽ നിന്ന് കുന്നിൻ മുകളിലേക്ക് വിയർത്തൊലിച്ച് നടന്നുവന്നു. പട്ടിണികിടന്നും ശമ്പളം പററാതെയും അദ്ധ്വാനിച്ച പ്രിൻസിപ്പൽ! അദ്ദേഹം പലതും പറയാൻ മടിച്ചു! വളരുന്ന തലമുറയിൽ അദ്ദേഹത്തിനുള്ള പ്രതീക്ഷ യൊന്നുകൊണ്ടു മാത്രം വീണുകിട്ടിയ ആ മൊഴിമുത്തുകൾ ഇവിടെ നിരത്തി വെക്കുകയാണ്.**

'ഫാറൂഖ്' എന്ന സ്ഥലത്ത് വല്ല സ്ഥാപനവും നിർമ്മിക്കാമോ എന്നാലോചിക്കണം-മൗലവി പറഞ്ഞു. അതിനിടയിൽ കുഞ്ഞാലിക്കുട്ടി ഹാജിയുടെ വീട്ടിൽ നിന്ന് മൗലവി ഒഴിയുകയും മഞ്ചേരിയിൽ കച്ചേരിപ്പടിക്കടുത്തുള്ള കിളിയമണ്ണിൽ ഉണ്ണീന്റെ ഒരു ബംഗ്ലാവ് വാടകക്കെടുത്ത് അവിടെ താമസമാക്കുകയും ചെയ്തു. ഈ കോളേജ് അതോടെ അങ്ങോട്ട് മാററി. അംഗീകാരം കിട്ടാനുള്ള ശ്രമം അപ്പോഴും തുടർന്നു. മുഹമ്മദൻസ് കോളേജ് പ്രിൻസിപ്പാൾ ഡോ: അബ്ദുൽഹക്കിന്റെയും മററും സഹായത്തോടെ അംഗീകാരത്തിനുള്ള അപേക്ഷ മദ്രാസ് യൂനിവേഴ്സിററിയിലേക്ക് അയച്ചു. അംഗീകാരം ലഭിക്കാൻ കോളേജ് ഒരു അസോസിയേഷന്റെ കീഴിലായിരിക്കണമെന്ന് നിബന്ധനയുണ്ട്. അംഗീകാരത്തിന് വേണ്ടിയുള്ള കാര്യങ്ങൾ അന്വേഷിക്കാൻ യൂനിവേഴ്സിററി ഡോ: അബ്ദുൽഹക്കിനെയാണ് നിയോഗിച്ചത്. അദ്ദേഹം വന്നു പരിശോധിച്ചു. മൊയ്തീൻ കുട്ടി കുരിക്കളെ പ്രസിഡന്റാക്കികൊണ്ട് ഒരു അസോസിയേഷൻ രൂപീകരിച്ചു. അന്ന് മഞ്ചേരി ആലി എന്ന പേരിൽ ഇംഗ്ലീഷ് വിദ്യാഭ്യാസമുള്ള ഒരു കച്ചവടക്കാരനുണ്ടായിരുന്നു. അയാളെ സെക്രട്ടറിയാക്കി. റൗസത്തുൽ ഉലൂം അസോസിയേഷൻ എന്നായിരുന്നു ആ അസോസിയേഷന്റെ പേര്.

മൊയ്തീൻ കുട്ടി കുരിക്കൾക്കും, ആലിസാഹിബിനും മൗലവിസാഹിബുമായി അഭിപ്രായ വ്യത്യാസമുണ്ടായപ്പോൾ പുതിയ കമ്മിററിയുണ്ടാക്കാൻ വേണ്ടി മലപ്പുറം സ്കൂളിൽ ഹെഡ്മാസ്ററായിരുന്ന സി. ഒ. ടി. കുഞ്ഞിപക്കിസാഹിബിനെ ഏൽപിച്ചു. അങ്ങനെ മൗലാനാ അബുസ്സബാഹ് മൗലവി പ്രസിഡന്റ് ആയികൊണ്ടുള്ള കമ്മിററി രൂപീകരിച്ചു. ഞാനത് മൗലവിയെകൊണ്ട് അംഗീകരിപ്പിച്ചു-ഫാറൂഖിൽ നിന്ന് ആരെങ്കിലും വേണമെന്ന ഉദ്ദേശത്തോടെ ഹൈദ്രോസ് വക്കീലിനെ സിക്രട്ടറിയാക്കുകയും ചെയ്തു. കുഞ്ഞോയിവൈദ്യരും അന്ന് അസോസിയേഷനിലുണ്ടായിരുന്നു. ഹൈദ്രോസ് വക്കീലിന്റെ ഭാര്യയുടെ ജ്യേഷ്ടത്തിയുടെ ഭർത്താവായിരുന്നു പുളിയാളി അബ്ദുള്ളകുട്ടി ഹാജി. അന്വേഷിച്ചപ്പോൾ അബ്ദുള്ളകുട്ടിഹാജിക്ക് ഫാറൂഖിൽ സ്ഥലമുണ്ടെന്ന് അറിഞ്ഞു. അത് കിട്ടിയാൽ അവിടെ സ്ഥാപനം തുടങ്ങാമെന്ന് മൗലവി.സാഹിബ് അഭിപ്രായപ്പെട്ടു. ഹൈദ്രോസ് വക്കീലിന്റെയും മററും ശ്രമഫ

ലമായി 25 ഏക്കറെയോളം സ്ഥലം അബ്ദുള്ളക്കുട്ടിഹാജി വിട്ടുതന്നു. ഉടനെ തന്നെ രാജാഅബ്ദുൽഖാദർഹാജി റൗസത്തുൽ ഉലൂം അസോസിയേഷന് 10000 ഉറുപ്പിക സംഭാവന ചെയ്തു സ്ഥലവും പണവുമുള്ളതുകൊണ്ട് കെട്ടിടമുണ്ടാക്കാമെന്നായി. കട്ടപ്പുറം വർഗീസ് എന്നൊരു എഞ്ചിനീയർ എന്റെ സ്നേഹിതനായിട്ടുണ്ടായിരുന്നു. അയാളേയും കൂട്ടി ഞാൻ സ്ഥലത്ത് ചെന്നു. സ്ഥാനം കാണിക്കാൻ തച്ചുശാസ്ത്രം അറിയുന്നൊരു നീലകണ്ഠൻ ആശാരിയും കൂടെയുണ്ടായിരുന്നു. 1948 ജനുവരി 30 ന് ആണത്. അബുസ്സബാഹിനേയും, ഹൈദ്രോസ് വക്കീലിനേയും കൂട്ടി ഇന്ന് കോളേജ് നിൽക്കുന്ന സ്ഥലത്തെത്തി. കെട്ടിടത്തിന്റെ സ്ഥാനം കുറിച്ചു. എട്ട് ക്ലാസ്സ്മുറിയും ഒരു ഹാളും അടങ്ങുന്നതായിരുന്നു പ്ലാൻ. ഞങ്ങൾ മടങ്ങുമ്പോഴാണ് ഗാന്ധിജി വെടിയേററ് മരിച്ചതായറിഞ്ഞത്. മടങ്ങാൻ വണ്ടികളൊന്നുമില്ല. രാത്രി ഞങ്ങൾ കോഴിക്കോട്ട് ഹൈദ്രോസ് വക്കീലിന്റെ വീട്ടിൽ കഴിച്ചുകൂട്ടി. മനസ്സിൽ തെളിഞ്ഞു നിൽക്കുന്ന ഒരു ദിവസമാണ് അത്. പിന്നീട് മൗലവി സാഹിബുമായി സംസാരിച്ചപ്പോൾ ഈ ഭൂമിയും കെട്ടിടവുമൊന്നും റൗസത്തുൽ ഉലൂം അറബിക് കോളേജിന് ആവശ്യമില്ലെന്നും അവിടെ ആധുനിക വിദ്യാഭ്യാസം പ്രചരിപ്പിക്കാൻ വേണ്ടിവല്ലതും ചെയ്യണമെന്നും ഞാൻ നിർദ്ദേശിച്ചപ്പോൾ അത് മൗലവിസാഹിബ് അംഗീകരിച്ചു. അങ്ങിനെയാണ് ഒരു കോളേജിനുവേണ്ടി മദ്രാസ് യൂണിവേഴ്സിററിക്ക് അപേക്ഷിക്കാൻ തീരുമാനിച്ചത്.

കോളേജിന്റെ കാര്യം ആലോചിക്കാൻ താൻ മദ്രാസിലേക്കു വരുന്നതായി മൗലവി സാഹിബ് എനിക്ക് കമ്പി അടിച്ചു. സീതി സാഹിബിനെ കത്തുമുഖേനയും അറിയിച്ചു. സീതിസാഹിബ് അന്ന് മദ്രാസ് അസംബ്ലി അംഗമായിരുന്നു. പറഞ്ഞ ദിവസം തന്നെ ഹൈദ്രോസ് വക്കീലും വന്നു. ഞാനും വക്കീലും കൂടി എം. എൽ. എ. ക്വാർട്ടേഴ്സിൽ ചെന്നു. മൗലവിസാഹിബ് അവിടെയായിരുന്നു. അവിടെവെച്ച് ഫാറൂഖിൽ ഒരു ഫസ്ററ് ഗ്രേഡ് കോളേജിനുതന്നെ അപേക്ഷനൽകാൻ തീരുമാനിച്ചു. അംഗീകാരത്തിനു വേണ്ടിയുള്ള എല്ലാ സഹായങ്ങളും ഇസ്മാഈൽ സാഹിബ് വാഗ്ദാനം ചെയ്തു. അങ്ങനെ ഒരു അപേക്ഷാഫോറം ഞാൻ പൂരിപ്പിച്ച് മൗലവി സാഹിബ് അപേക്ഷകനായി യൂനിവേഴ്സിററിക്കയച്ചുകൊടുത്തു. അന്ന് യൂനിവേഴ്സിററി വൈസ്ചാൻസലർ ആയിരുന്ന എ. ലക്ഷ്മണ സ്വാമിമുതലിയാർ കോളേജ് സ്ഥാപിക്കാനുള്ള സൗകര്യത്തെപ്പററി അന്വേഷിക്കാൻ ഒരു കമ്മീഷനെനിയോഗിച്ചു.

കോളേജ് റജിസ്ററർ ചെയ്യുന്നതിനുമുമ്പ് റൗസത്തുൽ ഉലൂം കോളേജ് എന്ന പേരാണ് നിർദ്ദേശിക്കപ്പെട്ടത്. ലക്ഷ്മണ സ്വാമിമുതലിയാരുടെ ചോദ്യം അപ്രതീക്ഷമായിരുന്നു. "why not farook"? അബുസ്സബാഹിന്റെ സ്വപ്നത്തിൽ കേട്ടസ്വരവും 'ഫാറൂഖ്' എന്നായിരുന്നല്ലോ. അങ്ങിനെ കോളേജിന്റെ പേർ ഫാറൂഖ് കോളേജായി സ്ഥിരീകരിക്കപ്പെട്ടു.

സേലം കോളേജ് പ്രിൻസിപ്പാളായിരുന്നു കമ്മീഷന്റെ കൺവീനർ. ചിററൂർ കോളേജ്, പാലക്കാട് വിക്ടോറിയാ കോളേജ് എന്നീ കോളേജുകളുടെ പ്രിൻസിപ്പാൾമാരും മൗലവി അബ്ദുർ ബുഹാരി സാഹിബും അടങ്ങിയ അഞ്ചംഗ കമ്മീഷൻ 1948 ജൂണിൽ ഫാറൂഖിൽ വന്നു. അപ്പോഴേക്കും കൈയിലുള്ള 10000 രൂപകൊണ്ട് കെട്ടിടത്തിന്റെ തറ കെട്ടിയിരുന്നു. അധികം താമസിയാതെ എല്ലാം ശരിപ്പെടുത്തണമെന്ന ഉറപ്പിന്മേൽ കമ്മീഷൻ തിരിച്ചുപോയി. പിന്നീട് പണിയുടെ പുരോഗതിയറിയാൻവേണ്ടി യൂനിവേഴ്സിററി ഒരു ഏകാംഗ കമ്മീഷനെ നിയോഗിച്ചു. പാലക്കാട് വിക്ടോറിയാ കോളേജ് പ്രിൻസിപ്പാൾ കെ. എസ്. യു. നായർ ആയിരുന്നു കമ്മീഷൻ. സ്ഥലവും കെട്ടിടവും കൂടാതെ ഒരു ലക്ഷം രൂപ സ്റേററ് ബാങ്കിൽ നിക്ഷേപിച്ചു രശീത് കൊടുക്കണമെന്നാണ് അദ്ദേഹം നിർദ്ദേശിച്ചത്. അസോസിയേഷൻ കൂടാതെ കോളേജിന് സ്വന്തമായിതന്നെ മാനേജിംഗ് കമ്മിററി വേണമെന്നും മററാർക്കും കോളേജിന്റെ കാര്യത്തിൽ അധികാരമുണ്ടാവരുതെന്നുമായിരുന്നു മദ്രാസ് യൂണിവേഴ്സിററിയുടെ മറെറാരു നിർദ്ദേശം. തൽക്കാലം കോളേജ് ചുങ്കത്തുള്ള തന്റെ മൂന്നിലകം ഹൗസിൽ തുടങ്ങാമെന്ന് അന്നത്തെ റൗസത്തുൽ ഉലൂം അസോസിയേഷൻ ട്രഷറർ കെ. ഇസ്മായിൽ നിർദ്ദേശിച്ചു. അന്ന് രൂപീകരിച്ച കോളേജ് മാനേജിംഗ് കമ്മിററി പ്രസിഡന്റ് ഖാൻബഹദൂർ ഉണ്ണിക്കമ്മു സാഹിബും സെക്രട്ടറി കെ. എം. സീതിസാഹിബുമായിരുന്നു.

ആ വലിയ വീട് ഒഴിഞ്ഞുകിടപ്പാണ്. രണ്ടുമുറികളും ഒന്ന് ലൈബ്രറി, മറെറാന്ന് റീഡിംഗ് റൂം. പഴന്ന വീടിന്റെ തൊഴുത്ത് ശരിപ്പെടുത്തി 40 × 20 അടിയിൽ ഒരു ഹാൾ അതിനടുത്ത് തന്നെ 20 × 15 അടിയിൽ മറെറാരു റൂം. ചുരുക്കത്തിൽ കെട്ടിട പ്രശ്നം തൽക്കാലം പരിഹരിച്ചു.

പിറേറദിവസം 10 മണിക്ക് ബാങ്ക് തുറക്കുന്നതിനുമുമ്പ് ഒരു ലക്ഷം രൂപ വേണം. കോഴിക്കോട് പുതിയ മാ

ഷാസാഹിബ് ഫാറൂഖ് കോളേജിന്റെ ആദ്യത്തെ പ്രിൻസിപ്പൽ മാത്രമല്ല. 1934 'മലബാറിൽ ഒരു മുസ്ലീം കലാലയം' എന്ന ആശയത്തിന്റെ ഉത്ഭവം മുതൽ ഇന്നോളമുള്ള ഫാറൂഖ് കോളേജിന്റെ ദൈനംദിന ചരിത്രത്തിന്റെ ആധികാരിക സാക്ഷികൂടിയാണദ്ദേഹം. എന്തെന്തനുഭവങ്ങളുടെ കലവറയാണാ മനസ്സ്! കോളേജ് കെട്ടിടത്തിന്റെ പണിക്ക് കല്ലും മണ്ണുമേന്തിയ സേവകൻ! സഹപ്രവർത്തകർക്കു ശമ്പളം കൊടുക്കാൻ പണക്കാരന്റെ വാതിലുകളിൽ മുട്ടിവിളിച്ച പ്രധാനാദ്ധ്യാപകൻ! ഫറോക്കിൽ നിന്ന് കുന്നിൽ മുകളിലേക്ക് വിയർത്തൊലിച്ച് നടന്നു വന്നു പട്ടിണി കിടന്നും ശമ്പളംപററാതെയും അദ്ധ്വാനിച്ച പ്രിൻസിപ്പൽ! അദ്ദേഹം പലതും പറയാൻ മടിച്ചു! വളരുന്ന തലമുറയിൽ അദ്ദേഹത്തിനുള്ള പ്രതീക്ഷയൊന്നു കൊണ്ടു മാത്രം വീണു കിട്ടിയ ആ മൊഴിമുത്തുകൾ ഇവിടെ നിരത്തി വെക്കുകയാണ്.

ളികക്കൽ ആററക്കായ തങ്ങളുടെ വീട്ടിൽവെച്ച് കൂടിയാലോചിച്ചു. എ. കെ. കാദർകുട്ടി സാഹിബ്, കുഞ്ഞിമായൻ ഹാജി, ഹൈദ്രോസ് വക്കീൽ, സീതിസാഹിബ്, പി. പി. ഹസ്സൻകോയ തുടങ്ങി കോളേജിനുവേണ്ടി സഹായിക്കുന്ന എല്ലാവരും അതിൽ പങ്കെടുത്തു. 10000 ഉറുപ്പിക വീതം തരാമെന്ന് മൂന്ന് പേർ ഏററു. ഒരു 10000 കൂടി ഹൈദ്രോസ് വക്കീലും കൊടുക്കാമെന്നും പറഞ്ഞു. ആകെ 40000 രൂപയേ ആയുള്ളൂ. പിന്നേയും ആദ്യത്തെ മൂന്നുപേർ 10000 വീതം കൊടുത്തു. ഇനിയും 30000 രൂപയുടെ കുറവ്. ഹൈദ്രോസ് വക്കീൽ പറഞ്ഞു :- എൻെറവീട് പണയമെഴുതിയിട്ട് ആരെങ്കിലും 10000 രൂപ തരുമെങ്കിൽ ഞാനതും കൊടുക്കാം ! പക്ഷെ വീടിൻെറ ആധാരം കൊടുക്കാൻ വക്കീലിൻെറ ഭാര്യ സമ്മതിച്ചില്ല. ഹൈദ്രോസ് വക്കീലിൻെറ ഭാര്യയുടെ ജ്യേഷ്ഠത്തിയുടെ ഭർത്താവാണ് ഹസ്സൻ ഹാജി അദ്ദേഹം വക്കീലിൻെറ ഭാര്യയെ കണ്ടു. ''നിൻെറ പുതിയാപ്പിള എല്ലാവർക്കും വാക്കുകൊടുത്തതാണ്. നിനക്ക് ഭർത്താവ് വേണമെങ്കിൽ ആധാരം തരണം' ആധാരം കിട്ടി. പിറേറന്ന് 10 മണിക്ക് ഒരു ലക്ഷം രൂപ ബേങ്കിൽ നിക്ഷേപിച്ചു. പാസ് ബുക്ക് കെ. എസ്. യു. നായർക്ക് സമർപ്പിച്ചു. അദ്ദേഹം സ്തംഭിച്ചുപോയി. അക്കാലത്ത് ഒരു ലക്ഷം രൂപ ഒരൊററ ദിവസം കൊണ്ട് ഒപ്പിച്ചെടുത്തത് അദ്ദേഹത്തിന് വിശ്വസിക്കാനായില്ല.

എന്നാലും പ്രശ്നങ്ങൾ ബാക്കി. കോളേജ് നിർമ്മിക്കേണ്ട സ്ഥലത്ത് വെറും തറ മാത്രമേ ഉള്ളൂ. കെട്ടിടം പണിയാൻ ചുരുങ്ങിയത് ഒരു ലക്ഷം രൂപ വേണ്ടി വരും. സീതിസാഹിബ്, ഇസ്മാഈൽ സാഹിബിനേയും കൂട്ടി കൊച്ചിയിൽ പോയി. ഞാനും കൂടെ ചെന്നു. പരേതനായ ഇസ്മാഈൽ സേട്ടിൻെറ ഉമ്മയെ കണ്ട് ഒരു ലക്ഷം രൂപ ചോദിക്കാനായിരുന്നു പരിപാടി. സിദ്ദീഖ് സേട്ടിനെയാണ് ആദ്യം കണ്ടത്. ഇസ്മായിൽ സേട്ടിൻെറ ഭാര്യയുടെ ജ്യേഷ്ഠത്തിയുടെ ഭർത്താവാണ് സിദ്ദീഖ് സേട്ട്. സാലേ മുഹമ്മദ് സേഠിൻെറ പിതാവ് പർവാനാ ഇബ്രാഹിം സേട്ട് ആണ് മൂത്ത ജ്യേഷ്ഠത്തിയുടെ ഭർത്താവ്. എല്ലാവരും കൂടിയാലോചിച്ച് 25000 രൂപ തരാമെന്ന് സമ്മതിച്ചു. ഉടനെ കോഴിക്കോട്ടേക്ക് കമ്പിയടിച്ചു -: 'പണം കിട്ടി. കെട്ടിടം പണി ഉടനെ തുടങ്ങണം'. കെ. ഇസ്മയിൽ, കമ്പി കിട്ടിയ ഉടനെ കോഴിക്കോട്ടുകാർ ഇമ്പിച്ചിക്കോയ ഹാജി പി. പി ഹസ്സൻ കോയ, കുഞ്ഞാമുട്ടി ഹാജി, മൗലവി കെ. അബൂബക്കർ എന്നിവരെയും കൂട്ടി ഫറോക്കിൽ വന്നു. അവിടെയുള്ള അവറാൻ കുട്ടി ഹാജി, അബ്ദുല്ലക്കുട്ടി ഹാജി, ഇസ്മയിൽ, ഹസ്സൻ എന്നീ പൗരപ്രധാനികളെകണ്ട് കാര്യം പറഞ്ഞു. 'പണം കിട്ടിയിരിക്കുന്നു. ഉടനെ തന്നെ പണി നിങ്ങൾ തീർത്തു തരണം'. അക്കൂട്ടത്തിലുള്ള രണ്ട് ഹാജിമാർ 'ഞങ്ങളെക്കൊണ്ടാവില്ല' എന്നു പറഞ്ഞു. ഖജാഞ്ചി കെ. ഇസ്മയിൽ മുൻകയ്യെടുത്ത് ഹസ്സൻഹാജിയുടെ സഹായത്തോടെ തിരക്കിട്ട് പണി തുടങ്ങി. കല്ലായിപ്പുഴയിൽ നിന്ന് മരമെടുത്തു അപ്പോൾ തന്നെ ഈർന്ന് പലകയാക്കി ലോറിയിൽ കൊണ്ട് വന്ന് മണിക്കൂറുകൾ കൊണ്ടാണ് ഫർണിച്ചറുകളുണ്ടാക്കിയത്. ഉദാരമതികളായ പലരും ഓരോ ബ്ലോക്ക് വീതം സംഭാവന ചെയ്തു ആ സമയത്ത് ഞാൻ ലീവിൽ അവിടെയെത്തി (ഞാനന്ന് മദ്രാസ് മുഹമ്മദൻസ് കോളേജിൽ പ്രൊഫസറാണ്).

കെട്ടിടം പണി ഉടനെത്തന്നെ പൂർത്തിയായി. ശരിയായിട്ടുണ്ടോ എന്ന് പരിശോധിക്കാൻ അന്നത്തെ സേലം കോളേജ് പ്രിൻസിപ്പൽ ഗൗണ്ടർ ആണ് വന്നത്. അദ്ദേഹം പറഞ്ഞു. 'It is a wonderful thing. അലാവുദ്ദീൻെറ അത്ഭുത വിളക്ക് ! തറയും പറമ്പും എത്ര പെട്ടെന്നാണ് കെട്ടിടമായത് !''

അന്ന് ഹൈദ്രബാദ് കോളേജ് പ്രിൻസിപ്പൽ എൻെറ അമ്മാവനായിരുന്നു. അദ്ദേഹത്തിൻെറ ലൈബ്രറിയിൽ നിന്നും ആയിരത്തോളം പുസ്തകങ്ങൾ ഞാൻ കൊണ്ടുവന്നു. അങ്ങനെ ലൈബ്രറി തുടങ്ങി. അപ്പോഴും ഒരു ചെറിയ പ്രശ്നമുണ്ടായി. ഈ കെട്ടിടം കോളേജിനു വിട്ടുതരാൻ മൗലവി സാഹിബിന് സമ്മതമായിരുന്നില്ല. ഞാൻ മൗലവിയോട് പറഞ്ഞു —''നിങ്ങൾക്ക് അറബിക്കോളേജിന് ഒരു ചെറിയ കെട്ടിടം മതിയല്ലോ. അതിന് 100 മെമ്പർമാർ 100 രൂപ വീതം എടുത്താൽ പതിനായിരം രൂപ ഉണ്ടാക്കിത്തരാം'' — എന്നോടുള്ള സ്നേഹം കൊണ്ട് മൗലവി അത് സമ്മതിച്ചു.

കോളേജിൻെറ പ്രിൻസിപ്പൽ ആരാകണമെന്ന് ആദ്യം തൊട്ടേ ആലോചിച്ചിരുന്നു. അന്ന് മന്ത്രിസഭക്ക് പുറത്ത് നിൽക്കുകയായിരുന്ന മുൻമദ്രാസ് വിദ്യാഭ്യാസ മന്ത്രി ശ്രീ. വർക്കിയെ പ്രിൻസിപ്പാളാക്കാൻ പലരും ശ്രമിച്ചു നോക്കി. ഇസ്മയിൽ സാഹിബ് മാത്രം സമ്മതിച്ചില്ല. ഷാസാഹിബ് ഇല്ലാതെ കോളേജ് നടക്കില്ലെന്ന് അദ്ദേഹം തുറന്ന് പറഞ്ഞു. കുറച്ച് ദിവസം സ്തംഭനാവസ്ഥയിലായി.

അന്ന് ഞാൻ മദ്രാസിൽ താമസിക്കുന്നത് എൻെറ സുഹൃത്ത് തുറാബ് ഹുസ്സയിൻ സാഹിബിനോടൊപ്പമാണ്. ഒരു ദിവസം റൂമിലെത്തിയപ്പോൾ തുറാബ് ഹുസൈൻ സാഹിബ് പറഞ്ഞു. ''പോക്കർ സാഹിബും ഇസ്മയിൽ സാഹിബും വന്നിരുന്നു. ഷാസാഹിബ് വന്നാൽ അടിയന്തിരമായി ഇസ്മയിൽ സാഹിബിനെ കാണണമെന്ന് പറഞ്ഞുപോയി'' ഞാൻ ഇസ്മയിൽ സാഹിബിനെ

---

കെ. എസ്. യു. നായർ സ്തംഭിച്ചുപോയി. അക്കാലത്ത് ഒരു ലക്ഷം രൂപ ഒരൊററദിവസം കൊണ്ട് ഒപ്പിച്ചെടുത്തത് അദ്ദേഹത്തിന് വിശ്വസിക്കാനായില്ല.

---

ഹൈദ്രോസ് വക്കീൽ പറഞ്ഞു : എൻെറ വീട് പണയമെഴുതിയിട്ട് ആരെങ്കിലും 10000 രൂപ തരുമെങ്കിൽ ഞാനതും കൊടുക്കാം.

---

യും പോക്കർ സാഹിബിനെയും കണ്ടു. ''നിങ്ങൾ അത് ഏറ്റെടുക്കണം. മററു ബുദ്ധിമുട്ടുകളൊക്കെ ഞങ്ങൾ തീർത്തു കൊള്ളാം.'' അവർപറഞ്ഞു അന്ന്മുഹമ്മദൻ കോളേജ് പ്രിൻസിപ്പാളായിരുന്ന അബ്ദുൽഹഖ് സാഹിബിനെ ഞങ്ങൾ സമീപിച്ചു. ഗവർമെണ്ടിൽ നിന്നും ഡപ്യൂട്ടേഷൻ ഒർഡർ വാങ്ങിക്കൊണ്ടുവരാൻഹഖ്സാഹിബ് പറഞ്ഞു. അങ്ങനെ ഡപ്യൂട്ടേഷന് അപേക്ഷിച്ചു. ആദ്യം ഒരു വർഷത്തേക്ക് തരാമെന്ന് പറഞ്ഞു. മിനിമം അഞ്ചുകൊല്ലമായിരുന്നു എന്റെ ഡിമാൻറ്. വേണ്ടി വന്നാൽ പിന്നേയും നീട്ടേണ്ടിവരുമെന്ന ധാരണയിൽ. അങ്ങനെ കോളേജിൻെറ ഒന്നാമത്തെ പ്രവർത്തി ദിവസത്തിൽ 1948 സെപ്റ്റംബർ 15ം തിയ്യതി തന്നെ ഞാൻ പ്രിൻസിപ്പാളായി ചാർജ്ജെടുത്തു.

താൽക്കാലികമായി ഫറോക്ക് ചുങ്കത്തെ മൂന്നിലകത്ത് വീട്ടിൽ 1948 സെപ്റ്റംബർ 15ന് കോളേജ് തുടങ്ങി. 28 കുട്ടികൾ ഇൻറർമീഡിയററിന്. 4 പേർ ബി എ. ക്ക്. അങ്ങനെ 32 കുട്ടികളും 7 അദ്ധ്യാപകരും. ഇവരിൽ താമസിച്ച് പഠിച്ചിരുന്ന കുറച്ച് വിദ്യാർത്ഥികളുണ്ടായിരുന്നു. അത്യാവശ്യ അദ്ധ്യാപകരായി കെ. എ. ജലീൽ (ഇംഗ്ളീഷ്) വി മുഹമ്മദ് (അറബിക്), കുര്യാക്കോസ് (മലയാളം), നമ്പീശൻ (ഹിന്ദി) എന്നിവർ. ഹിസ്ററിയും എക്കണോമിക്സും ഞാനും. അക്കൊല്ലം ഡിസംബർ വരെയും മൂന്നിലകത്ത് ഹൗസിലായിരുന്നു കോളേജ്. 1949 ജനുവരിയിൽ മറെറല്ലാ അസൗകര്യങ്ങളെയും അവഗണിച്ച് കോളേജ് പുതിയ കെട്ടിടത്തിലേക്ക് മാററി (ഇന്നത്തെ ലൈബ്രറി കെട്ടിടം.)

ആദ്യമൊക്കെ സന്ദർശകർ പറയും കുട്ടികളെക്കാൾ കൂടുതൽ അദ്ധ്യാപകരാണല്ലോ !ഒരു മാസം കഴിഞ്ഞു. ആദ്യത്തെമാസം ശമ്പളം കൊടുക്കാൻ പണമില്ല. 5,000 രൂപയോളം വേണം. മാനേജിംഗ് കമ്മിററി പ്രസിഡൻറ് ഖാൻ ബഹദൂർ ഉണ്ണിക്കമ്മു സാഹിബിനോട് കാര്യം പറയാൻ തീരുമാനിച്ചു. സെക്രട്ടറി സീതീസാഹിബ്, ഖജാഞ്ചി ഇസ്മയിൽ സാഹിബ് എന്നിവരോടൊപ്പം ഞാൻ കോഴിക്കോട്ട് ചെന്ന് ഉണ്ണിക്കമ്മു സാഹിബിനെ കണ്ടു; പ്രശ്നം അവതരിപ്പിച്ചു. അദ്ദേഹം പറഞ്ഞു, കോളേജിന് പണം തരാനില്ല, വേണമെങ്കിൽ പ്രിൻസിപ്പാളിന് പണം കടമായിതരാം! അങ്ങനെ എല്ലാവരും കാണെ 5,000 രൂപ വ്യക്തിപരമായി എനിക്ക് തന്നു. ആ പണംകൊണ്ട് അദ്ധ്യാപകർക്ക് ശമ്പളം കൊടുത്തു. പിന്നെ എനിക്ക് ശമ്പളത്തിന് പണമില്ലായിരുന്നു.

കൊച്ചിയിലുള്ള സിദ്ധീഖ് സേട്ട് വാഗ്ദാനം ചെയ്ത 25,000 രൂപ അഞ്ചുതവണയായാണ് ഞാനും സീതിസാഹിബും പോയി വാങ്ങിക്കൊണ്ടു വന്നത്. പിന്നെയും കുറെ വ്യക്തികൾ ഉദാരമായി സഹായിച്ചു. അങ്ങനെ പണം പിരിക്കലും പഠിപ്പിക്കലും പണിയെടുപ്പിക്കലുമായി കുറെ കൊല്ലങ്ങൾ കഴിഞ്ഞു. കഷ്ടപ്പാടുകൾ അനവധിയായിരുന്നു.

ചുങ്കത്ത് നിന്ന് കുന്നിൻ മുകളിലേക്ക് നടക്കണം. പിന്നീട് മുസ്ലീംലീഗ് കമ്മിററിയുടെ ഒരു വലിയ ഫോർഡുകാർ കോളേജ് പ്രിൻസിപ്പളുടെ ആവശ്യത്തിന്നായി വിട്ടുതന്നു. കുറച്ച് മാസം അതുപയോഗിച്ചു. കാറ് കുന്നു കയറില്ല. അവസാനം കാറും ഒരു ഡ്രൈവറുമൊക്കെ ധൂർത്താണെന്ന് മനസ്സിലാക്കി, ആറ് മാസത്തിന് ശേഷം കാറ് വിററു.

മലബാറിലെ ആദ്യത്തെ I grade കോളേജാണ് ഫാറൂഖ്. കോഴിക്കോട്ടുണ്ടായിരുന്ന രണ്ടു കോളേജും ഇൻറർമീഡിയററായിരുന്നു. ആദ്യം BA ക്ക് നാല് പേരായത് പിന്നീട് കൂടിക്കൂടി വന്നു. കേരള സർവ്വകലാശാലാ പ്രോ വൈസ് ചാൻസിലറായിരുന്ന എൻ എ. കരീം ആദ്യ കാല ബി എ വിദ്യാർത്ഥികളിൽ ഒരാളായിരുന്നു.

അദ്ധ്യാപകരൊക്കെ മൂന്നിലകത്താണ് താമസിച്ചിരുന്നത്. പിന്നീട് പലരും സ്വന്തമായി വീടെടുത്ത് താമസിക്കാൻ തുടങ്ങി. അപ്പോഴാണ് ഹോസ്ററൽ വേണമെന്ന് തോന്നിതുടങ്ങിയത്. ആദ്യമായി മെയിൻ ഹോസ്ററൽ (ഇന്നത്തെ ആസാദ്) കമ്മിററി ഖജാഞ്ചിയായിരുന്ന കെ ഇസ്മയിൽ ആണ് പണിയിച്ചത്. 400 രൂപ വാടകക്ക് 40 മുറി ഹോസ്ററൽ പണിതു തന്നു. അത് പ്രിൻസിപ്പാൾ ഏറെറടുത്ത് കുട്ടികളോട് പണം പിരിച്ച് വാടക കൊടുത്തു,പിന്നീട് ''ന്യൂഹോസ്ററൽ' പണിതു (ഇന്നത്തെ അന്ധപുനരധിവാസ കേന്ദ്രം). പുളിയാളി അബ്ദുള്ളക്കുട്ടി ഹാജിയാണ് അത് പണിതത്. പിന്നീട് കോളജിൻെറ കിഴക്ക് ഭാഗത്ത് അവറാൻ കുട്ടി ഹാജിയുടെ ഒരു ചെറിയ ഹോസ്ററൽ. അങ്ങനെ 5കൊല്ലം പിന്നിട്ടു. ഉണ്ണിക്കമ്മുസാഹിബ് ഒരു വർഷം കൂടി നിൽക്കാൻ ആവശ്യപ്പെട്ടു. അത് കഴിഞ്ഞ് പ്രസിഡൻറായി വന്ന കുഞ്ഞിമായിൻ ഹാജിക്ക് വേണ്ടി ഒരു കൊല്ലം കൂടി നീട്ടി. അങ്ങനെ സംഭവബഹുലമായ 7 കൊല്ലം അവിടെ ചെലവഴിച്ചു. തുടരാൻ ആഗ്രഹമുണ്ടായിരുന്നു. പക്ഷെ കഴിഞ്ഞില്ല. ഗവർമ്മെണ്ട് സർവ്വീസിലേക്ക് തിരിച്ചു പോയി. ഞാൻ പോരുമ്പോൾ 200 കുട്ടികൾ ഇൻറർ മീഡിയററിനും 100 ഓളം പേർ BAക്കും ഉണ്ടായിരുന്നു. എക്കണോമിക്സ്, ഹിസ്ററി, മാത്തമാററിക്സ് എന്നീ വിഷയങ്ങളിൽ BA കോഴ്സുണ്ടായിരുന്നു.

ആദ്യമൊക്കെ സന്ദർശകർ പറയും കുട്ടികളേക്കാൾ കൂടുതൽ അദ്ധ്യാപകരാണല്ലോ ! ഒരു മാസം കഴിഞ്ഞു. ആദ്യത്തെ മാസം ശമ്പളം കൊടുക്കാൻ പണമില്ല 5,000 രൂപയോളം വേണം. മാനേജിംഗ് കമ്മിററി പ്രസിഡണ്ട് ഖാൻ ബഹദൂർ ഉണ്ണിക്കമ്മു സാഹിബിനോട് കാര്യം പറയാൻ തീരുമാനിച്ചു..........

......ആ പണം കൊണ്ട് അദ്ധ്യാപകർക്ക് ശമ്പളം കൊടുത്തു. പിന്നെ എനിക്ക് ശമ്പളത്തിന് പണമില്ലായിരുന്നു.

കുട്ടികൾ കുറെക്കാലം സമരം ചെയ്തിരുന്നു. 'ഖാസാഹിബിനെ തിരിച്ചുകിട്ടാൻ' ഫലിച്ചില്ല കുറച്ച് കാലം ഞാൻ മടപ്പള്ളി കോളേജിൽ ജോലി ചെ

യ്തു. പിന്നീട് ചിററൂർ കോളജ് പ്രിൻസിപ്പലായിരുന്നു.

അക്കാലത്തെ ചില അവിസ്മരണീയമായ സംഭവങ്ങൾ ഓർത്തു പോവുകയാണ്. കോളജിന് ധാരാളം സംഭാവന നൽകിയ പ്രമുഖനായ ഒരു വ്യക്തിയുടെ മകന് കോളേജിൽ സീററു കൊടുക്കാൻ കഴിഞ്ഞില്ല. ഞാൻ കമ്പിയടിച്ചു—''സീററില്ല-ഞാൻ കാണാൻ വരുന്നു.'' വീട്ടിൽ ചെന്നപ്പോൾ അദ്ദേഹം പുറത്ത് വന്നില്ല. കുത്തിയിരുപ്പായി. 'ഞാൻ കണ്ടിട്ടേ പോകൂ' അവസാനം വന്നു. നിസ്സഹായാവസ്ഥ ഞാൻ ബോധിപ്പിച്ചു. അദ്ദേഹം പറഞ്ഞു—''ഞങ്ങൾ ഇത്രയൊക്കെ കോളേജിന് വേണ്ടി ചെയ്തിട്ടും എൻെറ മകന് മറെറവിടെയും കിട്ടാത്തത് കൊണ്ട് നിങ്ങളൊരു സീററ് കൊടുത്തില്ലല്ലൊ.''

''മറെറവിടെയും സീററ് കിട്ടാത്തവർക്കുള്ള താവളമല്ല ഫാറൂഖ്. അതിന് അതിൻേറതായ അന്തസ്സും അഭിമാനവും ഉണ്ട്. എന്നായി ഞാൻ.

ഇന്നത്തെ കോളേജിൻെറ അവസ്ഥ എനിക്കെങ്ങനെ ശ്രദ്ധിക്കാതിരിക്കാനാവും. ഇന്ന് പൊതുവെ വിദ്യാഭ്യാസരംഗത്ത് സർവ്വസാധാരണമായിട്ടുള്ള എല്ലാ പ്രവണതകളും അവിടെയെത്തിയിട്ടുണ്ടെന്നാണ ഞാൻ മനസ്സിലാക്കുന്നത്. ഫാറൂഖ് കോളേജ് മാനേജിംഗ് കമ്മിററിയുടെ വരവ്ചിലവ് കണക്കുകൾ ഓരോ

മറെറവിടെയും സീററ് കിട്ടാത്തവർക്കുള്ള താവളമല്ല ഫാറൂഖ്. അതിന് അതിൻേറതായ അന്തസ്സും അഭിമാനവും ഉണ്ട്.

എല്ലാ നല്ല സ്ഥാപനങ്ങൾക്കും വന്ന് ഭവിക്കുന്ന ഗതികേടാണ് പണക്കാരുടെ കൈ കടത്തൽ. അതിൽ നിന്ന് ഫാറൂഖിനെരക്ഷിക്കേണ്ടതുണ്ട്. വിദ്യാർത്ഥികളാണ് ആ കർത്തവ്യം ഏറെറടുക്കേണ്ടത്.

വർഷവും റൗസത്തുൽ ഉലൂം അസോസിയേഷനിൽ അവതരിപ്പിക്കണമെന്നുണ്ട്. ഞാൻ പോരുന്ന വരെയും അത് കൃത്യമായി നടന്നു വന്നിരുന്നു.

ഫാറൂഖ്കോളേജിൻെറ ആരംഭത്തിൽ തന്നെ ഒരു ലക്ഷ്യവും ആദർശവും ഉണ്ടായിരുന്നു. സമൂഹത്തിലെ പാവപ്പെട്ടവരുടെ ഉദ്ധാരണം- ഫീസ് നൽകാൻ കഴിവില്ലാത്ത വ്യത്യസ്ത മതാനുയായികളായ നിരവധി പേർക്ക് അന്ന് സൗജന്യമായി സൗകര്യങ്ങൾ ചെയ്തുകൊടുത്തിരുന്നു. അന്ന് ഇന്നത്തെപ്പോലെ സർക്കാർ സൗജന്യമില്ല. എല്ലാ നല്ല സ്ഥാപനങ്ങൾക്കും വന്ന് ഭവിക്കുന്ന ഗതികേടാണ് പണക്കാരുടെ കൈ കടത്തൽ. അതിൽ നിന്ന്ഫാറൂഖിനെ രക്ഷിക്കേണ്ടതുണ്ട്. വിദ്യാർത്ഥികളാണ് ആ കർത്തവ്യം ഏറെറടുക്കേണ്ടത് അവരിലാണ് എൻെറ പ്രതീക്ഷയും. അതാണ് ഫാറൂഖ് കോളേജ് എന്ന ആശയത്തിന് പിന്നിലെ പ്രതീക്ഷയും.

പ്രീഡിഗ്രി ബോർഡിനെ പററി പഠിക്കാൻ കമ്മീഷൻ ഏർപ്പെടുത്തി— വാർത്ത

